32H4
(W.).
MUL
118208

Madras University Libra

Call Number W: 91 325

Accession Number 118208

Available for loan from

This book should be returned on or b
the date last marked below.

16 SEP 1948

29 DEC 1954

29 JUN 1960

17 SEP 1961

O/61.

Ananda Press, Madras—10,000—6-6-45.

വെൻഡൽ വില്ക്കിയുടെ

# ഏകലോകം

UNIVERSITY LIBRARY
1--FEB 1946
MADRAS.

പരിഭാഷകൻ:

വി. ടി. ഇന്ദുചൂഡമേനോൻ, B. Sc.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

1120/1944

വില: മൂന്നുറുപ്പിക.

ഒന്നാംപതിപ്പ്. കോപ്പി 2000.

"COPYRIGHT. All rights of publication and translation in whole or in part reserved. This Malayalam edition is published by permission of Messrs. Cassell and Co. Ltd., owners of the copyright."

"പകൎപ്പവകാശം: മുഴുവനായോ ഏതാനുമായോ പരിഭാഷപ്പെടുത്തുവാനും പ്രസിദ്ധീകരിക്കുവാനുമുള്ള എല്ലാ അധികാരങ്ങളും കാസ്സൽ ആൻറ് കോ. ലിമിററഡുകാൎക്കാണ്. അവരുടെ അനുവാദത്തോടുകൂടിയാണ് ഈ മലയാളപ്രസിദ്ധീകരണം."

*Publishers.*

118208

W:91

32H4

തൃശ്ശിവപേരൂർ

മംഗളോദയം പ്രസ്സിൽ അച്ചടിച്ചത്.

# പരിഭാഷകന്റെ കുറിപ്പ്

വെൻഡൽ വില്ക്കി മരിച്ചു. പക്ഷേ അദ്ദേഹത്തിന്റെ സ്മരണ അനശ്വരമാണ്. ലോകചരിത്രത്തിന്റെ അതിപ്രധാനമായ ഒരാപൽഘട്ടത്തിൽ പ്രതിലോമശക്തികൾക്കെതിരായി ഉച്ചസ്വരത്തിൽ തലയുയർത്തിനിന്നുകൊണ്ടു തുറന്നു സംസാരിക്കുവാനുള്ള മനക്കരുത്തും ധൈര്യവും പ്രദർശിപ്പിച്ചിട്ടുള്ള ചുരുക്കം ചില മഹാത്മാക്കളിൽ ഒരാളാണ് വെൻഡൽ വില്ക്കി. ഈ നിലയ്ക്കു 'ഏകലോകം' മാനവസംസ്കാരത്തിനു സിദ്ധിച്ചിട്ടുള്ള വിലപിടിച്ച ഒരു സംഭാവനയാണ്.

യുദ്ധാനന്തരം ലോകത്തിന്നെന്താണ് സംഭവിക്കാൻ പോകുന്നതു്? ബ്രിട്ടീഷ്-അമേരിക്കൻസാമ്രാജ്യമേധാവികൾ ലോകത്തെ തങ്ങളുടെ ചവിട്ടടികൾക്കു കീഴിൽ അമർത്തുമോ? ഐക്യരാഷ്ട്രങ്ങളുടെ വിജയം സാമ്രാജ്യസമ്പ്രദായത്തെ നിലനിർത്തുവാൻ സഹായിക്കുമോ? ഈ ചോദ്യങ്ങൾക്കു മി. വെൻഡൽ വില്ക്കി ഈ പുസ്തകത്തിൽ വ്യക്തമായി ഉത്തരം നല്കുന്നു. ഫാസിസത്തിന്നെതിരായി യുദ്ധം ജയിക്കുന്നതിന്നും അതിന്നുശേഷം ശാശ്വതമായ സമാധാനം നിലനിർത്തുന്നതിന്നും ലോകത്തെ ഇന്നുമുതൽ സ്വതന്ത്രരാഷ്ട്രങ്ങളുടെ ഒരു കുടുംബമായി വളർത്തണമെന്നാണ് അദ്ദേഹം തന്റെ ലോകസഞ്ചാരത്തിൽനിന്നു പഠിച്ച പാഠം. അടിമരാജ്യങ്ങളിലെ ജനങ്ങളുടേയും ജാതിപ്പിശാചിന്റെ മർദ്ദനമനുഭവിക്കുന്ന സമുദായങ്ങളുടേയും സ്നേഹിതനാണ് വില്ക്കി. അവരുടെ മോചനത്തിന്നു വേണ്ടിയുള്ള സമരത്തിൽ ഉപയോഗിക്കുന്നതിന്നായി ലോകത്തിന്നു നല്കിയിട്ടുള്ള മൂർച്ചയേറിയ ഒരായുധമാണ് 'ഏകലോകം.'

വില്ക്കി ഇന്ത്യ സന്ദർശിക്കയുണ്ടായില്ല. ഇന്ത്യയിൽ പോകാൻ പാടില്ലെന്ന പ്രസിഡണ്ടു റൂസ്‌വെൽട്ടിന്റെ നിർദ്ദേശമാണ് അതിന്നു കാരണമെന്നു് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

എങ്കിലും അദ്ദേഹം ലോകസംഘടനയിൽ ഇന്ത്യക്കുള്ള പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്നു. "ഞാൻ ചക്രവത്തിതിരുമനസ്സിലെ പ്രധാനമന്ത്രിയായിരിക്കുന്നതു്, ബ്രിട്ടീഷ് സാമ്രാജ്യത്തെ പിരിച്ചുവിടുവാനല്ല" എന്ന ചച്ചിലിൻെറ പ്രസ്താവനയെ വില്ലി കഠിനമായി ആക്ഷേപിക്കുന്നു. അലാസ്ക മുതൽ ആഫ്രിക്കവരെ ഓരോ സ്ഥലത്തും ജനങ്ങൾ ഔത്സുക്യത്തോടുകൂടി ഇന്ത്യയെക്കുറിച്ച് അദ്ദേഹത്തോടു ചോദിക്കുകയുണ്ടായി. ലോകത്തിലെങ്ങും വളന്നുവരുന്ന ജനകീയശക്തികളുടെ ഒരു ചിത്രമാണ് ഈ പുസ്തകം. 1914—18 കാലത്തെ മൂകജന്തുക്കളല്ല ഇന്നത്തെ സാമാന്യജനങ്ങൾ; അവർ വളന്നു സംഘടിതരായി തങ്ങളുടെ താൽപയ്യങ്ങൾക്കനുസരിച്ചു ഭാവിലോകത്തെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കയാണെന്നു വില്ലിയുടെ അനുഭവങ്ങൾ തെളിയിക്കുന്നു. ഫാസിസത്തെ പരാജയപ്പെടുത്തിയതിനുശേഷം ആംഗ്ലോ-അമേരിക്കൻമേധാവിത്വം ലോകത്തെ ഭരിക്കുമെന്ന് ഇന്നും ഭയപ്പെട്ടുകൊണ്ടിരിക്കുന്നവക്ക് ഏററവും നല്ല ഒരു മറുപടിയാണിതു്. വില്ലി ലോകത്തിലെങ്ങുമുള്ള സാധാരണജനങ്ങളുടെ പ്രവത്തനങ്ങളെയും ചിന്താഗതിയെയും കണ്ടു കഴിഞ്ഞു; അദ്ദേഹം അവരുടെ ശക്തിയിലും ശേഷിയിലും വിശ്വസിക്കുന്നു.

ഈ പുസ്തകത്തിന്നു രണ്ടു കുറവുകളാണ് ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു്. സോവിയറ്റ് യൂണിയനിൽ വളന്നുവന്നിട്ടുള്ള മഹത്തരമായ സമുദായത്തിൻെറ വിവിധവശങ്ങളെ സ്പശിക്കുന്ന രണ്ടു് അദ്ധ്യായങ്ങൾ ഈ പുസ്തകത്തിലുണ്ടു്. ആ രാഷ്ട്രത്തിൻെറ നേട്ടങ്ങളെ മുക്തകണ്ഠം സ്തുതിക്കുന്നതോടുകൂടി വില്ലി അതേ ശ്വാസത്തിൽ താൻ കമ്യൂണിസത്തിന്നെതിരാണെന്നും കമ്യൂണിസം ഏകാധിപത്യത്തിലേക്കെത്തിക്കുമെന്നും പറയുന്നതു പൂവ്വാപരവിരുദ്ധമായി തോന്നും. യുദ്ധലക്ഷ്യങ്ങളെസ്സംബന്ധിച്ചു സ്റ്റാലിൻെറ പ്രസ്താവന കിഴക്കൻയൂറോപ്പിലെ പ

ഴയ വിഭജനങ്ങളെ നിലനിൎത്തുമെന്നും അതു വീണ്ടും യുദ്ധത്തിന്നു കാരണമാകുമെന്നും വില്ക്കി ഭയപ്പെടുന്നു. അദ്ദേഹം അംഗീകരിച്ചിട്ടുള്ളതും ഈ പുസ്തകത്തിൽ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നതുമായ ഓരോ രാഷ്ട്രത്തിന്നും സ്വയംനിൎണ്ണയാവകാശമെന്ന തത്വം കിഴക്കൻയൂറോപ്പിലെ വിവിധജനവിഭാഗങ്ങൾക്കു ബാധകമാകുന്നതിൽ എന്താണു് ദോഷമുള്ളതെന്നു മനസ്സിലാകുന്നില്ല.

ഈ വൈകല്യങ്ങൾ നിസ്സാരങ്ങളാണു്; അവ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രധാനവിഷയത്തെ യാതൊരുതരത്തിലും കളങ്കപ്പെടുത്തുന്നില്ല. കേരളത്തിലെ സാമാന്യജനങ്ങളുടെ ചിന്താഗതിയെ നേർവഴിക്കു തിരിക്കുന്നതിന്നു് ഈ പരിഭാഷ ഉപയോഗപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

വി. ടി. ഇന്ദുചൂഡമേനോൻ.

# മുഖവുര

ഇന്നു സൈനികമായും മററുമുള്ള വാൎത്താനിയന്ത്രണം മൂലം, അമേരിക്ക ഉയൎന്ന മതിലുകൾക്കുള്ളിൽ ജീവിക്കുന്നു. ഒരു ഉപരോധിക്കപ്പെട്ട നഗരംപോലെയാണ്. ആ മതിലുകൾക്കുള്ളിലൂടെ അപൂൎവ്വം അവസരങ്ങളിൽമാത്രമേ പുറത്തു നടക്കുന്ന സംഭവങ്ങൾ നമ്മെ ഗ്രഹിപ്പിക്കുന്നതിന്നു് ഒരു സന്ദേശവാഹകൻ വരുന്നുള്ളു. ഞാൻ ആ ഭിത്തികൾക്കപ്പുറത്തു പോകുകയുണ്ടായി. പുറത്തെ സ്ഥിതിഗതികൾക്ക് അകത്തുള്ളവയോടു യാതൊരു സാമ്യവുമില്ലെന്നാണ് എനിക്കു കാണാൻ കഴിഞ്ഞതു്.

ഈ യുദ്ധത്തിന്റെ നടുവിൽ ലോകത്തിന്നു ചുററും പറന്നു്, പന്ത്രണ്ടിലധികം രാഷ്ട്രങ്ങളിലുള്ള നിരവധി ജനങ്ങളെ കണ്ടു സംസാരിക്കുന്നതിന്നും ലോകത്തിലെ നേതാക്കന്മാരുമായി അടുത്തു സംസാരിക്കുന്നതിന്നുമുള്ള അവസരം എനിക്കു ലഭിക്കയുണ്ടായി. ആ നേതാക്കന്മാൎക്കാവട്ടെ, സാധാരണ പൌരന്മാൎക്കാവട്ടെ, സിദ്ധിക്കാത്ത ഒരു അനുഭവമാണിതു്. അതു് എനിക്കുണ്ടായിരുന്ന ചില പഴയ വിശ്വാസങ്ങളെ പ്രബലപ്പെടുത്തുകയും എന്നിൽ പുതിയതും അടിയന്തരങ്ങളുമായ ചില വിശ്വാസങ്ങൾ ഉളവാക്കുകയും ചെയ്തു. അവ ഭ്രതരയയിൽനിന്നുണ്ടായ ചില ആശകൾ മാത്രമല്ല, അവ്യക്തങ്ങളായ ചില ആദൎശങ്ങൾ മാത്രമല്ല; അവയുടെ അടിസ്ഥാനം എനിക്കു നേരിട്ടു കാണാനും പഠിക്കാനും കഴിഞ്ഞ സംഗതികളാണ്, തങ്ങളുടെ വിശ്വാസങ്ങൾക്കു ധീരകൃത്യങ്ങൾകൊണ്ടും ത്യാഗങ്ങൾ കൊണ്ടും അൎത്ഥവും ജീവനും നല്കി പ്രമാണികളും അജ്ഞാതരുമായ സ്ത്രീപുരുഷന്മാരുടെ അഭിപ്രായങ്ങളാണ്.

ആവുന്നത്ര നിഷ്പക്ഷമായി എന്റെ അനുഭവങ്ങളെയും, ഒരുപക്ഷേ അത്രതന്നെ നിഷ്പക്ഷമായിട്ടല്ലെങ്കിലും അവയിൽ

നിന്ന് എനിക്ക് അനുമാനിക്കാൻ കഴിഞ്ഞ സംഗതികളെയും ഞാൻ ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു പ്രധാനപ്രസാധകനായ ഗാർഡനർ (മൈക്ക്) കൌൾസ് ജൂനിയറും, പരിചയം സിദ്ധിച്ച ഒരു വിദേശകാര്യ ലേഖകനും പത്രാധിപരുമായ ജോസഫ് ബാർസും ഈ യാത്രയിൽ എൻെറ ഒന്നിച്ചുണ്ടായിരുന്നു. രണ്ടുപേരും നല്ല സഹയാത്രക്കാരാണ്, എൻെറ സ്നേഹിതന്മാരുമാണ്. ഈ പുസ്തകത്തിലെ വിവരങ്ങൾ തയ്യാറാക്കുന്നതിന്ന് അവർ എന്നെ ഹാർദ്ദമായി സഹായിച്ചിട്ടുണ്ട്. എൻെറ അനുമാനങ്ങളിൽ മിക്കവയുമായി അവർ യോജിക്കുമെന്ന് എനിക്കു തീർച്ചയുണ്ടെങ്കിലും അവ രേഖപ്പെടുത്തുന്ന കാര്യത്തിൽ അവക്കു യാതൊരുത്തരവാദിത്വവുമില്ല.

യു. എസ്. നാവികപ്പടയിലെ കാപ്ററൻ പാൾപിഹിൽ, യു. എസ്. സേനയിലെ മേജർ ഗ്രാൻററ് മേസൺ, എന്നിവർ ആ സർവ്വീസുകളിലെ പ്രതിനിധികളെന്ന നിലയിൽ എൻെറ കൂടെയുണ്ടായിരുന്നു. അവർ തങ്ങളുടെ സാങ്കേതികപരിജ്ഞാനത്തെ ഉപയോഗിച്ചു യാത്രയെപ്പററി എനിക്കു വിലപിടിച്ച ഉപദേശം തന്നു. അങ്ങിനെ ഞങ്ങളുടെ കൂട്ടത്തിൽ എല്ലാവരും സഹായവും സൌഹാർദ്ദവുമുള്ളവരായിരുന്നു. ഞങ്ങൾ പറന്ന ബോംബർ വിമാനത്തെ വിസ്മയാവഹമായ സാമർത്ഥ്യത്തോടുകൂടി നിയന്ത്രിച്ച ഞങ്ങളുടെ ആകർഷണീയനായ വൈമാനികൻ മേജർ റിച്ചേർഡ് സൺ (ഡിക്ക്) നൈററിനെ പ്രത്യേകമായി അനുമോദിക്കുന്നതിൽ ഞാൻ എല്ലാവരുടേയും അന്തർഗ്ഗതത്തെ തുഷ്ടിപ്പെടുത്തുകയാണെന്ന് എനിക്കറിയാം.

ന്യൂയോർക്ക്,<br>1943 മാർച്ച് 2-ാംനു.

വെൻഡൽ വില്ക്കി.

UNIVERSITY LIBRARY
1-FEB 1946
MADRAS.

# ഏകലോകം

## ൧. എൽ അലമീൻ

നാലു യന്ത്രങ്ങൾ സംഘടിപ്പിച്ച ഒരു ബോംബർ വിമാനം എൻെറ യാത്രയ്ക്കുവേണ്ടി സൌകര്യപ്പെടുത്തിയിരുന്നു. അമേരിക്കൻപട്ടാളമേലുദ്യോഗസ്ഥന്മാരാണു് അതിനെ നിയന്ത്രിച്ചിരുന്നതു്. ലോകത്തെയും യുദ്ധത്തെയും സമരാങ്കണങ്ങളെയും നേതാക്കന്മാരെയും ജനങ്ങളെയും ആവുന്നത്ര കാണുന്നതിനുവേണ്ടി ഞാൻ 1942 ആഗസ്റ്റ് 26-ാംനു ന്യൂയോക്കിൽ മിച്ചൽഫീൽഡിൽനിന്നു പുറപ്പെട്ടു. കൃത്യം 49 ദിവസത്തിനുശേഷം ഒക്ടോബർ 14-ാംനു മിന്നിഡോട്ടയിൽ മിനിയോപോളിസിൽ ഞാൻ മടങ്ങിയെത്തി. ഒരു ലോകപ്രദക്ഷിണം. ചുററളവു കുറഞ്ഞ ഉത്തരധ്രുവപ്രദേശങ്ങളിലൂടെയല്ല ഞാൻ യാത്രചെയ്തതു്. മദ്ധ്യരേഖയെ രണ്ടു പ്രാവശ്യം ഞാൻ മുറിച്ചുകടക്കുകയുണ്ടായി.

ആകെ 31000 നാഴിക. ഒരു സംഖ്യ എന്ന നിലയ്ക്കു നോക്കുമ്പോൾ ഇതു് എന്നെ അത്ഭുതപ്പെടുത്തുകയും സംഭ്രമിപ്പിക്കയും ചെയ്യുന്നുണ്ടു്. കാരണം, എൻെറ യാത്രയുടെ ഫലമായി എനിക്കുളവായിട്ടുള്ള അനുഭവം മററു ജനവിഭാഗങ്ങളിൽനിന്നുള്ള അകൽച്ചയല്ല, നേരേമറിച്ചു് അവരോടു കൂടുതൽ അടുപ്പമാണു്. വിവിധസമുദാ

യങ്ങൾ ഇന്നു പരിപൂൎണ്ണമായും പരസ്പരം ആശ്രയിച്ചുക ഴിയുന്നതുകൊണ്ടു ലോകം ചുരുങ്ങിയിട്ടുണ്ടെന്നു് എനി ക്കു് ഈ പൎയ്യടനംകൊണ്ടു ബോധപ്പെട്ടു.

ദിവസത്തിൽ എട്ടോ പത്തോ മണിക്കൂർവീതം ആ കെ 160 മണിക്കൂറുകൾ മാത്രമാണു് ഞങ്ങൾ വായുവിൽ സഞ്ചരിച്ചതു്. എൻെറ 49 ദിവസത്തെ യാത്രയ്ക്കിട യിൽ 30 ദിവസവും ഏറെറടുത്തിരുന്ന കാൎയ്യങ്ങൾ നട ത്തുന്നതിനുവേണ്ടി ഞാൻ പലയിടത്തും താമസിച്ചു. ഒരമേരിക്കൻവ്യാപാരി തൻെറ കച്ചവടനടത്തിപ്പിന്നു വേണ്ടി ദൈനന്ദിനം ചെയ്യാറുള്ള യാത്രയ്ക്കു് അനുഭവി ക്കേണ്ടിവന്നേയ്ക്കാവുന്ന ക്ലേശത്തിനെക്കാൾ ഒട്ടും അധി കമല്ല, ഒരു രാജ്യത്തിൽനിന്നു മറെറാരു രാജ്യത്തിലേയ്ക്കോ ഒരു ഭൂഖണ്ഡത്തിൽനിന്നു മറെറാരു ഭൂഖണ്ഡത്തിലേ യ്ക്കോ പോകുന്നതിന്നു വേണ്ടിവരുന്ന കായികാദ്ധ്വാനം. മദ്ധ്യസൈബീരിയയിലുള്ള ഒരു റിപ്പബ്ളിക്കിൻെറ പ്രസിഡണ്ടിനോടു ഞാൻ ഏററുപറയുകയുണ്ടായി, 1945-ൽ ഒരു ദിവസം ഞാൻ മൃഗയാവിനോദത്തിന്നു വേണ്ടി അങ്ങോട്ടു് ഇറങ്ങാമെന്നു്. ലോകസഞ്ചാരം അ ത്രമേൽ എളുപ്പമായിരിക്കുന്നു. ഈ വാഗ്ദാനം നിറവേ റാമെന്നാണു് എൻെറ പ്രതീക്ഷ.

വിദൂരങ്ങളായ സ്ഥലങ്ങൾ ലോകത്തിൽ ഇല്ലാതാ യിത്തീൎന്നിരിക്കുന്നു. ഈ ലോകസഞ്ചാരത്തിൽനിന്നു ഞാൻ പഠിച്ചതു് ഇതാണു്: ഏററവും ഗതിവേഗമുള്ള പുകവണ്ടിയാൽ ലോസ് എൻഞ്ചൽസ് ന്യൂയോക്കിനോ ടു് എത്രത്തോളം അടുത്തിരിക്കുന്നുവോ, അത്രത്തോളംത

ന്നെ നമ്മളോടടുത്തിട്ടുണ്ടു്. പൂർവ്വപ്രദേശങ്ങളിലെ കോടാനുകോടി ജനങ്ങൾ. കാലിഫോർണിയയിലെ ജനങ്ങൾക്കു നേരിടേണ്ട പ്രശ്നങ്ങൾ ന്യൂയോർക്കിലെ ജനങ്ങൾക്കും നേരിടേണ്ടതാണെങ്കിൽ, കിഴക്കൻപ്രദേശങ്ങളിലെ ജനങ്ങളെ ബാധിക്കുന്ന കാര്യങ്ങൾ നമ്മെയും ബാധിക്കുന്നതത്രേ.

സാർവ്വലൌകികമായ ഒരടിസ്ഥാനത്തിലായിരിക്കണം ഭാവിയിൽ നമ്മുടെ വീക്ഷണഗതി.

ആഗസ്റ്റവസാനത്തിൽ കെയ്റോവിലേയ്ക്കു പോകുംവഴി ഞങ്ങളെ അഭിമുഖീകരിച്ചതു് അശുഭവാർത്തകളാണു്. ജനറൽ റോമലിൻെറ സേന അലക്സാൻഡ്രിയയിലെത്തുവാൻ എത്ര ദിവസം വേണ്ടിവരുമെന്നതിനെപ്പററി കാനോവിലും നൈജീറിയയിലും ഊഹാപോഹങ്ങൾ പ്രചരിച്ചിരുന്നു. ഞങ്ങൾ കാർട്ടുമിലെത്തിയപ്പോഴേയ്ക്കും ഊഹങ്ങൾ അസ്വാസ്ഥ്യത്തിൻെറ രൂപമെടുത്തിരുന്നു. കെയ്റോവിൽ ചില യൂറോപ്യന്മാർ കിഴക്കോട്ടും തെക്കോട്ടും രക്ഷപ്പെടുന്നതിന്നു കെട്ടുകെട്ടിത്തുടങ്ങി. ഞാൻ കെയ്റോവിൽ എത്തുന്നതിന്നു മുമ്പു് ആ നഗരം ജർമ്മൻകാർ കൈവശപ്പെടുത്താൻ വഴിയുണ്ടെന്നു വാഷിങ്ടണിൽവെച്ചു പ്രസിഡണ്ടു് എന്നെ താക്കീതുചെയ്തതു് എനിക്കോർമ്മവന്നു. നൈൽതാഴ്‌വാരത്തിലെ നമ്മുടെ അവസാനത്തെ രക്ഷാനിരകൾ തകരുന്നതിന്നു നാസിപാരച്ച്യൂട്ടുകാർ ഇറങ്ങിയതിനെപ്പററിയുള്ള കഥകൾ ഞാൻ കേട്ടു. പാലസ്റ്റീനിലേയ്ക്കും തെക്കോട്ടു സുഡാൻ കെനിയ എന്നീ പ്രദേശങ്ങളിലേയ്ക്കും ഈജിപ്തു് വിട്ടുര

ക്ഷപ്പെടുവാൻ ഇംഗ്ലീഷ് എട്ടാംപട വമ്പിച്ച സന്നാഹങ്ങൾ കൂട്ടുന്നുണ്ടെന്നാണ് പരക്കെ വിശ്വസിക്കപ്പെട്ടിരുന്നത്.

ഈ കിംവദന്തികളെ തടയുവാൻ ഞാനാഗ്രഹിച്ചു. പക്ഷെ കെയ്റോവിൽ ഇതത്ര സുസാദ്ധ്യമായിരുന്നില്ല. അവിടെ കാര്യക്ഷമതയുള്ള നേതാക്കന്മാർ പലരും ഉണ്ടായിരുന്നുവെന്നതു ശരിതന്നെ. ഈജിപ്റ്റിലെ അമേരിക്കൻപ്രതിനിധിയായിരുന്ന അലക്സാണ്ടർ കിക്കിന്നു ഭാവിയെപ്പററി വലിയ ആശയുണ്ടായിരുന്നില്ല. അവിടെ നടന്നിരുന്ന സംഗതികളുടെ സഗൌരവസ്ഥിതിയെപ്പററി തികച്ചും അറിവുണ്ടായിരുന്നിട്ടും അതു മറയ്ക്കുവാൻ ഈ നിരാശതയെ ഉപയോഗപ്പെടുത്തുകയാണ് അദ്ദേഹം ചെയ്യുന്നതെന്നു സംഭാഷണത്തിൽനിന്ന് എനിക്കു മനസ്സിലായി. തകർന്നുകൊണ്ടിരുന്ന ഒരു പരിതസ്ഥിതിയെ കൂട്ടിയിണക്കിനിർത്തുന്നതിൽ അദ്ദേഹം അസാമാന്യമായ വൈദഗ്ദ്ധ്യം കാണിച്ചു. കാര്യവിവരമുള്ള വേറെ പലരും കെയ്റോവിലുണ്ടായിരുന്നു: ഒന്നാമതായി പ്രധാനമന്ത്രി നഹാസ് പാഷാ. ഉത്സാഹവും ഉന്മേഷവും തുളുമ്പുന്ന ഒരു മനുഷ്യൻ. അമേരിക്കയിൽ തിരഞ്ഞെടുപ്പിന്നു നില്ക്കുകയാണെങ്കിൽ അദ്ദേഹം നല്ലൊരു സ്ഥാനാർത്ഥിയായിരിക്കുമെന്ന് എനിക്കു തോന്നി.

പക്ഷേ നഗരത്തിൽ കിംവദന്തികൾ കാട്ടുതീപോലെ പടർന്നുപിടിച്ചു. തെരുവീഥികൾ ഓഫീസർമാരെക്കൊണ്ടും പട്ടാളക്കാരെക്കൊണ്ടും നിറഞ്ഞിരുന്നു. യുദ്ധമുന്നണിയിൽനിന്നു വരുന്ന ബ്രിട്ടീഷുറിപ്പോർട്ടുകളെ അ

മേരിക്കൻപത്രലേഖകന്മാർ സംശയദൃഷ്ടിയോടുകൂടിയാണ് വീക്ഷിച്ചിരുന്നതു്. വാർത്താവിതരണം അത്രയും കശനമായി നിയന്ത്രിച്ചിരുന്നു. നൂറുനാഴികയിലേറെ അകലെയല്ലാത്ത മരുഭൂമിയിൽ നടക്കുന്ന സമരത്തെപ്പററി 'ഷെപ്പേർഡ് ഹോട്ടലി'ൽ അരമണിക്കൂറിനുള്ളിൽ ഒരു ഡസൻ വിവിധങ്ങളായ റിപ്പോർട്ടുകൾ നിങ്ങൾക്കു കേൾക്കാൻ കഴിയും.

ഈ അന്തരിക്ഷത്തിൽ, 'എൽ അലമീനി'ലെ യുദ്ധമുന്നണി സന്ദർശിക്കുവാൻ ജനറൽ മോൺട്ഗോമറി എന്നെ ക്ഷണിച്ചപ്പോൾ ഞാൻ അതു് ആർത്തിയോടെ സ്വീകരിച്ചു. മൈക്ക് കെയിംസ്, ഈജിപ്റ്റിലെ അമേരിക്കൻസേനാനായകനായ മേജർജനറൽ റസ്സൽ, എൽ. മാക്സ്വെൽ എന്നിവരൊന്നിച്ചു ഞാൻ കെയ്റോവിൽനിന്നു മുന്നണിയിലേയ്ക്കു പുറപ്പെട്ടു. വലുപ്പം നോക്കുമ്പോൾ പാകമല്ലെങ്കിലും, ഉള്ളതിൽവെച്ചു മെച്ചപ്പെട്ട ഒരു ട്രൌസറും കാക്കിയുടുപ്പും കെയ്റോവിൽനിന്നു ഞാൻ വിലയ്ക്കു വാങ്ങി. മരുഭൂയാത്രയിലുപയോഗിക്കാൻ പററിയ ഒരു കിടക്കയും ഞാൻ കൈക്കലാക്കിയിരുന്നു. മദ്ധ്യധരണ്യാഴിതീരത്തിലെ മണൽക്കുന്പാരങ്ങൾക്കിടയിൽ മറഞ്ഞുകിടന്നിരുന്ന സൈനികത്താവളത്തിൽവെച്ചു ജനറൽ മോൺട്ഗോമറിയെ ഞാൻ കണ്ടു. സ്ഥലം കടൽത്തീരത്തിൻെറ വളരെ അടുത്താണു്. പിറേറന്നു കാലത്തു മോൺട്ഗോമറിയും ജനറൽ അലക്സാണ്ടറും ഞാനുംകൂടി മനോഹരമായ ആ ജലപ്പരപ്പിൽ സ്നാനംചെയ്തു. ഏതാണ്ടു പന്ത്രണ്ടുവാര ഇടംവിട്ടു മണൽക്കുന്പാരങ്ങളുടെ മ

റവിൽ നിർത്തിയിരുന്ന നാലു് അമേരിക്കൻട്രെയിലറുക ളാണു് താവളമായി ഉപയോഗപ്പെടുത്തിയിരുന്നതു്. ഇ വയിൽ ഒന്നിൽ ജനറലിൻെറ ഭൂപടങ്ങളും പ്ലാനുകളും സൂക്ഷിച്ചിരുന്നു. രണ്ടാമത്തേതു് എൻെറ കിടപ്പുമുറിയാ യി അദ്ദേഹം ഏർപ്പാടുചെയ്തു. മൂന്നാമത്തേതിൽ അദ്ദേഹ ത്തിൻെറ അംഗരക്ഷകനാണു് താമസിച്ചിരുന്നതു്. നാ ലാമത്തേതു സമരമുന്നണിയിൽനിന്നു വിട്ടുതാമസിക്കു ന്ന സന്ദർഭങ്ങളിൽ ജനറൽ മോൺട്ഗോമറിക്കുപയോ ഗിക്കാനുള്ളതായിരുന്നു.

ഇങ്ങിനെയുള്ള അവസരങ്ങൾ ചുരുക്കമാണു്. അ ദ്ദേഹത്തിൻെറ ഉത്സാഹവും യുദ്ധനൈപുണ്യവും മന ക്കരുത്തും എന്നെ ആകർഷിച്ചു. പക്ഷേ എല്ലാററിലും ഉ പരിയായി തൻെറ പ്രവൃത്തിയിൽ അദ്ദേഹം പ്രദർശിപ്പി ച്ച പതറാത്ത ശ്രദ്ധയെക്കുറിച്ചാണു് എനിക്കധികം മ തിപ്പുതോന്നിയതു്. കെയ്റോവിൽ അദ്ദേഹം ഒരിക്കലും താമസിക്കാറില്ല; പട്ടാളക്കാരോടൊന്നിച്ചു സർവ്വദാ മു ന്നണിയിൽത്തന്നെയാണു് കഴിച്ചുകൂട്ടിയിരുന്നതു്. മദ്ധ്യ പൂർവ്വപ്രദേശങ്ങളിലെ അമേരിക്കൻസേനാപതിയായി അടുത്ത കാലത്തു നിയമിക്കപ്പെട്ട ജനറൽ മാക്സ്വെല്ലി നെ മോൺട്ഗോമറിക്കു പരിചയമുണ്ടായിരുന്നില്ലെ ന്ന വസ്തുത എന്നെ അത്ഭുതപ്പെടുത്തി. ഞങ്ങൾ താവള ത്തിൽ എത്തിയപ്പോൾ അദ്ദേഹം എന്നോടു രഹസ്യമാ യി ചോദിച്ചു: "നിങ്ങളുടെ കൂടെയുള്ള ആ ഓഫീസർ ഏതാണു്?" ജനറൽ മാക്സ്വെൽ എന്നു ഞാൻ മറുപടി പറഞ്ഞു. "ആരാണു് ജനറൽ മാക്സ്വെൽ?" എന്നു മോ

ൺട്ഗോമറി തുടൻചോദിച്ചു. ഞാൻ മറുപടി പറയാൻ തുടങ്ങുമ്പോഴേയ്ക്കും മാക്സ്വെൽ തന്നെ അവിടെയ്ക്കു വന്നതിനാൽ ഞാൻ അവരെ അന്യോന്യം പരിചയപ്പെടുത്തി.

ജനറൽ മോൺട്ഗോമറി യുദ്ധത്തിൻെറ ഗതിയെക്കുറിച്ചു വിശദമായി ഞങ്ങളോടു വിവരിച്ചു. അന്നു നടന്നിരുന്ന സംരംഭങ്ങൾ ഒരുവിധം പൂർത്തിയാക്കപ്പെട്ടിരുന്നു. റോമലിൻെറ കയററത്തെ തടയാൻ കഴിഞ്ഞതു് അന്നു് ആദ്യമായിട്ടാണു്. ഇതിനെക്കുറിച്ചുള്ള ശരിയായ വിവരങ്ങൾ കെയ്റോവിൽ എത്തുകയോ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിരുന്നില്ല. യുദ്ധത്തിൻെറ ഓരോ ഘട്ടത്തിലും ഉണ്ടായ സംഭവങ്ങളെപ്പററി അദ്ദേഹം സവിസ്തരം ഞങ്ങളോടു പറഞ്ഞു. അദ്ദേഹത്തിൻെറ സേന പറയത്തക്കതായി മുന്നോട്ടു നീങ്ങിയിട്ടില്ലെന്നതു ശരിയാണു്. എന്നാലും ആ സംഭവങ്ങൾ ഒരു വലിയ വിജയമായി താൻ കരുതുന്നതു് എന്തുകൊണ്ടാണെന്നു് അദ്ദേഹം വിശദീകരിച്ചു. വമ്പിച്ച തോതിലുള്ള ഒരു ബലപരീക്ഷയായിരുന്നു ഇതു്. ബ്രിട്ടീഷുപട്ടാളം തോല്ക്കുകയാണെങ്കിൽ കുറച്ചുദിവസത്തിന്നകം റോമൽ കെയ്റോവിൽ പ്രവേശിക്കുമായിരുന്നു.

മരുഭൂമിയിലെ യുദ്ധത്തിൽ ദൂരം അപ്രധാനമാണു്. എളുപ്പത്തിൽ ചലിക്കാനുള്ള മെയ്സ്വാധീനവും സാമഗ്രികളുടെ പെരുപ്പവുമാണു് യുദ്ധത്തിൻെറ അടിസ്ഥാനം. ശത്രു പിൻവാങ്ങാതെ ഈജിപ്തിൽ സ്ഥാനമുറപ്പിച്ചിരുന്നതു നോക്കുമ്പോൾ ഈജിപ്ത് രക്ഷപ്പെട്ടു എന്നു ജ

നാൽ ഇടയ്ക്കിടയ്ക്കു പിറുപിറുക്കാറുള്ളതിൻെറ അർത്ഥം എനിക്കു് ആദ്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. മുൻകാലങ്ങളിൽ ബ്രിട്ടൻ പുറപ്പെടുവിക്കാറുള്ള അവാസ്തവപ്രസ്താവനകളെപ്പോലെതന്നെയായിരിക്കുമോ ഇതും എന്നു ഞാൻ ശങ്കിച്ചു. പക്ഷേ മരുഭൂമിയിലെ യുദ്ധതന്ത്രത്തെക്കുറിച്ചു കൂടുതൽ പഠിക്കാൻ സാധിച്ചതിൻെറ ഫലമായി, ഈജിപ്തിനെ ബാധിച്ചിരുന്ന ആപത്തു് കഴിഞ്ഞിരിക്കുന്നു എന്ന ജനറലിൻെറ ഉറപ്പുപറയൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരിൽ സാമാന്യേന കാണാറുള്ള ആത്മസംതൃപ്തി മാത്രമല്ലെന്നു് എനിക്കു ബോധപ്പെട്ടു.

പോർട്ട്സെഡിലും അലക്സാൻഡ്രിയയിലും ധാരാളമായി വന്നുതുടങ്ങിയിരുന്ന അമേരിക്കയിൽ നിർമ്മിച്ച 'ജനറൽ ഷെർമൻ' ടാങ്കുകളെക്കുറിച്ചു മോൺട്ഗോമറി ആവേശത്തോടെ സംസാരിച്ചു. ടാങ്കുകൾക്കെതിരായി ഉപയോഗിക്കാനുള്ള അമേരിക്കൻപീരങ്കികളെ അദ്ദേഹം പ്രശംസിച്ചു. ഇവയുടെ പ്രയോഗംകൊണ്ടു ടാങ്കുകളെ തടയാൻ കഴിയുമെന്നു് അന്നേയ്ക്കനുഭവപ്പെടാൻ തുടങ്ങിയിരുന്നു. ടാങ്കുവിഭാഗങ്ങളുടേയും പീരങ്കികളുടേയും വിമാനസേനയുടേയും പ്രവർത്തനങ്ങൾ ഏകീകരിക്കാഞ്ഞതാണു് ഈജിപ്തിലെ ആദ്യത്തെ പരാജയത്തിൻെറ മൂലകാരണമെന്നു് അദ്ദേഹം വാദിച്ചു. വിമാനസേനാനായകൻ തൻെറകൂടെത്തന്നെ താമസിച്ചിരുന്നതിനാൽ എല്ലാ ശക്തികളും കൂട്ടിയിണക്കാൻ കഴിഞ്ഞു; ഇതുകൊണ്ടാണു് ഇത്തവണ റോമലിനെ തടുക്കുവാൻ സാധിച്ചതു്. ഈ സംരംഭത്തിൽ ജർമ്മൻകാർക്കു

140 ടാങ്കുകൾ (അവയിൽ പകുതി ഉയൎന്നതരം ടാങ്കുകളാണ്) നഷ്ടപ്പെട്ടിട്ടുണ്ട്. ബ്രിട്ടന്നു 37എണ്ണംമാത്രമേ നഷ്ടപ്പെട്ടിട്ടുള്ളു. ആകാശത്തിൽ ജൎമ്മൻസേനയുടെ ശക്തിയെ കവച്ചുവെയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ അധികം താമസിയാതെ കരയിലും നമുക്ക മേൽക്കോയ്മ സ്ഥാപിക്കാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു.

അന്നു വൈകുന്നേരം ജനറൽ മോൺട്ഗോമറിയുടെ പാൎപ്പിടത്തിൽവെച്ച് അദ്ദേഹത്തിൻെറ മേലുദ്യോഗസ്ഥനായ ജനറൽ സർ ഹറോൾഡ് ആർ. എൽ. ജി. അലക്സാണ്ടർ (മദ്ധ്യപൂൎവ്വപ്രദേശത്തിലെ സൎവ്വസൈന്യാധിപൻ) ജനറൽ മാക്സ്വെൽ, മേജർജനറൽ ലൂയി എച്ച്. ബ്രിയർടൺ (മദ്ധ്യപൂൎവ്വപ്രദേശത്തിലെ അമേരിക്കൻ വിമാനസേനാനായകൻ) എയർ മാൎഷൽ സർ. ആർതർ ടെഡ്ഡർ (മദ്ധ്യപൂൎവ്വപ്രദേശത്തിലെ ബ്രിട്ടീഷ് വിമാനസേനാധിപൻ) എന്നിവരോടുകൂടി ഞാൻ ഭക്ഷണം കഴിച്ചു. ടെഡ്ഡറും ബ്രിയർടണ്ണും അന്നു രാത്രി യുദ്ധത്തിൻെറ ഭാവിയെപ്പററി പറയുകയുണ്ടായി. പിന്നീടുണ്ടായ സംഭവഗതികൾ നോക്കുമ്പോൾ അന്ന് അവർ സംസാരിച്ചതിൽ അശേഷം വീരവാദമുണ്ടായിരുന്നില്ലെന്നുവേണം പറയുവാൻ. മദ്ധ്യധരണ്യാഴിയിൽ സഖ്യശക്തികളുടെ കപ്പലുകൾക്കു യാത്രചെയ്യാനുള്ള സൌകൎയ്യമുണ്ടാകുന്നതിന്ന് എല്ലാ സാദ്ധ്യതകളുമുണ്ടെന്ന് അവർ പറഞ്ഞു. ബങ്കാസിവളവിൻെറ പശ്ചിമഭാഗത്തേയ്ക്കു റോമലിനെ തള്ളിനീക്കിയാൽ മാത്രമേ ഇതു സാധിക്കയുള്ളുവെന്ന് ഇരുവരും സമ്മതിച്ചു. ജിബ്രാൾട്ടർ,

മാൾട്ടാ, ബങ്കാസി, പാലസ്തീൻ എന്നിവിടങ്ങളിലെ വിമാനത്താവളങ്ങളെ ഉപയോഗപ്പെടുത്തി മദ്ധ്യധരണ്യാഴിയിലെ കപ്പൽമാർഗ്ഗങ്ങളെ സ്പശിച്ചുകൊണ്ടു് ഈജിപ്റ്റിൽ സൈനികസങ്കേതങ്ങൾ സ്ഥാപിക്കണമെന്നും, ബങ്കാസി പിടിക്കയാണെങ്കിൽ ഇററലിയിൽ വിപുലമായതോതിൽ ബോമ്പാക്രമണം നടത്താമെന്നും അവർ ചൂണ്ടിക്കാണിച്ചു.

സംഭാഷണം നിയന്ത്രണമില്ലാതെ പല വിഷയങ്ങളിലേയ്ക്കും കടന്നു. ഒരിംഗ്ലീഷ് ഓഫീസർ രസകരമായ ഒരു തമാശ പറയുകയുണ്ടായി. ബ്രിട്ടീഷുസൈനികത്താവളത്തിലെ ഒരു കക്കൂസിനെ 'പ്രഭുസഭ' എന്നു കളിയായി വിളിക്കാറുണ്ടത്രേ. മോൺട്ഗോമറി യുദ്ധത്തെപ്പററി മാത്രമേ സംസാരിച്ചിരുന്നുള്ളു. മററു കാര്യങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ അദ്ദേഹം ശ്രദ്ധിച്ചിരുന്നുവെങ്കിലും അടുത്ത നിമിഷത്തിൽത്തന്നെ വിഷയം മാററി സമരത്തെപ്പററി പറയാൻ തുടങ്ങും. ഭക്ഷണത്തിനുശേഷം ഞങ്ങളിരുവരും എൻെറ കിടപ്പറയിലേയ്ക്കു പോയി. ആ ട്രെയിലറിൻെറ പടിയിന്മേൽ ഞങ്ങളിരുന്നു. സാഗരവീചികൾ ചന്ദ്രരശ്മിയിൽ മിന്നിത്തിളങ്ങി. റോമലിൻെറ പിൻവാങ്ങിക്കൊണ്ടിരുന്ന സേനയുടെ നേരേ ബ്രിട്ടീഷുപീരങ്കികൾ ഗജ്ജിക്കുന്നതിൻെറ ശബ്ദം ഞങ്ങളുടെ പുരോഭാഗത്തു മുഴങ്ങിക്കൊണ്ടിരുന്നു. മോൺട്ഗോമറി തൻെറ ജീവിതകഥ പറയാൻതുടങ്ങി. കൌണ്ടിഡോണഗൾഗാലിൽ കഴിച്ചുകൂട്ടിയ ബാല്യകാലത്തിലെ അനുഭവങ്ങളും, ബ്രിട്ടീഷുപട്ടാളത്തിലെ നിരവധി കൊല്ല

ക്കാലത്തെ പ്രവൎത്തനവും, ലോകത്തിൻെറ പല സ്ഥല ത്തും തനിക്കുണ്ടായിട്ടുള്ള അനുഭവങ്ങളും അദ്ദേഹം വിവരിച്ചു. ഈ യുദ്ധത്തിൽ അതുവരെ ചെയ്തിരുന്നപോലെ തടുത്തുനില്ക്കുന്നതിന്നു പകരം കടന്നാക്രമിക്കേണ്ടുന്നതിൻെറ ആവശ്യകതയെ നേതാക്കന്മാൎക്കും പട്ടാളമേലധികാരികൾക്കും ബോധപ്പെടുത്തിക്കൊടുക്കുവാൻ അദ്ദേഹം നിരന്തരം പ്രക്ഷോഭണം നടത്തിയിട്ടുണ്ട്.

അദ്ദേഹം പറഞ്ഞു: "ജൎമ്മൻകാരെ തോല്പിക്കുവാൻ ഇതുമാത്രമാണ് വഴി: അവൎക്ക് വിശ്രമം കൊടുക്കരുത്. അവർ നല്ല ഭടന്മാരാണ്. യുദ്ധം അവരുടെ തൊഴിലാണ്." റോമലിനെപ്പററി അദ്ദേഹത്തിൻെറ അഭിപ്രായം ഇതാണ്: "അദ്ദേഹം പരിശീലനം സിദ്ധിച്ച ഒരു വിദഗ്ദ്ധനായകനാണ്. പക്ഷേ ഒരു കുറവുണ്ട്: അദ്ദേഹം ഒരേ കൌശലംതന്നെ ഒന്നിലധികം തവണ എടുത്തു പ്രയോഗിക്കുന്നു. അദ്ദേഹത്തെ പരാജയപ്പെടുത്തുന്നതിന്നുള്ള എൻെറ പശ്ചാത്തലം ഇതാണ്."

"ഞാൻ ഉറങ്ങുന്നതിന്നു മുമ്പു കുറച്ചു വായിക്കാറുണ്ട്." എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പോകാനെഴുന്നേററു. വളരെ കുറച്ചു പുസ്തകങ്ങൾ മാത്രമേ അദ്ദേഹത്തിൻെറ കയ്യിലുള്ളു. ലോകത്തിൽ സ്വന്തമെന്നു വിളിക്കാവുന്ന സാധനങ്ങളെല്ലാം അദ്ദേഹത്തിൻെറ കൂടെത്തന്നെയുണ്ടായിരുന്നു. ഇംഗ്ലണ്ടു വിടുന്നതിന്നുമുമ്പു തൻെറ ജീവിതകാലത്തിൽ സംഭരിച്ചിരുന്ന എല്ലാ സ്വത്തുക്കളും ഡോവറിൽ ഒരു സ്ഥലത്തു സൂക്ഷിച്ചിരുന്നതു് ഒരു ബോംബാക്രമണത്തിൽ നശിച്ചുപോയി.

പിറേറന്നു ഞാൻ പടക്കളം സന്ദർശിച്ചു—ടാങ്കുസമൂഹങ്ങൾ, പീരങ്കിപ്പട, അവിടവിടെക്കിടക്കുന്ന വിമാനത്താവളങ്ങൾ, ദ്രാവകസമാനമായ മുന്നണിയിലെ പട്ടാളഘടകങ്ങൾ, ചതുരംഗക്കളിപോലെ നടക്കുന്ന സംരംഭങ്ങൾ. ജനറൽ മോൺട്ഗോമറിയുടെ അറിവും വൈദഗ്ദ്ധ്യവും എന്നെ അത്ഭുതപ്പെടുത്തി. എല്ലാ കാര്യങ്ങളെക്കുറിച്ചും കീഴുദ്യോഗസ്ഥന്മാരെക്കാൾ കൂടുതൽ സൂക്ഷ്മമായ വിവരങ്ങൾ അദ്ദേഹത്തിന്നുണ്ടായിരുന്നു. ഇതു് ഒരതിശയോക്തിയല്ല. സൂക്ഷ്മമായ വിവരങ്ങൾ ശേഖരിക്കുന്നതിന്നു് അദ്ദേഹത്തിന്നുള്ള ആർത്തി വിസ്മയാവഹമാണു്.

ബ്രിട്ടീഷുപട്ടാളം പിടിച്ചടക്കി തകർത്തുകളഞ്ഞ ജർമ്മൻടാങ്കുകൾ മരുഭൂമിയിൽ ചിന്നിച്ചിതറിക്കിടന്നിരുന്നതു ഞങ്ങൾ പരിശോധിച്ചു. പൊളിഞ്ഞ ഈ യന്ത്രങ്ങളുടെ മീതെ ഞങ്ങൾ കയറിനിന്നു; അദ്ദേഹം അവയിലുള്ള ഭക്ഷണപ്പെട്ടികൾ തുറന്നു ബ്രിട്ടീഷുഭക്ഷ്യപദാർത്ഥങ്ങളുടെ കത്തിക്കരിഞ്ഞ അവശിഷ്ടങ്ങൾ എടുത്തു് എന്നെ കാണിച്ചു—ടോബ്രൂക്ക് പിടിച്ചപ്പോൾ ജർമ്മൻകാർ തട്ടിക്കൊണ്ടുപോയ സാധനങ്ങൾ. "നോക്കു, വില്ലി, ഈ പിശാചുക്കൾ നമ്മളെ ആശ്രയിച്ചു ജീവിക്കുന്നു. പക്ഷേ ഇനി അവർക്കിങ്ങിനെ തരപ്പെടില്ല. ഇനിയൊരിക്കലും അവർക്ക് ഈ ടാങ്കുകൾ നമുക്കെതിരായി ഉപയോഗിക്കുവാൻ വയ്യാതാക്കിത്തീർന്നിരിക്കുന്നു."

ഞങ്ങൾ പടക്കളത്തിൽനടന്നുകൊണ്ടിരുന്നപ്പോൾ ബ്രിട്ടീഷുപീരങ്കികൾ സദാ ഗർജ്ജിച്ചുകൊണ്ടിരിക്കുകയും, അമേരിക്കൻവിമാനങ്ങൾ റോമലിൻെറ പിൻവാ

ങ്ങുന്ന പട്ടാളത്തിനെ അലട്ടിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഇതിന്നു മറുപടിയായി ബ്രിട്ടീഷുപീരങ്കിത്താവളങ്ങൾക്കു മീതെ ജർമ്മൻകാർ 'സ്റ്റട്ട്ഗാട്ട്' വിമാനങ്ങൾ തുടരെത്തുടരെ അയച്ചു ബോംബേറു നടത്തി. തെളിഞ്ഞ ആകാശത്തിൽ അവിടവിടെ വെടികൊണ്ട വിമാനങ്ങൾ തീയും പുകയും വമിച്ചുകൊണ്ടു തിരിഞ്ഞുതിരിഞ്ഞു നിലം പതിക്കുന്നതും, അവയിൽനിന്നു പുറത്തു ചാടാൻ കഴിഞ്ഞ വൈമാനികന്മാരുടെ പാരച്ച്യൂട്ടുകൾ മദ്ധ്യധരണ്യാഴിയുടെ മീതെ തെക്കുനിന്നു വീശിക്കൊണ്ടിരുന്ന മന്ദമാരുതനേററു പറന്നുകൊണ്ടിരിക്കുന്നതും ഞങ്ങൾ കണ്ടു.

മുന്നണിയിലെ പട്ടാളക്കാരുടെ ഇടയിൽ ഇംഗ്ലീഷുകാരും, ആസ്ത്രേലിയക്കാരും, ന്യൂസിലണ്ടുകാരും, കനഡക്കാരും, ദക്ഷിണാഫ്രിക്കക്കാരും ഏതാണ്ടു മുപ്പതു് അമേരിക്കക്കാരുള്ള ഒരു സംഘവും ഉണ്ടായിരുന്നു. യുദ്ധക്കളത്തിൽ നേരിട്ടു പരിശീലനം സമ്പാദിക്കുന്നതിന്നു് അമേരിക്കയിൽനിന്നു് അയച്ച ഒരു ചെറിയ ടാങ്കുവിഭാഗമാണു് അവസാനം പറഞ്ഞവർ. ഞാൻ അവരോരോരുത്തരോടും സംസാരിക്കയുണ്ടായി. അവർ പതിനെട്ടു് അമേരിക്കൻസംസ്ഥാനങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കുന്നു. അവരുടെ ജീവിതം സുഖകരമായിരുന്നു. കഴിയുന്ന വേഗത്തിൽ അമേരിക്കയിലേക്കു മടങ്ങിപ്പോകണമെന്നുണ്ടെന്നു് അവർ തുറന്നുപറഞ്ഞു. അമേരിക്കയിലെ കുതിരപ്പന്തയത്തെക്കുറിച്ചും മററും അവർ എന്നോടു് കൌതുകത്തോടെ ചോദ്യങ്ങൾ ചോദിച്ചു. അവരാരും വീരപ

രാക്രമങ്ങൾക്കോ അത്ഭുതകൃത്യങ്ങൾക്കോ പേരുകേട്ടവരല്ല—ഇനിയെന്നാണ് വീണ്ടും സ്വദേശം കാണാൻ കഴിയുകയെന്നു് ഉററുനോക്കിക്കൊണ്ടിരുന്ന സാധാരണക്കാരായ അമേരിക്കൻ യുവാക്കൾ.

ഒരു ഡിവിഷണൽ കമാണ്ടരുടെ കേന്ദ്രത്തിൽ ഞങ്ങൾ ഉച്ചഭക്ഷണത്തിനു താമസിച്ചു; ഒരുകൂട്ടം ട്രെയിലറുകളായിരുന്നു താവളമായി ഉപയോഗിച്ചിരുന്നതു്. ഉച്ചഭക്ഷണത്തിന്നു് 'സാൻഡ്‌വിച്ച്'കളും—പിന്നെ ഈച്ചകളും. ജർമ്മൻകാർ എത്രത്തോളം ഉപദ്രവിച്ചിരുന്നുവോ അത്രത്തോളംതന്നെ യുദ്ധമുന്നണിയിൽ പട്ടാളക്കാരെ ഈച്ചകളും അലട്ടിക്കൊണ്ടിരുന്നു. അവ നിങ്ങളുടെ മൂക്കിലും വായിലും ചെവിയിലും കടന്നുകൂടും. ഫ്രാൻസിലെ കിടങ്ങുകളിൽ കാണുന്ന ചളിയെപ്പോലെതന്നെ ഈച്ചകൾ മരുഭൂമിയിലെ യുദ്ധത്തിൽ ഒരു ശല്യമാണ്. മണൽപ്പൊടി പാറിപ്പറന്നു 'കണ്ണിലും മൂക്കിലും' പോകുന്നതിനെപ്പററി ഉദ്യോഗസ്ഥന്മാർ പലപ്പോഴും ആവലാതിപ്പെട്ടു. ഇതു് എല്ലാ സാമഗ്രികൾക്കും തേമാനംവരുത്തുകയും ചെയ്തിരുന്നു. മരുഭൂമിയിൽ ഒരു വിമാനയന്ത്രത്തിന്നു് 25 ശതമാനമേ ഈടുണ്ടാവുകയുള്ളുവെന്നു് ഒരു വൈമാനികൻ എന്നോടു പറയുകയുണ്ടായി.

ജനറൽ മോൺട് ഗോമറിയുടെ താവളത്തിലേയ്ക്കു മടങ്ങുന്നവഴി യുദ്ധഗതിയുടെ രത്നച്ചുരുക്കം അദ്ദേഹം വിവരിച്ചു. അടുത്തു കഴിഞ്ഞ സംരംഭങ്ങളിലുണ്ടായ ജയം അതിപ്രധാനമാണെന്നും സ്ഥിതിഗതികൾ ന

മുക്ക് ഏററവും അനുകൂലമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

"ഈ യുദ്ധത്തിൻെറ ഫലമായി ടാങ്കുകളിലും വിമാനപ്പടയിലും നാം ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞു. കിഴക്കൻ മദ്ധ്യധരണ്യാഴിയിലൂടെ സാമഗ്രികൾകൊണ്ടുവരുവാൻ റോമലിന്നു കഴിയുകയില്ല. കാരണം, നമ്മുടെ വിമാനസേന അയാളുടെ ഗതാഗതസൌകര്യങ്ങളിൽ അഞ്ചിലൊരു ഭാഗം തകൎത്തുകഴിഞ്ഞു. അവസാനം ഞാൻ റോമലിനെ നശിപ്പിക്കുമെന്നതു തീൎച്ചയാണ്. നാം അടുത്തു നടത്തിയ സംരംഭങ്ങൾ ഒരു അഗ്നിപരീക്ഷയായിരുന്നു."

ഇരുകൂട്ടൎക്കും പററിയ നഷ്ടത്തിൻെറ കണക്കുകൾ ഞാൻ പരിശോധിച്ചു. ശത്രുക്കൾക്കു സംഭവിച്ച നാശത്തിൽ പലതും ഞാൻ നേരിട്ടു കണ്ടതാണ്. അമേരിക്കൻകപ്പലുകൾ അലക്സാൻഡ്രിയയിൽ ഇറക്കിക്കൊണ്ടിരുന്ന സാമഗ്രികളെക്കുറിച്ച് മുമ്പൊരിക്കൽ എന്നോടു പറഞ്ഞതു് അദ്ദേഹം ഒന്നുകൂടി ആവൎത്തിച്ചു.

അദ്ദേഹം എന്നോട് ഒരു സഹായംമാത്രം ചെയ്യാൻ അഭ്യൎത്ഥിച്ചു. ഈജിപ്തിലും ഉത്തരാഫ്രിക്കയിലും മദ്ധ്യപൂൎവ്വപ്രദേശങ്ങളിലും പരാജയമനോഭാവം പരന്നിരുന്നു; തുടൎച്ചയായി ബ്രിട്ടീഷുപട്ടാളത്തിന്നുണ്ടായിക്കൊണ്ടിരുന്ന തോല്വികാരണം ജൎമ്മൻകാർ ഈജിപ്ത് കൈവശപ്പെടുത്തുമെന്നാണ് പരക്കെ വിശ്വസിക്കപ്പെട്ടിരുന്നതു്. തന്മൂലം ബ്രിട്ടൻെറ അഭിമാനത്തിന്ന് ഇടിവുതട്ടിയിരുന്നു. ഇതു് അദ്ദേഹത്തിൻെറ ചാരന്മാരുടെ പ്രവ

ത്തനത്തെ തകരാറാക്കുകയും ശത്രുവിൻേറതിനെ ബല പ്പെടുത്തുകയും ചെയ്യിരിയ്ക്കുന്നു. പോർട്ട്സെഡ്ഡിൽ വന്നി റങ്ങിയിരുന്ന 300 അമേരിക്കൻ 'ഷെർമൻ' ടാങ്കുകഠം രണാങ്കണത്തിലേയ്ക്ക് എത്തിച്ചേരുന്നതിനു മുമ്പ് റോ മലിൻെറ സേന പിൻവാങ്ങാൻ തുടങ്ങരുതെന്നു് അദ്ദേ ഹം ആഗ്രഹിച്ചു. ഇതിന്നു് ഏതാണ്ട് മൂന്നാഴ്ച സമയം പിടിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരുന്നതു്. നാം നേ ടിക്കഴിഞ്ഞ വിജയത്തെപ്പററി ഒരൌദ്യോഗികമായ അ റിയിപ്പു പുറപ്പെടുവിക്കയാണെങ്കിൽ റോമൽ സമയത്തി ന്നുമുമ്പു പിൻവാങ്ങും.' നേരേമറിച്ചു ഞാൻ ഒരു അനൌ ദ്യോഗികമായ പ്രസ്താവന പുറപ്പെടുവിക്കയാണെങ്കിൽ അതിനെ ഒരു ആക്രമണത്തിൻെറ പ്രാരംഭമായി റോമൽ കണക്കാക്കുകയില്ല; അതേ സമയത്തുതന്നെ ഇതു് ഈജി പ്റ്റിലും ആഫ്രിക്കയിലും മദ്ധ്യപൂർവ്വപ്രദേശത്തും ജനങ്ങളു ടെ മനക്കരുത്തിനെ ഒരു ബ്രിട്ടീഷുകമ്മ്യൂണിക്കെക്കാളും നന്നായി നിലനിർത്താനും ഉപയോഗപ്പെടും.

അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളുടെ പ്രാധാന്യം വേണ്ടതിലധികം ഉയർത്തുകയല്ല ചെയ്യുന്നതെന്നു് എ നിയ്ക്കനുഭവമുള്ളതിനാൽ അദ്ദേഹത്തിൻെറ അഭ്യർത്ഥന യെ ഞാൻ സന്തോഷത്തോടെ നിറവേററാൻ തയ്യാറായി.

മോൺട് ഗോമറിയുടെ കേന്ദ്രത്തിലേയ്ക്കു പത്രലേ ഖകന്മാരെ വിളിച്ചുവരുത്തുകയും ഞങ്ങഠം മുൻകൂട്ടി ആ ലോചിച്ചു തീരുമാനിച്ചിരുന്ന വിവരങ്ങഠം ഞാൻ അ വരോടു പറയുകയും ചെയ്തു: "ഈജിപ്റ്റ് രക്ഷപ്പെട്ടു; റോ മലിനെ തടഞ്ഞിരിക്കുന്നു. നാസികളെ ആഫ്രിക്കയിൽ

നിന്നു തുരത്തുന്നതിന്നു് ഇതു് അടിസ്ഥാനമിട്ടിരിയ്ക്കു ന്നു." ബ്രിട്ടന്റെ ഭാഗത്തുനിന്നു വളരെ കാലത്തിന്നിട യിൽ ഈ പത്രലേഖകന്മാൎക്കു കിട്ടിയിട്ടുള്ള ആദ്യത്തെ ശുഭവാൎത്തയാണിതു്. അവർ പലവുരു വഞ്ചിയ്ക്കപ്പെട്ടിട്ടു ണ്ടു്. യുദ്ധമുന്നണിക്കു യാതൊരു മാററവും വന്നിട്ടില്ലെ ന്നും റോമൽ നൈലിന്റെ വളരെ അടുത്തെത്തിയിരി യ്ക്കുന്നുവെന്നുമാണു് അവർ വിശ്വസിച്ചിരുന്നതു്.

അന്നു വൈകുന്നേരം മിക്ക റിപ്പോൎട്ടർമാരുടെ മു ഖത്തും അവിശ്വാസത്തിന്റെ നിഴൽ കളിയാടിയിരു ന്നതു ഞാൻ കണ്ടു. ഭാവിയെപ്പററി ഇങ്ങിനെ പലരും ദീൎഘദൎശനം ചെയ്യുന്നതു് എത്രയെത്ര കേട്ടിരിയ്ക്കുന്നു; കാ ൎയ്യങ്ങൾ വിജയകരമായി നടത്തിക്കാണിക്കുന്ന സേനാ നായകന്മാരെ അവരിതുവരെ കണ്ടിട്ടില്ല.

മോൺട്ഗോമറിയുടെ താവളത്തിൽനിന്നു ഞാൻ യുദ്ധക്കളത്തിന്റെ മീതെ ബ്രിട്ടീഷമേരിക്കൻവിമാനസ ങ്കേതത്തിലേയ്ക്കു പറന്നു.

അവിടെ ഇംഗ്ലീഷുകാരും അമേരിക്കക്കാരും ആയ നിരവധി വൈമാനികരെ ഞങ്ങൾ കണ്ടു. ചിലർ അ പ്പോൾ യാത്രയ്ക്കു തയ്യാറായി നില്ക്കുകയായിരുന്നു; ചിലർ തിരിച്ചുവന്നിട്ടേയുണ്ടായിരുന്നുള്ളു. മററു ചിലർ തങ്ങൾ ക്കു നേരിട്ട അനുഭവങ്ങൾ പരസ്പരം കൈമാറുകയാ യിരുന്നു: കാററിന്റെ ഗതി, അന്തരിക്ഷത്തിന്റെ സ്വഭാവം. എല്ലാവരും വളരെ ശാന്തശീലരായി കാണ പ്പെട്ടു. അന്നു കാലത്തു മദ്ധ്യധരണ്യാഴിയ്ക്കു മീതെ പാര ച്ച്യൂട്ടുകളിൽ പറന്നിരുന്ന പട്ടാളക്കാരുടെ കഥ എന്താ

യിരിക്കുമെന്നു ഞാൻ സ്സോൽകണ്ഠം അവരോടന്വേഷിച്ചു. അവർ ആരെല്ലാമാണെന്നു തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. സ്ഥലത്തെ ഓഫീസർ പറഞ്ഞു: "അവരിൽ അധികം പേരും ഇവിടെ തിരിച്ചെത്താറുണ്ടെന്നുള്ളതു് അത്ഭുതകരമായ ഒരു സംഗതിയാണു്. ചിലർ ശത്രുവ്യൂഹങ്ങളുടെ പിന്നിലും, ചിലർ കടലിലും, ചിലർ മരുഭൂമിയുടെ ഉൾപ്പരപ്പിലും വീണുപോകും. എങ്കിലും മിക്കവരും താവളത്തിലേക്കു മടങ്ങിയെത്താറുണ്ടു്. അവർ പ്രദർശിപ്പിക്കുന്ന കൌശലവും സാമൎത്ഥ്യവും അത്ഭുതാവഹമാണു്."

ഞാൻ ചില അമേരിക്കൻവൈമാനികന്മാരോടു സംസാരിക്കയുണ്ടായി. മരുഭൂമിയിൽ ഞാൻ കണ്ട അമേരിക്കൻപട്ടാളക്കാർ പ്രദർശിപ്പിച്ച മനോഭാവംതന്നെയായിരുന്നു ഇവൎക്കും. ഈ സംഭാഷണത്തിൽനിന്നു ഞാൻ പഠിച്ചതിതാണു്: വൻതോക്കുകളെയോ ടാങ്കുകളെയോ മാത്രം ആശ്രയിച്ചല്ല ഈ യുദ്ധത്തിൽ ജയാപജയങ്ങൾ നിൎണ്ണയിക്കപ്പെടുന്നതു്.

അലക്സാൻഡ്രിയയെക്കുറിച്ചു രണ്ടു സ്മരണകൾ: ഒന്നു ഹാർബറിൽ ഉപേക്ഷിക്കപ്പെട്ടുകിടക്കുന്ന ഫ്രഞ്ചു നാവികപ്പടയുടെ തലവനായ റീനേഗോഡ്ഫ്രേയുമായുള്ള സംഭാഷണം. പട്ടണത്തിൽ എവിടെനിന്നു നോക്കിയാലും അയാളുടെ കപ്പലുകൾ കാണാം. പല ന്യൂനതകളുമുണ്ടായിരുന്നുവെങ്കിലും അവ നിഷേധിക്കാൻ വയ്യാത്ത ഒരു ശക്തിയാണു്. ഫ്രഞ്ചുകൃഷിക്കാർ തങ്ങളുടെ സ്വത്തും ഫ്രെഞ്ചെഞ്ചിനീയർമാരും നാവികന്മാരും ത

ങ്ങളുടെ വൈദഗ്ദ്ധ്യവും കോരിച്ചൊരിഞ്ഞുണ്ടാക്കിയിട്ടുള്ള ഈ മരണയന്ത്രങ്ങൾ ഇങ്ങിനെ ഉപയോഗശൂന്യമായി ക്കിടക്കുമ്പോൾ, മറുഭാഗത്തു ഫ്രാൻസ് നാസികളുടെ ചവിട്ടടികൾക്കു കീഴിൽക്കിടന്നരയുന്നു. ഈ വ്യസനകരമായ കാര്യം തെളിയിക്കുന്നത്, ഈ യുദ്ധത്തിൽ പല ജനവിഭാഗങ്ങളും ഇനിയും ചേരി നിർണ്ണയിക്കപ്പെടാതെ കിടക്കുന്നുണ്ടെന്നുള്ളതാണ്.

അഡ്മിറൽ ഗോഡ്ഫ്രേ ഇംഗ്ലീഷു നന്നായി സംസാരിക്കും. അദ്ദേഹം സമർത്ഥനായ ഒരു ഫ്രഞ്ച് ഓഫീസറാണെന്നാണ് എനിക്കു തോന്നിയത്. അദ്ദേഹത്തിന്ന് എന്നെ പരിചയപ്പെടുത്തിയ ബ്രിട്ടീഷ് ഓഫീസർക്കും ഇതേ അഭിപ്രായംതന്നെയാണുള്ളത്. ഫ്രാൻസിൽ നടന്ന സംഭവങ്ങൾ അദ്ദേഹത്തെ വേദനപ്പെടുത്തിയിരുന്നു. യുദ്ധത്തെപ്പററി ഒരു പട്ടാളമേലുദ്യോഗസ്ഥൻെറ പരിധിവിട്ടു മറെറാന്നും അദ്ദേഹത്തിന്നറിവില്ല. 1940 ജൂണിൽ ഫ്രഞ്ചുകപ്പലുകളുടെ നേരെ ബ്രിട്ടൻ എടുത്ത നടപടികൾ അദ്ദേഹത്തിൽ വെറുപ്പുണ്ടാക്കിയിട്ടുണ്ട്. പക്ഷെ അമേരിക്കയോട് അദ്ദേഹം സ്നേഹം പ്രദർശിപ്പിക്കുയും നാം വിജയിക്കണമെന്ന് ആശിക്കയും ചെയ്തിരുന്നു. മാർഷൽ പെറേറയിൻ ജീവിച്ചിരിക്കുന്ന കാലത്തോളം അദ്ദേഹത്തിൻെറ ആജ്ഞകളെ മാത്രമേ താൻ നിർവ്വഹിക്കുവാൻ തയ്യാറുള്ളുവെന്നു ഗോഡ്ഫ്രേ പറഞ്ഞുവെങ്കിലും, അമേരിക്കൻപട ഇടപെടുകയാണെങ്കിൽ അദ്ദേഹത്തിൻെറ നാവികസേനയുടെ എതിർപ്പ് ഔപചാരികമായിരിക്കുമെന്നാണ് സംഭാഷണത്തിൽനിന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്.

ഡാർലനുമായി സന്ധിചെയ്യാതെ നാം യുദ്ധം തുടരുകയാണെങ്കിൽ, ഫ്രഞ്ചുകാരിൽനിന്നു നമുക്കുണ്ടായേയ്ക്കാമെന്നു പറയുന്ന നാശനഷ്ടങ്ങളെപ്പററിയുള്ള കഥകൾ, ഉത്തരാഫ്രിക്കയിലെ ഫ്രഞ്ചു് ഓഫീസർമാരിൽനിന്നും പട്ടാളക്കാരിൽനിന്നും എനിയ്ക്കറിയാൻ കഴിഞ്ഞ വിവരങ്ങളുടെ വെളിച്ചത്തിൽ, അടിസ്ഥാനരഹിതങ്ങളാണു്. തെററായ ഒരു രാഷ്ട്രീയനയത്തെ ന്യായീകരിയ്ക്കുന്നതിനുവേണ്ടി പ്രചരിപ്പിക്കുന്ന ഇത്തരം കഥകളെ ഞാൻ വിശ്വസിയ്ക്കാറില്ല.

അഡ്മിറൽ ഹാർവുഡിൻെറ വീട്ടിൽവെച്ചു നടന്ന ഒരു സൽക്കാരമാണു് ഞാൻ ഓർമ്മിക്കുന്ന രണ്ടാമത്തെ സംഭവം. തെക്കേഅമേരിക്കൻ തീരങ്ങളിൽവെച്ചു് 'എക്സിററ റും' 'ഗ്രാഫ്സ്പിയും' തമ്മിൽ നടന്ന സമരത്തിൻെറ നേതാവും ഇപ്പോൾ കിഴക്കൻ മദ്ധ്യധരണ്യാഴിയിൽ ബ്രിട്ടീഷുനാവികപ്പടയുടെ തലവനുമാണു് ഹാർവുഡ്. അലക്സാൻഡ്രിയയിലെ നാവികവകുപ്പിലേയും രാഷ്ട്രീയവകുപ്പിലേയും കോൺസുലാർ സർവ്വീസിലേയും പത്തു് ഉദ്യോഗസ്ഥന്മാരെക്കൂടി അദ്ദേഹം ഈ സൽക്കാരത്തിന്നു ക്ഷണിച്ചിട്ടുണ്ടായിരുന്നു. ലോകത്തിലെവിടേയും ഭടന്മാർ സാധാരണ സംസാരിക്കാറുള്ള പോലെതന്നെ ഞങ്ങൾ യുദ്ധത്തെപ്പററി കക്ഷിഭേദം മറന്നു പൊതുവെ സംസാരിച്ചു. ക്രമേണ സംഭാഷണം രാഷ്ട്രീയകാര്യങ്ങളിലേയ്ക്കു തിരിഞ്ഞു. ബ്രിട്ടീഷുസാമ്രാജ്യത്തിൽ തഴക്കവും പഴക്കവും ചെന്ന ഈ ഉദ്യോഗസ്ഥന്മാർക്കു് കൊളോണിയൽസമ്പ്രദായത്തിൻെറ ഭാവിയെ

കുറിച്ചും പൂർവ്വപ്രദേശങ്ങളിലെ ജനങ്ങളുമായി നമുക്കുള്ള ബന്ധത്തെപ്പററിയും എന്തൊരഭിപ്രായമാണുള്ളതെന്നു് ഞാൻ അറിയാൻ ശ്രമിച്ചു.

തനിയാഥാസ്ഥിതികമനോഭാവം. അതിൽ ഒരിററു വെള്ളം ചേർത്തിട്ടില്ല. ഇംഗ്ലീഷുകാരിൽ പലരും ഈ പ്രശ്നങ്ങളെക്കുറിച്ചു് ചിന്തിച്ചിരുന്നുവെന്നും, ഇന്നത്തെ ട്രസ്റ്റിസമ്പ്രദായം നീക്കി സ്വയംഭരണം സ്ഥാപിക്കാനുള്ള ഒരു വഴി അവർ ആരാഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും എനിക്കറിയാമായിരുന്നു. പക്ഷേ ലണ്ടനിൽ രൂപീകരിക്കപ്പെടുന്ന നയം യാന്ത്രികമായി നടപ്പിൽ വരുത്തുക മാത്രം ചെയ്യുന്ന ഈ ഉദ്യോഗസ്ഥന്മാർ ലോകം പുരോഗമിച്ചുകൊണ്ടിരിക്കയാണെന്നു് അറിഞ്ഞിരുന്നേയില്ല. ബ്രിട്ടീഷുകൊളോണിയൽസമ്പ്രദായം സർവ്വഗുണസമ്പൂർണ്ണമാണെന്നു് അവർ വിശ്വസിച്ചിരുന്നില്ല; പക്ഷേ അതിന്നു മാററമുണ്ടെന്നോ ഏതെങ്കിലും തരത്തിൽ ഭേദപ്പെടുത്താവുന്നതാണെന്നോ അവർ ആലോചിച്ചിട്ടേയില്ലെന്നാണു് എനിക്കു തോന്നിയതു്. അവരെല്ലാം അത്‌ലാന്തിക്ക് രേഖ വായിച്ചിട്ടുണ്ടായിരുന്നു. പക്ഷേ ഇതു് അവരുടെ ഉദ്യോഗത്തെയോ മനസ്സിനെയോ മാററിത്തീർക്കാൻ പര്യാപ്തമാണെന്നു് അവരാരും ഉദ്ദേശിച്ചിട്ടില്ല. ലോകത്തിലെങ്ങും നടക്കുന്ന ഈ സമരം യുദ്ധക്കളത്തിൽവെച്ചു മാത്രം ജയിച്ചതുകൊണ്ടായില്ല; പൂർവ്വപ്രദേശങ്ങളിലെ ജനസാമാന്യവുമായി നമ്മെ ബന്ധിക്കുന്ന യന്ത്രത്തിൽ പുതിയ മനുഷ്യരും പുതിയ ആശയങ്ങളും രൂപമെടുത്താൽമാത്രമേ യഥാർത്ഥവിജയം കൈ

വരികയുള്ളു. അതില്ലാതെയുണ്ടാകുന്ന സമാധാനം ക്ഷണികവും താൽക്കാലികവുമായ ഒരൊത്തുതീപ്പു മാത്രമായിരിക്കും. ഫറൂക്ക് രാജാവിനെയും പ്രധാനമന്ത്രിയെയും ഈജിപ്തിലെ ബ്രിട്ടീഷ്പ്രതിനിധിയായ സേർ മൈൽസ് ലാമ്പ്സണേയും (അദ്ദേഹം എല്ലാ പ്രായോഗികകാര്യങ്ങളിലും ഈജിപ്തിലെ ഏകാധിപതിയാണ്.) കാണാൻ ഞങ്ങൾ കെയ്റോവിലേയ്ക്കു പോയി. വഴിനീളെ ഞങ്ങൾ കണ്ടതു പഴയതും പുതിയതുംകൂടി സമ്മിശ്രമായ വസ്തുക്കളാണ്. നൈൽത്താഴ്വാരത്തിലെ ഉൽപന്നങ്ങൾ നിറച്ചുകൊണ്ടു കടന്നുപോയിരുന്ന നീണ്ട ഒട്ടകവണ്ടികൾ, ശക്തിയേറിയ ആധുനികവിമാനങ്ങൾ പരിഷ്കൃതമായ യന്ത്രശാലകളിൽ കേടുതീക്കുന്നതിനുവേണ്ടി വഹിച്ചുകൊണ്ടു നിരനിരയായിപോകുന്ന ലോറികൾ—ദൂരേ ഈജിപ്തിൻെറ പുരാതനമഹിമയുടെ സ്മാരകസ്തംഭങ്ങളായ സ്ഫിങ്ങ്സും പിരമിഡുകളും.

## ൨. മദ്ധ്യപൂർവ്വപ്രദേശം

കെയ്റോവിൽനിന്നു ടെഹറാനിലേയ്ക്കു പോകുംവഴി ഞങ്ങൾ ചരിത്രത്തിലെ ആയിരമായിരം കൊല്ലക്കാലത്തെ വിവിധങ്ങളായ വസ്തുക്കൾ നിറഞ്ഞ പുരാതനങ്ങളായ പട്ടണങ്ങളുടെ മീതെക്കൂടെ പറന്നു. നൈൽത്താഴ്വരത്തിലെ ജലസേചനക്കുഴലുകളുടെ നാലുപുറവും ചുററിത്തിരിയുന്ന ജലപ്പോത്തുകളും ഈജിപ്തിലെ വൻ

തോതിലുള്ള അമേരിക്കൻയന്ത്രശാലകളും തമ്മിൽ യാതൊരു പൊരുത്തവും ഉണ്ടായിരുന്നില്ല. പൌരാണികമായ ജെറൂസലത്തിലെ തെരുവീഥികളിൽ കളിച്ചുകൊണ്ടു നില്ക്കുന്ന പട്ടിണിപ്പാവങ്ങളുടെ കുട്ടികൾ. ബീറൂത്തിലെ വിമാനത്താവളത്തിലെ യുവാക്കന്മാരായ ഫ്രഞ്ചുവൈമാനികർ. ബാഗ്ഡാഡിലെ ഒരു കമ്പിളിക്കമ്പനിയിൽ പ്രവൃത്തിയെടുത്തുകൊണ്ടിരിക്കുന്ന പത്തു വയസ്സായ അറബിക്കുട്ടികൾ. ടെഹറാൻെറ പുറത്തു വലിയ കെട്ടിടങ്ങളിൽ താമസിക്കുന്ന പോളിഷ് അഭയാത്ഥികൾ—മദ്ധ്യപൂർവ്വപ്രദേശമെന്നു വിളിക്കപ്പെടുന്ന ഈ രംഗത്തെക്കുറിച്ച് എനിക്കു കിട്ടിയ ആദ്യത്തെ ചിത്രം പരസ്പരം വിഭിന്നവും കുഴപ്പംപിടിച്ചതുമാണ്.

ആകാശത്തിൽ സഞ്ചരിക്കുമ്പോൾ ഒരു സഞ്ചാരിക്ക് അവിടവിടെ നില്ക്കുന്നതിനിടക്കു താഴെയുള്ള ഭൂവിഭാഗത്തിൻെറ ഒരു ചിത്രം മനസ്സിൽ വരക്കുവാൻ കഴിയും. സങ്കല്പചിത്രങ്ങളും കുറിപ്പുകളും താരതമ്യപ്പെടുത്തി നോക്കാൻ കഴിയുന്നേടത്തോളംകൊണ്ടു ബീറൂത്തിൽനിന്നു ലിഡയിലേക്കും ബാഗ്ഡാഡിലേക്കും ടെഹറാനിലേക്കുമുള്ള യാത്രകൾ നീണ്ടതായിരുന്നു. ഇറാനിൽനിന്നു സോവിയററൂയൂണിയനിലേക്കു പറക്കുന്നതിനുമുമ്പു മദ്ധ്യപൂർവ്വപ്രദേശത്തിലെ പ്രശ്നങ്ങളെപ്പററി ഞാൻ ഒരു തീരുമാനം എടുത്തുകഴിഞ്ഞിരുന്നു.

ഒന്നാമതായി ഇവിടത്തെ ജനങ്ങൾ നമ്മോടു പ്രദശിപ്പിക്കുന്ന സൌഹാദ്ദം. അമേരിക്ക അവരിൽനിന്നു വളരെ വിദൂരമായ ഒരു രാജ്യമായതിനാലും അവരുടെ

മേൽ യാതൊരു നിയന്ത്രണവും ചെലുത്താത്തതിനാലു മാണ് ഈ മനോഭാവം ഉണ്ടായിട്ടുള്ളത്. ജർമ്മൻകാരെ പ്പററി ഇറാനിലെ ജനങ്ങൾക്കുള്ള മതിപ്പിൻെറ അടിസ്ഥാനവും ഇതുതന്നെയാണ്. ഐക്യരാഷ്ട്രങ്ങൾക്ക് താൽക്കാലികമായി എന്തു പരാജയം ഉണ്ടായാലും, അമേരിക്ക യുദ്ധത്തിൽ പ്രവേശിച്ചിട്ടുള്ളതിനാൽ, അവസാനം അവർ ജയിക്കുമെന്നു പരക്കെ ഒരു ബോധം വന്നിട്ടുണ്ട്. അലക്സാണ്ടർരാജാവിൻെറ കാലംമുതൽ തുടച്ചയായി നിരവധി ആക്രമണങ്ങൾക്കു വിധേയരായ ഈ പ്രദേശത്തിലെ ജനങ്ങൾക്കു ജീവിതസമരത്തിൽ ജയിക്കുന്നവരുടെ ഭാഗത്തു ചേരാനുള്ള ഒരു വാസന ജന്മസിദ്ധമായിട്ടുണ്ട്.

രണ്ടാമതായി, ഞാൻ സന്ദശിച്ച എല്ലാ സ്ഥലങ്ങളിലും പരിവത്തനത്തിൻെറ ബീജങ്ങൾ പ്രവത്തിച്ചുകൊണ്ടിരുന്നു. യുദ്ധത്തിൽനിന്നു് എത്രമാത്രം ഒഴിഞ്ഞുനിന്നാലും കൊള്ളാം, അതിൻെറ പ്രത്യാഘാതങ്ങൾ ഇവിടത്തെ ജനങ്ങളെ ബാധിക്കാതിരിക്കയില്ല. കഴിഞ്ഞ പത്തു നൂററാണ്ടുകളിൽ വന്ന മാററം അടുത്ത പത്തു കൊല്ലത്തിന്നകം അവക്കുണ്ടായേക്കും.

മൂന്നാമതായി, ഈ മാററങ്ങൾ നമുക്ക് അനുകൂലമായിവരുമെന്നു് ഉറപ്പുപറയാൻ നിവൃത്തിയില്ല. നമ്മുടെ പാശ്ചാത്യരാഷ്ട്രീയാശയങ്ങളുടെ മഹിമയെ മുസ്ലിമീങ്ങളും അറബികളും ജൂതന്മാരും ഇറാണികളും വെല്ലുവിളിക്കുന്നു. നാം പരസ്പരം മത്സരിച്ചു നമ്മുടെ ആദശങ്ങളുടെ അടിസ്ഥാനംതന്നെ തകത്തുകൊണ്ടിരിക്കു

മ്പോൾ കഴിഞ്ഞ ഒരു തലമുറക്കാലമായി അവർ നമ്മെ ഉററുനോക്കി പഠിക്കയായിരുന്നു. എല്ലായിടത്തും ഞാൻ കണ്ടതു പാശ്ചാത്യരോടുള്ള അവിശ്വാസമാണു്. അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും എൻെറ അന്വേഷണങ്ങൾക്കു മറുപടിയായി അവർ ആദരവോടുകൂടി, പക്ഷേ പരിഹാസസ്വരത്തിൽ, നമ്മുടെ പ്രശ്നങ്ങളെക്കുറിച്ചു ചോദിക്കാൻ തുടങ്ങി. അമേരിക്കയിലെ ജാതിവ്യത്യാസങ്ങളെപ്പററിയുള്ള ചോദ്യങ്ങൾ വന്നുകൊണ്ടിരുന്നു. സക്കാരുദ്യോഗസ്ഥന്മാരിൽ മിക്കവരും വിഷിഗവമ്മേണ്ടുമായുള്ള നമ്മുടെ ബന്ധത്തെക്കുറിച്ചു് അത്ഭുതം പ്രകാശിപ്പിച്ചു. ലബനോണിലും സിറിയയിലും പാലസ്റ്റീനിലും വിദേശീയമദ്ദനത്തിൻെറ രൂപമെടുത്ത രക്ഷാകത്തൃത്വസമ്പ്രദായം വിപുലീകരിച്ചു പുതുക്കുകയെന്നതാണോ നാം ഉൽഘോഷിക്കുന്ന സ്വാതന്ത്ര്യത്തിൻെറ അത്ഥമെന്നു് അറബികളും ജൂതന്മാരും ശങ്കിച്ചിരുന്നു.

മദ്ധ്യപൂവ്വപ്രദേശത്തിൽ എല്ലായിടത്തും ഞാൻ കണ്ടതു വ്യാവസായികമായ വളച്ചയില്ലായ്മയും ഭയങ്കരമായ പട്ടിണിയുമാണു്. ഒരമേരിക്കക്കാരൻ ഇങ്ങിനെ പറയുന്നതു് അയാൾ അസാമാന്യമായ സമ്പൽസമൃദ്ധിയുടെ നടുവിൽ ജീവിച്ചു പരിചയിച്ചതുകൊണ്ടാണെന്ന ആക്ഷേപത്തിന്നു വഴിയുണ്ടു്. പൌരാണികകാലത്തേക്കു തിരിച്ചുപോകുന്നപോലെയുള്ള ഒരു വികാരമാണു് ജറുസലം സന്ദശിച്ചപ്പോൾ മിക്ക അമേരിക്കക്കാക്കും ഉണ്ടായിട്ടുള്ളതു്. രണ്ടായിരം സംവത്സരങ്ങൾക്കുള്ളിൽ

അവിടെ വളരെ കുറച്ചു മാററമേ ഉണ്ടായിട്ടുള്ളു. പാശ്ചാത്ത്യപരിഷ്ക്കാരത്തിൻെറ ആഗമനത്തിനു മുമ്പുണ്ടായിരുന്ന ആ പ്രാകൃതജീവിതത്തിൻെറ മുകൾപ്പരപ്പിൽ ഒരു നേരിയ ആച്ഛാദനം മാത്രമാണു് ഇന്നു് അവിടെയുള്ള ആധുനികവിമാനമാർഗ്ഗങ്ങളും എണ്ണക്കുഴലുകളും മാക്കാഡം റോഡുകളും. ഈ നിലയ്ക്കു കുറച്ചൊരു മാററം കാണുന്നതു സർവ്വരാജ്യസിയോണിസ്റ്റ് പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ നടന്ന വ്യാവസായികവും കാർഷികവും സാംസ്ക്കാരികവുമായ പ്രവർത്തനങ്ങളെസ്സംബന്ധിച്ചു മാത്രമാണു്. അറബികൾ ചുരുങ്ങിയ തോതിൽ സ്വയംഭരണംനടത്തുന്ന ബാഗ്ഡാഡിലും ചില്ലറ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടു്.

പ്രധാനമായി നാലു കാര്യങ്ങൾ ഇവിടത്തെ ജനങ്ങൾക്കു് ആവശ്യമാണെന്നു് എനിക്കു തോന്നുന്നു. കൂടുതൽ വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായാഭിവൃദ്ധി, സ്വാതന്ത്ര്യത്തിൽനിന്നും സ്വയംഭരണത്തിൽനിന്നും ജനിക്കുന്ന ആത്മാഭിമാനവും ആത്മവിശ്വാസവും. പുരാതനകാലംമുതല്ക്കുതന്നെ ഈജിപ്തിലെ ജനങ്ങളിൽ അന്തർല്ലീനമായിക്കിടക്കുന്ന ബുദ്ധിശക്തിയെ ഉജ്ജീവിപ്പിക്കുവാൻ വിദ്യാഭ്യാസം അവരെ എത്രമാത്രം സഹായിക്കുമെന്നു് ഈ യുദ്ധകാലപരിതസ്ഥിതിയിൽപ്പോലും നൈൽനദീതീരത്തിൽ സഞ്ചരിക്കുന്ന ഒരാൾക്കു മനസ്സിലാക്കാൻ കഴിയും. രാജ്യത്തിൽ ധാരാളം വിദ്യാലയങ്ങളുണ്ടു്. അമേരിക്കക്കാരും ഇംഗ്ലീഷുകാരും അതിനെ സഹായിക്കുന്നുമുണ്ടു്. വിദ്യാസമ്പന്നരെന്നു വിചാരിക്കപ്പെടുന്ന

ഫറൂക്ക്രാജാവിനെയും പ്രധാനമന്ത്രിയായ നഹാസ് പാഷയെയും മററനേകം പൌരമുഖ്യന്മാരേയും ഞാൻ കാണുകയുണ്ടായി. പക്ഷേ ഈജിപ്തിലോ തുർക്കിയിലോ ഒഴിച്ചു മദ്ധ്യപൂർവ്വപ്രദേശത്തിൽ മറെറാരിടത്തുപോലും ഒരു നാടൻവിദ്യാലയത്തെ ദേശഭക്തിയുടെ അഭിമാനസ്തംഭമായി ആരും ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടില്ല. ഒരമേരിക്കൻവനിത നടത്തുന്ന ഒരു പെൺപള്ളിക്കൂടം കാണാൻ എന്നെ എല്ലാവരും നിർബ്ബന്ധിക്കയുണ്ടായി. ഏററവും പ്രതികൂലമായ പരിതസ്ഥിതിയിൽ കഴിഞ്ഞ മുപ്പതുകൊല്ലത്തോളമായി ഈജിപ്തിലെ അനാഥക്കുട്ടികളെ വിദ്യയഭ്യസിപ്പിക്കാൻ ശ്രമിക്കുകയാണു് ആ സ്ത്രീ.

ഞാൻ പങ്കെടുത്ത എല്ലാ സല്ക്കാരങ്ങളിലും പാഷകളെ കണ്ടുമുട്ടി. അവരിലധികംപേരും വിദേശീയതരുണികളെയാണു് വിവാഹം ചെയ്തിട്ടുള്ളതു്. അവരെല്ലാം കാഴ്ചയിൽ വളരെ നല്ല ആളുകളായിരുന്നു. പൊതുസ്ഥലങ്ങളിലെല്ലാം അവരുടെ പ്രതിമകൾ കാണാം. ഓട്ടോമാൻ സാമ്രാജ്യത്തിൻെറ കാലംമുതല്ക്കുതന്നെ ഈജിപ്തിൽ നിലനിന്നിട്ടുള്ള ഒരു സ്ഥാനമാനമാണു് 'പാഷാ.' സാമ്രാജ്യത്തിന്നുവേണ്ടി നന്നായി പണിയെടുത്തിട്ടുള്ള സൈനികനേതാക്കന്മാൎക്കും സംസ്ഥാനഗവൎണ്ണർമാൎക്കും പണ്ടു നല്കപ്പെട്ടാറുള്ള ഒരു ബഹുമതിയാണിതു്. എന്നാൽ ഇന്നു രാജാവിൻെറ ഇഷ്ടാനുസരണം ഈ സ്ഥാനമാനം നല്കപ്പെടുന്നുണ്ടു്. പാഷയ്ക്കു വിഹരിക്കുവാൻ ഈജിപ്തിലെ ജനങ്ങൾ ചുവന്ന പരവതാനി വിരിക്കുന്നു. ഇത്തരത്തിലുള്ള വിലപിടിച്ച ഭൂഷണങ്ങൾ

ക്കുവേണ്ട പണം അവക്കുണ്ടു്. എൻെറ ആതിഥേയനായിരുന്ന ഒരീജിപ്റ്റ്കാരനായ പത്രപ്രവത്തകനോട് ഒരിക്കൽ ഞാൻ ചോദിച്ചു: "ഒരു വലിയ ഗ്രന്ഥം നിമ്മിച്ചാൽ ഒരാൾക്കു പാഷയാകാൻ കഴിയുമോ?"

മറുപടി: "ആവാൻ കഴിയും. പക്ഷേ ഈജിപ്റ്റിൽ ആരും പുസ്തകമെഴുതാറില്ല."

"ഒരു നല്ല ചിത്രം വരച്ചാൽ പാഷയാവാൻ കഴിയുമോ?"

"കഴിയും. പക്ഷേ ഇവിടെ ആരും ചിത്രമെഴുതാറില്ല."

"ഒരു നവീനോപജ്ഞാതാവിന്നു പാഷയായി ഉയരാൻ കഴിയുമോ?"

"ഫാരോവാസിൻെറ കാലശേഷം ഇവിടെ വലിയ നിമ്മാതാക്കളുണ്ടായിട്ടേയില്ല."

ഈ സാംസ്കാരികസ്തംഭനത്തിൻെറ എല്ലാ കാരണങ്ങളും പഠിക്കാൻ വേണ്ടിടത്തോളം കാലം എനിക്ക് ഈജിപ്റ്റിൽ താമസിക്കാൻ കഴിഞ്ഞില്ല. ഈജിപ്റ്റിലെ ഏററവും വലിയ നഗരമായ കെയ്റോവിൽ വിദ്യാഭ്യാസവും സംസ്കാരവും നിയന്ത്രിക്കുന്നതു നാട്ടുകാരല്ലെന്നുള്ളതു് ഇതിനൊരു കാരണമാണു്. ഈജിപ്റ്റിലെ ഫലപുഷ്ടിയേറിയ ഭൂമി മുഴുവൻ കുറച്ചു പാഷകളുടെ ഉടമസ്ഥതയിൻ കീഴിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നതാണു് മറെറാരു ഹേതു. ഇവരുടെ സ്ഥാനമാനങ്ങൾ രാഷ്ട്രീയനേതൃത്വം കൊണ്ടു നേടിയതല്ല, പണത്തിൻെറ സ്വാധീനശക്തി കൊണ്ടുമാത്രം നേടിയതാണു്.

പക്ഷേ എല്ലാററിലും പ്രധാനമായ കാരണം ഇടത്തരക്കാരുടെ അഭാവമാണെന്നു തോന്നുന്നു. കുടുംബസ്വത്തായി ഭൂമി ലഭിച്ചിട്ടുള്ള ഒരു ന്യൂനപക്ഷം കൂററൻ ജന്മികളെ മദ്ധ്യപൂർവ്വപ്രദേശത്തിൽ കാണാം. അവരുടെ നിലനില്പിനെ ബാധിക്കുന്ന കാര്യങ്ങൾ വിട്ടു മറെറാരു രാഷ്ട്രീയപ്രസ്ഥാനത്തിലും ഇവർ താൽപര്യം പ്രദർശിപ്പിക്കുന്നില്ല. ബഹുഭൂരിപക്ഷം ജനങ്ങൾ ദരിദ്രരും സ്വത്തില്ലാത്തവരും പ്രാചീനപൌരോഹിത്യത്തിൻെറ ആചാരങ്ങളുടെ പിടിയിൽക്കിടന്നു കഷ്ടതയനുഭവിക്കുന്നവരുമാണ്. ഒന്നുമില്ലാത്തവക്കും, അതുപോലെതന്നെ ആവശ്യത്തിലധികമുള്ളവക്കും സൃഷ്ടിപരമായ പ്രവത്തനങ്ങൾ നടത്തുന്നതിന്നു കഴിവോ ഉത്സാഹമോ സാധാരണ കാണാറില്ല. ഈ രണ്ടു വർഗ്ഗത്തിന്നുമിടയിൽ വളരെ ചുരുക്കംപേരേ മദ്ധ്യപൂർവ്വപ്രദേശത്തിലുള്ളു.

പ്രാകൃതമായ ഈ പരിതസ്ഥിതിയുടെ നടുവിൽപ്പോലും ഒരു സ്പന്ദനം. നിശ്ചലരായിക്കിടന്നിരുന്ന ബഹുജനങ്ങൾ തട്ടിക്കുടഞ്ഞ് ഒന്നിളകുവാൻ ശ്രമിക്കുകയാണ്. പുരോഗതിക്കു വിഘാതമായി നില്ക്കുന്ന മതാചാരങ്ങളെ അവർ മാനിക്കാതായിത്തുടങ്ങിയിരിക്കുന്നു. ഓരോ നഗരത്തിലും വിശ്രമരഹിതരും ഉത്സാഹശീലരുമായ ഒരു കൂട്ടം ചെറുപ്പക്കാരായ ബുദ്ധിജീവികളെ ഞാൻ കണ്ടു. റഷ്യയിൽ വിപ്ലവമുണ്ടാക്കിയ ആ ബഹുജനപ്രസ്ഥാനത്തിൻെറ തന്ത്രങ്ങൾ ഇവക്കറിയാം; അവയെപ്പററി അവർ സംസാരിക്കയും ചെയ്തിരുന്നു. നമ്മുടെ പ്രജാധിപത്യത്തിൻെറ വളർച്ചയുടെ ചരിത്രവും അ

വക്ക് സുപരിചിതമാണ്. തങ്ങളുടെ സജീവമായ ആഗ്രഹങ്ങളെ നിറവേററുന്നതിന്നുള്ള മാഗ്ഗത്തെ അനവരതം ആരാഞ്ഞുകൊണ്ടിരിക്കുകയാണ് ഈ യുവാക്കന്മാർ. റഷ്യയിലും ചൈനയിലുംപോലെതന്നെ മദ്ധ്യപൂവ്വ പ്രദേശത്തിലും ശക്തിയേറിയ ഒരു ദേശീയമനോഭാവം വളൎന്നുവരുന്നുണ്ട്. ലോകത്തിന്റെ മോചനം സാവ്വദേശീയതചത്തിലൂടെ മാത്രമേ സാദ്ധ്യമാകയുള്ളുവെന്നു വിശചസിക്കുന്നവക്ക് വേദനാജനകമായ ഒരു സംഗതിയാണിതു്.

ജനങ്ങളുടെ ഇടയിൽ ഇതുപോലെതന്നെയുള്ള അതൃപ്തിയും അക്ഷമയും വിശപ്പും ഞാൻ ഇറാക്കിലും ലബണോണിലും ഇറാനിലും കാണുകയുണ്ടായി. സമത്ഥന്മാരും പ്രാപ്തന്മാരുമായ പ്രധാനമന്ത്രിമാരും വിദേശ്യമന്ത്രിമാരും ഇവിടങ്ങളിലുണ്ടെങ്കിലും ഈ പ്രശ്നത്തെ വേണ്ടവിധം നേരിടാൻ കഴിഞ്ഞിട്ടില്ലെന്നു വേണം പറയുവാൻ.

എല്ലാ വിഭാഗങ്ങൾക്കും പ്രവേശനമുള്ള വിദ്യാലയങ്ങൾ ബീറുത്തിലും കൈയ്റോവിലും ടെഹറാനിലും സ്ഥാപിക്കുന്നതിന്നു് അമേരിക്കക്കാർ സഹായിച്ചിട്ടുണ്ട്. ബീറുത്തിലെ അമേരിക്കൻസവ്വകലാശാലയുടെ അദ്ധ്യക്ഷനായ ബെയാർഡ് ഡോഡ്ജ് ഒന്നിച്ചു് അദ്ദേഹത്തിന്റെ വസതിയിൽവെച്ചു് ഞാൻ ചായ കഴിക്കയുണ്ടായി. അന്നുതന്നെ ഞാൻ സചതന്ത്രഫ്രാൻസിന്റെ നേതാവായ ജനറൽ ഡിഗോളിനേയും ഡലിഗേററുജനറലായ കത്രൂവിനേയും ബ്രിട്ടീഷ് മന്ത്രിയായ എഡ് വേർഡ് ലൂയിസ്പി

യേഴ്സിനേയും കണ്ടു്, സിറിയയുടേയും ലെബനോണി ൻേറയും ഭാവിയെപ്പററി സംസാരിച്ചു. പക്ഷേ ഭാവിയെ ക്കുറിച്ചു് ഇവരെല്ലാവരിൽനിന്നും കിട്ടിയതിൽകൂടുതൽ ആശയും വിശ്വാസവും ഡോക്ടർ ഡോഡ്ജിൽനിന്നാ ണു ലഭിച്ചതെന്നു പറയുന്നതു തീരെ അതിശയോക്തി യല്ല.

ജനറൽ ഡിഗോളുമായുള്ള സംഭാഷണം ഞാൻ ഒരിക്കലും വിസ്മരിക്കയില്ല. വിചിത്രമായ ഉടുപ്പണി ഞ്ഞ ഒരു അംഗരക്ഷകസൈന്യം എന്നെ ബീറൂത്തുവി മാനത്താവളത്തിൽ സ്വീകരിച്ചു ജനറലിൻേറ വാസ സ്ഥലത്തേയ്ക്കു് ആനയിച്ചു. മനോഹരമായ പൂങ്കാവി നാൽ ചുററപ്പെട്ട ഒരു തൂവെള്ളക്കെട്ടിടം. അവിടെ ഓ രോ തിരിവിലും നില്ക്കുന്ന പട്ടാളക്കാർ എനിക്കു സലാം തന്നു. നെപ്പോളിയൻേറ പടങ്ങളും പ്രതിമകളുംകൊ ണ്ടു് അലങ്കരിക്കപ്പെട്ടിരുന്ന ജനറലിൻേറ സ്വകാര്യമു റിയിൽ ഞങ്ങൾ വളരെ നേരം സംസാരിച്ചുകൊണ്ടിരു ന്നു. അത്താഴം കഴിഞ്ഞശേഷം രാത്രി വളരെ വൈകുന്ന തുവരെ നക്ഷത്രപ്രകാശിതമായ ഒരഴകാന്ന പുൽപ്പരപ്പി ലിരുന്നു ഞങ്ങൾ രണ്ടുപേരും വത്തമാനം പറഞ്ഞു.

സിറിയയുടേയും ലെബനോണിൻേറയും ഭരണ ത്തിൽ അദ്ദേഹത്തിനോ ബ്രിട്ടനോ അധികാരം വേണ്ട തെന്നതിനെസ്സംബന്ധിച്ചു നടന്നുവരുന്ന തക്കത്തെ വി വരിക്കുന്നതിനിടയ്ക്കു് അദ്ദേഹം ആവേശഭരിതനായി ചിലപ്പോൾ ഉദ്ഘോഷിക്കും: "എൻേറ ആദശങ്ങളെ സ്സംബന്ധിച്ചു ഞാൻ സന്ധിചെയ്കയോ അവയെ അണു പോലും ബലികഴിക്കയോ ചെയ്കയില്ല." ഈകാര്യ

ത്തിൽ ഡിഗോൾ, 'ജോൺ ഓഫ് ആൎക്കി'നെപ്പോലെ യാണെന്നു് അദ്ദേഹത്തിന്റെ അംഗരക്ഷകൻ പറഞ്ഞു. സ്വതന്ത്രഫ്രഞ്ചുപ്രസ്ഥാനത്തിൽ എനിക്കുള്ള താൽപൎയ്യത്തെക്കുറിച്ചു ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം എന്നെ ഇങ്ങിനെ തിരുത്തി: "സ്വതന്ത്രഫ്രഞ്ചു് ഒരു പ്രസ്ഥാനമല്ല. അതു് ഒരു രാഷ്ട്രംതന്നെയാണു്. ഫ്രാൻസിന്റെ സൎവ്വസ്വത്തുക്കളുടേയും അവകാശികളാണു് ഞങ്ങൾ." സൎവ്വരാജ്യസമിതിയുടെ രക്ഷാകൎത്തൃത്വത്തിൽപ്പെട്ട ഒരു സ്ഥലമാണു് സിറിയ എന്നു ഞാൻ ഓൎമ്മിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "അതെനിക്കറിയാം. പക്ഷെ ഞാൻ അതിനെ ഒരു ട്രസ്റ്റായി സൂക്ഷിക്കുകയാണു്. ഈ രക്ഷാകൎത്തൃത്വത്തിനെ ഞാൻ അവസാനിപ്പിക്കയില്ല. അങ്ങിനെ ചെയ്യാൻ മററാരേയും അനുവദിക്കാനും തയ്യാറില്ല. ഫ്രാൻസിൽ വീണ്ടും ഒരു സൎക്കാർ വന്നാൽ മാത്രമേ ഇതു ചെയ്യാൻ നിവൃത്തിയുള്ളു. ജൎമ്മൻകാരെയും അവരുടെ വാലിൽത്തൂങ്ങികളെയും ഫ്രാൻസിൽനിന്നു് ഓടിക്കാനുള്ള സമരത്തിൽ ഫ്രാൻസിന്റെ അവകാശങ്ങളും സ്വത്തുക്കളും താൽക്കാലികമായി എല്ലാവിധത്തിലും ഉപയോഗപ്പെടുത്തുന്നതിന്നു ഞാൻ വിൻസ്റ്റൻ ചൎച്ചിലിന്റേയും ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ടിന്റേയും ഒരുമിച്ചിരുന്നു് ആലോചിച്ചു പ്രവൎത്തിക്കാമെന്നതു കൂടാതെ ലോകത്തിൽ ഫ്രാൻസിന്റെ ഒരൊററ അവകാശങ്ങളെയും ഞാൻ വിട്ടുതരില്ല."

"മി. വിൽക്കി," അദ്ദേഹം തുടൎന്നു, "ഞാനും എന്റെ സഹപ്രവൎത്തകന്മാരും ഫ്രാൻസിന്റെ പ്രതിനിധികളാ

ണ്ണെന്നുള്ള വസ്തുത ചിലർ മറക്കുന്നു. ഫ്രാൻസിൻെറ മഹിമയേറിയ ചരിത്രം ഗണിക്കാത്തതുകൊണ്ടാണിങ്ങിനെ സംഭവിക്കുന്നതു്. ഫ്രാൻസിൻെറ തൽക്കാലത്തെ അധഃപതനംമാത്രം നോക്കിയാണു് ഇക്കൂട്ടർ ചിന്തിക്കുന്നതു്.

സിറിയയും മദ്ധ്യപൂർവ്വപ്രദേശവും നിയന്ത്രിക്കുന്നതിന്നു ഫ്രാൻസും ബ്രിട്ടനും പരസ്പരം നടത്തുന്ന വടംവലിയെസ്സംബന്ധിച്ചു ഞാൻ ലബനോണിലെ ഒരുയൎന്ന ഉദ്യോഗസ്ഥനോടു മറെറാരവസരത്തിൽ സംസാരിക്കയുണ്ടായി. ഇവരിൽ ഏതു പക്ഷത്തോടാണു് അയാൾക്കു സഹതാപം എന്നു ചോദിച്ചതിന്നു് എനിക്കു കിട്ടിയ മറുപടി "രണ്ടുകൂട്ടരും തുലയട്ടെ!" എന്നാണു്. നിയന്ത്രിക്കുന്നതു് ആരായാലും വേണ്ടില്ല, രക്ഷാകർത്തൃത്വം കോളനി മുതലായ സമ്പ്രദായങ്ങളിൽ മദ്ധ്യപൂർവ്വപ്രദേശത്തെ ബുദ്ധിജീവികൾക്കു തീരെ വിശ്വാസമില്ലാതായിത്തീൎന്നിരിക്കുന്നു.

ഞാൻ ബീറൂത്തിൽനിന്നു ജറുസലത്തേക്കു പോയി. ഇവിടെയാണു് പഴയതും പുതിയതും തമ്മിലുള്ള വ്യത്യാസം ഏററവും വ്യക്തമായി കാണുന്നതു്. ലെബനോണിലെ സിഡാർമരങ്ങൾ നിറഞ്ഞ കുന്നുകൾ; ഡെഡ് കടലും ഗലീലക്കടലും; ജോർഡൺനദി; ഒലൈവ്സ് കൊടുമുടി; ജെത്ത്സിമേൻ തോട്ടം.

പാലസ്തീനിലേയും ട്രാൻസ്ജോർഡനിലേയും ബ്രിട്ടീഷുഹൈക്കമ്മീഷണരായ സർ. ഹറോൾഡ് മാക്മിക്കേലിൻെറ അതിഥിയായിട്ടാണു് ഞാൻ ജറുസലത്തിൽ

താമസിച്ചതു്. ആ പുരാതനനഗരത്തെ അദ്ദേഹം എനിക്കു കാണിച്ചുതന്നു. ഒരു കോളനിയും രക്ഷാകർത്തൃത്വത്തിൻ കീഴിലിരിക്കുന്ന ഒരു സ്ഥലവും തമ്മിലുള്ള വ്യത്യാസങ്ങളെ അദ്ദേഹം ക്ഷമയോടും നേരമ്പോക്കോടുംകൂടി എന്നെ പറഞ്ഞു മനസ്സിലാക്കി. ഒരമേരിക്കക്കാരന്നു് ഈ വ്യത്യാസങ്ങൾ കാണ്മാൻ പ്രയാസമാണു്. പാലസ്തീനിലെ പ്രശ്നങ്ങളുടെ സൂക്ഷ്മവിവരങ്ങൾ നേരിട്ടു പഠിക്കുന്നതിനുള്ള സൌകര്യങ്ങൾ എനിക്കുണ്ടാക്കിത്തന്നതു ജറൂസലത്തിലെ അമേരിക്കൻകോൺസുൽജനറലായ ലോവൽ സി. പിൻകർട്ടൺ ആണു്. അദ്ദേഹത്തിന്റെ വസതിയിൽവെച്ചു ജൂതന്മാരുടേയും അറബികളുടേയും വിവിധകക്ഷികളുടേയും പ്രതിനിധികളെക്കണ്ടു സംസാരിക്കുവാൻ ഞങ്ങൾ ഒരു ദിവസം മുഴുവൻ ചെലവഴിച്ചു. ബ്രിട്ടീഷുസേനയുടെ നേതാവായ മേജർജനറൽ ഡി. എഫ്. മെക്കോണൽ, സർ. ഹറോൾഡിന്റെ സെക്രട്ടറിയേറ്റിലെ പ്രധാനകാര്യദർശി റോബർട്ടു് സ്കോട്ടു്, ജൂതന്മാരുടെ ഏജൻസിയിലെ രാഷ്ട്രീയവകുപ്പിന്റെ തലവനും അറിവും കാര്യപ്രാപ്തിയുമുള്ളവനുമായ മോഷേ ഷെർട്ടോക്കു്, സർ. ഹറോൾഡിന്റെ സിക്രട്ടറിയേററിലെ അറബിപ്രതിനിധിയായ റൂഫി ബേ അബ്ദുൾ ഹാദി, രാജ്യം മുഴുവൻ ജൂതന്മാക്കുവേണ്ടി അവകാശപ്പെടുന്ന സിയോണിസത്തിലെ പുനസ്സംഘടനാകക്ഷിയുടെ നേതാവായ ഡോക്ടർ അറീഫ് ആൽത്ത്മാൻ, രാജ്യം മുഴുവൻ അറബികൾക്കു കിട്ടണമെന്നു് ആവശ്യപ്പെടുന്ന ദേശീയനേതാവായ ആ ഫ്ണിബേ അബ്ദുൾ ഹാദി എന്ന അറബിവക്കീൽ—ഇ

വർ ഓരോരുത്തരും താന്താങ്ങളുടെ കഥകൾ വിശദീകരിച്ചു.

ഈ കുഴപ്പംപിടിച്ച പ്രശ്നം പരിഹരിക്കുന്നതിന്നു കർശനമായ നടപടികൾ എടുക്കേണ്ടിയിരിക്കുന്നുവെന്നാണ് എനിക്ക് ആദ്യം തോന്നിയതു്. പിന്നീടു ഞാൻ ജൂതനേതാവായ മിസ്സ് ഹെൻറീററ സോൾഡിനെക്കണ്ട അവസരത്തിൽ ഈ പ്രശ്നങ്ങളെക്കുറിച്ചു സംസാരിച്ചു. ചില വിദേശീയശക്തികൾ തങ്ങളുടെ ആധിപത്യം തുടൎന്നുപോകുന്നതിന്നുവേണ്ടി മനഃപൂൎവ്വം ജൂതന്മാരെയും അറബികളെയും തമ്മിലടിപ്പിക്കുന്നതല്ലേ ഇതിന്റെയെല്ലാം അടിസ്ഥാനമെന്നു ഞാൻ അവരോടു ചോദിച്ചു.

അവർ പറഞ്ഞു: "അതു ശരിയാണ്, മി. വില്ക്കീ. ഈ പ്രശ്നം വളരെക്കൊല്ലമായി എന്റെ ശ്രദ്ധയെ ആകൎഷിക്കുന്നു. ഇതിന്നൊരു പോംവഴി കാണാതെ എനിക്ക് അമേരിക്കയിൽ സ്വസ്ഥമായി താമസിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. യൂറോപ്പിലെ മൎദ്ദനമനുഭവിക്കുന്ന ജൂതന്മാൎക്ക് ഇത്ര നല്ല ഒരഭയസ്ഥാനം വേറെയില്ല. നാം എത്രതന്നെ ആശിച്ചാലും ശരി, ഈ മൎദ്ദനം എന്റേയോ നിങ്ങളുടേയോ ആയുഷ്കാലത്തിൽ അവസാനിക്കാനം പോകുന്നില്ല; ജൂതന്മാൎക്ക് ഒരു പാൎപ്പിടം വേണം. ഞാൻ ഒരു ഉറച്ച സിയോണിസ്റ്റാണ്. പക്ഷേ ജൂതന്മാരുടെ ആശയും അറബികളുടെ അവകാശവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. രണ്ടു സമുദായങ്ങളും തമ്മിലുള്ള മാത്സൎയ്യങ്ങൾ നശിപ്പിക്കത്തക്കവിധം പെരുമാറുവാൻ ഞാൻ ജറൂസലത്തുള്ള

എന്റെ സഹോദരന്മാരായ ജൂതന്മാരോട് അഭ്യർത്ഥിക്കാറുണ്ട്! ഞങ്ങളുടെ ജന്മദേശമായ ഈ രാജ്യത്തിന്റെ പാരമ്പര്യജീവിതത്തിൽ പങ്കാളികളാകുന്നതിന്നുവേണ്ടിയാണ്, നേരേമറിച്ച് ആക്രമികളെന്നനിലയിൽ കൊള്ളയടിക്കാനല്ല ഞങ്ങൾ ആഗ്രഹിക്കുന്നതെന്നു തെളിയിക്കത്തക്കവണ്ണം, അറബികളുമായി സ്നേഹം നിലനിർത്തി ജീവിക്കാൻ ഞാൻ അവരോരോരുത്തരോടും അപേക്ഷിക്കാറുണ്ട്.''

വിദ്യാഭ്യാസകാര്യത്തിൽ അവിടത്തെ കഴിവുകളെ അവർ വിവരിച്ചു. ജൂതന്മാരുടെ കാർഷികവും വ്യാവസായികവുമായ അഭിവൃദ്ധിക്കുവേണ്ടി ഇതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങളെപ്പററി ഏതാണ്ട് 80 വയസ്സു പ്രായംചെന്ന ആ വൃദ്ധവനിത പറഞ്ഞ കഥകൾ ആവേശമുളവാക്കുന്നവയാണ്.

അന്താരാഷ്ട്രീയസ്ഥിതിഗതികളോടു ബന്ധിക്കപ്പെട്ടുകിടക്കുന്നതും ചരിത്രത്തിലും മതത്തിലും വേരൂന്നിയതുമായ അറബി-ജൂതത്തർക്കത്തെപ്പോലെ ഇത്ര കുഴപ്പംപിടിച്ചൊരു പ്രശ്നം, അവർ പറയുന്നതുപോലെ, ഉദ്ദേശശുദ്ധികൊണ്ടും സത്യസന്ധതകൊണ്ടും മാത്രം തീർക്കാമെന്നു വിശ്വസിക്കുന്നതു മിഥ്യാബോധമാണ്. പക്ഷേ ഉജ്ജ്വലമായ അവരുടെ വദനത്തിൽ ദൃഷ്ടി പതിപ്പിച്ചപ്പോൾ, നിസ്സ്വാർത്ഥവും വികസിതവുമായ അവരുടെ ബുദ്ധിക്ക്, ലോകത്തിലെ ഔന്നത്യമിച്ഛിക്കുന്ന മററെല്ലാ രാഷ്ട്രീയനേതാക്കന്മാരേക്കാൾ കൂടുതൽ അറിവുണ്ടായിരിക്കുമോ എന്ന് എനിക്ക് ഒരു നിമിഷനേരത്തേയ്ക്കു തോന്നിപ്പോയി!

മദ്ധ്യപൂർവ്വപ്രദേശങ്ങളിൽ വിദ്യാഭ്യാസത്തെപ്പോലെതന്നെ പ്രാധാന്യമേറിയ ഒരു പ്രശ്നമാണു് വൈദ്യസഹായവും ജനാരോഗ്യവും. എവിടെ നോക്കിയാലും ദീനവും പകച്ചവ്യാധികളും. ഇവിടത്തെ ജനങ്ങളുടെ ആരോഗ്യം അഭിവൃദ്ധിപ്പെടുത്തിയാലല്ലാതെ ഇവക്കു് ഒരു ശോഭനമായ ഭാവിയില്ല.

വിദ്യാഭ്യാസകാര്യത്തിലെന്നപോലെതന്നെ് ചുരുക്കം ചില നാട്ടുകാരും വിദേശീയരും, പ്രത്യേകിച്ചു് അമേരിക്കക്കാർ, ഈ വഴിക്കു് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നു കാണിച്ചിട്ടുണ്ടു്. ഈജിപ്തിലും പാലസ്തീനിലും ഇറാനിലും കിടന്നു മലമ്പനിപിടിച്ച അമേരിക്കൻ പട്ടാളക്കാരുടെ സംഖ്യ, യുദ്ധം കഴിഞ്ഞു പരസ്യപ്പെടുത്തുമ്പോൾ സ്തോഭജനകമായ ഒന്നായിരിക്കും. മറശ്ശീല കെട്ടിയ ജനലുകൾ, ഇരട്ടവാതിലുകൾ, വേലക്കാരെ പരിശോധിക്കൽ, ജലശുദ്ധീകരണം, കൊതുരക്ഷാബൂട്ട്സ്, കൊതുവല മുതലായ സാമഗ്രികളുടെ ചിത്രം, മദ്ധ്യപൂർവ്വപ്രദേശങ്ങളിലെ സാമാന്യജനങ്ങളുടെ ഭാവനയിൽ എന്നെന്നേയ്ക്കുമായി പതിഞ്ഞുകിടക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മലമ്പനി ആരും ഇഷ്ടപ്പെടാത്ത ഒന്നാണല്ലോ.

ഈ രാജ്യങ്ങളിൽ ജനാരോഗ്യം അഭിവൃദ്ധിപ്പെടുകയാണെങ്കിൽ, അതുമൂലം ഒരു വൈദ്യപുസ്തകത്തിലും കാണാത്ത രസകരമായ പ്രത്യാഘാതങ്ങൾ ഉണ്ടായേയ്ക്കും. സർവ്വവ്യാപകമായാൽ മാത്രമേ ശുചീകരണനടപടികൾ ഫലപ്രദമാകയുള്ളു. രോഗങ്ങൾ ഒരാളെയും ബഹുമാനി

ക്കയില്ലല്ലോ. സാമാന്യജനങ്ങൾക്ക് ആരോഗ്യപ്രദമായ ഒരു ജീവിതം നയിക്കാൻ കഴിയുന്നതോടുകൂടി അവക്കു കൂടുതൽ യോജിപ്പും വളച്ചയും ഉണ്ടാകും.

ഞങ്ങളെപ്പോലെയുള്ള വിദേശീയരായ അതിഥികൾക്ക് ഉറങ്ങുന്നതിന്നു പ്രത്യേകം ഏപ്പാടുകൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. ജറുസലത്തു ഞാൻ സർ. ഹറോൾഡ് മാക്ക്മിക്കേലിൻെറ അതിഥിയായി താമസിക്കുമ്പോൾ അവിടെ കൊതുവലക്കു പകരം മേശമേൽ പാമ്പിൻെറ രൂപത്തിൽ ഒരു ചുരുണ്ട പച്ചനാട വെച്ചിരുന്നു. എൻേറതു ഞാൻ ഉപയോഗിക്കയുണ്ടായില്ല; പക്ഷേ എൻെറ കൂട്ടുകാരൻ അയാളുടേതു കത്തിച്ചു. അതു രാത്രിസമയം മുഴുവൻ കത്തിനിന്ന് അയാളെ കൊതുക്കളിൽനിന്നു രക്ഷിച്ചുവെന്ന് അയാൾ പറയുകയുണ്ടായി. ബാഗ്ഡാഡിൽ അതിഥികൾക്കുള്ള പ്രത്യേകകൊട്ടാരമായ 'ബിലാത്തിൽ' (അവിടെയാണ് ഞങ്ങൾ താമസിച്ചതു്) വലിയ പങ്കകൾ രാത്രിമുഴുവൻ തിരിഞ്ഞുകൊണ്ടിരുന്നു. ബീറൂത്തിൽ ജനറൽ കത്രൂവിൻെറ മുറിയിൽ സിറിയൻകുട്ടികൾ കൊതുവല വീശിക്കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടന്നതിന്നുശേഷമാണ് ഞങ്ങൾ കിടക്കാൻ പോയതു്. പുരാതനകാലംമുതല്ക്കേ പണക്കാരുടെ സുഖത്തിന്നുവേണ്ടി ചെയ്തുപോരുന്ന ഈ രക്ഷാനടവടികൾ കണ്ടതുകൊണ്ടുമാത്രം ഈ പ്രശ്നത്തിൻെറ ഗൌരവം നിങ്ങൾക്കു മനസ്സിലാവില്ല. ഒരു വലിയ ഈച്ചയുടെ വലുപ്പമുള്ള കൂററൻകൊതുക്കൾ, അവയെ പിടിക്കുവാൻ വെച്ചിട്ടുള്ള എല്ലാ കെണികളിൽനിന്നും ര

ക്ഷപ്പെട്ട്, പ്രഭാതമാവുമ്പോഴേയ്ക്കും നിങ്ങളുടെ കൈകളിൽ വന്നിരിക്കുമ്പോഴും, കൊതുക്കളെക്കൊണ്ടുള്ള ആപത്തിനെപ്പററി ന്യൂയോർക്കുമുതൽ ബാഗ്ഡാഡുവരെ നിങ്ങൾ കേട്ടിട്ടുള്ള പ്രസംഗങ്ങളും താക്കീതുകളും നിങ്ങൾക്ക് ഓർമ്മവരുന്നു. ഇവയെ നശിപ്പിക്കാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുമ്പോഴാണ് കാര്യത്തിൻെറ വിഷമം മനസ്സിലാവുക.

ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഏററവും പ്രധാനമായ കാര്യം ദാരിദ്ര്യമാണ്. ഈജിപ്റ്റിൽ 'ബിലാർസിയാസിസ്' എന്ന രോഗംപിടിച്ച് മരിക്കുന്നവരുടെ സംഖ്യ ഭയജനകമത്രേ. നൈലിൽക്കാണുന്ന 'അച്ച്'കൾ പരത്തുന്ന ഒരു രോഗമാണിത്. നൈൽനദിയിലും അതിൻെറ കൈവഴികളിലുമുള്ള വെള്ളം ഉപയോഗിക്കുന്നവരെ ഈ രോഗം ബാധിക്കുന്നു. നദിയിലുള്ള രോഗാണുക്കളെ നശിപ്പിച്ചാൽമാത്രം പോരാ, ജലം ശുദ്ധിചെയ്തു വിതരണംചെയ്യുകകൂടിച്ചെയ്താൽ മാത്രമേ ഈ വിഷമം പരിഹരിക്കപ്പെടു. ഇതിനു ധാരാളം പണം ചെലവാക്കേണ്ടിയിരിക്കുന്നു. ഉഷ്ണമേഖലയിലുള്ള എല്ലാ രാജ്യങ്ങളിലും ചെറിയ കുട്ടികൾക്കു'ട്രാക്കോമ' എന്ന ദീനംപിടിപെട്ടു കാഴ്ചയില്ലാതാവുന്നു. അത്തരംകുട്ടികളെ കെയ്റോവിലും ബാഗ്ഡാഡിലും ജറുസലത്തും ഞാൻകണ്ടു. വൈദ്യസഹായംകൊണ്ടൊന്നും ഇതു മാറാൻ പോകുന്നില്ല. ഈച്ചകളെ അകററിനിർത്താനുള്ള ഏർപ്പാടുകളോടുകൂടിയ വൃത്തിയുള്ള വാസസ്ഥലങ്ങൾ നിർമ്മിച്ചാൽ മാത്രമേ ഇതിനെ പരിഹരിക്കാൻ കഴിയൂ.

ഇറാൻെറ തലസ്ഥാനമായ ടെഹ്റാൻ ആണു് ഞങ്ങൾ ഇതുവരെ കണ്ടിട്ടുള്ളതിൽവെച്ചു് ഏററവും വൃത്തികെട്ട സ്ഥലം. തെരുവിൻെറ ഇരുഭാഗത്തുമുള്ള കാനകൾവഴിക്കാണു് ജലം വിതരണംചെയ്യുന്നതു്. അതിൽ കുളിക്കുകയും വസ്ത്രം അലക്കുകയും അതേസമയത്തുതന്നെ ആ വെള്ളം ഭക്ഷണത്തിന്നുപയോഗിക്കയും ചെയ്യുന്നു. ജലം ഏഴുതവണ ഒഴുകിക്കഴിഞ്ഞാൽ ശുദ്ധിയാകുമെന്നുള്ള പഴഞ്ചൊല്ലു് അവൎക്കു മനസ്സമാധാനം നല്കുമായിരിക്കാം. പക്ഷേ മലമ്പനി അൎശസ്സു് കോളറ മുതലായ ദീനങ്ങളിൽനിന്നു് ഈ പഴഞ്ചൊല്ലു് അവരെ രക്ഷപ്പെടുത്തുകയില്ലല്ലോ. ടെഹറാനിലെ കുട്ടികളിൽ അഞ്ചിലൊരു ഭാഗം മാത്രമേ ആറുവയസ്സുവരെ ജീവിക്കുന്നുള്ളു.

"ഇന്നാട്ടുകാർ ഇതിലും നല്ലൊരു ജീവിതം ഇഷ്ടപ്പെടുന്നില്ല" എന്നു കെയ്റോവിലും ജറൂസലത്തുമുള്ള പലരും പറയാറുള്ളതു് അൎത്ഥശൂന്യമാണു്. പാവപ്പെട്ടവരുടെ പുരോഗതിയെ തടയാൻവേണ്ടി, നിക്ഷിപ്തതാൽപൎയ്യക്കാർ എല്ലായ്പോഴും പൊക്കിപ്പിടിച്ചിട്ടുള്ള ഒരു വാദം മാത്രമാണിതു്. ദരിദ്രരുടെ ജീവിതം നന്നാക്കുന്നതിന്നു വേണ്ട സാമ്പത്തികപരിതസ്ഥിതി സൃഷ്ടിക്കുകയെന്നതു സമുദായത്തെ ഭിന്നിപ്പിക്കുകയല്ല, യോജിപ്പിക്കുകയും ഉയൎത്തുകയുമാണു് ചെയ്യുകയെന്നു മാനവപരിഷ്കാരത്തിൻെറ ചരിത്രം തെളിയിച്ചിട്ടുണ്ടു്. മദ്ധ്യപൂൎവ്വപ്രദേശത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസവും ആരോഗ്യവും ഉയൎന്ന ജീവിതത്തോതിനെ ആശ്രയിച്ചിരിക്കുന്നു. വ്യവസായാഭിവൃദ്ധികൊണ്ടുമാത്രമേ ഇതു സാദ്ധ്യമാകയുള്ളു.

ഇവിടത്തെ ജീവിതത്തോതു് ഉയത്തുകയാണെങ്കിൽ ലോകത്തിൻെറ കമ്പോളം വികസിക്കുമെന്നതിന്നു സംശയമില്ല. വിവിധങ്ങളായ ഉൽപന്നങ്ങൾ സമൃദ്ധമായി ചെലവാകാവുന്ന ഒരു രംഗമാണു് മദ്ധ്യപൂർവ്വപ്രദേശം. അതിനാൽ ഈ ജനസമൂഹത്തിൻെറ ജീവിതത്തോതു് ഉയത്തുന്നതുകൊണ്ടു പ്രായോഗികമായ നേട്ടങ്ങൾ സിദ്ധിക്കും. മദ്ധ്യപൂർവ്വപ്രദേശങ്ങളിലെ ജനങ്ങളുടെ ഇന്നത്തെ നിലയും ബാഹ്യലോകവും തമ്മിലുള്ള പൊരുത്തമില്ലായ്മ ഇനിയുമൊരു യുദ്ധത്തിന്നു കാരണമായേയ്ക്കുമെന്നതാണു് നാം മററെല്ലാററിലും ഉപരിയായി ഓമ്മിക്കേണ്ടതു്.

അപ്പോൾ കാര്യങ്ങൾ വളരെ വ്യക്തമാണു്. ഇവിടത്തെ ഒലീവുമരക്കൂട്ടങ്ങളും പരുത്തിവയലുകളും എണ്ണഖനികളും നാം സ്പശിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ പ്രശ്നത്തെപ്പററി നമുക്കു് ഇത്രവേഗം തല പുണ്ണാക്കേണ്ടിവരില്ലായിരുന്നു. പക്ഷേ നാം അവയെ ഉപയോഗപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നുവല്ലോ. നമ്മുടെ ആശയങ്ങളെയും ആദശങ്ങളെയും ചലച്ചിത്രങ്ങളെയും റേഡിയോകളെയും എഞ്ചിനീയർമാരെയും കച്ചവടക്കാരെയും വൈമാനികന്മാരെയും പട്ടാളക്കാരെയും നാം ഇവിടേയ്ക്കു് അയച്ചുകഴിഞ്ഞു. അതിൻെറ ഫലം നമുക്കനുഭവിക്കാതെ നിവൃത്തിയില്ല.

ഈ പ്രവത്തനങ്ങൾകൊണ്ടു് ഇവിടത്തെ ജനങ്ങളുടെ പഴയ ജീവിതരീതി നിജ്ജീവമായിത്തീന്നിരിക്കുന്നു. കെയ്റോവിൽനിന്നു കുറച്ചു നാഴിക ദൂരേ, പ്രാകൃതമായ

ചക്രം ചവുട്ടി പത്തു വയസ്സുചെന്ന ഈജിപ്ത്കാരായ കുട്ടികൾ ജലസേചനംചെയ്യുന്നതു ഞാൻ കണ്ടു. ഇന്നു് അവർ അനുസരണശീലമുള്ള ബാലന്മാരാണെന്നു തോന്നിയേക്കാം; പക്ഷെ ഇനി അധികകാലം അവർ അങ്ങിനെയായിരിക്കുമെന്നു പ്രതീക്ഷിച്ചുകൂടാ. ഇന്നുതന്നെ, ബ്രിട്ടനോടുകൂടിയുള്ള ഈജിപ്തിൻെറ 'നിഷ്പക്ഷമായ സഖ്യം' യുദ്ധത്തിൽ ഏതു പക്ഷമാണു് ജയിക്കുന്നതെന്നതിനെപ്പററി ഈജിപ്ത് ഉദാസീനമാണെന്നല്ലേ തെളിയിക്കുന്നതു്? ഇതു മുഴുവൻ ബ്രിട്ടൻെറ തെററാണെന്നു പറഞ്ഞുകൂടാ. ബ്രിട്ടനും നമ്മളും നമ്മുടെ കടമകളെ നിവ്വഹിക്കാതിരുന്നതുകൊണ്ടാണിങ്ങിനെ സംഭവിച്ചതു്.

മദ്ധ്യപൂവ്വപ്രദേശത്തിലെ ജനങ്ങളെ സാങ്കേതികമായും വ്യാവസായികമായും വളത്തുകയെന്നതു രാഷ്ട്രീയമായ സ്വയംഭരണത്തെ ആശ്രയിച്ചിരിക്കുന്നു. ഇവിടെ താമസിക്കുന്ന ചില പാശ്ചാത്യർ അറബികളുടെ പ്രാകൃതജീവിതത്തിന്നു പല കാരണങ്ങളും എന്നോടു പറയുകയുണ്ടായി. അറബികൾ ചെറുപ്പത്തിൽ മരിക്കാൻ ആഗ്രഹിക്കുന്നു, ജീവിതം ഉയത്തുന്നതിന്നു വേണ്ട മൂലധനം ശേഖരിക്കാൻ അവരുടെ മതം അനുവദിക്കുന്നില്ല എന്നും മററുമാണു് ഇക്കൂട്ടർ പറയുന്നതു്. വെറും വിഡ്ഢിത്തങ്ങൾ! സ്വന്തം കായ്യങ്ങൾ നടത്താനുള്ള അധികാരം അവക്കു വിട്ടുകൊടുക്കുക; അപ്പോൾക്കാണാം, അവർ തങ്ങളുടെ ജീവിതത്തിന്നു വരുത്തുന്ന പരിവത്തനങ്ങൾ.

മദ്ധ്യപൂവ്വപ്രദേശത്തിൽ സ്വാതന്ത്ര്യത്തിന്നും സ്വയംഭരണത്തിന്നും അവിടത്തെ പരിതസ്ഥിതിക്കനുരൂപ

മായ ഒരു വ്യക്തരൂപം കൊടുക്കുകയാണ് വേണ്ടത്. പെട്ടെന്നു ഭരണം വിട്ടുകൊടുക്കുകയാണെങ്കിൽ ഇവിടെ അരാജകത്വമാണ് ഉണ്ടാവുകയെന്ന് എതിരാളികൾ വാദിക്കുന്നു. ബ്രിട്ടീഷ്-അമേരിക്കൻ-ഫ്രഞ്ചുവാണിജ്യം ഈ ദേശത്തിന്ന് എത്രമാത്രം ഗുണം ചെയ്തിട്ടുണ്ടെന്നുള്ളതിനെ വിസ്മരിച്ച്, സാമ്രാജ്യചൂഷണത്തെക്കുറിച്ചു മാത്രം ഒരു കറുത്ത ചിത്രം വരയ്ക്കുകയാണ് സ്വാതന്ത്ര്യത്തെപ്പററി വാദിക്കുന്നവർ ചെയ്യുന്നത്.

രണ്ടിന്റെയും മദ്ധ്യത്തിലാണ് സത്യത്തിന്റെ കിടപ്പ്. പാശ്ചാത്യർ ഉടനടി കെട്ടുകെട്ടിപ്പോകണമെന്നു പറയുന്ന വളരെ ചുരുക്കം അറബികളെയും ജൂതന്മാരെയും ഈജിപ്ത്കാരെയും ഇറാണികളെയും മാത്രമേ ഞാൻ കണ്ടിട്ടുള്ളു. ബ്രിട്ടനും ഫ്രാൻസും അധികാരം ക്രമേണ നാട്ടുകാർക്കു കൊടുക്കണമെന്നു മാത്രമാണ് അവർ പറയുന്നത്.

ഇതു യുക്തിയുക്തമായ ഒരു ആവശ്യമാണ്. ഇറാക്കിനെപ്പോലെയുള്ള ഒരു രാജ്യത്ത് ഇതു നടപ്പിൽ വരുത്താനും എളുപ്പമാണ്. കൊളോണിയൽസമ്പ്രദായത്തിൽനിന്നു രക്ഷാകർത്തൃത്വത്തിലേയ്ക്ക് ഉയർന്ന്, പിന്നീട്ടു സാങ്കേതികഭാഷയിൽ സ്വാതന്ത്ര്യത്തിലേയ്ക്കെത്തിയ ലോകത്തിലെ ചുരുക്കം രാജ്യങ്ങളിൽ ഒന്നാണ് ഇറാക്ക്. ബ്രിട്ടന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഇതിന്റെ സ്വാതന്ത്ര്യത്തിന്ന് ഇപ്പോഴും അംഗഭംഗം വരുന്നുണ്ടെന്നുള്ള കഥ ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ ഇവയെല്ലാം

യുദ്ധത്തിന്റെ വിജയകരമായ നടത്തിപ്പിന്നു് അത്യാവശ്യമായ സൈനികനടവടികൾ മാത്രമാണല്ലോ.

ഇറാക്കിൽ ഞാൻ പല നേതാക്കന്മാരെയും കാണുകയുണ്ടായി. കിരീടാവകാശിയായ അബ്ദുൾ ഇലാഹ് രാജകുമാരൻ ബാഗ്ഡാഡിൽവെച്ച് എനിക്കു നല്കിയ സല്ക്കാരം ഞാൻ ഒരിക്കലും മറക്കില്ല. ഒരു വിശാലമായ പുൽപ്പരപ്പിൽ വിരിച്ചിരുന്ന മനോഹരമായ ഒരു പരവതാനിയിന്മേൽ അതിഥികളെ സ്വീകരിക്കാൻ അദ്ദേഹം തന്റെ ഉദ്യോഗസ്ഥന്മാരോടൊപ്പം നിന്നിരുന്നു. അവരിൽ പലരും നീണ്ട കുപ്പായവും തലപ്പാവുമാണു് ധരിച്ചിരുന്നതു്. സെനററിലെ അദ്ധ്യക്ഷനായ ഉദ്യോഗസ്ഥന്റെ നീണ്ട താടിയും മരുഭൂമിയിൽ ഉപയോഗിക്കാറുള്ള വേഷധാരണസമ്പ്രദായവും കാരണം വിദേശീയർ അദ്ദേഹത്തെ കളിയാക്കിക്കൊണ്ടു 'ദൈവം' എന്നാണു് വിളിയ്ക്കാറു്. മററുള്ളവർ പാശ്ചാത്യരീതിയിൽ വേഷധാരണം ചെയ്തിരുന്നു. ഇറാക്കിൽ ഓരോ മന്ത്രിയും മാറിമാറി എല്ലാ വകുപ്പുകളിലും പണിയെടുക്കാറുണ്ടത്രേ. ഒരു ഇറാക്കുകാരൻ സ്നേഹിതൻ എന്നോടു പറയുകയുണ്ടായി: "ഒരു ശീട്ടുകെട്ടുപോലെ അവരെ ഇടയ്ക്കിടയ്ക്കു കശക്കാറുണ്ടു്."

രണ്ടുദിവസത്തിനുശേഷം ഇറാക്കിലെ പ്രധാനമന്ത്രിയായ ന്യൂരി അസാദ്പാഷ എനിക്കു മറെറാരു സല്ക്കാരം നല്കുകയുണ്ടായി. ജിജ്ഞാസകലന്ന മുഖഭാവത്തോടുകൂടിയ ആ ചെറിയ മനുഷ്യൻ അസാമാന്യമായ ബുദ്ധിവൈഭവംതികഞ്ഞ ഒരാളാണു്. ഇദ്ദേഹത്തിന്റെ പൂർവ്വികനായ രാഷീദ് ആലി അൽ ഗൈലാണിയെ ജ

മ്മൻകാർ സ്വാധീനിച്ചതിനാൽ ബ്രിട്ടന്റെ സൈനികശക്തിയുപയോഗിച്ച പുറത്താക്കിയല്ലോ. അതിനുശേഷം 1941-ലാണ് ഇദ്ദേഹം അധികാരത്തിൽ വന്നത്. ഇറാക്ക് ആദ്യം നിഷ്പക്ഷനിലയാണ് കൈക്കൊണ്ടതെങ്കിലും പിന്നീട് യുദ്ധത്തിൽ സജീവമായി പങ്കെടുക്കാൻ തുടങ്ങി.

മദ്ധ്യപൂർവ്വപ്രദേശത്തിൽ പലയിടത്തും ഞാൻ കണ്ട യാഥാസ്ഥിതികന്മാരായ ബ്രിട്ടീഷുസാമ്രാജ്യോദ്യോഗസ്ഥന്മാരിൽ ഒരാളായ ബാഗ്ഡാഡിലെ ബ്രിട്ടീഷുമന്ത്രി സർ. കിനാഹൻ കോൺവാലീസിനെ ന്യൂരി ആദരപൂർവ്വമാണ് വീക്ഷിച്ചത്. പക്ഷേ ഇറാക്കിന്റെ സ്വാതന്ത്ര്യത്തെസ്സംബന്ധിച്ചേടത്തോളം ന്യൂരി അണുപോലും പിൻമാറാൻ തയ്യാറില്ലെന്നാണ് എനിക്കു തോന്നിയത്. ഒരു ആധുനികസ്വതന്ത്ര അറബിരാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സമരത്തിൽ ചരിത്രം തനിക്കനുകൂലമാണെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു.

ബാഗ്ഡാഡ്—സ്വർണ്ണത്താഴികക്കുടങ്ങൾ ആകാശത്തിൽ തലയുയർത്തിനില്ക്കുന്ന 'ഷിയാ'പള്ളി; പൊടിനിറഞ്ഞ കെട്ടിടങ്ങൾ. ഷാപ്പുകളിൽ ലിവർപൂളിൽനിന്നോ ന്യൂയോർക്കിൽനിന്നോ ഇറക്കുമതിചെയ്ത യന്ത്രനിർമ്മിതമായ പാത്രങ്ങൾ മാത്രമേ വിററിരുന്നുള്ളുവെങ്കിലും, ബസാറിൽ തട്ടാന്മാർ വെള്ളികൊണ്ടും ചെമ്പുകൊണ്ടും പാത്രങ്ങൾ ഉണ്ടാക്കിയിരുന്നു. ചരിത്രത്തിൽ ഏററവും പ്രാചീനമായ ഊർചാൽഡീൻ അവശിഷ്ടങ്ങൾ സൂക്ഷിക്കുന്ന അവിടത്തെ കാഴ്ചബംഗ്ലാവു ലോകത്തിൽവെച്ച് ഏ

റവും വിലപിടിച്ച ഒന്നാണ്. ഞങ്ങൾ ഒരു കഫേയിൽക്കയറി അറബിക്കാപ്പി കഴിച്ചു. അവിടെ ഒരുക്കൂട്ടം ആളുകൾ കളിക്കയും വർത്തമാനം പറയുകയും പത്രം വായിക്കയും ചെയ്തുകൊണ്ടിരുന്നു. ചുററുപാടുമുള്ള അന്തരിക്ഷം ഇതാണെങ്കിലും എനിക്കു തൃപ്തി നല്കിയ സല്ക്കാരം അറബിക്കഥകളിലെ രംഗവൈചിത്ര്യത്തോടുകൂടിയ ഒന്നാണ്.

സ്വാഗതപ്രസംഗങ്ങൾക്കുശേഷം അറബിനർത്തകികൾ ഒരു പ്രദർശനം നടത്തി. പിന്നീട് ആംഗ്ലേയസ്ത്രീകളും അമേരിക്കൻപട്ടാളക്കാരും ഇറാക്കാഫീസർമാരും കൂടി പാശ്ചാത്യരീതിയിൽ നൃത്തം ചെയ്കയുണ്ടായി. പാശ്ചാത്യരും പൌരസ്ത്യരും ഒരിക്കലും യോജിക്കയില്ലെന്നോ, വിദേശീയഭരണത്തിനുകീഴിൽ അടിമകളായി ജീവിക്കുവാനാണ് അറബികളെ അള്ളാഹു സൃഷ്ടിച്ചിട്ടുള്ളതെന്നോ പറയാൻ അന്നവിടെ കൂടിയ ഒരാൾക്കും നാവു പൊന്തുകയില്ല.

പിറേറ ദിവസം ബാഗ്ഡാഡിൽനിന്നു ടെഹറാനിലേയ്ക്കു പുറപ്പെട്ടപ്പോൾ ഞാൻ തലേന്നു രാത്രിയിലെ സംഭവങ്ങളെപ്പററി ചിന്തിക്കയായിരുന്നു. മദ്ധ്യപൂർവ്വപ്രദേശത്തിലെല്ലായിടത്തും ഞാൻ കണ്ട അസ്വാസ്ഥ്യത്തിൻെറ അടിയൊഴുക്ക് ഇവിടത്തെ ഈ ഉന്മേഷത്തിൻെറയെല്ലാം അന്തർഭാഗത്തും കാണാൻ കഴിയും. തങ്ങളെ ബന്ധിച്ചിട്ടുള്ള പഴയ മതാചാരങ്ങളിൽനിന്നും ഗവൺമെണ്ടുനിയമങ്ങളിൽനിന്നും വിമുക്തരാകുന്നതിന് അവർ പ്രദർശിപ്പിക്കുന്ന ആർത്തിയെ ഉടനടി തൃപ്തിപ്പെടുത്തിയില്ലെ

ങ്കിൽ, പുതുതായി ഉണൎന്നെഴുന്നേററിട്ടുള്ള ഈ ജനസമൂഹം വല്ല തീവ്രവാദികളായ നേതാക്കന്മാരുടേയും പ്രലോഭനങ്ങൾക്ക വശംവദരാകുമെന്നതിന്നു സംശയമില്ല. മുഖംമൂടി, 'ഫെസ്'തൊപ്പി, ദീനങ്ങൾ, വൃത്തിയില്ലായ്മ, അജ്ഞത, വ്യവസായാഭിവൃദ്ധിക്കുള്ള തടസ്ഥങ്ങൾ—ഈ ദുരിതങ്ങൾ മുഴുവൻ വിദേശീയമേൽക്കോയ്മയും, സ്വന്തം സമുദായത്തിന്നകത്തുള്ള മററു സ്ഥാപിതതാല്പൎയ്യക്കാരുംകൂടി തങ്ങളുടെ തലയിൽ കെട്ടിവെച്ചതാണെന്നു് അവർ വിചാരിക്കുന്നു. പിന്നേയും പിന്നേയും എന്നോട് അവർ ചോദ്യംചെയ്തു: "ലോകത്തിലെ വാണിജ്യമാൎഗ്ഗങ്ങളും സൈനികമാൎഗ്ഗങ്ങളും അച്ചുതണ്ടുശക്തികൾ നിയന്ത്രിക്കുന്നതിനെ തടയാൻവേണ്ടിയാണു് ഞങ്ങളുടെ ജന്മഭൂമിയെ നിങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്നതെന്നു പറയുന്നു. ഞങ്ങൾ ഈ തന്ത്രസ്ഥാനങ്ങളിൽ ജനിച്ചുപോയി എന്നതുകൊണ്ടുമാത്രം വിദേശീയാധിപത്യത്തിന്നു കീഴ്വണങ്ങി ജീവിതം നയിക്കണമെന്നു പറയുന്നതു ന്യായമാണോ? ഞങ്ങളുടെ രാഷ്ട്രീയകാൎയ്യങ്ങൾ എത്ര സദുദ്ദേശത്തോടുകൂടിയാണെങ്കിലും അന്യന്മാർ നിയന്ത്രിക്കുന്നതിനെ അമേരിക്ക ശരിവെയ്ക്കാൻ ഉദ്ദേശിക്കുന്നുവോ?"

ഈ ചോദ്യങ്ങൾക്ക് അത്ര എളുപ്പത്തിൽ ഉത്തരം പറയാൻ കഴിയില്ലെന്നു് എനിക്കറിയാം. പ്രജാധിപത്യശക്തികളുടെ വിജയത്തിന്നു് ഏഷ്യാമൈനറിലൂടെ കിഴക്കോട്ടുള്ള ഗതാഗതവും സൂയസ്സും കിഴക്കൻമദ്ധ്യധരണ്യാഴിയും ശത്രുക്കളുടെ കയ്യിൽ പെടാതിരിക്കേണ്ടതു്

അത്യാവശ്യമാണെന്നു് എനിക്കറിയാം. അതേസമയത്തു തന്നെ സാമ്രാജ്യസമ്പ്രദായത്തെ നിലനിത്തുന്നതിന്നുവേണ്ടി ഇങ്ങിനെ പല തൊട്ടന്യായങ്ങളും കൊണ്ടുവരാറുണ്ടെന്നുള്ളതും ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ നാട്ടുകാരുടെയിടയിൽ വളൎന്നുവരുന്ന അസ്വാസ്ഥ്യത്തെ നോക്കുമ്പോൾ ഇതു നിലനിത്താൻ കഴിയുമോ എന്നു സംശയമാണു്. നാം യുദ്ധലക്ഷ്യമായി സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങൾ കോളനിസ്സമ്പ്രദായത്തിന്നു വിരുദ്ധമാണെന്ന സംഗതി മറന്നുപോകരുതു്. നമ്മുടെ ആദശ്പ്രഖ്യാപനങ്ങൾ ഓരോന്നും ജനങ്ങളുടെ അസ്വാസ്ഥ്യങ്ങൾക്കു മൂച്ഛകൂട്ടുകയാണു് ചെയ്യുന്നതു്.

പ്രധാനമന്ത്രിമാരും വിദേശ്യമന്ത്രിമാരും മദ്ധ്യപൂവ്വപ്രദേശത്തിൽ ഓരോ നഗരത്തിലുമുള്ള ബുദ്ധിജീവികളും അജ്ഞരായ സാമാന്യജനങ്ങളും ഈപ്രശ്നത്തെക്കുറിച്ചു നിരന്തരം ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഇവയ്ക്കു യുക്തിയുക്തമായ ഒരു പരിഹാരം അടിയന്തരമായി കണ്ടുപിടിക്കാതിരിക്കുകയാണെങ്കിൽ മതഭ്രാന്തന്മാരായ വല്ല നേതാക്കന്മാരും ഈ അസ്വാസ്ഥ്യങ്ങളെ ഇളക്കിവിടുമെന്നതു തീച്ചയാണു്. സ്ഥിതിഗതികൾ ഈ രൂപത്തിൽ കലാശിച്ചാൽ, ഒന്നുകിൽ വിദേശീയശക്തികൾക്കു് ഈ രാജ്യങ്ങളിൽനിന്നു പരിപൂണ്ണമായി പിൻവാങ്ങേണ്ടിവരികയും തന്മൂലം പ്രജാധിപത്യത്തിൻെറ സ്വാധീനശക്തി നശിക്കയും ചെയ്യും; അല്ലെങ്കിൽ നഗ്നമായ പട്ടാളഭരണംകൊണ്ടു ജനങ്ങളെ അടിച്ചമത്തി നിത്തേണ്ടതായിവരും.

നാം ഉദ്ഘോഷിക്കുന്ന ആദശ്ശങ്ങൾക്കുവേണ്ടി സമരംചെയ്യുവാൻ മദ്ധ്യപൂവ്വപ്രദേശത്തിലെ ബഹുജനങ്ങളെ അണിനിരത്തണമെന്നുണ്ടെങ്കിൽ, നാട്ടുകാരെ തമ്മിലടിപ്പിച്ച സാമ്രാജ്യാധികാരം നിലനിത്തിക്കൊണ്ടുപോകുന്നതിന്നുള്ള പ്രവത്തനങ്ങൾക്ക് ഉടനടി പൂണ്ണവിരാമമിടേണ്ടിയിരിക്കുന്നു.

## ൯. തുക്കി — ഒരു പുതിയ രാഷ്ട്രം.

ആഫ്രിക്കയ്ക്കും ബാഗ്ഡാഡിന്നും മദ്ധ്യത്തിൽ കിടക്കുന്ന ഭൂവിഭാഗത്തിൽവെച്ചാവാം ഈ യുദ്ധത്തിൻെറ ഗതി നിണ്ണയിക്കാൻ പോകുന്നത്. ഒരു പടക്കളമാക്കാനുള്ള എല്ലാ സാഹചയ്യങ്ങളും അവിടെയുണ്ട്. ബ്രിട്ടൻെറയും അമേരിക്കയുടേയും സ്വതന്ത്രഫ്രാൻസിൻെറയും മററു ഐക്യരാഷ്ട്രങ്ങളുടേയും യുദ്ധസാമഗ്രികൾ ആ സ്ഥലത്തു ശേഖരിച്ചിട്ടുണ്ടല്ലോ. എന്നാൽ അവിടം ഒരു യുദ്ധക്കളത്തിനെക്കാളധികം ഒരു സാമൂഹ്യപരീക്ഷണശാലകൂടിയാണ്. യുദ്ധം നടത്തുകയും ജയാപജയങ്ങൾ നിണ്ണയിക്കപ്പെടുകയും ചെയ്യുന്നപോലെതന്നെ കോടാനുകോടി മനുഷ്യജീവികളുടെ ആശയങ്ങളും ഭക്തിവിശ്വാസങ്ങളും അവിടെ മന്ദഗതിയിലെങ്കിലും ഇടതടവില്ലാതെ മാററുരച്ചുനോക്കപ്പെടുന്നുണ്ട്.

മദ്ധ്യപൂവ്വപ്രദേശത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവത്തനത്തിന്ന് ഒരുത്തമമാതൃകയാണ് തുക്കി. കഴിഞ്ഞ ഒരു തലമുറക്കാലത്തിന്നിടയിൽ തുക്കിയിലുണ്ടാ

യ മാററങ്ങൾതന്നെയാണു്, പണ്ടത്തെ ഓട്ടോമൻസാമ്രാജ്യത്തിൻെറ കീഴിൽ വൎത്തിച്ചിരുന്ന മററു സ്ഥലങ്ങളിലും ഇന്നു നടക്കുന്നതു്. തുൎക്കിക്കും മദ്ധ്യപൂൎവ്വപ്രദേശത്തിലെ മററു സ്ഥലങ്ങൾക്കും തമ്മിൽ എല്ലാം കാൎയ്യങ്ങളിലും അസാമാന്യമായ സാദൃശ്യമുണ്ടു്.

പത്തൊമ്പതു വയസ്സുമാത്രം പ്രായമായ ഒരു പുതിയ റിപ്പബ്ളിക്ക്. അയൽവാസികളായ മററു യൂറോപ്യൻരാഷ്ട്രങ്ങളോളം ശക്തി അതിന്നില്ല. സ്വദേശം ഏതു നിമിഷത്തിലും ആക്രമണത്തിന്നു വിധേയമാകാൻ വഴിയുണ്ടെന്നു തുൎക്കികൾ ഭയപ്പെടുന്നു. ആധുനികതുൎക്കി പണ്ടത്തേക്കാൾ എത്രയോ ചെറിയ രാജ്യമാണു്; വിപുലമെങ്കിലും ബലഹീനമായ പഴയ സാമ്രാജ്യം ഇന്നു സംഘടിതമായ ഒരു രാഷ്ട്രമായി ചുരുങ്ങിയിരിക്കുന്നു.

രാജ്യത്തിൻെറ നിഷ്പക്ഷത പാലിക്കുന്നതിന്നു് അവസാനത്തെ രക്തത്തുള്ളിവരെ പോരാടുവാനുള്ള തുൎക്കിയുടെ തീരുമാനം സ്തുത്യൎഹമാണു്. ആധുനികപരിഷ്കാരത്തിന്നനുസരിച്ചു് അവർ ഉയരാനും വളരാനും അശ്രാന്തപരിശ്രമം ചെയ്യുന്നുണ്ടു്. കരുത്തും ചൈതന്യവുമുള്ള അവിടത്തെ പട്ടാളക്കാരും സാമാന്യജനങ്ങളും തുൎക്കിയുടെ അഭ്യുന്നതിക്കുവേണ്ടി പടവെട്ടാൻ പ്രാപ്തിയുള്ളവരാണു്. സമ്പൽസമൃദ്ധിയും വിദ്യാഭ്യാസവും സ്വാതന്ത്ര്യവും പ്രജാധിപത്യവും ലോകത്തിലെവിടെയും ഒരുപോലെ ബാധകമാണെന്നു തുൎക്കികൾ അടുത്ത കാലത്തുണ്ടായിട്ടുള്ള വളൎച്ച തെളിയിക്കുന്നു.

ലോകത്തിലെ മററു പ്രധാനപ്പെട്ട തലസ്ഥാനനഗരികളെ അപേക്ഷിച്ചു നോക്കുമ്പോൾ അങ്കോറ രണ്ടാം സ്ഥാനമേ അർഹിക്കുന്നുള്ളു. പുതുതായി നിർമ്മിക്കപ്പെട്ട ഒരു നഗരമാണതു്.

അടുത്തുള്ള ഒരു കുന്നിന്റെ മുകളിൽ ഒരു പുരാതനഗ്രാമം, തുർക്കികൾ എത്രമാത്രം മുന്നോട്ടു പോയിട്ടുണ്ടെന്നു് കാണ്മപ്പെടുത്താനെന്നപോലെ, നിലകൊള്ളുന്നു. പുതിയ റിപ്പബ്ലിക്കിന്റെ ജനയിതാവായ കമാൽപാഷയുടെ വസതിയായി ഉപയോഗിച്ചിരുന്ന കെട്ടിടം സ്ഥിതിചെയ്തിരുന്ന മറെറാരു കുന്നിന്റെ മുകളിൽനിന്നു വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുള്ള വിശാലമായ തെരുവീഥികളിലൂടെ നിങ്ങൾക്കു നഗരത്തിന്റെ മദ്ധ്യത്തിലേക്കു നടന്നുപോകാം. തെരുവീഥികൾ വാഹനങ്ങൾകൊണ്ടു തിങ്ങിയിരുന്നു. ജനങ്ങൾ നന്നായി വസ്ത്രധാരണം ചെയ്തവരും ചൊടിയും ചൊറുചൊറുക്കുമുള്ളവരുമാണു്. കെട്ടിടങ്ങൾ പുതിയതും ഭംഗിയേറിയവയുമാണു്.

ഒരു ദിവസം അങ്കോറയിൽനിന്നു കിഴക്കോട്ടു് ഏതാണ്ടു നാല്പതു നാഴിക ദൂരം ഞാൻ സഞ്ചരിക്കയുണ്ടായി. ഇവിടമാണു് അനറോളിയ. ഇന്നു് ഇസ്റ്റാൻബുൾ എന്നു വിളിക്കപ്പെടുന്ന പഴയ ഓട്ടോമൻസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കോൺസ്റ്റാൻറിനോപ്പിൾ ഉപേക്ഷിച്ചു് അററാററുക്ക്, അനറോളിയയിലെ തുറസ്സിന്റെ നടുക്കു തന്റെ പുതിയ തലസ്ഥാനനഗരി സ്ഥാപിച്ചതു് ഇവിടത്തെ ഭൂമിയുടെ കരുത്തും കാഠിന്യവും നോക്കിയായിരിക്കണം.

ഒന്നാമതായി ഈ സ്ഥലം ആക്രമണത്തിന്നു പററിയതല്ല. പരിശീലനംകിട്ടിയ ഒരു ചെറിയ പട്ടാളത്തിന്നു വേണ്ടത്ര സാമഗ്രികളുണ്ടെങ്കിൽ പ്രബലനായ ഒരു ശത്രുവിനെ ഈ പ്രദേശത്തിൽ വളരെക്കാലം തടുത്തുനിൎത്താൻ സാധിക്കും.

കുന്നുകളിൽ ഇടയന്മാർ കന്നുകാലികളെ മേയ്ക്കുന്നുണ്ടായിരുന്നു. കഴിഞ്ഞ പത്തൊമ്പതു വൎഷത്തിനിടയ്ക്കു തുൎക്കി ചെയ്തിട്ടുള്ള പുനസ്സംഘടനാവേലകളുടെ ലക്ഷണങ്ങൾ നിങ്ങൾക്കു നാട്ടിൻപുറങ്ങളിലും കാണാൻ കഴിയും. കിഴക്കോട്ട് ഒരു പുതിയ നിരത്തു പണിയുന്നുണ്ടായിരുന്നു; അവിടെ പണിയെടുക്കുന്ന ആവിറോളറുകളിലും കല്ലു പൊടിക്കുന്ന വണ്ടികളിലുമാണ് ഞങ്ങൾ സഞ്ചരിച്ചതു്. ജലസേചനത്തിന്നു വേണ്ട ഏൎപ്പാടുകൾ ഇവിടെ സമൃദ്ധിയായിട്ടുണ്ടു്. അവവഴി അടുത്ത ഭാവിയിൽ അനറേറാളിയ മുഴുവൻ കൃഷിക്കുപയുക്തമാക്കിത്തീൎക്കാൻ കഴിയും. വിദ്യാഭ്യാസത്തിലും കൃഷിയിലും വ്യവസായങ്ങളിലും തങ്ങൾക്കുണ്ടായിട്ടുള്ള അഭിവൃദ്ധിയെപ്പററി തുൎക്കികൾ അഭിമാനംകൊള്ളുന്നു. തങ്ങളുടെ പ്രവൎത്തനങ്ങളെയെല്ലാം നമ്മെക്കാണിക്കണമെന്നു് അവൎക്കുണ്ടു്.

ഞങ്ങൾ സന്ദൎശിക്കുന്നതിന്നിടയായ ഒരു ഗ്രാമത്തിൽ ഒരു തടാകത്തിൻെറ ചുററും പണിചെയ്തിരിക്കുന്ന അദ്ധ്യാപകന്മാൎക്കു പരിശീലനം നല്കുന്നതിന്നുള്ള ഒരു സ്കൂൾ കെട്ടിടം ഞാൻ കാണുകയുണ്ടായി. കോൺക്രീററുകൊണ്ടും സ്ഫടികംകൊണ്ടുമാണു് അതു നിൎമ്മിക്കപ്പെട്ടിട്ടുള്ളതു്. ഒരു ഭാഗത്തു കുടിക്കാനുള്ള വെള്ളം ശേഖരിച്ചിരിക്കുന്നു.

മററൊരു ഭാഗത്തു വസ്ത്രങ്ങൾ അലക്കാനുള്ള ഏപ്പാടുകൾ. ഇവയ്ക്കു പുറമെ അതിൽ കുട്ടികൾക്കു കളിക്കാനുള്ള ഒരു കൈവഴിയും കെട്ടിനിത്തിയിട്ടുണ്ടു്. അവിടെ ഞങ്ങൾ കണ്ട ചില സ്ത്രീകൾ യാഥാസ്ഥിതികസമ്പ്രദായത്തിൽ ഇപ്പോഴും മുഖമൂടിയണിയുന്നുവെങ്കിലും ഇന്നുണ്ടായിട്ടുള്ള പുതിയ അന്തരിക്ഷം എല്ലാവരേയും ആവേശഭരിതരാക്കിത്തീക്കുന്നുണ്ടു്.

എൻെറ ചുരുങ്ങിയ സമയത്തെ താമസത്തിന്നിടയ്ക്കു തുക്കിയിലെ വ്യവസായകേന്ദ്രങ്ങൾ ആറുന്നത്ര ഞാൻ കണ്ടു. തുക്കിയെ ആക്രമിച്ചേയ്ക്കാനിടയുള്ള ജമ്മനിയുടെ വ്യവസായങ്ങളെ അപേക്ഷിച്ചു് ഇവയ്ക്കു വലുപ്പം കുറവാണു്. പക്ഷേ അവയുടെ ഗുണവും, വളച്ച്യ്ക്കുള്ള കഴിവുകളും നിങ്ങളെ ആവേശംകൊള്ളിക്കും. തുക്കിയിലെ വിമാനത്താവളങ്ങളും പട്ടാളത്തിൻെറ യന്ത്രസാമഗ്രികളും തീവണ്ടിപ്പാതകളും നൂതനരീതിയിൽ പണിചെയ്ത കെട്ടിടങ്ങളും ഞാൻ പരിശോധിക്കയുണ്ടായി. വ്യാവസായികവിപ്ലവമെന്നു പറയുന്നതു് ഒരു രാജ്യത്തിൻേറയോ ഒരു സമുദായത്തിൻേറയോമാത്രം കുത്തകയല്ലെന്നു് ഈ അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു. മദ്ധ്യപൂർവ്വപ്രദേശത്തിലെ കോടാനുകോടി ജീവികളെ ആധുനികയന്ത്രങ്ങൾ നിദ്രയിൽനിന്നു് ഉണത്തിയിരിക്കുന്നു. തുക്കിക്കു് അവ പുതിയ വൈദഗ്ദ്ധ്യവും പുതിയ ആശകളും നല്കിയിട്ടുണ്ടു്. ഇനിയൊരിക്കലും വേർപെട്ടുപോകാൻ കഴിയാത്തവണ്ണം അവർ അഭിനവലോകവുമായി ബന്ധപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഈ യുദ്ധപരിതസ്ഥിതിയിൽപ്പോലും തുക്കിയിൽ നടക്കുന്ന വ്യാവസായികവും സാമ്പത്തികവുമായ പുനസ്സംഘടനാപദ്ധതികളെപ്പോലെതന്നെ , സ്തുത്യർഹമായ ഒരു സംഗതിയാണു് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പരിവത്തനം. ഒരു രാജ്യത്തിലെ വസ്ത്രധാരണരീതി അവിടത്തെ പരിഷ്കാരത്തിൻെറ മാനദണ്ഡമായി കണക്കാക്കാം. ബാഗ്ദാഡിൽ ഗവമ്മേണ്ടുദ്യോഗസ്ഥന്മാരിൽ ചിലർ പാശ്ചാത്യരീതിയിലും ചിലർ മുസ്ലിമീങ്ങളുടെ പഴയ നാടൻസമ്പ്രദായത്തിലുമാണു് വസ്ത്രധാരണം ചെയ്തിരുന്നതു്. യാഥാസ്ഥിതികരീതിയിൽ വസ്ത്രധാരണം ചെയ്യുന്ന ഒരാളാണു് ചൈനയിലെ പ്രസിഡണ്ടു് എന്നു് അദ്ദേഹത്തെക്കുറിച്ചു് അവിടത്തെ ജനങ്ങൾ അഭിമാനിക്കാറുണ്ടു്. പക്ഷേ മാഡം ചിയാങ്ങ്ഷേക്ക് ചൈനീസ്രീതിയിൽ തന്നെയാണു് വേഷധാരണം ചെയ്യാറെങ്കിലും അതിന്നു പുത്തനായ ഒരു നിറമുണ്ടു്. തുക്കിയിൽ എല്ലാ ഉദ്യോഗസ്ഥന്മാരും അഭിമാനത്തോടുകൂടി പാശ്ചാത്യരീതിയിൽ ഉടുപ്പിടുന്നു. പരിവത്തനത്തിൻെറ നാന്ദിവായി 'ഫെസ്' തൊപ്പി ഉപേക്ഷിക്കപ്പെട്ടു. ഇപ്പോഴും മൂടുപടം ധരിക്കാറുള്ള ചുരുക്കം സ്ത്രീകൾ അസാധാരണവസ്തുക്കളായി തോന്നുന്നു! അററാത്തുക്കിൻെറയും അദ്ദേഹത്തിൻെറ സമത്ഥന്മാരായ അനുഗാമികളുടേയും നേതൃത്വത്തിൽ തുക്കികൾ പൂവ്വപ്രദേശങ്ങളിലെ പരമ്പരാഗതമായ അന്ധവിശ്വാസങ്ങളെ എല്ലാവിധത്തിലും നശിപ്പിച്ചിരിക്കുന്നു. ജനങ്ങളുടെ മുഖത്തുനിന്നു് അജ്ഞതയുടെ

മൂടുപടം അവർ വലിച്ചു ചീന്തിക്കഴിഞ്ഞു. തൽസ്ഥാനത്തു് ഇന്നു വെളിച്ചം പ്രകാശിക്കാൻ തുടങ്ങിയിരിക്കുന്നു.

പട്ടാളത്തിൻെറ സഹായമോ മററു പ്രക്ഷോഭമോ കൂടാതെയാണു് അവർ ഈ വിപ്ലവം നടത്തിയതു്. ഇതിനുവേണ്ടി അവർ മററുജനങ്ങളെ ആക്രമിക്കുയോ ദ്രോഹിക്കുയോ ഉണ്ടായിട്ടില്ല. ഈ പരിവൎത്തനത്തിൽ അമേരിക്കയ്ക്കു് ഒരു ചെറിയ പങ്കുണ്ടു്. അമേരിക്കക്കാരുടെ വകയായി ഇസ്റ്റാൻബുള്ളിൽ സ്ഥിതിചെയ്യുന്ന 'റോബർട്ടു് കോളേജി'നെക്കുറിച്ചാണു് ഞാൻ സൂചിപ്പിക്കുന്നതു്. നിർഭാഗ്യവശാൽ ആ സ്ഥാപനം സന്ദർശിക്കാൻ എനിക്കു കഴിഞ്ഞില്ല. ഇവിടത്തെ പൂൎവ്വവിദ്യാൎത്ഥികൾ ഇന്നു തുൎക്കിയിലെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലേയ്ക്കു് ഉയൎന്നിട്ടുണ്ടു്. അന്ധവിശ്വാസത്തിന്നെതിരായി സമരംചെയ്തു ലോകത്തെ ഉല്ക്കൎഷത്തിലേയ്ക്കെത്തിക്കുവാൻ നിസ്വാൎത്ഥമായി പണിയെടുക്കുന്ന ഇവിടത്തെ അദ്ധ്യാപകന്മാർ പ്രദാനംചെയ്ത ആശയങ്ങളും വിജ്ഞാനവും ഈ വിദ്യാൎത്ഥികൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടു്.

ഏഷ്യയിലെല്ലായിടത്തും വിദ്യാഭ്യാസം പ്രചരിപ്പിക്കുകയെന്നതു് എത്രത്തോളം ബുദ്ധിമുട്ടുള്ളതാണെന്നു് അമേരിക്കക്കാൎക്കു് മനസ്സിലാക്കാൻ വിഷമമായിരിക്കും. നമ്മുടെ സ്കൂളുകൾ, നാം അറിയാതെതന്നെ, യാതൊരു ബദ്ധപാടും കൂടാതെ നടന്നുപോകുന്നുണ്ടല്ലോ. എന്നാൽ തുൎക്കിയിൽ വിദ്യാഭ്യാസം എത്ര കുഴപ്പംപിടിച്ചതാണെന്നറിയാൻ അവിടത്തെ നാട്ടിൻപുറത്തേയ്ക്കൊന്നു കണ്ണോടിച്ചാൽ മതി. വിദ്യാൎത്ഥികളും അദ്ധ്യാപകന്മാരും കൂടി

നിർമ്മിച്ച ഒരു ചെറിയ വിദ്യാലയത്തിൽ തുർക്കിബാലന്മാർ അവരുടെ ദേശീയഗാനം ചൊല്ലുന്നതു ഞാൻ കേട്ടു. പണ്ട് അനറ്റോളിയയിലും മററും പ്രചരിച്ചിരുന്ന പഴയ മുദ്രകൾ ഉൾക്കൊള്ളുന്ന ദേശീയനൃത്തങ്ങൾ പുതിയ രൂപത്തിൽ അഭ്യസിക്കുന്നതിനുപുറമെ അവർ ശാസ്ത്രീയമായ കൃഷിസമ്പ്രദായവും പഠിക്കുന്നുണ്ട്. തുർക്കിയുടെ ചരിത്രത്തിൽ ഏററവും പ്രധാനമായ ഒരു സംഭവമാണിതെന്നാണ് എനിക്കു തോന്നുന്നത്.

ഒരു യുവരാഷ്ട്രമെന്ന നിലയ്ക്കു സ്വാതന്ത്ര്യത്തെക്കുറിച്ചും സ്വയംഭരണത്തെക്കുറിച്ചും ജനങ്ങൾക്കു പരിചയം കുറവാണെങ്കിലും തങ്ങൾ നേടിവെച്ചിട്ടുള്ള സ്വത്തുക്കൾ സംരക്ഷിക്കുന്നതിന്ന് അവർ അവസാനംവരെ സമരംചെയ്യും. ഈ വാസ്തവം ജനങ്ങളുടെ മുഖഭാവത്തിലും സംസാരത്തിലും അങ്കാറയെപ്പോലെയുള്ള പുതിയ നഗരങ്ങളിലും നാട്ടിൻപുറത്തെ പഴയ ഗ്രാമങ്ങളിലും നിങ്ങൾക്കു കാണാൻ കഴിയും.

പക്ഷേ ജർമ്മൻകാരുടെ ഒരാക്രമണം തങ്ങളിതുവരെ കെട്ടിപ്പൊക്കിയിട്ടുള്ളതിനെയെല്ലാം നശിപ്പിക്കുമെന്നറിയാവുന്നതിനാൽ തുർക്കികൾ സ്വാഭാവികമായി യുദ്ധത്തെ ഭയപ്പെടുന്നു. ഈ ചെറിയ രാജ്യത്തിലെ പതിനാറു കോടി മനുഷ്യർക്കു സ്വദേശത്തിന്റെ പരിധി കടന്ന യാതൊരു ദുരാഗ്രഹങ്ങളുമില്ല. ഈ ലോകയുദ്ധത്തിൽ ഏർപ്പെട്ടിട്ടുള്ള ഇരുകക്ഷികളുടേയും വമ്പിച്ച ശക്തിയെ അപേക്ഷിച്ചു നോക്കുമ്പോൾ തങ്ങൾക്കു നല്കാൻ കഴിയുന്ന സഹായം നിസ്സാരമാണെന്ന് അവർക്കറിയാം. അതി

നാൽ നിഷ്പക്ഷമായ ഒരു നയമാണു് അവർ കൈക്കൊണ്ടിട്ടുള്ളതു്. അവരുടെ പട്ടാളത്തിന്നു് ആയുധസാമഗ്രികളിലുള്ള കുറവു നികത്തുവാൻ ധാരാളം മനക്കരുത്തും പരിശീലനവുമുണ്ടു്. തുൎക്കിയിലെ പട്ടാളത്തിലെ അസിസ്റ്റൻറ് ചീഫ് ഓഫ് സ്റ്റാഫിനോടു ഞാൻ സംസാരിക്കയുണ്ടായി. അദ്ദേഹത്തിൻെറ സേനയുടെ പ്രവൎത്തനങ്ങൾ കാണാൻ കഴിഞ്ഞതിൽനിന്നു് എനിക്കു തോന്നിയതിതാണു്: പൂൎവ്വപ്രദേശങ്ങൾ പിടിച്ചടക്കാൻവേണ്ടി തുൎക്കി ഒരു ചവിട്ടുപടിയായി ഉപയോഗിക്കാനുദ്ദേശിക്കുന്ന ഏതൊരാക്രമിയെയും അതിന്നു തടുത്തുനിൎത്താൻ കഴിയും.

തുൎക്കിയിലെ ഭരണാധികാരികളിൽ പലരോടും ഞാൻ സംസാരിക്കയുണ്ടായി. സ്വരാജ്യത്തെ രക്ഷിക്കുന്നതിന്നു് ഏതു നിമിഷത്തിലാണു് യുദ്ധത്തിലേൎപ്പെടേണ്ടി വരികയെന്നു് ഉൽക്കണ്ഠയോടുകൂടി സൎവ്വദാ ഉററുനോക്കിക്കൊണ്ടിരിക്കയാണിവർ.

ഉൽക്കണ്ഠ നിറഞ്ഞ ഈ ജീവിതം അസഹനീയമാണെങ്കിലും, തങ്ങളുടെ സമാധാനത്തെയും രക്ഷയെയും ഹനിക്കുന്നതിന്നുള്ള ഏതു സംരംഭത്തെയും ശക്തിയായി ചെറുക്കണമെന്ന തീരുമാനത്തിന്നെതിരായി ഒരക്ഷരം പോലും ആരും ഉരിയാടിയില്ല.

ഒരു വിദേശീയസന്ദൎശകനെ ബോധപ്പെടുത്താൻ മാത്രമായി ഇങ്ങിനെയൊരു പ്രചാരണം നാട്ടിലെങ്ങും കെട്ടിയിണക്കുകയെന്നതു് അസംഭാവ്യമാണു്. തുൎക്കിയിലെ പ്രധാനമന്ത്രിയായ മി: സാരോജ്ഗ്ളുവിനോടും

വിദേശകാര്യമന്ത്രിയായ നൌമൻ ബേയിനോടും മററനേകം ഉദ്യോഗസ്ഥന്മാരോടും പത്രപ്രതിനിധികളോടും പട്ടാളക്കാരോടും കൃഷിക്കാരോടും തൊഴിലാളികളോടും ഞാൻ സംസാരിക്കയുണ്ടായി. എല്ലാവരും ഒരേ ഒരു കഥയാണു് പറഞ്ഞതു്: "ഞങ്ങൾക്കു യുദ്ധം വേണ്ട. ഞങ്ങളുടെ അതിർത്തി ലംഘിക്കുന്ന ആദ്യത്തെ പട്ടാളക്കാരനെ ഞങ്ങൾ വെടിവെയ്ക്കും. ഞങ്ങളുടെ കുന്നുകളിലും നിരത്തുകളിലും കാടുകളിലും ഞങ്ങൾ വെടിവെപ്പു നിർത്തുമ്പോഴെയ്ക്കും അനവധി വിദേശീയർ മരിച്ചുകഴിഞ്ഞിട്ടുണ്ടാവും."

അവർ എല്ലായ്പോഴും 'വിദേശീയർ' എന്നാണു് സംസാരിച്ചിരുന്നതു്. തങ്ങളുടെ രാജ്യത്തെ ആക്രമിക്കുന്ന ഏതൊരു ശക്തിയെയും അവസാനംവരെ ചെറുക്കുന്നതിന്നുള്ള അവരുടെ തീരുമാനത്തെപ്പററി അവർ ഉദ്ഘോഷിക്കുന്നു. പക്ഷേ അവരുടെ ഭയം മുഴുവൻ തൽക്കാലം ഒരു ഭാഗത്തേയ്ക്കു മാത്രമാണു് തിരിഞ്ഞിട്ടുള്ളതെന്നു പറയാതെതന്നെ വ്യക്തമാണു്. തുക്കി ബ്രിട്ടനെയോ അമേരിക്കയെയോ ഭയപ്പെടുന്നില്ല. റഷ്യയുടെ അവസാനലക്ഷ്യത്തെക്കുറിച്ചു് ആശങ്കയുണ്ടെങ്കിൽക്കൂടി ഇന്നു് അവർ നിരുപദ്രവികളാണെന്നു തുക്കിക്കറിയാം. കഴിഞ്ഞ കുറച്ചുകൊല്ലങ്ങൾക്കിടയിൽ യൂറോപ്പിനെ മുഴുവൻ കീഴടക്കി ഇനിയും തൃപ്തിവരാതെ തുക്കിയിലൂടെ ഏഷ്യയിലേയ്ക്കു കടക്കാൻ തക്കം പാത്തിരിക്കുന്ന ജമ്മനിയെക്കുറിച്ചാണു് ഇന്നു് അവർ ഭയപ്പെടുന്നതു്. യുദ്ധത്തിൽ ഏപ്പെടാനുള്ള മടികാരണം ഭയവും ഉൽക്കണ്ഠയും മാത്രമേ

അവക്കുള്ളു. നേരേമറിച്ചു സന്ധിമനോഭാവമോ പരിശ്രമമോ ലേശംപോലും അവരുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചിട്ടില്ല. അവരുടെ തലസ്ഥാനത്തിൽ ജമ്മനി രണ്ടു തവണ സന്ധിപരിശ്രമങ്ങൾ നടത്തിയിട്ടുണ്ടു്; രണ്ടും പരാജയപ്പെടുകയും ചെയ്തു.

അവക്ക് അമേരിക്കയുമായി ബന്ധത്തിലേപ്പെടണമെന്നുണ്ടു്. ലോകത്തിലാകെയുള്ള ക്രോംലോഹത്തിൽ നാലിലൊരു ഭാഗം തുക്കിയിലാണുണ്ടാകുന്നതു്. തുക്കിയിലെ പുകയിലയും പഞ്ഞിയും മറ്റു രാജ്യങ്ങൾക്ക് ആവശ്യമുണ്ടു്. ഈ സമ്പത്തുക്കൾ ഉപയോഗപ്പെടുത്തി അവക്കു കുറച്ചുകാലത്തേയ്ക്കെങ്കിലും നിഷ്പക്ഷത പരിപാലിയ്ക്കാൻ കഴിയും. അവക്ക് ഗോതമ്പു മുതലായ ഭക്ഷണസാധനങ്ങളും യന്ത്രസാമഗ്രികളും ആവശ്യമുണ്ടു്. ഞാൻ അമേരിക്കയിൽ മടങ്ങിയെത്തിയശേഷം ധാരാളം ഭക്ഷണസാധനങ്ങളും മറ്റു സാമഗ്രികളും അവക്ക് അയച്ചുകൊടുത്തിരുന്നുവെന്നുള്ളതു സന്തോഷപ്രദമായ ഒരു സംഗതിയാണു്. ഈ സാധനങ്ങൾ അവക്കു നല്കാൻ കഴിയുന്ന ഏകരാജ്യം ഇന്നു് അമേരിക്കമാത്രമാകുന്നു. തുക്കിയിലെ ഉൽപന്നങ്ങൾ ശത്രുക്കളുടെ കയ്യിൽപ്പെടാതെ സൂക്ഷിക്കുകയെന്നതും നമ്മുടെ ബന്ധുവായ ഒരു രാഷ്ട്രത്തിൻെറ നിഷ്പക്ഷത പരിപാലിക്കാൻ സഹായിക്കയെന്നുള്ളതും നമ്മുടെ താൽപര്യമാണെന്നു ഞാൻ വിശ്വസിക്കുന്നു.

ഇതിനെസ്സംബന്ധിച്ചു യാതൊരു സംശയത്തിനും അവകാശമില്ല. ലോകത്തിലെ പ്രജാധിപത്യശക്തിക

118208
W:91
VERSITY LIBRA

ളിൽനിന്നു തുക്കിയെ അകററുന്നതിന്നുവേണ്ടി കഴിഞ്ഞ പത്തുവഷത്തോളം ഡോക്ടർ ഗോബൽസും അദ്ദേഹത്തിൻെറ പ്രചാരണയന്ത്രവും നടത്തിയ പരിശ്രമങ്ങഠം നിശ്ശേഷം പരാജയപ്പെടുകയാണല്ലോ ചെയ്തതു്. തുക്കികഠം നമ്മുടെ സുഹൃത്തുക്കളാണു്. അവർ നമ്മെ മാനിക്കയും ഇഷ്ടപ്പെടുകയും ചെയ്യുന്നു. അമേരിക്കയെക്കുറിച്ചു ലേശംപോലും ഭയമോ അസൂയയോ അവരുടെ മനസ്സിലില്ല.

പക്ഷേ തങ്ങളുടെ നിഷ്പക്ഷത പരിപാലിക്കുന്ന കാൎയ്യത്തിൽ അവർ കണിശക്കാരാണു്. ഞാൻ സഞ്ചരിച്ചിരുന്ന അമേരിക്കൻപട്ടാളവിമാനം രാജ്യത്തിന്നകത്തു പ്രവേശിക്കാൻ അവർ അനുവദിക്കാത്തതുകൊണ്ടു കെയ്റോവിൽവെച്ചു് ഒരു പാൻ അമേരിക്കൻ എയർവേയ്സ് വിമാനത്തിൽ എനിക്കു മാറിക്കയറേണ്ടിവന്നു. റുമേനിയയിൽ പ്ലിയോസ്റ്റിയെണ്ണഖനികളിന്മേൽ ബോംബേറു നടത്തിമടങ്ങിവരുമ്പോഠം തുക്കിയുടെ അതിത്തിലംഘിക്കുകയാൽ ബലം പ്രയോഗിച്ചു പിടിച്ചടക്കപ്പെട്ട രണ്ടമേരിക്കൻവിമാനങ്ങഠം കാവൽക്കാരാൽ സംരക്ഷിക്കപ്പെട്ടുകൊണ്ടു താവളത്തിൽ കിടക്കുന്നതു ഞാൻ കാണുകയുണ്ടായി.

ഈ കശനമായ നിഷ്പക്ഷതയ്ക്കു പിന്നിൽ ഉത്തമമായ സ്നേഹവും കാണാൻ കഴിയും. തുക്കിയിൽ ഞാൻ ചെന്നിട്ടുള്ളതിനെക്കുറിച്ചു് അച്ചുതണ്ടുറേഡിയോകഠം ആക്ഷേപിച്ചപ്പോഠം, ഞാൻ പത്രപ്രതിനിധികളോടു് ഇങ്ങിനെ പറയുകയുണ്ടായി: "തൻെറ എതിർസ്ഥാനാത്ഥി

യെ ജമ്മനിയുടെ പ്രതിനിധിയായി തുക്കിയിലേയ്ക്കയ ക്കാൻ ഹിററ്ലരെ ക്ഷണിക്കു." ഈ മറുപടി തുക്കിയി ലെ ഗവമ്മേണ്ടുദ്യോഗസ്ഥന്മാരുടെയിടയിൽ വളരെ നേ രംപോക്കുണ്ടാക്കി.

ദേശീയതചത്തിലൂടെയാണ് തുക്കി ഇന്നത്തെ നി ലയ്ക്ക് ഉയന്നതെങ്കിലും തങ്ങളുടെ ദേശീയതാൽപയ്യ ങ്ങളെ അതിലംഘിച്ചു സാവ്വദേശീയമായ സഹകരണ ത്തിൽ ഏപ്പെടുവാൻ അവർ തയ്യാറാണ്. അവിടത്തെ പ്രധാധമന്ത്രിയും വിദേശമന്ത്രിയും മററു നേതാക്കന്മാരും ഈ സംഗതി എന്നോട് ഊന്നിപ്പറയുകയുണ്ടായി.

മിക്ക തലസ്ഥാനനഗരികളിലേയുംപോലെതന്നെ അങ്കാറയിലും വിവിധരാജ്യക്കാരടങ്ങിയ ഒരു മിശ്രസമു ദായം കാണാവുന്നതാണ്. ഒരു ദിവസം വിദേശകാൎയ്യ മന്ത്രി നൌമൻ മേ എനിക്കൊരു വിരുന്നു നല്കി. നഗര ത്തിന്നപുറത്ത് അററാററുക്ക് പാത്തിരുന്ന ഭവനത്തിൽ വെച്ചാണ് അതു നടന്നതു്. അവിടം ഒരു മാതൃകാകൃ ഷിസ്ഥലമാണെന്നാണ് അവർ പറഞ്ഞതെങ്കിലും, എ നിക്കവിടെ കാണാൻ കഴിഞ്ഞതു് ഒരു കുന്നിന്മേൽ പൂ ന്തോട്ടങ്ങളോടുകൂടി ഭംഗിയുള്ള പുതിയൊരു കൊട്ടാരം മാത്രമാണ്.

ഈ വീട്ടിൽ വിദേശകാൎയ്യമന്ത്രി ഔദ്യോഗികസൽ ക്കാരത്തിന്നുവേണ്ടി ഇപ്പോൾ ഉപയോഗിക്കുന്ന ഒരു മുറി യിൽ അററാററുക്ക് പണ്ടുപയോഗിച്ചിരുന്ന സചണ്ണര ചിതമായ ഒരു ടെലിഫോൺ വെച്ചിരുന്നു. മറെറാരു മു റിയിൽ 'ഷീഷ്കെബബ്' (ഒരു തരം പലഹാരം) ഉ ണ്ടാക്കുന്ന ഒരു പഴയ ടക്കിഷ് യന്ത്രം സൂക്ഷിച്ചിട്ടുണ്ട്.

സൽക്കാരമുറിയിൽ ഞങ്ങളുടെ ആതിഥേയനായ നൌമൻ ബേ നിന്നിരുന്നു. അദ്ദേഹം നമ്മുടെ കാലത്തുണ്ടായിട്ടുള്ളവരിൽവെച്ച് ഏററവും മിടുക്കനായ ഒരു വിദേശകാര്യനയജ്ഞനാണെന്ന് അദ്ദേഹത്തിൻെറ സേവനങ്ങൾകൊണ്ടു വ്യക്തമാണ്. യൂറോപ്പിനെയും ലോകത്തെയും പഠിക്കുന്നതിൽ അദ്ദേഹം അസാമാന്യമായ വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിരുന്നു.

എല്ലാ രാജ്യങ്ങളിലെ വിദേശകാര്യനയജ്ഞന്മാരും അദ്ദേഹത്തിനു ചുററും നിന്നുകൊണ്ടു സംസാരിക്കയും കുടിക്കുകയും നൃത്തം ചെയ്യുകയും ചെയ്തിരുന്നു. അങ്കാറയിൽവെച്ചു ഞാൻ നടത്തിയ പത്രപ്രതിനിധിസമ്മേളനത്തിൽ അച്ചുതണ്ടുശക്തികളുടെ ഏജൻറുകളായ പത്രലേഖകന്മാർ പങ്കെടുത്തു. എന്നാൽ തുർക്കിയിൽ ഐക്യരാഷ്ട്രങ്ങളിലെ ഉദ്യോഗസ്ഥന്മാർ പങ്കെടുക്കുന്ന സൽക്കാരങ്ങളിൽ അച്ചുതണ്ടുശക്തികളുടെ പ്രതിനിധികൾ സഹകരിക്കാറില്ല. എങ്കിലും പലതരത്തിലുള്ള ആളുകളും അന്ന് അവിടെ കൂടിയിരുന്നു. സോവിയററുപ്രതിനധി എന്തോ കാര്യവശാൽ മോസ്കോവിലേയ്ക്കുപോയിരിക്കുയായിരുന്നു; പക്ഷേ അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥൻ സൽക്കാരത്തിൽ പങ്കെടുത്തു. ഈ മാന്യൻ വളരെ ഗൌരവത്തോടുകൂടിയാണ് പെരുമാറിയിരുന്നത്. 'മാരബൌ' തൂവലുകൾ അണിഞ്ഞ ഒരിംഗ്ലീഷുവനിതയെ ഞാൻ അവിടെ കണ്ടു. ക്രീററുയുദ്ധത്തിൽ പങ്കെടുത്ത ഒരു പട്ടാളക്കാരൻെറ ഭാര്യയാണ് അവളെന്നു പിന്നീട് എനിക്കു മനസ്സിലായി. ഗ്രീസിലേയും യുഗോസ്ലേവിയ

യിലേയും പ്രതിനിധികൾ പരസ്പരം ചുമലിൽ കൈ വെച്ചുകൊണ്ടു് എൻെറ സമീപത്തു വന്നു് ഒരു യൂറോപ്യൻരാഷ്ട്രീയസമിതിയെക്കുറിച്ചു് അവക്കുള്ള പ്ലാനുകൾ വിവരിച്ചു. മറെറാരു പ്രതിനിധി (അദ്ദേഹത്തിൻെറ പേർ എനിക്കു് ഇപ്പോഴും അറിയില്ല), വളരെ പരിഭ്രമത്തോടുകൂടി 'കോൺ' എന്നു പേരായ ഒരു അമേരിക്കൻബോക്സർ ജോ ലൂയിയെ തോല്പിച്ചതായി അദ്ദേഹം കേട്ടുവെന്നു് — അതൊരവാസ്തവപ്രസ്താവനയാണു് — പറഞ്ഞു. താൻ അങ്കാറയിൽ താമസിക്കുന്നതു പ്രധാനമായി മൃഗയാവിനോദത്തിനുവേണ്ടിയാണെന്നും തുക്കിയുടെ യുദ്ധസന്നാഹങ്ങൾ ഇതിന്നു വിഘാതമാകുന്നുണ്ടെന്നും ആഫ്ഘാൻപ്രതിനിധി എന്നോടു സങ്കടംപറഞ്ഞു.

ലോകത്തിലെങ്ങും നടക്കുന്ന കുഴപ്പത്തിൻെറ പ്രതിബിംബമായ ഈ വിരുന്നുമുറിയിലെ അസംബന്ധങ്ങളുടെ നടുവിൽ എൻെറ ആതിഥേയനായ നൌമൻ ബേയുടെ മാഹാത്മ്യംതെളിഞ്ഞുകണ്ടു. സാരോജുഗ്ളുവിനെപ്പോലെ തന്നെ നൌമൻ ബേയുടെ ഔന്നത്യം കുടുംബമാഹാത്മ്യം കൊണ്ടുണ്ടായതല്ല; നേരേമറിച്ചു തുക്കിയിലെ ജനങ്ങൾക്കുവേണ്ടി അദ്ദേഹം നടത്തിയ നീണ്ട സമരത്തിലൂടെ സമ്പാദിച്ചതാണു്. യുദ്ധാനന്തരം രൂപമെടുക്കുവാൻപോകുന്ന ഒരു പുതിയ ലോകത്തെ ആധാരമാക്കിയാണു് തുക്കിയിലെ ജനങ്ങൾ ജീവിക്കുന്നതെന്നു് അദ്ദേഹത്തിൻെറ പെരുമാററത്തിൻനിന്നു് എനിക്കു മനസ്സിലായി.

തുക്കിയിലെ ചുവന്ന തലയും നീലക്കണ്ണുകളുമുള്ള കുട്ടികളും തെരുവീഥികളിൽ കണ്ട കരുത്തുറപ്പുള്ള പട്ടാള

കാരും 'റോബർട്ട്' കോളേജിൽനിന്നു് ഇംഗ്ലീഷുവിദ്യാഭ്യാസം ചെയ്ത അദ്ധ്യാപകന്മാരും മനുഷ്യസമുദായത്തിൽ പകുതിയിലധികംപേരുടെ ജീവിതത്തിൽ ഇന്നു വന്നുകൊണ്ടിരിക്കുന്ന വമ്പിച്ച മാററത്തിന്റെ സന്താനങ്ങളാണെന്നപോലെതന്നെ, റൌമൻ ബേ ഈ പരിവർത്തനത്തിന്റെ അവതാരമാണു്; മഹിമയേറിയ ഒരു പാരമ്പര്യമാണു് അദ്ദേഹത്തിനുള്ളതു്. പക്ഷേ കഴിഞ്ഞ കാലത്തെക്കാൾ എത്രയോ പ്രാധാന്യമേറിയ ചരിത്രത്തിന്റെ ഒരു പരിവർത്തനദശയിലെ സംഭവങ്ങളിൽ അദ്ദേഹത്തിന്നു് ഇന്നു പങ്കെടുക്കാൻ കഴിയുന്നു.

കഴിഞ്ഞ യുദ്ധത്തിൽ തുർക്കി ജർമ്മനിയുടെ പക്ഷത്തിലാണു് ചേർന്നതു്. ഓട്ടോമൻസാമ്രാജ്യത്തിനെ എല്ലാവരും ഒരുപോലെ വെറുത്തിരുന്നു. തുർക്കി എന്ന പദം തന്നെ അന്നു് ഒരു അശുഭലക്ഷണമായി കണക്കാക്കപ്പെട്ടിരുന്നു.

എന്നാൽ സ്ഥിതിഗതികൾ വളരെ വേഗത്തിൽ മാറിമറിഞ്ഞു. നമ്മളിൽ പലർക്കും ഈ മാററം കാണാൻ കഴിഞ്ഞില്ല. ഇരുപതു വർഷത്തിന്നിടയിൽ റൌമൻ ബേയും സാരോജ്ജഗ്ലൂവും അററാറുക്കും നടത്തിയ ഭയങ്കരസമരത്തിന്റെ ഫലമായി ജനങ്ങളുടെ ശക്തിയും ആശയും പുതിയ ജീവിതമാർഗ്ഗങ്ങളിലേയ്ക്കു് ആനയിക്കപ്പെട്ടു. മദ്ധ്യപൂർവ്വപ്രദേശത്തിലെ അറബികൾ, ചൈനയിലെ അതിർത്തിപ്രദേശങ്ങളിൽ പാർക്കുന്ന ജനങ്ങൾ, തെക്കുപടിഞ്ഞാറൻശാന്തസമുദ്രത്തിലുള്ള ദ്വീപുകളിലെ നിവാസികൾ, ഇന്ത്യൻജനത എന്നിവരെപ്പോലെത്ത

ന്നെ തുക്കികൾക്കും ഒരു തലമുറയ്ക്കു മുമ്പു സ്വയംഭരണ ത്തെപ്പററി യാതൊരു പരിജ്ഞാനവുമുണ്ടായിരുന്നില്ല. വിദ്യാഭ്യാസവും ആരോഗ്യവുമില്ലാതെ അവർ വളരെക്കാലം ചൂഷണത്തിന്നിരയായി ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിച്ചു. എന്നാൽ ചുരുങ്ങിയ ഒരു കാലഘട്ടത്തിന്നുള്ളിൽ തങ്ങളുടെ ജീവിതരീതിയും പഴയ ആചാരങ്ങളും ചിന്താഗതിയും മാററിത്തീക്കുവാൻ അവക്കു കഴിഞ്ഞു.

തുക്കിയിലെ ഒരു മഹിളയെ പരിചയപ്പെട്ടപ്പോഴാണ് ഈ മാററങ്ങളുടെ ആഴം എനിക്കു മനസ്സിലായതു്. ശരീരസൌഷ്ഠവമുള്ള മദ്ധ്യവയസ്കയായ ഒരു തുക്കിസ്ത്രീയായിരുന്നു അവർ. ഇംഗ്ലീഷു നന്നായി സംസാരിക്കാം. അവരുടെ വീടു് ഇസ്റ്റാൻബുള്ളിലാണ്. തുക്കിയിലെ സുപ്രീംകോടതിയിൽ എന്തോ ചില കേസുകൾ വാദിക്കാൻ ആ സ്ത്രീ അങ്കാറയിൽ താമസിക്കയായിരുന്നു, അന്നു്. ധാരാളം പ്രാക്ടീസുള്ള ഒരു പേരുകേട്ട വക്കീലായിരുന്നു അവർ. ഒരു സ്ത്രീ വക്കീലാവുന്നതിനെപ്പററി അവിടെ യെങ്ങും യാതൊരു വിമശനങ്ങളും ഞാൻ കേൾക്കുകയുണ്ടായില്ല. സക്കാരുദ്യോഗസ്ഥന്മാരുടെ പുത്രിമാരടക്കം മററനേകം നിയമവിദ്യാത്ഥിനികളായ ചെറുപ്പക്കാരികളെ ഞാൻ കാണുകയുണ്ടായി.

ഈ സംഭവവികാസങ്ങൾ തുക്കിയിലാണ് നടക്കുന്നതെന്ന കഥയാലോചിക്കുമ്പോൾ അത്ഭുതം തോന്നുന്നു. 40 കൊല്ലം മുമ്പു് എൻെറ കുട്ടിക്കാലത്തു്, എൻെറ അമ്മ വക്കീലായി പ്രാക്ടീസുചെയ്യുകയും പൊതുക്കാര്യങ്ങളിൽ പങ്കെടുക്കയും ചെയ്തിരുന്നതു് അമേരിക്കയിൽ അസാധാരണമായിക്കരുതിയിരുന്നു.

## ൪. നമ്മുടെ സമരസഖാവു്, റഷ്യ

സെപ്റ്റമ്പർ 18-ാംനു വ്യാഴാഴ്ച ഞാൻ സോവിയ റ്റുയൂണിയനിലേയ്ക്കു പുറപ്പെട്ടു. കാസ്പിയൻകടലിൻെറ മേൽബ്ഭാഗത്തൂടെ യൂറൽനദീമുഖത്തുള്ള ഓളമുള്ളതും ചുവന്നചേർ നിറഞ്ഞതുമായ മുക്കോൺതുരുത്തുകഠം കടന്നു ഞാൻ വോഠംഗാനദീതീരത്തുള്ള കുയിബിഷേവിൽ എത്തി. പത്തു ദിവസത്തെ താമസത്തിനുശേഷം മദ്ധ്യേഷ്യയിൽ ടാഷ്കെൻററിൽനിന്നു ചൈനയിലേയ്ക്കു പോകുന്ന ആ പഴയമാർഗ്ഗത്തിലൂടെ ഞാൻ റഷ്യവിട്ടു. പിന്നീടു ചൈനയിൽനിന്നു സ്വദേശത്തിലേയ്ക്കു മടങ്ങുന്നവഴി ഞങ്ങഠം മൂന്നു തവണ സൈബീരിയയിൽ ഇറങ്ങുകയുണ്ടായിട്ടുണ്ടു്.

ആകെ രണ്ടാഴ്ചയാണു് ഞാൻ റഷ്യയിൽ താമസിച്ചതു്. ഇതിനുമുമ്പൊരിക്കലും ഞാൻ അവിടെ പോയിട്ടില്ല. എനിക്കു റഷ്യൻഭാഷ പരിചയമില്ല; പക്ഷേ എൻെറകൂടെ അമേരിക്കക്കാരായ ദ്വിഭാഷികളുണ്ടായിരുന്നു. ഞാൻ സോവിയററുയൂണിയനെക്കുറിച്ചു ധാരാളം വായിച്ചിട്ടുണ്ടായിരുന്നുവെങ്കിലും, ആ വിസ്തൃതമായ രാജ്യത്തു് എന്താണു് നടന്നിരുന്നതെന്നുള്ളതിനെസ്സംബന്ധിച്ചു വ്യക്തമായ ഒരു ചിത്രം എനിക്കു് അതിൽനിന്നു കിട്ടിയിരുന്നില്ല. സോവിയററിനെക്കുറിച്ചു പരിപൂർണ്ണമായ പരിജ്ഞാനം സമ്പാദിക്കണമെങ്കിൽ ഒരായുഷ്കാലം മുഴുവൻ ധാരാളം പുസ്തകങ്ങളുടെ സഹായത്തോടുകൂടി പഠിക്കേണ്ടിയിരിക്കുന്നുവെന്നു് അവിടെ പോകുന്നതി

ന്നു മുമ്പുതന്നെ എനിക്കു തോന്നിയിട്ടുള്ളതാണ്. റഷ്യ സന്ദർശിച്ചതോടുകൂടി എൻെറ ഈ അഭിപ്രായം ദൃഢീകരിക്കപ്പെട്ടു. ആ രാജ്യം അത്രമേൽ വിപുലവും അവിടെ നടന്ന പരിവർത്തനം അത്രമേൽ ആഴമേറിയതുമാണ്.

എനിക്കു കാണാൻ താൽപര്യമുള്ള സർവ്വവും തടസ്ഥമെന്യേ പരിശോധിക്കുവാൻ സോവിയററുഗവമ്മേണ്ട് അനുവാദം തന്നുവെന്നുള്ളത് ഇവിടെ ചൂണ്ടിക്കാണിക്കേണ്ട ഒരു പ്രധാനസംഗതിയാണ്. അവിടത്തെ വ്യവസായങ്ങളും യുദ്ധഫാക്ടറികളും കൂട്ടുകൃഷിസ്ഥലങ്ങളും വിദ്യാലയങ്ങളും വായനശാലകളും ആശുപത്രികളും യുദ്ധമുന്നണിയും ഇഷ്ടാനുസരണം കാണാൻ എനിക്കു സൌകര്യം ലഭിച്ചു. അമേരിക്കയിൽ പതിവുള്ളപോലെ തന്നെ പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടിയാണ് ഞാൻ അവിടെ സഞ്ചരിച്ചതു്. റഷ്യൻഭാഷയറിവുള്ള ഒരു അമേരിക്കക്കാരൻെറ സഹായത്തോടുകൂടി ഞാൻ പലരോടും ചോദിച്ചു: അപ്രതീക്ഷിതമായി കണ്ടെത്തിയ ആളുകളോടു പ്രതീക്ഷിക്കാത്ത ചോദ്യങ്ങൾ.

റഷ്യ പ്രഥമമായി സന്ദർശിക്കുന്ന ഒരാളുടെ മനസ്സിൽ പൂർവ്വകാലസ്മരണകൾ ഇടയ്ക്കിടയ്ക്കു പൊങ്ങിവരുന്നതു സ്വാഭാവികമാണ്. ഒരുദിവസം സായാഹ്നത്തിൽ കുയിബിഷേവിൽവെച്ചു ഞാൻ വിപ്ലവത്തിന്നു മുമ്പുള്ള കാലഘട്ടത്തെപ്പററി ആലോചിക്കയായിരുന്നു. വോൾഗയുടെ പശ്ചിമഭാഗത്തു നദിയെ അഭിമുഖീകരിച്ചുകൊണ്ടു് ഒരു ബെഞ്ചിന്മേൽ ഇരിക്കുകയായിരുന്നു ഞാൻ. നദീതീരത്തു ചുകപ്പുപടയുടെ പാളയമായി ഉപയോഗിച്ചിരുന്ന ഒരു

വിശ്രമസ്ഥലം ഞങ്ങളുടെ താമസത്തിന്നുവേണ്ടി ഗവ ൎമ്മേണ്ടു് ഏപ്പാടുചെയ്തിരുന്നു. ശൈത്യം മൂൎച്ഛിക്കാൻ തുട ങ്ങിയിരുന്നുവെങ്കിലും മരങ്ങളിൽനിന്നു് ഇലകൾ കൊഴി ഞ്ഞുതുടങ്ങിയിരുന്നില്ല. നദീതീരത്തു വെള്ളപ്പൂശാത്ത ചെറിയ 'ഡാഷ'—റഷ്യക്കാർ ഇഷ്ടപ്പെടുന്ന ഗ്രാമീണ ബംഗ്ലാവു—കളും പയൻമരങ്ങളും വരിവരിയായി കാണ പ്പെട്ടു. അവിടം മുഴുവൻ അഗാധമായ ഒരു നിശ്ശബ്ദത ക ളിയാടി. പയൻമരങ്ങൾക്കപ്പുറത്തു നദീതീരത്തിലൂടെ സ്റ്റാലിൻഗ്രാഡ്യുദ്ധരംഗംവരെ ഗോതമ്പുവയലുകൾനീ ണ്ടുകിടന്നിരുന്നു.

എൻെറ താഴെ, നദീതീരത്തു് ഒരു വഞ്ചിയിൽനി ന്നു മരത്തടികൾ ഇറക്കി കരയിൽ ഒരു കുമ്പാരമായി കൂ ട്ടിയിട്ടിരുന്നു. ഡോൺബേസിൻ നാസികൾ പിടിച്ചതി നാലും, കിട്ടാവുന്ന കല്ക്കരി മുഴുവൻ യുദ്ധവ്യവസായങ്ങൾ തിന്നുതീക്കുന്നതിനാലും അടുത്ത മഞ്ഞുകാലത്തു റഷ്യൻ നാഗരങ്ങളിൽ കത്തിക്കാൻ ഈ മരംമാത്രമേ ഉണ്ടാവുക യുള്ളു. നദീതീരത്തു് ഒരിടയൻ ഒരാട്ടിൻകൂട്ടത്തെ മേച്ചു ന്നുണ്ടായിരുന്നു. പുഴയുടെ നടുവിൽ ഭാരംനിറച്ച ഒരു ടാങ്കർ ഒഴുക്കിന്നെതിരായി ചലിച്ചുകൊണ്ടിരുന്നു. ഒരു ചെറുപ്പക്കാരനായ പട്ടാളക്കാരൻ കാലുകൊണ്ടു കല്ലുകൾ വെള്ളത്തിലേക്കു തട്ടിയിട്ടുകൊണ്ടു പാതയിലൂടെ നടന്നി രുന്നു. അയാളുടെ തൊപ്പിയിന്മേൽ 'എൻ. കെ. വി. ഡി.' എന്ന രഹസ്യപ്പോലീസിൻെറ മുദ്ര എഴുതിയിരിക്കുന്നതു ഞാൻ കണ്ടു.

എൻെറ പിന്നിലുള്ള ആ വിശ്രമസ്ഥലം 1917നു മുമ്പു് ഒരു കപ്പലുടമസ്ഥൻ തൻെറ വേനല്ക്കാലത്തെ

സുഖവാസത്തിനുവേണ്ടി പണിചെയ്യിച്ചിട്ടുള്ളതാണ്. വോൾഗയിലെ വാണിജ്യത്തിൽ ധനമാർജ്ജിച്ച ആ മുതലാളി അന്ന് ഈ നാട്ടിലെ ഒരു മേലാളായിരുന്നു. അക്കാലത്ത് ഈ നഗരത്തെ 'സമാറ' എന്നാണ് വിളിച്ചിരുന്നത്. പിന്നീട് ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ ജനയിതാവായ വിപ്ലവകാരിയുടെ ഓർമ്മയ്ക്കായി ഇതിനെ 'കുയിബിഷേവ്' എന്ന പേരിൽ വിളിക്കാൻ തുടങ്ങിയപ്പോൾ ആ മുതലാളിക്കു നാട്ടിൽ സ്ഥാനമില്ലാതായിത്തീർന്നു. അയാളുടെ വീടുമാത്രം അവശേഷിച്ചു. ചുകപ്പുപട്ടാളത്തിൻെറ പാളയമായി ഉപയോഗിച്ചിരുന്നതിനാൽ അതു മററു കെട്ടിടങ്ങളെക്കാളധികം ശുചിയായി സൂക്ഷിക്കപ്പെട്ടിരുന്നു.

വിപ്ലവത്തിൻെറ പേരിൽ നശിപ്പിക്കപ്പെട്ട ഒരു തലമുറയിലെ സ്ത്രീപുരുഷന്മാരെയും ഛിന്നഭിന്നമായ കുടുംബങ്ങളെയും തകർക്കപ്പെട്ട ഭക്തിവിശ്വാസങ്ങളെയും— യുദ്ധവും കൂട്ടക്കൊലയും പട്ടിണിയുംമൂലം മരണമടഞ്ഞ ആയിരമായിരം ആളുകളെയും എൻെറ കൺമുന്നിൽ കാണുന്നപോലെ എനിക്കു തോന്നി.

അക്കാലത്തെ സംഭവങ്ങളെക്കുറിച്ചുള്ള യഥാർത്ഥവിവരങ്ങൾ ഇനിയൊരിക്കലും വെളിപ്പെടാൻ വഴിയില്ല. വിദേശങ്ങളിലേയ്ക്കു രക്ഷപ്പെട്ടിട്ടുള്ള ചുരുക്കംപേരൊഴിച്ചു റഷ്യയിലുണ്ടായിരുന്ന ഇടത്തരക്കാരെയും മുതലാളിമാരെയും ഉന്മൂലനാശം ചെയ്തുകഴിഞ്ഞിരിക്കുന്നു. റഷ്യക്കാർ ഇന്ന് ഈ കഥ വളരെ മഹത്തരമായ ഒരു പ്രവൃത്തിയായിട്ടാണ് ഉദ്ഘോഷിക്കാറ്.

ഇതെത്രത്തോളം വാസ്തവമാണെന്നു റഷ്യ സന്ദശി ക്കുന്നതിന്നു മുമ്പു ഞാൻ മനസ്സിലാക്കിയിരുന്നില്ല. റഷ്യയിലെ ഇന്നത്തെ ഭരണകത്താക്കളുടേയും ജനങ്ങളുടേയും പൂവ്വികന്മാർ അജ്ഞരും ദരിദ്രരുമായിരുന്നുവെന്ന സംഗതി നാം വിസ്മരിക്കരുത്. വിപ്ലവത്തിന്നു മുമ്പുള്ളതിലും എത്രയോ അധികം സുഖസൌകയ്യങ്ങൾ ഇന്ന് അവക്കു ലഭിക്കുന്നുണ്ട്. തങ്ങളുടെ ജീവിതത്തെ ഉയത്തിയ ഒരു സമുദായഘടനയെ റഷ്യക്കാർ വാഴ്ത്തുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. അതിന്നുവേണ്ടി ചെയ്തിട്ടുള്ള ക്രൂരകൃത്യങ്ങൾ അവർ സ്വാഭാവികമായി മറന്നുപോകുന്നു. ഇത്തരത്തിലൊരു മനസ്ഥിതി ഒരു അമേരിക്കക്കാരൻ ഇഷ്ടപ്പെടുകയില്ലായിരിക്കാം. പക്ഷേ റഷ്യയിൽ എല്ലായിടത്തും ജനങ്ങൾ ഇതിനെ ന്യായീകരിക്കുന്നതായിട്ടാണ് ഞാൻ കണ്ടത്.

ഏതായാലും പൂവ്വകാലസ്മരണകളെ ഉണത്താനല്ലല്ലോ ഞാൻ റഷ്യയിലേക്കു പോയത്. പ്രസിഡണ്ട് എന്നെ ഏല്പിച്ച കായ്യങ്ങൾ ആദ്യമായി ചെയ്തുതീക്കേണ്ടിയിരിക്കുന്നു. കൂടാതെ, നമുക്കു രസിച്ചാലും ഇല്ലെങ്കിലും, സോവിയറ്റുയൂണിയൻ എന്നൊരു രാഷ്ട്രം നിലനില്ക്കുന്നുണ്ടെന്നുള്ള യാഥാത്ഥ്യത്തെ അമേരിക്കക്കാക്ക് എങ്ങിനെ നേരിടാൻ കഴിയുമെന്നു പഠിക്കാൻ ഞാൻ തീരുമാനിച്ചിരുന്നു.

ഈ പ്രശ്നങ്ങൾക്കു തൃപ്തികരമായ ചില പോംവഴികൾ എനിക്കു കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുണ്ട്. അവയിൽ മൂന്നു കാൎയ്യങ്ങൾ ഞാൻ ചുരുക്കിപ്പറയാം:

ഒന്നാമതായി, റഷ്യ സജീവമായ ഒരു സമുദായമാകുന്നു. അതു പ്രവൎത്തിക്കുന്നു. അതിനെ നശിപ്പിക്കാൻ പ്രയാസമാണ്. നാസിപ്പട്ടാളത്തിന്നെതിരായി അതു നടത്തിയ അത്ഭുതകരമായ സമരം ഈ വസ്തുത നമുക്കു തെളിയിച്ചുതന്നിട്ടുണ്ട്. ഞാൻ റഷ്യ സന്ദൎശിക്കുന്നതിന്നു മുമ്പ് ആ സമുദായഘടനയുടെ പ്രാബല്യത്തെക്കുറിച്ച് എനിക്കു വിശ്വാസമുണ്ടായിരുന്നില്ലെന്ന് ഇവിടെ തുറന്നുപറഞ്ഞുകൊള്ളട്ടെ.

രണ്ടാമതായി, ഈ യുദ്ധത്തിൽ റഷ്യ നമ്മുടെ സമരസഖാവാണ്. ബ്രിട്ടനേക്കാളധികം റഷ്യക്കാരാണ് ഹിററ്ലരുടെ മൎദ്ദനശക്തിയെ നേരിട്ടിട്ടുള്ളത്. ഈ അഗ്നിപരീക്ഷയിൽ അവർ വിജയികളാകയും ചെയ്തിരിക്കുന്നു. നാസിസത്തോടും ഫാസിസത്തോടും അവർ പ്രദൎശിപ്പിക്കുന്ന വെറുപ്പ് ആത്മാൎത്ഥവും അഗാധവുമാണ്. ഈ വെറുപ്പ്, നാസിസപ്പിശാചിനെ യൂറോപ്പിൽനിന്നും ലോകത്തിൽനിന്നും ആട്ടിയോടിക്കുന്നതിന്നുള്ള മനക്കരുത്ത് അവൎക്കു നല്കുന്നു.

മൂന്നാമതായി, യുദ്ധാനന്തരം നാം റഷ്യയുമായി സഹകരിച്ചു പ്രവൎത്തിക്കണം. ലോകസമാധാനം സുരക്ഷിതമാക്കാൻ ഇതുകൊണ്ടുമാത്രമേ സാദ്ധ്യമാകയുള്ളുവെന്നാണ് എനിക്കു തോന്നുന്നത്. സോവിയററുയൂണിയനിൽനിന്ന് എനിക്കു സിദ്ധിച്ച അനുഭവങ്ങൾ ഈ അഭിപ്രായങ്ങൾക്കു ശക്തി കൂട്ടുകയാണ് ചെയ്തിട്ടുള്ളത്. ചുകപ്പുപടയുടെ സംരംഭങ്ങൾ കാണുന്നതിന്നു ഞാൻ റഷ്യൻമുന്നണിയുടെ ഒരു ഭാഗം സന്ദൎശിക്കയുണ്ടായി. യുദ്ധരംഗ

ത്തിന്റെ പിന്നിലുള്ള ഫാക്ടറികളും കൂട്ടകൃഷിസ്ഥലങ്ങളും ഞാൻ കണ്ടു. നമ്മുടെ വിദഗ്ദ്ധന്മാരെ അമ്പരപ്പിക്കത്തക്ക വേഗത്തോടുകൂടി സോവിയറ്റുതൊഴിലാളികൾ ഇടവിടാതെ സാമഗ്രികൾ അയച്ചുകൊണ്ടിരുന്നു. സോവിയറ്റുപത്രപ്രവർത്തകന്മാരുടേയും ഗ്രന്ഥകാരന്മാരുടേയും പ്രവർത്തനം നാട്ടുകാരിൽ ദൈവികമായ ഒരു ചൈതന്യവും ആവേശവും ഉളവാക്കിയിട്ടുണ്ട്. ഞാൻ ക്രെംലിൻ സന്ദർശിക്കയും രണ്ടുതവണ മിസ്റ്റർ സ്റ്റാലിനുമായി സംസാരിക്കയും ചെയ്തു. തൊഴിലാളിവർഗ്ഗത്തിന്റെ ഏകാധിപത്യഭരണവ്യവസ്ഥയുടെ വിവിധവശങ്ങൾ ഞാൻ പരിശോധിച്ചു. ഇതിന്നെല്ലാംപുറമെ സാമാന്യജനങ്ങളോടുകൂടി ഇടപെട്ട് അവരുടെ മനസ്ഥിതി മനസ്സിലാക്കാനും എനിക്കു കഴിഞ്ഞിട്ടുണ്ട്. റിഷേവിലെ സമരമുന്നണിയിലേയ്ക്കുള്ള യാത്ര എനിക്കുണ്ടായ ഉന്മേഷകരമായ അനുഭവങ്ങളിൽ ഒന്നാണ്. മോസ്കോവിൽനിന്നു പുറപ്പെട്ട്, നവർ എന്നു വിളിക്കപ്പെടുന്ന കലിനിനിലേയ്ക്കു പോകുന്ന ലനിൻഗ്രാഡ്റോഡിലൂടെ ക്ലിൻ എന്ന സ്ഥലം കടന്നു ഞങ്ങൾ പ്രഭാതമായപ്പോഴേയ്ക്കും സാറിസ്റ്റു എന്ന ചെറിയ നഗരത്തിൽ എത്തി. രാത്രിമുഴുവൻ ഞങ്ങൾ ഒരു ചെറിയ കാറിലാണ് സഞ്ചരിച്ചത്. സാറിസ്റ്റയിൽവെച്ചു ഞങ്ങൾ അമേരിക്കൻ ജീപ്പുകളിൽ മാറിക്കയറി. എന്റെകൂടെ ജനറൽ ഫിലിപ്പ്സ് ഫേയ്മോൺ വില്ലും മേജർജനറൽ ഫോള്ളററ് ബ്രാഡ്‌ലിയും കോളനൽ ജോസഫ് എ. മിക്കേലയും (ഇദ്ദേഹം റഷ്യയിലെ അമേരിക്കൻസൈനികവകുപ്പിന്റെ പ്രതിനി

ഡിയാണ്) എൻെറ മററു നാലു കൂട്ടുകാരും ഉണ്ടായിരുന്നു.

ജീപ്പ് അത്ഭുതകരമായ ഒരു വാഹനമാണ്. ഒരമേരിക്കൻകണ്ടുപിടുത്തമെന്ന നിലയിൽ എനിക്ക് അതിനെക്കുറിച്ച് അതിയായ അഭിമാനം തോന്നുന്നുണ്ട്. പതിനാലുമണിക്കൂർനേരം അതിൽ സഞ്ചരിച്ചപ്പോൾ അതിൻെറ രൂപത്തെപ്പററി എനിക്ക് അറിയാൻ ഇടവന്നതോടുകൂടി അതിൻെറ അമേരിക്കൻ ഉൽപത്തിയിൽ എനിക്കുണ്ടായ അഭിമാനത്തിന്നു കളങ്കം തട്ടി. വളരെ നേരം ഞങ്ങൾ കുന്നും കുഴിയും നിറഞ്ഞ ആ നീണ്ട നിരത്തിലൂടെ പൊങ്ങിയും താന്നും സഞ്ചരിച്ചപ്പോൾ പണ്ടത്തെ ഇൻഡിയാനയിലെ സ്ഥിതിയെപ്പററി അച്ഛൻ പറയാറുണ്ടായിരുന്ന കഥകളാണ് എനിക്ക് ഓർമ്മവന്നതു്.

കട്ടവിൽ റിഷേവിന്നു വടക്കു ഞങ്ങൾ ലഫ്ടണൻറ് ജനറൽ ഡിമിട്രി ഡി ലെലിയുഷെങ്കോവിൻെറ താവളത്തിൽ എത്തിച്ചേൎന്നു. എന്നെ ഏററവുമധികം ആകർഷിച്ചിട്ടുള്ള ഒരാളാണ് ലെലിയുഷെങ്കോ. ലോകത്തിലെ ഏററവും പ്രധാനമായ ഒരു സമരാങ്കണത്തിൽ പതിനാലു ഡിവിഷൻ പട്ടാളക്കാരെ നയിക്കുന്ന ഇദ്ദേഹത്തിന്നു് 38 വയസ്സേ പ്രായമായിട്ടുള്ളു.

ഉയരംകുറഞ്ഞു ദൃഢഗാത്രനായ അദ്ദേഹം സമർത്ഥനായ ഒരു കുതിരക്കാരനാണ്. വളഞ്ഞ കാലുകൾ അദ്ദേഹത്തിൻെറ കൊസ്സാക്കുൽപ്പത്തിയെ കാണിക്കുന്നു. ഉത്സാഹവും പ്രസരിപ്പും ബുദ്ധികൂർമ്മയും അദ്ദേഹത്തിൻെറ കൂടപ്പിറപ്പുകളാണ്. ഭൂഗർഭത്തിലുള്ള തൻെറ താവളത്തി

ലേയ്ക്കു് അദ്ദേഹം ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. യുദ്ധപടങ്ങൾ, ആക്രമണത്തിനുള്ള പ്ലാനുകൾ മുതലായി യുദ്ധത്തിൻെറ വിവിധവശങ്ങൾ ലെലിയുഷെങ്കോ ഞങ്ങൾക്ക വിവരിച്ചുതന്നു.

അന്നു് അദ്ദേഹം റിഷേവ് കടന്നു വയാസ്മയിലേയ്ക്കുള്ള തീവണ്ടിപ്പാത മുറിക്കാൻ ശ്രമിക്കയായിരുന്നു. ഞങ്ങൾ യാത്രകഴിഞ്ഞു് അമേരിക്കയിൽ മടങ്ങിയെത്തി കുറച്ചാഴ്ചകൾക്കകത്തു് അദ്ദേഹം ഈ സംരംഭം പൂത്തിയാക്കുകയുണ്ടായി. അദ്ദേഹത്തിൻെറ താവളത്തിൽനിന്നു് ഏതാണ്ടു് എട്ടു മൈൽ അകലെയായി നഗരത്തിനപ്പുറത്തു പീരങ്കികൾ മുഴങ്ങുന്നതു ഞങ്ങൾക്ക കേൾക്കാമായിരുന്നു.

അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥന്മാരുടെ ഉത്സാഹശീലം എന്നെ അത്ഭുതപ്പെടുത്തി. ജനറൽ എന്തെങ്കിലും സംസാരിക്കാൻ ആരംഭിക്കുമ്പോഴേയ്ക്കു രണ്ടോ മൂന്നോ ഉദ്യോഗസ്ഥന്മാർ സശ്രദ്ധം അദ്ദേഹത്തിൻെറ നിദ്ദേശങ്ങൾ സ്വീകരിക്കാൻ തയ്യാറായി നില്ക്കുന്നതു കാണാം. പട്ടാളത്തിൽ പണിയെടുക്കുന്ന സ്ത്രീകളുടെ സംഖ്യ വിസ്മയാവഹമാണു്. വാത്താവിതരണം, ശുചീകരണം, ഗതാഗതം എന്നീ രംഗങ്ങളിൽ പ്രവൃത്തിയെടുക്കുന്നതിനു പുറമെ ഇവർ ഓഫീസർമാരുപയോഗിക്കുന്ന ഭൂഗർഭത്തിലുള്ള പാളയങ്ങളിലും ജനറലിൻെറ താവളത്തിലും കാവൽ നടത്തുകയും ചെയ്യുന്നു.

ഞങ്ങൾ താവളത്തിൽനിന്നു പടക്കളത്തിൻെറ സമീപത്തേയ്ക്കു പോയി. അടുത്ത അവസരത്തിൽ റഷ്യക്കാർ

പിടിച്ച ഒരു ജർമ്മൻകേന്ദ്രം ഞങ്ങൾ പരിശോധിച്ചു. പണ്ട് ഒരു ചെറിയ ഗ്രാമമായിരുന്ന ആ സ്ഥലം ഇപ്പോൾ പൊട്ടിപ്പൊളിഞ്ഞ പടക്കോപ്പുകൾകൊണ്ടും ശവശരീരങ്ങൾകൊണ്ടും നിറഞ്ഞിരുന്നു. ഒരു കിടങ്ങിന്റെ അടിത്തട്ടിൽ ചേറിൽ മുങ്ങി ഒരു പൊട്ടിക്കാത്ത ടിൻ കിടക്കുന്നതു ഞാൻ കണ്ടു. അതിന്മേൽ 'ഹാം' എന്നു് ഇംഗ്ലീഷിൽ എഴുതിയിരുന്നു. ഈ ലോകയുദ്ധത്തിൽ മറേറതോ രംഗത്തിൽവെച്ചു നമ്മുടെ കയ്യിൽനിന്നു ജർമ്മൻകാർ തട്ടിയെടുത്തതാണിതു്.

റഷ്യക്കാർ തടവുകാരായി പിടിച്ച ജർമ്മൻഭടന്മാരെ കണ്ടു സംസാരിക്കുന്നതിന്നു ഞാൻ താൽപര്യം പ്രദർശിപ്പിച്ചപ്പോൾ, ജനറൽ അതു സസന്തോഷം സമ്മതിച്ചു. അദ്ദേഹം പറയുകയാണു്: "താങ്കൾക്കു് ഇഷ്ടമുള്ളതെല്ലാം കാണിച്ചുതരുന്നതിന്നു് എന്നെ സോവിയററു ഗവമ്മേണ്ടു് ഏല്പിച്ചിട്ടുണ്ടു്."

ഒരു വരിയായി നിർത്തിയിരുന്ന പതിനാറോളം ജർമ്മൻതടവുകാരെ ഞാൻ പരിശോധിച്ചു. അവരെപ്പററി എനിക്കു തോന്നിയതിതാണു്: വേണ്ടത്ര ഉടുപ്പില്ലാതെ ബലഹീനരായി ക്ഷയബാധിതരെപ്പോലെ കാണപ്പെട്ട ഇവർതന്നെയാണോ അജയ്യരെന്നു പറയപ്പെടുന്ന ക്രൂരന്മാരായ ഹൂണർ?

ദ്വിഭാഷികൾവഴി ഞാൻ അവരോടു സംസാരിക്കാൻ തുടങ്ങി. അവർ ജർമ്മനിയിൽ എവിടെയാണു് താമസിച്ചിരുന്നതെന്നും വയസ്സു് എത്രയെന്നും വീട്ടിൽനിന്നു കത്തുകൾ വരാറുണ്ടോയെന്നും അവരുടെ സഹായം

കിട്ടാതെ സ്വകുടുംബങ്ങൾ എങ്ങിനെ കഴിഞ്ഞുകൂടുമെന്നും മററും ഞാൻ ചോദിച്ച ചോദ്യങ്ങൾക്കു നിരാശതയും നിസ്സഹായതയും നിറഞ്ഞ മറുപടികളാണു് ലഭിച്ചതു്. സ്വദേശത്തേയ്ക്കു മടങ്ങിയെത്താനുള്ള ആർത്തിയും പാരവശ്യവും അവരുടെ ഹൃദയത്തെ കാർന്നുതിന്നുകയാണു്. പതിനേഴു വയസ്സുമുതൽ നാല്പതു വയസ്സുവരെയുള്ളവർ ആ കൂട്ടത്തിലുണ്ടു്.

ഞാൻ ജനറലിൻെറ നേരേ തിരിഞ്ഞു് എൻെറ മനസ്സിലുള്ള വികാരങ്ങൾ വെളിപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: "അതു ശരിയാണു്, മി. വില്ക്കീ. പക്ഷേ ഇതിനെസ്സംബന്ധിച്ച യാതൊരു തെററിദ്ധാരണകളും പാടില്ല. ജർമ്മൻസാമഗ്രികൾ ഏററവും ഗുണമേറിയവയും ജർമ്മനുദ്യോഗസ്ഥന്മാർ വളരെ വിദഗ്ദ്ധന്മാരുമാണു്. ജർമ്മൻപട്ടാളസംഘടനയോടു മറെറാന്നിനും കിടപിടിക്കാനാവില്ല. നിങ്ങൾ ഇവിടെക്കാണുന്ന ഈ ജർമ്മൻതടവുകാരെപ്പോലെയുള്ള ഭടന്മാരെക്കൊണ്ടുണ്ടാക്കിയതാണെങ്കിൽക്കൂടി ജർമ്മൻപട്ടാളം ലോകത്തിലെ ഏററവും മികച്ച ഒരു സേനയാണു്. പക്ഷേ ഞങ്ങൾക്കാവശ്യമുള്ള സാമഗ്രികൾ നിങ്ങളുടെ രാജ്യത്തുനിന്നു് അയച്ചുതരികയാണെങ്കിൽ ചുകപ്പുപടയ്ക്കു കാക്കസസുമുതൽ ഉത്തരധ്രുവംവരെയുള്ള ഓരോ മുന്നണിയിലും അവരെ തുരത്തുവാൻ കഴിയും. ഞങ്ങളുടെ പട്ടാളക്കാർ ജർമ്മൻകാരെക്കാളേറെ മിടുക്കന്മാരാണു്. കൂടാതെ ഞങ്ങൾ ഞങ്ങളുടെ ജന്മദേശത്തിനുവേണ്ടിയാണു് സമരം ചെയ്യുന്നതു്."

യുദ്ധരംഗത്തിൽനിന്നു കുറച്ചുനാഴിക പിന്നിൽ റ ഷ്യൻകൃഷിക്കാർ തങ്ങളുടെ വീട്ടുസാമാനങ്ങളെയും കന്നു കാലികളെയും പേറിക്കൊണ്ടു മന്ദമന്ദം നടന്നുപോകുന്ന തു ഞാൻ കണ്ടു. അവർ യുദ്ധം പേടിച്ചു മുന്നണിയിൽ നിന്ന് അകലേയ്ക്കു് ഓടിപ്പോവുകയല്ല ചെയ്തിരുന്നതു്; ചുകപ്പുപട ശത്രുക്കളിൽനിന്നു തിരിയെപ്പിടിച്ച ഗ്രാമ ങ്ങളിലേയ്ക്കു നൈസർഗ്ഗികമായ ഒരു വാസനാവിശേഷ ത്തോടുകൂടി തള്ളിക്കയറിവരികയായിരുന്നു. ആകാശത്തി ലേയ്ക്കു തലയുയർത്തി നില്ക്കുന്ന പുകക്കുഴലുകൾമാത്രമേ ആ ഗ്രാമങ്ങളിൽ അവശേഷിച്ചിരുന്നുള്ളുവെങ്കിലും വർഷാഗ മംമൂലം ഉഴന്നതിന്നു സമയം അടുത്തതിനാൽ അവർ തിരിച്ചുവന്നിരിക്കയാണു്. അതാണു് റഷ്യൻജനതയുടെ ദേശാഭിമാനം.

ഒന്നോ രണ്ടോ മാസത്തിന്നകത്തു വർഷംമൂലം ജർമ്മ നിക്കു് അനുഭവിക്കേണ്ടിവരാവുന്ന കുഴപ്പങ്ങളുടെ നാന്ദി യെന്നപോലെ ആ സമയത്തു് ഒരു മഴച്ചാറൽ ഉണ്ടായ തിനാൽ ഞങ്ങൾ യാത്ര നിർത്തി ഭക്ഷണത്തിന്നു തയ്യാ റായി. സോവിയററുദ്യോഗസ്ഥന്മാരും പട്ടാളക്കാരും അ വരുടെ അതിഥികളുമടക്കം ഞങ്ങൾ ഏതാണ്ടു നാല്പതു പേർ ഒരു പാളയത്തിൽ തിങ്ങിക്കൂടി.

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ ആ ലോചിക്കാതെ ദ്വിഭാഷിവഴി ജനറലിനോടു ചോദിച്ചു, രണ്ടായിരം നാഴിക നീണ്ടുകിടക്കുന്ന റഷ്യൻയുദ്ധമുന്ന ണിയിൽ ഏതെല്ലാം രംഗങ്ങളിലാണു് അദ്ദേഹം ജർമ്മൻ കാരെ തടുത്തുനിർത്തുന്നതെന്നു്. ജനറൽ പരിഭവഭാവ

ത്തിൽ എന്റെ നേരേ നോക്കി: "സർ, ഞാൻ 'തട്ടത്തു നില്ക്കു'യല്ല, 'ആക്രമിക്ക'യാണു് ചെയ്യുന്നതു്."

'ഇതൊരു ജനകീയയുദ്ധമാണു്' എന്ന മുദ്രാവാക്യം റഷ്യയെസ്സംബന്ധിച്ചിടത്തോളം യാഥാത്ഥ്യമാണെന്നു റിഷേവുമുന്നണി സന്ദശിച്ചതോടുകൂടി എനിക്കു മുമ്പത്തേക്കാളധികം ബോധ്യംവന്നു. ഹിററ്ലറിസത്തെ നശിപ്പിക്കുന്നതിന്നുള്ള സമരത്തിൽ റഷ്യയിലെ മുഴുവൻജനങ്ങളും അണിനിരന്നിട്ടുണ്ടു്. അതിന്നുവേണ്ടി അമാനുഷികങ്ങളായ ത്യാഗങ്ങളാണു് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. റഷ്യക്കു സഹിക്കേണ്ടിവന്നിട്ടുള്ള കഷ്ടനഷ്ടങ്ങളെക്കുറിച്ചും അവരുടെ അടിയന്തരാവശ്യങ്ങളെക്കുറിച്ചും ചില സംഗതികൾ സ്റ്റാലിൻ എന്നോടു പറയുകയുണ്ടായി. അവ യഥാത്ഥമാണെന്നു യുദ്ധമുന്നണി സന്ദശിച്ചതോടുകൂടി എനിക്കു വ്യക്തമായി.

ഇതുവരെ ഏതാണ്ടു് അമ്പതുലക്ഷം ഭടന്മാർ സോവിയററുസേനക്കു നഷ്ടപ്പെട്ടിട്ടുണ്ടു്. തെക്കുപടിഞ്ഞാറൻ റഷ്യയിലെ ഫലഭൂയിഷ്ഠമായ കൃഷിസ്ഥലങ്ങൾ മുഴുവൻ ജമ്മനിയുടെ കയ്യിലാണു്. അവിടത്തെ ഉൽപന്നങ്ങൾ ശത്രുക്കളെയാണു് ഇന്നു തീററിപ്പോററുന്നതു്. അവിടത്തെ സ്ത്രീപുരുഷന്മാർ അടിമകളാക്കപ്പെട്ടിരിക്കയാണു്. ആയിരമായിരം ഗ്രാമങ്ങൾ നശിച്ചുകഴിഞ്ഞിരിക്കുന്നു. ജനങ്ങൾ വീടും കുടിലുമില്ലാതെ നിരാധാരരായിത്തീന്നിരിക്കയാണു്. ഗതാഗതസൌകയ്യങ്ങൾ തീരെ മതിയാവാതെ വന്നിരിക്കുന്നു. രാജ്യത്തിൽ ശേഷിച്ചിട്ടുള്ള ഖനികളിലെ എണ്ണയും കല്ക്കരിയും ഫാക്ടറികളുടെ ഉപയോ

ഗത്തിന്നു മാത്രമേ തികയുന്നുള്ളു. ഭക്ഷണസാധനങ്ങളുടെ ദൌല്ലഭ്യം ഭയങ്കരമാണു്. അടുത്ത മഞ്ഞുകാലത്തു റഷ്യൻ വീടുകളിൽ വളരെ കുറച്ചു വിറകു മാത്രമേ ഉണ്ടായിരിക്കയുള്ളു. ഞാൻ മോസ്കോവിൽ പോയപ്പോൾ സ്ത്രീകളും കുട്ടികളും മഞ്ഞുകാലത്തുപയോഗിക്കുന്നതിന്നുവേണ്ടി അമ്പതു നാഴിക അകലെനിന്നു വിറകു ശേഖരിച്ചു കൊണ്ടുവരുന്നതു കണ്ടു. പട്ടാളക്കാൎക്കും യുദ്ധവ്യവസായത്തിൽ ഏൎപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും കൊടുക്കുവാൻ മാത്രമേ നാട്ടിൽ വസ്ത്രമുള്ളു. ഔഷധങ്ങളുടെ കാൎയ്യവും ഒട്ടും വ്യത്യസ്തമല്ല.

ഇതാണു് ഇന്നു റഷ്യയിലെ സ്ഥിതി. ദുരിതമയമായ ഈ പരിതസ്ഥിതിയിൽപ്പോലും റഷ്യയിൽ ഒരൊറ്റ ജീവിയെങ്കിലും നിരാശതയ്ക്കു വശംവദനായിത്തീൎന്നിട്ടില്ല. നാസികൾക്കു കീഴിലുള്ള സ്ഥലങ്ങളിൽ എന്താണു് സംഭവിച്ചിരുന്നതെന്നു് അവൎക്കു നല്ലപോലെ അറിയാമായിരുന്നു. റഷ്യൻജനത—അവരുടെ നേതാക്കന്മാർ മാത്രമല്ല—റഷ്യൻജനത മുഴുവൻ അവസാനംവരെ പോരാടുവാൻ തീരുമാനിച്ചിരിക്കുന്നു. മരണം അല്ലെങ്കിൽ വിജയം—അതാണു് അവരുടെ മുദ്രാവാക്യം.

റഷ്യയിൽ പല ഫാക്ടറികളും ഞാൻ പരിശോധിക്കയുണ്ടായി. മോസ്കോവിൻെറ പുറത്തു സ്ഥിതിചെയ്തിരുന്ന ഒരു വിമാനഫാക്ടറിയാണു് അവയിൽ പ്രധാനസ്ഥാനം അൎഹിക്കുന്നതു്. അതു് ഒരു വലിയ വ്യവസായശാലയായിരുന്നു. മൂന്നു് ഊഴമിട്ടു് (ഷിഫ്ട്ടു്) 30000 തൊഴിലാളികൾ അവിടെ പണിയെടുക്കുന്നുണ്ടെന്നാണു്

ഞാൻ ഊഹിക്കുന്നതു്. ഇന്നു സുപ്രസിദ്ധമായിത്തീൎന്നിട്ടുള്ള സ്റ്റോമോവിക്‌വിമാനമാണു് അവിടെ നിൎമ്മിക്കപ്പെട്ടിരുന്നതു്. ഈ യുദ്ധത്തിൽ ഒരു പുതിയ ആയുധമായി റഷ്യക്കാർ പുറത്തിറക്കിയ ഒററഎഞ്ചിൻവെച്ച പടച്ചട്ടയിട്ട ഒരുതരം വിമാനമാണിതു്. പതുക്കെ പൊങ്ങുന്നതും അധികമുയരത്തിൽ പറക്കാൻ കഴിയാത്തതുമായ ഒരു സാധനമായതിനാൽ ഒരു അകമ്പടിവിമാനത്തിൻെറ സംരക്ഷണം ഇതിന്നു് ആവശ്യമാണു്. വളരെ താഴ്ന്നു് അതിവേഗത്തിൽ പായുകയും ശക്തിയുള്ള വെടിയുണ്ടകൾ വമിക്കുകയും ചെയ്യുന്നതിനാൽ ഒരു ടാങ്കുവിരോധായുധമെന്ന നിലയ്ക്കാണു് ഇതുപയോഗിച്ചിരുന്നതു്.

എൻെറ കൂടെയുണ്ടായിരുന്ന അമേരിക്കൻവിദഗ്ദ്ധന്മാർ ഈ യന്ത്രങ്ങൾ പരിശോധിക്കയും അവ ഗുണമേറിയവയാണെന്നു് അഭിപ്രായപ്പെടുകയും ചെയ്തു.

നിൎമ്മാണരീതിയിൽ പലതും അപരിഷ്കൃതമായിരുന്നു. ആവിയുടെ സമ്മൎദ്ദംകൊണ്ടുണ്ടാക്കിയ പീഞ്ഞപ്പലക കൊണ്ടാണു് സ്റ്റോമോവിക്കിൻെറ ചിറകുകൾ നിൎമ്മിക്കപ്പെട്ടിരുന്നതു്. മരപ്പണി മിക്കതും കൈവേലയാണു്. ഇതിൻെറ ദോഷം സാമാനങ്ങളിൽ കാണുന്നുണ്ടു്. എലക്ട്രിക്കേൎപ്പാടുകൾ പഴഞ്ചനായിരുന്നു.

ഈ നിസ്സാരക്കുറവുകൾ നീക്കിയാൽ മറേറതു ഫാക്ടറിയോടും ഇതിന്നു കിടപിടിയ്ക്കാൻ കഴിയും. 'പഞ്ചിങ്ങ്പ്രസ്സു'കൾ, 'ലേത്തു'കൾ, ലോകത്തിൽ പലഭാഗത്തുനിന്നും ഇറക്കുമതിചെയ്തിട്ടുള്ളതായ മററു യന്ത്രസാമഗ്രി

കൾ എന്നിവകൊണ്ടു മുറികൾ നിറഞ്ഞിരുന്നു. അവയെല്ലാം വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടു്.

തൊഴിലാളികളിൽ മുപ്പത്തഞ്ചു ശതമാനത്തിലധികം സ്ത്രീകളാണു്. പത്തു വയസ്സിൽ കൂടുതൽ പ്രായമാവാത്ത കുട്ടികളും അവിടെ പണിയെടുക്കുന്നുണ്ടു്. നീലയുടുപ്പണിഞ്ഞ ഈ കുട്ടികളെ കണ്ടാൽ വിദ്യാർത്ഥികളെപ്പോലെ തോന്നുമെങ്കിലും, മിക്ക ഫാക്ടറികളിലും പ്രായപൂർത്തിവന്നവരോടൊപ്പം ഇവരും അറുപത്തിയാറു മണിക്കൂർ ആഴ്ചയിൽ പണിയെടുക്കാറുണ്ടെന്നു പറയാൻ ഫാക്ടറിയുദ്യോഗസ്ഥന്മാർ മടിച്ചിരുന്നില്ല. ലേത്തുകളിൽ വിദഗ്ദ്ധവേലകളിലേർപ്പെട്ടിരുന്ന കുട്ടികളുടെ എണ്ണം കുറവല്ല. അവർ ആ പ്രവൃത്തി ഭംഗിയായി ചെയ്തിരുന്നു.

ഫാക്ടറിയിൽ ആവശ്യത്തിലധികം തൊഴിലാളികളുണ്ടെന്നു നമുക്കു തോന്നിയേക്കാം. ഇതുപോലെയുള്ള അമേരിക്കൻഫാക്ടറിയിൽ ഇത്രയും പേർ പണിയെടുക്കാറില്ല. മൂന്നോ നാലോ യന്ത്രങ്ങൾ ഇടവിട്ടു് ഓരോ സ്റ്റാക്കനോവൈററുതൊഴിലാളി നില്ക്കുന്നതു കാണാം. ഒരു സ്റ്റാക്കനോവൈററു് തനിക്കു കിട്ടുന്ന ക്വോട്ടയിലധികം പ്രവൃത്തി ചെയ്തുതീർക്കുന്നു. ഉൽപാദനത്തിൻെറ തോതനുസരിച്ചു സ്റ്റാക്കനോവൈററുകൾക്കു ശമ്പളം കിട്ടും. റഷ്യൻ വ്യാവസായികസമ്പ്രദായം ഒരമേരിക്കക്കാരന്നു പൂർവ്വാപരവിരുദ്ധമായിത്തോന്നും. സമുദായത്തിൻെറ എല്ലാ പൊതുതാൽപര്യങ്ങളെയും അവഗണിക്കാറുള്ള ഒരു ലാഭക്കൊതിയനായ വ്യവസായഉടമസ്ഥനെപ്പോലും തൃപ്തിപ്പെടുത്താത്തക്കതാണു് വേലക്കാരെക്കൊണ്ടു് പണിയെടുപ്പിക്കുകയും കൂലി കൊടുക്കുകയും ചെയ്യുന്ന അവിടത്തെ സമ്പ്രദായം.

അതേസമയത്തുതന്നെ മൂലധനം പൊതുസ്വത്തായി സംരക്ഷിക്കയും ചെയ്യുന്നു. ഉൽപാദനത്തിന്റെ തോതും ഗുണവും വർദ്ധിപ്പിക്കുന്നതിന്നുള്ള മത്സരത്തിൽ മുന്നണിയിൽ നില്ക്കുന്ന 'ഷോപ്പുക'ളുടേയും തൊഴിലാളികളുടേയും പേരുവിവരം ബഹുമാനസൂചകമായി ഫാക്ടറിയുടെ ചുമരിന്മേൽ എഴുതിക്കാണാം. ഈ മത്സരപരീക്ഷ മൂലം തൊഴിലാളികളുടെ വൈദഗ്ദ്ധ്യക്കുറവിനെ ഏറെക്കുറെ പരിഹരിക്കാവുന്നതാണു്.

ഇവിടത്തെ ഉൽപാദനത്തിന്റെ തോതു് അമേരിക്കയിലേക്കാളും കുറവാണു്. റഷ്യനുദ്യോഗസ്ഥന്മാർ ഈ വാസ്തവം എന്നോടു തുറന്നുസമ്മതിച്ചു. തൊഴിലാളികൾക്കു വേണ്ടത്ര പരിശീലനവും വിദ്യാഭ്യാസവും സിദ്ധിക്കുന്നതുവരെ ദേശാഭിമാനപരമായ ഒരു പ്രവൃത്തിയായി ഉൽപാദനം നടത്തിക്കൊണ്ടുപോകുന്നതിന്നു് എല്ലാ ശക്തികളും, വൃദ്ധസ്ത്രീകളുടേയും കുട്ടികളുടേയും അദ്ധ്വാനംകൂടി, ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. നിർമ്മാണം പൂർത്തിയാക്കപ്പെട്ട വിമാനങ്ങൾ അവസാനത്തെ പരിശോധന കഴിഞ്ഞു ഫാക്ടറിവിട്ടു പുറത്തേയ്ക്കിറക്കി ഞങ്ങളുടെ തലയ്ക്കുമീതെ പറന്നുപോയ്ക്കൊണ്ടിരുന്നു.

ഫാക്ടറിയുടെ ഡയറക്ടർ ഞങ്ങളെ തന്റെ ആഫീസിലേയ്ക്കു ഭക്ഷണംകഴിക്കാൻ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിന്റെ പേർ ട്രെറയക്കോവ് എന്നാണു്. ഗൌരവഭാവം കലർന്ന മുഖം. ഏതാണ്ടു 30 വയസ്സു പ്രായം. നീലവൈദ്യുതദീപങ്ങളുടെ മങ്ങിയ പ്രകാശത്തിൽ നീണ്ട ഇടനാഴികൾ കടന്നു ഞങ്ങൾ അദ്ദേഹം പണിയെടുത്തിരുന്ന ഇരുളടഞ്ഞ ഒരു ചെറിയ മുറിയിൽ എത്തി.

അവിടെ ഒരു മേശമേൽ വോഡ്കയും മററു ഭക്ഷണസാധനങ്ങളും വെച്ചിരുന്നു. രണ്ടു ചുകപ്പുകൊടികൾ മുറിയുടെ ഒരു മൂലയിൽ തൂക്കിയിരുന്നതു ഫാക്ടറിയുടെ വിജയകരമായ നടത്തിപ്പിനെ അനുമോദിക്കുന്നതിന്നു ക്രെംലിൻ നല്കിയ സമ്മാനമാണ്.

ടെററയക്കോവ് എൻെറ സംശയങ്ങൾക്ക് ഉത്തരം പറയാൻ തയ്യാറായി മേശയുടെ ഒരററത്ത് ഇരുന്നു. തൻെറ കറുത്ത ഉടുപ്പിന്മേൽ ഒരു ചെറിയ വെള്ളിനക്ഷത്രം മാത്രമാണ് കീൎത്തിമുദ്രയായി അദ്ദേഹം ധരിച്ചിരുന്നത്. 'സോവിയററ് യൂണിയനിലെ നായകൻ' എന്ന ബഹുമതിയെ സൂചിപ്പിക്കുന്ന ഈ നക്ഷത്രം സിദ്ധിക്കുവാൻ റഷ്യയിൽ ആകെ ഏഴുപേൎക്കുമാത്രമേ ഭാഗ്യമുണ്ടായിട്ടുള്ളു.

ഒരു മണിക്കൂർനേരത്തെ സംഭാഷണത്തിൽനിന്ന് അദ്ദേഹം ഏതു സമുദായത്തിലും ഒരു നേതാവാകുവാൻ തക്ക യോഗ്യതയുള്ള ആളാണെന്ന് എനിക്കു തോന്നി. താൻ ചെയ്യുന്ന ജോലിയുടെ ദേശീയവും സാൎവ്വദേശീയവുമായ പ്രാധാന്യം അദ്ദേഹം നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ട്. തൻെറ ഫാക്ടറിയുടെ ഓരോ മുക്കിലും മൂലയിലും നടക്കുന്ന പ്രവൃത്തിയെപ്പററി അദ്ദേഹത്തിന്നു സൂക്ഷ്മമായ പരിജ്ഞാനം ഉണ്ടായിരുന്നു. പ്രതിദിനം ഉണ്ടാക്കുന്ന വിമാനങ്ങൾ, ആകെ തൊഴിലാളികളുടെ എണ്ണം, സ്റ്റോമോവിക്കുവിമാനത്തിൻെറ വേഗം എന്നീ വിവരങ്ങൾ വെളിവാക്കുവാൻ മൎയ്യാദയോടുകൂടിയാണെങ്കിലും കാൎയ്യഗൌരവത്തോടെ അദ്ദേഹം നിഷേധിച്ചു. ഇവ

അറിയുന്നതിന്നു ഞാൻ പല കൌശലങ്ങളും പ്രയോഗിച്ചുനോക്കിയെങ്കിലും ഈവക സൈനികരഹസ്യങ്ങൾ സൂക്ഷിക്കുന്ന കാര്യത്തിൽ ഇംഗ്ലണ്ടിലേയോ അമേരിക്കയിലേയോ ഒരു ഫാക്ടറിമാനേജരെപ്പോലെതന്നെ ഉത്തരവാദിത്വം ഇദ്ദേഹവും പ്രദശിപ്പിച്ചു.

1941 ഒക്ടോബറിൽ, മോസ്കോവിൽ നാസിപ്പീരങ്കികൾ ഗജ്ജിക്കാൻ തുടങ്ങിയ അവസരത്തിൽ, ഈ ഫാക്ടറി അവിടെനിന്നിങ്ങോട്ടു മാററി പുനസ്ഥാപിക്കപ്പെട്ടു. യുദ്ധത്തിലേപ്പെട്ടിരിക്കുന്ന ഒരു രാഷ്ട്രത്തിന്നു് ആവശ്യമായ സാമഗ്രികൾ വഹിക്കുന്ന അടിയന്തരപ്രവൃത്തിയിൽ ഗതാഗതഏപ്പാടുകൾ മുഴുകിയിരുന്ന ഒരു സന്നിദ്ധസന്ധിയിലാണു് ഈ ഫാക്ടറി ആയിരം നാഴികദൂരത്തുള്ള ഈ സ്ഥലത്തേയ്ക്കു നീക്കംചെയ്യപ്പെട്ടതു്. രണ്ടു മാസത്തിന്നുശേഷം ഡിസമ്പറിൽ ഇതു കൂട്ടിയിണക്കപ്പെടുകയും വിമാനനിമ്മാണം ആരംഭിക്കയും ചെയ്തു.

1941-42ലെ മഞ്ഞുകാലത്തു ഫാക്ടറിയിൽ ചൂടുപിടിപ്പിക്കുന്നതിന്നുള്ള സൌകര്യങ്ങൾ ഉണ്ടായിരുന്നില്ല; യന്ത്രങ്ങൾ മരവിക്കാതിരിക്കാൻ തൊഴിലാളികൾ ഫാക്ടറിക്കകത്തു തീപ്പൂട്ടുകയാണു് ചെയ്തിരുന്നതു്. അന്നു തൊഴിലാളികൾക്കു താമസിയ്ക്കുന്നതിന്നുള്ള വീടുകൾ പണിചെയ്തിട്ടില്ലായിരുന്നു. അവരെല്ലാം യന്ത്രങ്ങളുടെ സമീപംതന്നെ കിടന്നുറങ്ങുകയായിരുന്നു പതിവു്. 1942 ലെ വഷക്കാലമായപ്പോഴേയ്ക്കും കൂടുതൽ സൌകര്യങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. ഫാക്ടറിറസ്റ്റോറൻററുകളിൽ തൊഴിലാളികൾക്കു ചുരുങ്ങിയ തോതിൽ വേണ്ടത്ര ഭക്ഷണം

കിട്ടിത്തുടങ്ങി. അന്നു പട്ടണത്തിലെ കമ്പോളത്തിൽ കിട്ടാവുന്ന ഭക്ഷണം കറുത്ത റൊട്ടിയും ഉരുളൻകിഴങ്ങും മാത്രമായിരുന്നു. അതിന്നുതന്നെ അമിതമായ വിലയും കൊടുക്കണം.

ഭക്ഷണം കഴിഞ്ഞ് എല്ലാവരും എഴുന്നേററപ്പോൾ ഒരു ഉയരംകുറഞ്ഞ ചെറുപ്പക്കാരനെ ഡയറക്ടർ എനിക്കു പരിചയപ്പെടുത്തിത്തന്നു. അയാൾ അവിടത്തെ സൂപ്രേണ്ടാണ്. ഒരു സാധാരണതൊഴിലാളിയുടേതുപോലെയായിരുന്നു അയാളുടെ വസ്ത്രധാരണം. റഷ്യൻവ്യാവസായികതൊഴിലാളികൾ ഉപയോഗിക്കാറുള്ള ഒരു മെക്കാനിക്കിൻെറ തൊപ്പിയാണയാൾ ധരിച്ചിരുന്നത്. ഉത്സാഹവും ആത്മവിശ്വാസവും ബുദ്ധിയും തികഞ്ഞ ഒരു വിദഗ്ദ്ധനായ എഞ്ചിനിയരെന്ന നിലയിൽ അയാൾ അമേരിക്കൻവ്യാവസായികലോകത്തിൽ പ്രവത്തിക്കുകയാണെങ്കിൽ എളുപ്പത്തിൽ പ്രശസ്തി സമ്പാദിക്കാൻ കഴിയും. മിടുക്കനായ ഒരമേരിക്കൻതൊഴിലാളിയുടെ എല്ലാ ഗുണങ്ങളും അയാൾക്കുണ്ടായിരുന്നു. അതിനാൽ അയാളുടെ ജീവിതത്തെക്കുറിച്ചു പഠിക്കുവാൻ എനിക്കു കൌതുകം വളന്നു. തൻെറ കൂട്ടുകാരെക്കാളധികം വിദ്യയഭ്യസിക്കാനും മുപ്പതിനായിരം തൊഴിലാളികളുടെ മേലധികാരിയെന്ന നിലയ്ക്കു മററുള്ളവരേക്കാൾ കൂടുതൽ പണിയെടുക്കാനും കമ്യൂണിസ്ററുസമ്പ്രദായത്തിൻകീഴിൽ എന്താണ് അയാളെ ആകഷിക്കുന്നതെന്നു ഞാൻ അയാളിൽനിന്നു മനസ്സിലാക്കാൻ ശ്രമിച്ചു.

എൻെറ ചോദ്യങ്ങൾക്ക് അയാൾ സന്തോഷത്തോടുകൂടി ഉത്തരം പറഞ്ഞു. മുപ്പത്തിരണ്ടു വയസ്സു പ്രായം.

വിവാഹിതനാണ്. രണ്ടു കുട്ടികളുടെ അച്ഛനാണ്. സാമാന്യം ഭേദപ്പെട്ട ഒരു പാർപ്പിടമുണ്ട്. യുദ്ധത്തിന്നു മുമ്പു സ്വന്തം ഉപയോഗത്തിന്ന് ഒരു കാറുമുണ്ടായിരുന്നു.

"ഒരു മേലധികാരിയെന്ന നിലയ്ക്കു നിങ്ങളുടെ ശമ്പളം സാധാരണ തൊഴിലാളിയുടേതിൽനിന്നു വ്യത്യസ്തമാണോ?" ഞാൻ ചോദിച്ചു.

സ്വല്പനേരത്തെ ആലോചനയ്ക്കുശേഷം അയാൾ മറുപടി പറഞ്ഞു: "എനിക്കു പത്തിരട്ടി കൂടുതൽ ശമ്പളമുണ്ട്."

ഈ തോതിൽ നോക്കുമ്പോൾ അമേരിക്കയിൽ ഇരുപത്തയ്യായിരമോ മുപ്പതിനായിരമോ ഡോളർ വരും. നമ്മുടെ നാട്ടിൽ ഇത്തരത്തിലൊരു ഉദ്യോഗസ്ഥന്നു മേൽപ്പറഞ്ഞ ശമ്പളം കിട്ടുന്നുണ്ട്. ഞാൻ അയാളോടു പറഞ്ഞു: "കമ്യൂണിസത്തിൻെറ കീഴിൽ സർവ്വർക്കും സമമായ ശമ്പളമാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്."

സോഷ്യലിസത്തെപ്പററി ഇന്നു സ്വീകരിച്ചിട്ടുള്ള ആശയങ്ങളനുസരിച്ചു സമത്വം ഉണ്ടായിരിക്കയില്ലെന്ന് അയാൾ ചൂണ്ടിക്കാണിച്ചു. സ്റ്റാലിനിസ്റ്റ് സോഷ്യലിസത്തിൻെറ മുദ്രാവാക്യം 'ഓരോരുത്തരുടേയും കഴിവനുസരിച്ചു പ്രവൃത്തി, പ്രവൃത്തിയനുസരിച്ചു ശമ്പളം' എന്നാണ്. പരിപൂർണ്ണകമ്യൂണിസ്ററുസമുദായത്തിൽ മാത്രമേ 'ഓരോരുത്തരുടേയും കഴിവനുസരിച്ചു പ്രവൃത്തി, ആവശ്യമനുസരിച്ചു ശമ്പളം' എന്ന തത്ത്വം സാദ്ധ്യമാകയുള്ളു. അന്നും പരിപൂർണ്ണമായ സമത്വം അഭിലഷണീയമല്ല. അതിൻെറ ആവശ്യവുമില്ല.

"ഈ ശമ്പളത്തിൽനിന്നു നിങ്ങൾ സമ്പാദിക്കാറില്ലേ?" അയാൾ ചിരിച്ചുകൊണ്ടു സമാധാനം പറഞ്ഞു: "ഉണ്ട്. എന്റെ ഭാര്യ അധികച്ചെലവു ചെയ്യാതിരുന്നാൽ മാത്രം."

"നിങ്ങളുടെ സമ്പാദ്യം എങ്ങിനെയാണ് ഉപയോഗിക്കാറ്?"

"എന്റെ ആദ്യത്തെ സമ്പാദ്യംകൊണ്ടു ഞാൻ നല്ലൊരു വീടു വാങ്ങി."

"പിന്നെ?"

"നാട്ടിൻപുറത്ത് ഒരു സ്ഥലം വാങ്ങി. ഒഴിവുദിവസങ്ങളിൽ എന്റെ കുടുംബത്തിന്ന് അവിടെ പോയി താമസിക്കാം. ഫാക്ടറിയിൽനിന്നു പോകാൻ അവധി കിട്ടുമ്പോൾ എനിക്കും അവിടെ താമസിച്ചു വിശ്രമമെടുക്കാം."

"ഇനിയുള്ള സമ്പാദ്യംകൊണ്ടു നിങ്ങളെന്തുചെയ്യും?"

"ഞാൻ അതു പണമായി സൂക്ഷിക്കുകയോ ഗവമ്മേണ്ടുബോണ്ടുകളിൽ നിക്ഷേപിക്കുകയോ ചെയ്യും."

സോവിയററുബോണ്ടുകൾക്കു പലിശയില്ല. ആദായമുണ്ടാകുന്നതിനുവേണ്ടിയാണല്ലോ എല്ലാവരും ധനമുപയോഗിക്കാറുള്ളതു്. ഇതിനെപ്പററി അയാളുടെ ചിന്താഗതിയറിയുവാൻവേണ്ടി ഞാൻ ചോദിച്ചു: "നിങ്ങൾക്കു ലാഭം കിട്ടത്തക്കവണ്ണം ഈ സമ്പാദ്യം ഉപയോഗിച്ചുകൂടേ?"

ഇതു കേട്ടപ്പോൾ അയാൾ വിസ്മയത്തോടുകൂടി എ ൻെറ നേരേ നോക്കി. കുറച്ചൊരു അഹങ്കാരത്തോടുകൂടി അയാൾ പറഞ്ഞു: "മി. വില്ലി, അതു റഷ്യയിൽ പററില്ല; ഏതായാലും ഞാൻ അതിൽ വിശ്വസിക്കു ന്നില്ല."

ഇതിന്നു ഞാൻ കാരണം ചോദിച്ചപ്പോൾ ഏതാ ണ്ടു പത്തുമിനിററുനേരം അയാൾ മാർക്സിസ്ററു-ലെനി നിസ്ററുതത്വങ്ങളെക്കുറിച്ച് ഒരു പ്രസംഗം ചെയ്തു.

"ഇത്രയധികം അദ്ധ്വാനിക്കാൻ നിങ്ങളെ എ ന്താണ് പ്രേരിപ്പിക്കുന്നത്?" അദ്ദേഹം കൈകൾ വീ ശിക്കൊണ്ടു് ഉത്തരം പറഞ്ഞു: "ഞാനാണ് ഈ ഫാ ക്ടറി നടത്തുന്നതു്. ഒരുകാലത്തു ഞാനിതിൻെറ ഡ യറക്ടരായിത്തീരും. നിങ്ങൾ ഈ ബാഡ്ജുകൾ നോ ക്കു." കുപ്പായത്തിന്മേൽ കുത്തിയിരുന്ന കുറെ കീർത്തിമുദ്ര കൾ അയാൾ ചൂണ്ടിക്കാണിച്ചു. "എൻെറ സാമത്ഥ്യ ത്തെ അനുമോദിക്കുവാൻ പാർട്ടിയും ഗവമ്മേണ്ടും തന്ന താണിവയെല്ലാം. ഗവമ്മേണ്ടിൽ ഒരുത്തരവാദപ്പെട്ട ജോലി നിവ്വഹിക്കാനുള്ള യോഗ്യത എനിക്കുണ്ടാവുകയാ ണെങ്കിൽ പാർട്ടി എന്നെ അതിൽ നിയമിക്കും."

"പക്ഷേ വാദ്ധക്യത്തിൽ നിങ്ങളെ സംരക്ഷിക്കാനാ രാണു്?"

"അതിന്നുവേണ്ട കുറച്ചു പണം എനിക്കു സമ്പാദി ക്കാൻ കഴിയും. അതുണ്ടാവാത്തപക്ഷം ഗവമ്മേണ്ടു് എ ന്നെ സംരക്ഷിക്കാതിരിക്കയില്ല."

"സ്വന്തമായി ഒരു ഫാക്ടറിയുണ്ടാവാൻ നിങ്ങൾ ക്കു മോഹമില്ലേ?" ഞാൻ ചോദിച്ചു. അതിന്നുത്തരമായി

അദ്ദേഹം മാർക്സിസ്റ്റുതത്വശാസ്ത്രത്തെക്കുറിച്ചു മറ്റൊരു പ്രസംഗം ചെയ്കയാണുണ്ടായതു്. ഈ വിഷയത്തിൽ അദ്ദേഹം ധാരാളം പരിജ്ഞാനം പ്രദർശിപ്പിച്ചു.

“അപ്പോൾ, നിങ്ങളുടെ കുടുംബമോ?” ഞാൻ വിട്ടില്ല. “നിങ്ങളുടെ കുട്ടികൾ നല്ലൊരു നിലയിൽ വരുവാൻ നിങ്ങൾക്കു് ആഗ്രഹമില്ലേ? നിങ്ങൾ ഭാര്യയെക്കാൾ മുമ്പു മരിച്ചുപോകയാണെങ്കിൽ അവൾക്കു ജീവിക്കാനുള്ള സൌകര്യങ്ങൾ വേണ്ടേ?”

അക്ഷമനായി അയാൾ മറുപടി പറഞ്ഞു: “അതു വെറുംമുതലാളിത്തമനോഭാവമാണു്, മി. വില്ക്കീ. ഞാൻ ഒരു സാധാരണതൊഴിലാളിയായിട്ടാണു് ജീവിതം ആരംഭിച്ചതു്; എൻെറ കുട്ടികൾക്കും എന്നെപ്പോലെതന്നെ ജീവിക്കാൻ കഴിയും. എൻെറ ഭാര്യ പ്രവൃത്തിയെടുക്കുന്നുണ്ടു്; അവൾക്കു് ആരോഗ്യമുള്ള കാലത്തോളം അതു തുടരുകയും ചെയ്യാം. അവൾക്കു ദേഹസുഖമില്ലാതാകുമ്പോൾ ഗവമ്മേണ്ടു് അവളെ സംരക്ഷിക്കും.”

“നിങ്ങൾക്കു് ഈ ജോലി നിർവ്വഹിക്കാൻ കഴിയാതപക്ഷം എന്തു ചെയ്യും?” ഞാൻ ചോദിച്ചു. അയാൾ കനത്ത ഒരു മന്ദഹാസത്തോടുകൂടി മറുപടി പറഞ്ഞു: “എൻെറ പണി അവസാനിപ്പിക്കും.” തരംതാഴ്ത്തൽ മുതൽ മരണശിക്ഷവരെ ലഭിക്കാവുന്ന ഒരു കുററമാണു് ഇതെന്നു് എനിക്കു് അറിയാമായിരുന്നു. പക്ഷേ തന്നെസ്സംബന്ധിച്ചിടത്തോളം ഇങ്ങിനെയൊരു ഭയത്തിന്നു് അവകാശമില്ലെന്നായിരുന്നു അയാളുടെ വിശ്വാസം.

ഞാൻ മറെറാരു വീക്ഷണകോണിലൂടെ അയാളെ തിരിക്കാൻ ശ്രമിച്ചു. "നിങ്ങൾ ഈ ഡയറക്ടരുടെ കീഴിൽ ജോലിചെയ്യാൻ ഇഷ്ടപ്പെടുന്നില്ലെന്നു വിചാരിക്കുക; നിങ്ങൾക്കു് ഈ ഫാക്ടറി വിട്ടു മറെറാന്നിൽ ചേരാൻ കഴിയുമോ?"

"മിക്ക തൊഴിലാളികൾക്കും കഴിയും. പക്ഷേ ഒരു പാർട്ടിമെമ്പറെന്ന നിലയ്ക്കു് എവിടെയാണു് ഞാൻ ഏററവും നന്നായി ഉപയോഗപ്പെടുകയെന്നതു പാർട്ടി നിശ്ചയിക്കും. അതു് അനുസരിക്കുകയാണു് എൻെറ ചുമതല."

"പക്ഷേ നിങ്ങൾ മറെറാരു ജോലിയാണു് ഇഷ്ടപ്പെടുന്നതെങ്കിലോ? നിങ്ങൾക്കു സ്ഥലം മാറാമോ?"

"അതു് അധികൃതന്മാർ തീരുമാനിക്കേണ്ട സംഗതിയാണു്."

"ഗവമ്മേണ്ടു സ്വീകരിച്ചിട്ടുള്ള സാമ്പത്തികവും രാഷ്ട്രീയവുമായ തത്ത്വങ്ങളോടു നിങ്ങൾ പരിപൂണ്ണമായി യോജിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ നിങ്ങൾക്കു് ഇവയെപ്പററി അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അതു തുറന്നുപറയാനും വാദിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടോ?"

ഇങ്ങിനെയൊരു സംഗതിയെക്കുറിച്ചു് ആലോചിക്കേണ്ട ആവശ്യമുണ്ടെന്നു് അയാളെ ബോധപ്പെടുത്താൻ എനിക്കു പത്തു മിനിട്ടുനേരത്തെ പ്രസംഗം വേണ്ടിവന്നു. ഇതിന്നു മറുപടിയായി അയാൾ തലയാട്ടുക മാത്രമാണു് ചെയ്തതു്. ഞാൻ അക്ഷമനായി കക്കശസ്വര

ത്തിൽ അയാളോടു പറഞ്ഞു: "അങ്ങിനെയാണെങ്കിൽ വാസ്തവത്തിൽ നിങ്ങൾക്കു യാതൊരു സ്വാതന്ത്ര്യവുമില്ലല്ലോ."

ഇതിന്നുത്തരമായി അയാൾ എന്നെ വെല്ലുവിളിച്ചു: "മി. വിൽക്കി, നിങ്ങൾക്കു മനസ്സിലാകുന്നില്ല. എൻെറ അച്ഛനും മുത്തച്ഛനും അനുഭവിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ സ്വാതന്ത്ര്യം എനിക്കു് ഇന്നുണ്ടു്. അവർ അക്ഷരജ്ഞാനമില്ലാത്ത വെറും സാധുകൃഷിക്കാരായിരുന്നു. ദീനം പിടിക്കുമ്പോൾ ചികിത്സിക്കാൻ വൈദ്യന്മാരോ ആശുപത്രികളോ അവൎക്കുണ്ടായിരുന്നില്ല. എനിക്കു മാത്രമേ എൻെറ കുടുംബത്തിൻെറ ചരിത്രത്തിൽ വിദ്യാഭ്യാസം ചെയ്യാനും ഒരു നല്ല നിലയിലെത്താനും കഴിഞ്ഞിട്ടുള്ളു. അതാണു് എനിക്കു ലഭിച്ച സ്വാതന്ത്ര്യം. ഇതിനെ സ്വാതന്ത്ര്യമായി നിങ്ങൾ കണക്കാക്കുകയില്ലായിരിക്കാം. പക്ഷേ ഞങ്ങളുടെ സമുദായഘടന ക്രമേണ വളൎന്നുവരുന്നേയുള്ളുവെന്നു നിങ്ങൾ മനസ്സിലാക്കണം. അടുത്ത ഭാവിയിൽ ഞങ്ങൾക്കു രാഷ്ട്രീയമായ സ്വാതന്ത്ര്യവും ലഭ്യമാകും."

"സ്വത്തു മുഴുവൻ സൎക്കാരിൻെറ അധീനത്തിലിരിക്കുമ്പോൾ നിങ്ങൾക്കെങ്ങിനെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യമുണ്ടാകും?" വീണ്ടും അയാൾ തൻെറ മാർക്സിസ്ററുതത്വവാദങ്ങൾ കോരിച്ചൊരിഞ്ഞു. അവ കൂടാതെ മറെറാരു മറുപടിയും അയാൾക്കു പറയാനില്ലായിരുന്നു. എന്നാൽ എൻെറ സംശയങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കാൻ മാർക്സിസത്തിനെക്കൊണ്ടാവില്ല.

ഞാൻ പോകാനായി തിരിഞ്ഞപ്പോൾ ഞങ്ങളുടെ വൈമാനികനായ മേജർ കൈററ്, ജോമ്പാൺസിനോട് ഇങ്ങിനെ പറയുന്നതു കേട്ടു: "അയാൾക്ക് ഉത്തരം പറയാൻ കഴിയുമോ എന്നറിയാൻവേണ്ടിമാത്രമാണ് മി. വില്ലി ചോദ്യംചെയ്തതെന്ന് ആ വിദ്വാനോടു പറയൂ. അമേരിക്കക്കാരായ നാം പണം സമ്പാദിക്കാനിഷ്ടപ്പെടുന്നുവെന്നതു ശരിയാണ്. പക്ഷേ പണം മാത്രമല്ല നമ്മുടെ പ്രവൃത്തിയുടെ ആധാരം. എൻെറ ചുമലിൽ കുത്തിയിരിക്കുന്ന ഈ കീത്തിമുദ്ര ഞാൻ ഒരുകോടി ഡോളർ കിട്ടിയാലും ആക്കും കൊടുക്കാൻ തയ്യാറില്ല."

റഷ്യയിൽ ഫാക്ടറികളെപ്പോലെതന്നെ കൃഷിയെയും യുദ്ധത്തിൻെറ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചിരുന്നു. യുദ്ധനടത്തിപ്പിന് ആവശ്യമായ വിഭവങ്ങൾ റഷ്യക്ക് അവയിൽനിന്നു ലഭിക്കുന്നുണ്ട്. ഹിററ്ലർ തീരെ പ്രതീക്ഷിച്ചിട്ടില്ലാത്ത ഒരു സംഭവവികാസമാണ് ഇതു്.

ഈ കൃഷിസ്ഥലങ്ങളുടെ മീതെ വളരെ ദൂരം റിഷേവിലുള്ള യുദ്ധമുന്നണിമുതൽ സൈബീരിയയുടെ അതിത്തിവരെ ഞങ്ങൾ പറക്കുകയുണ്ടായി. യുദ്ധരംഗത്തിൻെറ പിന്നിൽ റഷ്യയുടെ കൃഷിസ്ഥലങ്ങൾ ഏതാണ്ടു് ആറായിരം നാഴികയോളം നീണ്ടുകിടക്കുന്നുണ്ട്. വിമാനത്തിൽനിന്നു നോക്കിയാൽ മാത്രമേ വിവിധരൂപത്തിലുള്ള ഈ സ്ഥലങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ കഴിയുകയുള്ളു. ചില ഭാഗങ്ങളിൽ വളരേ ഉയരത്തിൽ ധാന്യങ്ങൾ വളൎന്നുനില്ക്കുന്നുണ്ടു്. ടാഷ്കെൻററിലെ താഴ്വാരങ്ങളിൽ ജലസേചനംമൂലമാണ് കൃഷി ചെയ്യുന്നതു്.

വോൾഗാനദീതീരത്തു കുയിബിഷേവിന്നടുത്തു ഞാൻ ചില സ്ഥലങ്ങൾ അടുത്തുചെന്നു പരിശോധിച്ചു. ഞങ്ങൾ ഒരു വഞ്ചിയിൽ പുഴയിലൂടെ സഞ്ചരിച്ചു. നദീതീരത്തുള്ള വൃക്ഷനിരയുടെ ഇടയിലൂടെ അവിടത്തെ മനോഹരങ്ങളായ വീടുകളുടെ മുകൾബ്ഭാഗം കാണാമായിരുന്നു. പഴയ കാലത്തു പൈസക്കാരുടെ സുഖവാസസ്ഥലങ്ങളായിരുന്നു അവ. ഇപ്പോൾ ഈ വീടുകൾ വിശ്രമസ്ഥലങ്ങളായും തൊഴിലാളികൾക്കുള്ള ആശുപത്രികളായും ഉപയോഗിച്ചുവരുന്നു. അമേരിക്കയിൽ ഹഡ്സൺ നദീതീരത്തു കാണുന്ന വലിയ വീടുകളാണ് എനിക്ക് ഈ നഗരം കണ്ടപ്പോൾ ഓർമ്മവന്നത്. ഹഡ്സണെക്കാൾ തകരാറുപിടിച്ച നദിയാണ് വോൾഗയെന്ന് ഒരിക്കൽ ഞാൻ ചൂക്കാൻ പിടിക്കാൻ ശ്രമിച്ചപ്പോൾ എനിക്കു മനസ്സിലായി. ഞങ്ങൾ ചുഴിയിൽപ്പെട്ടു കരയിൽച്ചെന്നലയ്ക്കുന്നതു കാണാൻ വോൾഗയിലെ വഞ്ചിക്കാർക്ക് ഒരു തമാശയായിരുന്നു. മില്ലുകളുടെ ആവശ്യത്തിന്നു കൊണ്ടുപോകുന്ന വലിയ മരത്തടികൾ ചങ്ങാടങ്ങളായി കെട്ടിയുണ്ടാക്കപ്പെട്ടു പുഴയിൽ ഒഴുക്കാനിട്ടിരുന്നു. വേനല്ക്കാലത്ത് ഉത്തരറഷ്യയിലെ വനങ്ങളിൽനിന്നു തെക്കൻ നഗരങ്ങളിലേയ്ക്കു വന്നുകൊണ്ടിരുന്ന ജനങ്ങൾക്കു താമസിക്കുന്നതിന്നുള്ള ചെറിയ കുടിലുകളും അവയ്ക്കുപയോഗിക്കാറുള്ള കന്നുകാലികളും കോഴികളും ഈ ചങ്ങാടങ്ങളിൽ കയററിയിരുന്നു.

വിദ്യുച്ഛക്തിയുടെ ഉൽപാദനത്തിന്നുവേണ്ടി വോൾഗാനദിയുടെ വളവിൽ ഒരു അണക്കെട്ടു പണിചെയ്യുന്ന

തിന്നുള്ള പദ്ധതിയെക്കുറിച്ചു ഞാൻ കുയിബിഷേവിൽ വെച്ചു കേൾക്കയുണ്ടായി. നിമ്മാണത്തിന്നുദ്ദേശിച്ചിരുന്ന സ്ഥലം ഈ സഞ്ചാരത്തിന്നിടയിൽ ഞാൻ കാണുകയും ചെയ്തു. 'ടി. വി. എ.'യും 'ഗ്രാണ്ടുകൌലി'യും 'ബോൺവില്ലെ'യും കൂടി ആകെ ഉണ്ടാക്കുന്നതിൻെറ രണ്ടിരട്ടി വിദ്ധ്യുച്ഛക്തി ഉൽപാദിപ്പിക്കാൻ ഈ പ്ലാൻ പൂത്തിയായാൽ സാദ്ധ്യമാകുമെന്ന വസ്തുത റഷ്യക്കാർ അവരുടെ വിപുലമായ കാടുകൾക്കും ഭൂപ്പരപ്പുകൾക്കും അനുരൂപമായ തോതിലാണു് പ്രവത്തിക്കുന്നതെന്നു കാണിക്കുന്നു.

ഞങ്ങൾ വോൾഗാനദി വിട്ടു് ഉൾനാട്ടിലുള്ള ഒരു കൂട്ടുകൃഷിസ്ഥലത്തേയ്ക്കു പോയി. പണ്ടു് ഒരു ഇടത്തരംപ്രഭു മൃഗയാവിനോദത്തിന്നുപയോഗിച്ചിരുന്ന സ്ഥലമാണവിടം. എണ്ണായിരം ഏക്കർ വിസ്താരമുള്ള ആ സ്ഥലത്തു് അമ്പത്തിയഞ്ചു കുടുംബങ്ങളോളം പാക്കുന്നുണ്ടു്. അതായതു് ഒരു കുടുംബത്തിന്നു ശരാശരി ഏതാണ്ടു നൂററിനാല്പതേക്കർ ഭൂമി. ഇൻഡിയാനയിൽ റഷ് കൌണ്ടിയിലുള്ള ഒരു കൃഷിസ്ഥലത്തിന്നു മൊത്തത്തിൽ ഇത്രയും വിസ്താരം കാണും.

കറുത്ത നിറത്തിലുള്ള ഇവിടത്തെ മണ്ണു ഫലപുഷ്ടിയുള്ളതാണു്. പക്ഷെ ഇവിടെ കൊല്ലത്തിൽ പതിമൂന്നിഞ്ചു മാത്രമേ മഴയുള്ളു; ഇൻഡിയാനയിൽ നാല്പതിഞ്ചുണ്ടു്. ഇവിടെ വളം തീരെ ഉപയോഗിക്കുന്നില്ല. യന്ത്രസാമഗ്രികളുടെ സഹായത്തോടുകൂടിയാണു് കൃഷി നടത്തുന്നതു്. ഗോതമ്പു മുതലായ ചെറുധാന്യങ്ങളാണു് പ്രധാ

ന്നോൽപന്നങ്ങൾ. ഒരേക്കർ സ്ഥലത്തിന്നു ശരാശരി പതിനഞ്ചര ബുഷൽസ് ഗോതമ്പം വിളവെടുക്കാം. 'റൈ' ധാന്യമാണെങ്കിൽ ഇതിലും കുറയും. ഇവിടത്തെ പരിതസ്ഥിതിക്ക് ഇതൊരു നല്ല വിളവാണെന്നുള്ളതിന്നു സംശയമില്ല. റഷ്യനളവായ 'ഹെക്ററെയർസ്' നമ്മുടെ ഏക്കറാക്കിയും 'പൂഡ്സ്' 'ബുഷൽസാ'ക്കിയും മാററിക്കണക്കാക്കുവാൻ ഞങ്ങൾ വളരെനേരം ബുദ്ധിമുട്ടേണ്ടിവന്നു. അമേരിക്കൻനാണയങ്ങളിൽ ഒരു ബുഷലിന്നു വില കണക്കാക്കുവാൻ അശ്രാന്തപരിശ്രമം നടത്തിയെങ്കിലും ഞങ്ങൾക്കു സാധിച്ചില്ല. റൂബിൾതോതിലാണ് അവർ വില പറഞ്ഞതു്. റൂബിളിൻെറ വില ഇടയ്ക്കിടയ്ക്കു മാറുമെന്നുമാത്രമല്ല, പല കമ്പോളങ്ങളിൽ പലതരത്തിലാണ്. ഉൽപന്നങ്ങളെല്ലാം ഗുണമേറിയവയാണെന്നാണ് ഞങ്ങൾക്കു തോന്നിയതു്.

ഇവിടെ ഓരോ കുടുംബത്തിന്നും സ്വന്തമായി ഓരോ പശുവുണ്ടു്. അടുത്തടുത്തു പണിചെയ്തിരുന്ന വീടുകളുടെ സമീപത്തുള്ള ഒരു മൈതാനത്തിൽ പല വർഗ്ഗത്തിലുൾപ്പെട്ട പശുക്കൾ ഒന്നായി മേയുന്നുണ്ടായിരുന്നു. ഈ കൂട്ടുകൃഷിസ്ഥലത്തു് ആകെ എണ്ണൂറു മേത്തരം കന്നുകാലികളെ വളർത്തുന്നുണ്ടു്. അവയിൽ ഇരുനൂററമ്പതെണ്ണം പശുക്കളാണ്. തൊഴുത്തുകൾ ഇഷ്ടികകൊണ്ടും കോൺക്രീററുകൊണ്ടുമാണ് ഉണ്ടാക്കപ്പെട്ടിരുന്നതു്. പശുക്കുട്ടികളെ വൃത്തിയുള്ള മുറികളിൽ നിർത്തി നന്നായി ശുശ്രൂഷിച്ചിരുന്നു. ആധുനികശാസ്ത്രരീതിക്കൊത്ത തരത്തിലാണ് കന്നുകാലികളെ സംരക്ഷിച്ചിരുന്നതു്.

സ്ഥലത്തിൻെറ മാനേജരൊഴിച്ച ദേഹബലമുള്ള മററു പുരുഷന്മാരാരുംതന്നെ അവിടെയില്ല. സ്ത്രീകളും കുട്ടികളും ചുരുക്കം ചില വൃദ്ധന്മാരുമാണ് ജോലി നടത്തിയിരുന്നത്. യുവാക്കന്മാർ മുഴുവൻ പട്ടാളത്തിൽ ചേൎന്നു നാടു വിട്ടിരിക്കുന്നു. അവരുടെ ഭാൎയ്യമാരും കുട്ടികളുമാണ് ഇന്നു രാജ്യത്തിന്നു വേണ്ട ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്നത്.

മാനേജരാണ് അവിടത്തെ സാർവചക്രവൎത്തി. ശാസ്ത്രീയമായ കൃഷിസമ്പ്രദായത്തിൽ പരിശീലനം സിദ്ധിച്ച അദ്ദേഹം തൊഴിലാളികളുടെ മേൽനോട്ടം വഹിക്കയും മറെറല്ലാ പ്രവൎത്തനങ്ങൾക്കും നേതൃത്വം കൊടുക്കുകയും ചെയ്യുന്നു. യുദ്ധോൽപാദനപദ്ധതികളുടെ പരിപൂൎണ്ണമായ നിൎവ്വഹണം അദ്ദേഹത്തിൻെറ ചുമതലയാണ്. ഇതു വിജയകരമായി നടത്തിയാൽ അദ്ദേഹം കൂടുതൽ അധികാരത്തിന്നും ബഹുമതിക്കും പാത്രീഭവിക്കും. നേരെമറിച്ച് ഇതിൽ പരാജിതനാവുകയാണെങ്കിൽ കഠിനമായ ശിക്ഷയായിരിക്കും അതിൻെറ ഫലം.

ഞാൻ ഈ കൂട്ടുകൃഷിസ്ഥലത്തിൻെറ സാമ്പത്തികമായ സ്ഥിതിഗതികൾ അറിയുന്നതിന്നാഗ്രഹിച്ചു. ഓരോ തൊഴിലാളിയും ചെയ്തുതീൎക്കുന്ന പ്രവൃത്തിയുടെ കണക്കുകൾ ആപ്പീസിൽ സൂക്ഷിച്ചിട്ടുണ്ട്. 'ഒരു ദിവസത്തെ പണി'യാണ് അദ്ധ്വാനത്തിൻെറ അളവു്. പക്ഷേ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികൾക്ക് അതിന്നനുസരിച്ച സൌജന്യങ്ങൾ കിട്ടും. ദിവസത്തിൽ ഇത്ര ഏക്കർ ഉഴുതുതീൎക്കുന്ന ഒരു ട്രാക്ടർഡ്രൈവൎക്കു രണ്ടുദിവസ

ത്തെ പണി കിട്ടും. അതുപോലെതന്നെ ഇത്ര വയ്ക്കോൽ കെട്ടു തീൎക്കുകയും ഇത്ര പശുക്കളെ ശുശ്രൂഷിക്കയും ചെയ്യുന്നവൎക്ക് കൂടുതൽപണിയുടെ ഫലം കിട്ടും. ട്രാക്ടറുകളും യന്ത്രങ്ങളും സൎക്കാർയന്ത്രസ്റ്റേഷനുകളിൽനിന്നു കടം വാങ്ങപ്പെട്ടവയാണു്. ധാന്യമായിട്ടാണു് വാടകയും നികുതിയും കൊടുത്തുതീൎക്കുന്നതു്. ബാക്കിയുള്ള ഉൽപന്നങ്ങൾ ഓരോരുത്തരും ചെയ്തുതീൎത്തിട്ടുള്ള പണിയനുസരിച്ചു കൂട്ടുകൃഷിസംഘത്തിലെ അംഗങ്ങളുടെയിടയിൽ വിതരണംചെയ്യുന്നു.

ഇങ്ങിനെ വീതിച്ചുകിട്ടുന്ന ധാന്യം സ്ഥലത്തുള്ള ഒരു സ്റ്റോറിൽ കൈമാററംചെയ്തു മററു പദാൎത്ഥങ്ങൾ വാങ്ങുകയോ അല്ലെങ്കിൽ മറെറവിടെയെങ്കിലും വിററു പണമാക്കുകയോ ചെയ്യാവുന്നതാണു്. യന്ത്രങ്ങളുടെ വാടകയും നികുതിയും കഴിച്ചു ബാക്കി ധാന്യം എവിടെയെങ്കിലും വില്ക്കുവാൻ നിയമപരമായി കൃഷിക്കാൎക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും പല രൂപത്തിലും നിൎബ്ബന്ധം ഉപയോഗിച്ചു ഗവൎമ്മേണ്ടു് അതു് അവരിൽനിന്നു നേരിട്ടു വാങ്ങുകയാണു് പതിവു്. മിക്ക കൃഷിക്കാരുടേയും കയ്യിൽ പണം വേണ്ടതിലധികം ഉണ്ടു്. അതു ചെലവാക്കാൻ മാൎഗ്ഗം കാണാത്ത കുററമേയുള്ളു. യുദ്ധാവശ്യങ്ങൾക്കുവേണ്ടി മുഴുവൻ ഉൽപാദനവും ഉപയോഗപ്പെടുത്തുന്നതിനാൽ സ്റ്റോറുകളിൽ സാധനങ്ങൾ കിട്ടാതായിത്തുടങ്ങിയിരിക്കുന്നു.

മാനേജരുടെ വസതിയിലാണു് ഞങ്ങൾ ഭക്ഷണം കഴിച്ചതു്. കല്ലുകൊണ്ടുണ്ടാക്കപ്പെട്ട ഒരു ചെറിയ കെട്ടി

ടം. ഒരു പൈസക്കാരനായ അമേരിക്കൻകൃഷിക്കാരൻെറ വീട്ടിൽ കാണാവുന്ന അന്തരിക്ഷം. മാനേജക്ക് മുപ്പത്തേഴ വയസ്സു പ്രായം കാണും. ഭാൎയ്യയും രണ്ടു കുട്ടികളുമുണ്ടു്. ചുരുക്കം വിഭവങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളുവെങ്കിലും ഭക്ഷണം രുചിയുള്ളതും സമൃദ്ധവുമായിരുന്നു. അമേരിക്കയിലെ കൎഷകകുടുംബങ്ങളിൽ സാധാരണ ചെയ്യാറുള്ളതുപോലെ മാനേജരുടെ ഭാൎയ്യ എന്നെ കൂടുതൽ തിന്നാൻ നിൎബ്ബന്ധിച്ചു: "മി. വില്ലൂി, നിങ്ങൾ വളരെ കുറച്ചേ ഭക്ഷിച്ചുള്ളൂ. സ്വല്പംകൂടി തിന്നൂ." ചോഡ്കാമദ്യം റഷ്യയിൽ പരക്കെക്കാണാം. വെള്ളം തീരെ ഉപയോഗിച്ചിരുന്നില്ല.

ഭൂമി സ്വകാൎയ്യസ്വത്തായി കൈവശംവെയ്ക്കാൻ കൃഷിക്കാൎക്കുള്ള ജന്മവാസന എങ്ങിനെ നീക്കംചെയ്യാൻ കഴിഞ്ഞു എന്നു ഞാൻ അവരോടു് അന്വേഷിച്ചു. എന്തൊരൎത്ഥശൂന്യമായ ചോദ്യം! റഷ്യയിലെ കൃഷിക്കാർ അടിമസ്സമ്പ്രദായത്തിൽനിന്നു സ്വതന്ത്രരായിട്ടു നൂറു കൊല്ലം തികയുന്നേയുള്ളൂ. അവൎക്കോ അവരുടെ പൂൎവ്വികന്മാൎക്കോ സ്വന്തമായി ഭൂമിയുണ്ടായിട്ടേയില്ല. ഈ നിലയ്ക്കു് ഇന്നത്തെ സമ്പ്രദായം അവരെ പരിപൂൎണ്ണമായി തൃപ്തിപ്പെടുത്തുന്നുണ്ടു്.

ഇതുപോലെയുള്ള രണ്ടുലക്ഷത്തമ്പതിനായിരം കൂട്ടകൃഷിസ്ഥലങ്ങളാണു് റഷ്യയുടെ പ്രാബല്യത്തിൻെറ നട്ടെല്ലു്. റഷ്യയിൽ ഫാക്ടറികളും കൃഷിസ്ഥലങ്ങളും യുദ്ധസംരംഭങ്ങളുടെ പിന്നിൽ സംഘടിപ്പിച്ചിരിക്കുന്നു. ലോകത്തിൽ ജൎമ്മനിയിലൊഴിച്ചു മറെറാരിടത്തും ഇത്തരത്തിലൊരു പടയൊരുക്കം കാണാൻ പ്രയാസമാണു്.

ഈ ഭീമമായ സമരയന്ത്രത്തിന്റെ ഏററവും പ്രധാനഭാഗം വർത്തമാനപത്രങ്ങളാണു്. അവ ഗവർമ്മേണ്ടിന്റെ നിയന്ത്രണത്തിലാണു് നടക്കുന്നതു്. മോസ്കോവിലെ തെരുവുകളിൽ സ്ത്രീപുരുഷന്മാർ പത്രങ്ങൾ വാങ്ങുന്നതിന്നു വരിവരിയായി നില്ക്കുന്ന കാഴ്ച എന്റെ ജീവിതത്തിൽ പുത്തരിയാണു്. പത്തു ലക്ഷത്തിലധികം പത്രങ്ങൾ ഇന്നു് അവിടെ ചെലവാകുന്നുണ്ടു്. എന്നിട്ടും മതിയാവുന്നില്ല.

ചെറിയ പട്ടണങ്ങളിലെ തെരുവുകളിൽ വെച്ചിട്ടുള്ള സ്ഫടികപ്പെട്ടികളുടെ ചുററും ജനങ്ങൾ തിങ്ങിക്കൂടിയിരിക്കുന്നതു കാണാം. ഈ പെട്ടികൾക്കകത്തു വെച്ചിരുന്ന റഷ്യയിലെ ഏററവും പ്രധാനപ്പെട്ട രണ്ടു പത്രങ്ങളായ പ്രാവ്ദയും ഇസ്‌വെസ്റ്റീയയും വായിക്കുന്നതിന്നു ജനങ്ങൾ തണുപ്പു സഹിച്ചുകൊണ്ടു് ആർത്തിയോടു കൂടി തിക്കിത്തിരക്കിക്കൂടി.

സോവിയററുസർവ്വീസിലുള്ള ഏതൊരു വിമാനത്തേക്കാളുമധികം വേഗത്തിലാണു് ഞങ്ങൾ ടാഷ്കെൻററിലേക്കു പറന്നതു്. ആ മദ്ധ്യേഷ്യൻനഗരത്തിൽ അടുത്തകാലത്തു വന്നിട്ടുള്ള ആദ്യത്തെ അമേരിക്കക്കാരാണെന്നതുകൊണ്ടു ജനങ്ങളുടെ ജിജ്ഞാസയ്ക്കു ഞങ്ങൾ പാത്രീഭവിച്ചു. പക്ഷേ മോസ്കോവിൽനിന്നു ഞങ്ങൾ കൊണ്ടുവന്നിരുന്ന പുതിയ പത്രങ്ങൾ കാണുന്നതുവരെ മാത്രമേ ഈ ജിജ്ഞാസ നിലനിന്നുള്ളു. പിന്നെ ഞങ്ങളുടെ ആതിഥേയന്മാരായ ഉദ്യോഗസ്ഥന്മാർപോലും ഞങ്ങളെ ഉപേക്ഷിച്ചു പത്രപാരായണത്തിലേർപ്പെട്ടു.

ഇതു് എന്നെ അത്ഭുതപ്പെടുത്തി. ഞാൻ സന്ദർശിച്ച എല്ലാ സ്ഥലത്തും ഇതിനെപ്പററി അന്വേഷിക്കയുണ്ടായി. താൽക്കാലികപ്രശ്നങ്ങളെക്കുറിച്ച പ്രചാരണം നടത്തുന്നതിന്ന പത്രങ്ങളും, സ്ഥിരം വിദ്യാഭ്യാസത്തിന്ന സ്കൂളുകളും റഷ്യൻഗവമ്മേണ്ടു് ഉപയോഗിക്കുന്ന ഏററവും ശക്തിയേറിയ രണ്ടായുധങ്ങളാണു്. ഇവ രണ്ടും കഴിഞ്ഞ 25 വഷമായി ഇന്നത്തെ ഗവമ്മേണ്ടിൻെറ കയ്യിൽ സ്ഥിതിചെയ്യുന്നു. ജനങ്ങളുടെ പിൻതുണയെയും അവരിൽനിന്ന പ്രതീക്ഷിക്കാവുന്ന ത്യാഗങ്ങളെയും മാത്രം അളവുകോലാക്കി ഈ സക്കാരിൻെറ ശക്തിയെ ലഘുകരിക്കുന്ന വിദേശീയർ സ്വപ്നലോകത്തിലാണു് ജീവിക്കുന്നതു്.

ഒരു ദിവസം രാത്രി മോസ്കോവിൽവെച്ച സോവിയററുപത്രപ്രവത്തനസമ്പ്രദായം പരിശോധിക്കുന്നതിന്നുള്ള അവസരം എനിക്കു ലഭിച്ചു. ഞാൻ കണ്ടിട്ടുള്ള പത്രലേഖകന്മാരിൽ ഏററവും സമത്ഥന്മാരായവരോടു കിടപിടിക്കത്തക്ക ഒരു കൂട്ടം അമേരിക്കൻലേഖകന്മാർ മോസ്കോവിലുണ്ടു്. 'ന്യൂയോക്ക് ഹിറാൾഡ് ട്രിബ്യൂണി'ലെ വാൾട്ടർകെർ, 'ചിക്കാഗോ ഡെയിലി ന്യൂസി'ലെ ലെലാണ്ട് സ്റ്റോവ്, 'ന്യൂയോക്ക് ഹിറാൾഡ് ട്രിബ്യൂണി'ലെ മോറീസ് ഹിൻഡസ്, 'ന്യൂയോക്ക് ടൈംസി'ലെ റാൾഫ് പാക്കർ, 'യുണൈറഡ് പ്രസ്സി'ലെ ഹെൻറി ഷെപ്പീറോ, 'അസോസിയേറഡ് പ്രസ്സി'ലെ എഡ്ഡി ഗിൽമോറും, ഹെൻറി കാസിഡിയും, 'നാഷനൽ ബ്രോഡ്കാസ്റ്റിങ്ങ് കമ്പനി'യിലെ റോബർട്ടു് മാഗിഡോഫ്, കൊ

ളുമ്പിയ ബ്രോഡ്കാസ്റ്റിങ്ങ് സിസ്റ്റത്തി'ലെ ലാറിലെസി യൂർ,'ടൈം ആൻറ് ലൈഫി'ലെ വാല്ലി ഗ്രബ്നർ,— ഇങ്ങിനെ അദ്ധ്വാനശീലരും സത്യസന്ധരുമായ മററൊരു കൂട്ടം ലേഖകന്മാരെ ഞാൻ ലണ്ടനിലൊഴിച്ച ലോകത്തിൽ മററൊരു നഗരത്തിലും കണ്ടിട്ടില്ല. ഒരു ദിവസം രാത്രി ഇവർ കുറെ സോവിയററുപത്രലേഖകന്മാരെ ക്ഷണിച്ചുവരുത്തി. ഭക്ഷണവും മദ്യവും കഴിച്ചുകൊണ്ടു ഞങ്ങൾ വിശാലമായ ഒരു മുറിയിൽ ഇരുന്നു ദ്വിഭാഷികൾ മുഖേന ഇഷ്ടംപോലെ യാതൊരു തടസ്ഥവുംകൂടാതെ സംസാരിച്ചു. ഉദ്യോഗസ്ഥന്മാരാരുംതന്നെ സ്ഥലത്തുണ്ടായിരുന്നില്ല.

രസികന്മാരായ ഒരു കൂട്ടം ലേഖകന്മാരായിരുന്നു അവർ. സോവിയററുലേഖകനും കഥാകൃത്തുമായ ഇലിയ ഏറൻബർഗ്ഗ്—ഫ്രാൻസിലാണ് അദ്ദേഹം ജീവിതത്തിൽ അധികഭാഗവും കഴിച്ചുകൂട്ടിയിട്ടുള്ളത്. മററേതൊരു പത്രലേഖകനെയുംപോലെ പശ്ചിമയൂറോപ്പ് അദ്ദേഹത്തിനു സുപരിചിതമാണ്. നാടകകർത്താവും ലേഖകനുമായ ബോറിസ് വോയിറെറഖോവ്—ഇദ്ദേഹമാണ് സവാസ്റ്റപ്പോൾയുദ്ധത്തിൻെറ ചരിത്രം എഴുതിയിട്ടുള്ളത്. നഗരം കീഴടങ്ങാറായപ്പോൾ അവസാനനിമിഷത്തിൽ അദ്ദേഹം ഒരു മുങ്ങിക്കപ്പലിൽ രക്ഷപ്പെടുകയാണുണ്ടായത്. വാലൻററീനജന്നി—ചെറുപ്പക്കാരിയായ ഒരു സോവിയററുറിപ്പോർട്ടറാണവർ. സിമോണോവ് സ്റ്റാലിൻഗ്രാഡിൽ നിന്ന് അന്ന് അവിടെ വന്നെത്തിയിരുന്നു. 'റഷ്യൻ റുബാഷ്ക'യും തോൽബൂട്ട്സും ധരിച്ച ഒരു യുവാവാണ് അ

യാൾ. 'റഷ്യൻജനത' എന്ന നാടകത്തിൻെറ കത്താവായ ഇദ്ദേഹം റഷ്യയിൽ ഏററവും ജനസമ്മതി നേടിയിട്ടുള്ള ഒരു റിപ്പോർട്ടറാണ്. ജനറൽ അലക്സി ഇഗ്നീഷേവ്—അറുപതു വയസ്സായ ഈ മാന്യൻ 1917ലെ വിപ്ലവത്തിന്നുമുൻപ് ഒരു സൈനികോദ്യോഗസ്ഥനായിരുന്നു. ഇപ്പോൾ ചുകപ്പുപടയുടെ മുഖപത്രമായ 'റെഡ് സ്റ്റാറി'ൻെറ ഒരു പ്രധാനലേഖകനാണ്.

ഞങ്ങൾ ഭക്ഷണം കഴിച്ചു പുകവലിച്ചുകൊണ്ടു വളരെ രാത്രിയാകുന്നതുവരെ സംസാരിച്ചു. ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചോദ്യങ്ങൾ ചോദിച്ചു. രണ്ടാംയുദ്ധരംഗം, റഡോൾഫ്ഹെസ്സിന്ന് എന്തു സംഭവിച്ചു, അമേരിക്കയിൽനിന്നു കൂടുതൽ സഹായങ്ങൾ കിട്ടാത്തതിൻെറ വിഷമം എന്നിവയെക്കുറിച്ചുള്ള ആക്ഷേപങ്ങൾകൊണ്ട് അവർ എന്നെ തകർത്തു. അവർ ഉത്സാഹത്തോടുകൂടി വാദിക്കയും വിമർശിക്കയും ചെയ്തുവെങ്കിലും ഒരിക്കലും എതിർമനോഭാവം പ്രദർശിപ്പിച്ചില്ല. പത്തു വർഷത്തിന്നിപ്പുറം ഒരു വിദേശീയനായ അതിഥിയും സോവിയററുപത്രപ്രതിനിധികളും തമ്മിൽ അനൌദ്യോഗികമായി ഹൃദയംതുറന്നു അന്യോന്യമായിട്ടാണ് സംസാരിക്കുന്നതെന്നു ഞാൻ പിന്നീടറിഞ്ഞു.

അന്ന് വൈകുന്നേരം സന്നിഹിതരായിരുന്ന ഒരൊററ ലേഖകനും ഞങ്ങൾ പരസ്പരം അർപ്പിച്ച വിശ്വാസത്തെ ലംഘിക്കുകയുണ്ടായിട്ടില്ല. ഞാനും ഒരിക്കലും അങ്ങിനെ ചെയ്തില്ല. പക്ഷേ അവർ സംസാരിച്ച ചില

സംഗതികൾ ഇവിടെ രേഖപ്പെടുത്തുന്നതിൽ അവർ തെററിദ്ധരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

രണ്ടു കാൎയ്യങ്ങളാണ് എനിക്ക് അവരെക്കുറിച്ചു പറയാനുള്ളത്. ഒന്നാമത്ത് അവരുടെ മൎക്കടമുഷ്ടി; വിട്ടുവീഴ്ചയില്ലായ്മ. ഏകാധിപത്യസമ്പ്രദായത്തിന്നു കീഴിൽ ഒരാൾക്കു ശൈശവംമുതൽ പരിശീലനം കൊടുത്തുനോക്കൂ; അയാളുടെ ചിന്താഗതിക്കു രണ്ടേററങ്ങളേ ഉണ്ടായിരിക്കയുള്ളൂ.

ഒരുദാഹരണം പറയാം. സ്റ്റാലിൻഗ്രാഡിൽനിന്നു വന്നെത്തിയ സിമോണോവിനോട് ഞാൻ ചോദിച്ചു, ആ യുദ്ധരംഗത്തിൽ തടവുകാരായി പിടിച്ച ജൎമ്മൻഭടന്മാരുടെ സ്ഥിതി ഞാൻ റിഷേവിൽ കണ്ടവരുടേതുപോലെതന്നെ ദയനീയമായിരുന്നുവോ എന്ന്. എൻെറ ചോദ്യം റഷ്യൻഭാഷയിലേയ്ക്കു തൎജ്ജമചെയ്യപ്പെട്ടു. പക്ഷേ ആരും ഒന്നും മറുപടി പറഞ്ഞില്ല. ഒരാൾ മറേറതോ വിഷയത്തെക്കുറിച്ചു സംഭാഷണം തുടന്നു.

ദ്വിഭാഷികളുമായി കുറച്ചുദിവസത്തെ പരിചയം സിദ്ധിച്ചുകഴിഞ്ഞാൽ ഇങ്ങിനെയുള്ള സംഭവങ്ങൾ നിങ്ങളെ അത്ഭുതപ്പെടുത്തുകയില്ല. അതിനാൽ ഞാൻ ചോദ്യം ആവൎത്തിച്ചു. പിന്നേയും ഉത്തരമൊന്നുമുണ്ടായില്ല. ഇത്തവണ ഞാൻ കുറെ കാത്തിരുന്നു. ഞാൻ ചോദ്യം മൂന്നാമതും ആവൎത്തിച്ചു. അന്ന് അവിടെയുണ്ടായിരുന്നവരിൽ കുറച്ചെങ്കിലും ഇംഗ്ലീഷുപരിജ്ഞാനമുള്ള ജനറൽ ഇഗ്നീഷേവു മറുപടി പറഞ്ഞു:

"മി. വില്ക്കീ, നിങ്ങൾക്ക് ഇതിനെപ്പററി മനസ്സിലാക്കാൻ പ്രയാസമാണ്. ഈ യുദ്ധം തുടങ്ങിയ അവസരത്തിൽ ഞങ്ങൾ ജർമ്മൻതടവുകാരെ തേടിപ്പിടിച്ച് അവരോടു ചോദ്യങ്ങൾ ചോദിച്ചു. ഞങ്ങളുടെ രാജ്യം ആക്രമിക്കാൻ വന്നതെന്തിനെന്ന് അവരിൽനിന്നു മനസ്സിലാക്കാൻ ശ്രമിച്ചു. ഞങ്ങൾ ജർമ്മൻകാരെപ്പററി പല രസകരമായ സംഗതികളും പഠിച്ചു. നാസികൾ അവരെ എന്താണ് ചെയ്തതെന്നു മനസ്സിലാക്കി.

"എന്നാൽ ഇപ്പോൾ ഞങ്ങളുടെ അഭിപ്രായം മാറിയിരിക്കുന്നു. കഴിഞ്ഞ മഞ്ഞുകാലത്തെ പ്രത്യാക്രമണംകൊണ്ടു ഞങ്ങൾ പല പട്ടണങ്ങളും ഗ്രാമങ്ങളും വീണ്ടെടുത്തപ്പോൾ ജർമ്മൻകാർ ഞങ്ങളുടെ നാട്ടുകാരെ എത്രമാത്രം മർദ്ദിച്ചിട്ടുണ്ടെന്നു ഞങ്ങൾക്കു കാണാൻ കഴിഞ്ഞു. ഇന്ന് ഒരു ജർമ്മൻകാരനോട്, അവൻ ഒരു തടവുകാരനായാൽക്കൂടി, സംസാരിക്കുന്നതുപോലും അവമാനമായിട്ടാണ് സോവിയററുപത്രപ്രവർത്തകന്മാർ കണക്കാക്കുന്നത്."

മറെറാരു സംഭവം പറയാം. സംഗീതജ്ഞനായ ഡിമിട്രി ഷോസ്റ്റോക്കോവിച്ചിനെ അമേരിക്കയിലേയ്ക്കയച്ചാൽ നന്നായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെട്ടു. തലേന്നു രാത്രി ഞാൻ മോസ്കോവിലെ ഒരു വലിയ സംഗീതശാലയായ ചെക്കോസ്കിഹാളിൽ ജനക്കൂട്ടത്തിന്റെ നടുവിൽ ഷോസ്റ്റോക്കോവിച്ചിന്റെ സംഗീതം കേൾക്കുകയുണ്ടായി. അതു ഹൃദയാകർഷകമാണെന്നുള്ളതിന്നു സംശയമില്ല. ഇതിനെപ്പററി ഞാൻ അവരോടു പറഞ്ഞു: "ഈ

യുദ്ധത്തിൽ നാം സമരസഖാക്കളാണല്ലോ. ഹിററ്ലർ പരാജിതനായല്ലാതെ അമേരിക്കൻജനത നിങ്ങളെ കൈവെടിയുകയില്ല. രണ്ടു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം നിലനില്ക്കണമെങ്കിൽ നാം പരസ്പരം വിശ്വസിക്കയും സ്നേഹിക്കയും വേണം. എന്തുകൊണ്ടു ഷോസ്റ്റോക്കോവിനെ അമേരിക്കയിലേയ്ക്കയച്ചുകൂടാ? അവിടെ അയാൾക്ക ധാരാളം ആരാധകന്മാരുണ്ട്. നാം തമ്മിലുള്ള ബന്ധം പുലർത്തുന്നതിന്ന് ഇതു സഹായകമാകയും ചെയ്യും.

സിമോണോവാണ് ഇതിന്നു മറുപടി പറഞ്ഞത്. "മി. വില്ക്കി, സ്നേഹവും വിശ്വാസവും ഇരുഭാഗത്തേയ്ക്കും ബാധകമാണേ! ഞങ്ങൾ ഇവിടത്തെ ഏററവും മിടുക്കന്മാരായ പലരേയും അമേരിക്കയിലെ സ്ഥിതിഗതികൾ പഠിക്കുന്നതിന്ന് അങ്ങോട്ടയയ്ക്കുകയുണ്ടായിട്ടുണ്ട്. ഇതുവഴി പല കാര്യങ്ങളും നിങ്ങളിൽനിന്നു ഗ്രഹിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഞങ്ങൾ അറിയാൻ ആഗ്രഹിക്കുന്നതു പഠിച്ചിട്ടില്ലെങ്കിലും നിങ്ങൾ എന്തിനാണ് ഷോസ്റ്റോക്കോവിച്ചിനെ ക്ഷണിക്കുന്നതെന്നു മനസ്സിലാക്കാനുള്ള അറിവു ഞങ്ങൾക്കുണ്ടായിട്ടുണ്ട്.

"സോവിയററുയൂണിയനെക്കുറിച്ചു പഠിക്കുന്നതിന്നു നിങ്ങളുടെ രാജ്യത്തിൽനിന്ന് ഏതെങ്കിലും നല്ല നേതാക്കന്മാരെ ഇങ്ങോട്ടയയ്ക്കുക. നിങ്ങളുടെ ക്ഷണം ഞങ്ങൾ സ്വീകരിയ്ക്കാത്തതെന്തുകൊണ്ടാണെന്ന് അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. ഞങ്ങൾ ഒരു ജീവന്മരണയുദ്ധത്തിൽ ഏർപ്പെട്ടിരിക്കയാണെന്ന് ഓർമ്മവേണം. ഞങ്ങളുടെ ജീവൻമാത്രമല്ല, കഴിഞ്ഞ ഒരു തലമുറക്കാലമായി

ഞങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയിട്ടുള്ള ആദശ്ശങ്ങൾകൂടി, ഇന്നു രാത്രി സ്റ്റാലിൻഗ്രാഡിലെ തുലാസ്സിൽ ജയത്തിലേയ്ക്കോ മരണത്തിലേയ്ക്കോ താഴുകയെന്നറിയാതെ തൂങ്ങിക്കിടക്കുകയാണു്. മനുഷ്യജീവിതത്തിൻെറ ഭാവി നിണ്ണയിക്കാൻപോകുന്ന ഈ യുദ്ധത്തിൽ അമേരിക്കയും പങ്കെടുക്കുന്നുണ്ടല്ലോ. അങ്ങിനെയിരിക്കെ ഞങ്ങളുടെ ഒരു സംഗീതജ്ഞനെ അവിടേയ്ക്കയച്ചു്, കരതലാമലകംപോലെ സുവ്യക്തമായി കാണാവുന്ന കാൎയ്യങ്ങൾ സംഗീതംവഴി നിങ്ങളെ ബോദ്ധ്യപ്പെടുത്തണമെന്നു പറയുന്നതു ഞങ്ങളെ അപമാനിക്കലാണു്. ദയവായി എന്നെ തെററിദ്ധരിയ്ക്കരുതു്."

എനിക്കു യാതൊരു തെററിദ്ധാരണയും ഉണ്ടായിട്ടില്ലെന്നാണു് എൻെറ വിശ്വാസം.

അവർ പ്രദശിപ്പിച്ച ദേശാഭിമാനവും ആത്മവിശ്വാസവും സ്തുത്യഹമാണു്. സോവിയററുജനതയ്ക്കു സ്വന്തം ശക്തിയിൽ അടിയുറച്ച വിശ്വാസമുണ്ടു്. റഷ്യയെക്കുറിച്ചു ഭീകരകഥകൾമാത്രം കേട്ടിട്ടുള്ള അമേരിക്കക്കാരായ നമുക്കു് ഇതു് അത്ഭുതകരമായി തോന്നിയേയ്ക്കാം. എന്നാൽ മദ്ധ്യേഷ്യയിലും സൈബീരിയയിലും എനിക്കുണ്ടായ അനുഭവങ്ങൾ എന്നിൽ ഈ ബോധമുളവാക്കിയിരിക്കുന്നു.

ഞാൻ മോസ്കോവിൽവെച്ചു ജോസഫ് സ്റ്റാലിനെ രണ്ടു പ്രാവശ്യം കണ്ടു സംസാരിക്കയുണ്ടായി. ഞങ്ങളുടെ സംഭാഷണം മുഴുവൻ പരസ്യപ്പെടുത്തുന്നതിനു ഞാൻ സ്വതന്ത്രനല്ല. എന്നാൽ അദ്ദേഹത്തെക്കുറിച്ചുള്ള എ

ന്റെ അഭിപ്രായങ്ങൾ ഞാൻ ഒളിച്ചുവെയ്ക്കുന്നില്ല. ഈ നൂററാണ്ടിൽ ലോകത്തിലുണ്ടായിട്ടുള്ള മഹാത്മാക്കളിൽ ഒരാളാണു് സ്റ്റാലിൻ.

ക്ഷണനമനുസരിച്ചു് ഒരു സായാഹ്നത്തിൽ ഞാൻ അദ്ദേഹത്തെ കാണാൻ ചെന്നു. രാത്രിസമയങ്ങളിലാണു് അദ്ദേഹം മിക്കപ്പോഴും അതിഥികളെ സ്വീകരിക്കാറു്. ഏതാണ്ടു പതിനെട്ടടി വീതിയും മുപ്പത്തിയഞ്ചടി നീളവുമുള്ള ഒരു വിശാലമായ മുറിയാണു് അദ്ദേഹത്തിന്റെ ഓഫീസ്. ചുമരിന്മേൽ മാർക്സിൻേറയും എൻഗൽസിൻേറയും ലെനിൻേറയും ഛായാപടങ്ങൾ തൂക്കിയിരുന്നു. റഷ്യയിൽ എല്ലാ വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും ഫാക്ടറികളിലും ഹോട്ടലുകളിലും ആശുപത്രികളിലും വീടുകളിലും ഈ ചിത്രങ്ങൾ ഉണ്ടാവും. ചിലപ്പോൾ ഇവയ്ക്കുപുറമെ മൊളോട്ടോവിന്റെ പടവും കാണും. ഓഫീസ്സിൽനിന്നു നോക്കിയാൽ അടുത്തു് ഒരു മുറിയിൽ പത്തടിയുയരത്തിലുള്ള വലിയൊരു ഭൂഗോളം വെച്ചിരിക്കുന്നതു കാണാം.

സ്റ്റാലിനും മൊളോട്ടോവും ഒരു മേശയ്ക്കരികിലായി എന്നെ സ്വീകരിക്കാൻ നില്പുണ്ടായിരുന്നു. യുദ്ധം, അമേരിക്കയുടെ നയം, സ്റ്റാലിൻഗ്രാഡ്ഡുരണാങ്കണം, റഷ്യോ-ബ്രിട്ടീഷ്-അമേരിക്കൻബന്ധം, യുദ്ധാനന്തരലോകം, എന്നിങ്ങിനെ പ്രധാനവും അപ്രധാനവുമായ നിരവധി കാര്യങ്ങളെപ്പററി ഞങ്ങൾ ഏതാണ്ടു മൂന്നുമണിക്കൂർനേരം സംസാരിച്ചു.

പിന്നീടൊരിക്കൽ സ്റ്റാലിനൊന്നിച്ചു ഞാൻ ഒരു വിരുന്നിൽ പങ്കെടുക്കുകയുണ്ടായി. അന്നു മോസ്കോയുദ്ധം ചിത്രീകരിക്കുന്ന ഒരു ചലച്ചിത്രപ്രദർശനം ഞങ്ങൾ കണ്ടു.

ഈ വിരുന്നിൽവെച്ചാണ് ഞങ്ങൾ ദ്വിഭാഷികൾക്ക് ആരോഗ്യമാശംസിച്ചുകൊണ്ടു കുടിച്ചത്. ഞങ്ങളുടെ രാജ്യങ്ങൾക്കും അവിടത്തെ നേതാക്കന്മാക്കും റഷ്യൻജനതയ്ക്കും അമേരിക്കൻജനതയ്ക്കും ഭാവിസഹകരണത്തിന്നും ആരോഗ്യമാശംസിച്ചപ്പോൾ, ഞങ്ങളുടെ സംഭാഷണം തർജ്ജമചെയ്യുന്നതിന്ന് അത്യദ്ധ്വാനംചെയ്തിരുന്ന ദ്വിഭാഷികളെ ഇതിൽനിന്ന് ഒഴിച്ചുനിർത്താൻ പാടില്ലെന്ന് എനിക്കു തോന്നി. വിരുന്നിന്നുശേഷം ഞാൻ സ്റ്റാലിനോടു പറഞ്ഞു: "ദ്വിഭാഷികൾക്ക് ആരോഗ്യമാശംസിച്ചത് ആചാരവിരുദ്ധമായില്ലെന്നു ഞാൻ വിശ്വസിക്കുന്നു." ഇതിന്ന് അദ്ദേഹം പറഞ്ഞ മറുപടി ഇതാണ്: "ഒരിക്കലുമില്ല, മി. വില്ക്കി. ഒരു പ്രജാധിപത്യരാജ്യമാണ് ഞങ്ങളുടേത്."

സ്റ്റാലിന്ന് അഞ്ചരടി ഉയരം കാണും. അദ്ദേഹത്തിന്റെ തലയ്ക്കും കണ്ണുകൾക്കും മീശയ്ക്കും അസാധാരണവലിപ്പമുണ്ട്. വിശ്രമവേളകളിൽ അദ്ദേഹത്തിന്റെ മുഖത്തിന്നു കാഠിന്യം തോന്നും. അന്നദ്ദേഹം ക്ഷീണിച്ചിരുന്നു. ക്ലേശസമ്പൂർണ്ണമായ അന്നത്തെ പരിതസ്ഥിതിയിൽ ഇതു സ്വാഭാവികമാണല്ലോ. ഹൃദയസ്പൃക്കാംവിധം വാചാലതയോടുകൂടി അദ്ദേഹം സാവധാനത്തിൽ സംസാരിക്കുന്നു. റഷ്യയിലെ വിറക്, ഗതാഗതസൌകര്യങ്ങൾ,

സൈനികസാമഗ്രികൾ, പട്ടാളം, ആൾബലം—ഇവയെസ്സംബന്ധിച്ച നിരാശതാജനകമായ സ്ഥിതി വിവരിച്ചപ്പോൾ സ്റ്റാലിൻ വികാരഭരിതനായിത്തീൎന്നു.

സ്റ്റാലിൻെറ പ്രേരണാശക്തിയും മനക്കരുത്തും അസാധാരണമാണ്. അദ്ദേഹത്തിൻെറ ചോദ്യങ്ങൾ ഉണ്ട നിറച്ച തോക്കപോലെയിരിക്കും. തനിക്കറിയേണ്ടതെന്നുള്ള സംഗതിയുടെ ഹൃദയം പിളൎക്കുവാൻ കഴിയും അവക്കു്. സ്റ്റാലിൻ മുഖസ്തുതിയെ വെറുക്കുന്നു.

സാമാന്യവിവരണങ്ങൾ അദ്ദേഹത്തെ തൃപ്തിപ്പെടുത്തുകയില്ല. ഞാൻ സന്ദൎശിച്ച പല ഫാക്ടറികളെപ്പററിയും സംസാരിച്ചപ്പോൾ അവയുടെ ഓരോ വിഭാഗത്തിലുമുള്ള പ്രവൎത്തനരീതിയും കണക്കുകളും വിശദമായി വിവരിക്കാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. സ്റ്റാലിൻഗ്രാഡിനെപ്പററി ഞാൻ അദ്ദേഹത്തോടു ചോദിച്ചപ്പോൾ ആ യുദ്ധരംഗത്തിലെ ജയാപജയങ്ങളുടെ സൈനികവും ഭൂമിശാസ്ത്രപരവുമായ പ്രാധാന്യത്തിനുപുറമേ, രഷ്യയിലും ജൎമ്മനിയിലും മദ്ധ്യപൂൎവ്വപ്രദേശത്തും അതുകൊണ്ടുണ്ടാകാവുന്ന മാനസികമായ പ്രത്യാഘാതങ്ങളെയും അദ്ദേഹം സൂക്ഷ്മമായും ലളിതമായും വിവരിച്ചു. രഷ്യക്കു് അവിടെ തടുത്തുനില്ക്കാൻ കഴിയുമോ എന്നതിനെപ്പററി അദ്ദേഹം അഭിപ്രായമൊന്നും പ്രകടിപ്പിച്ചില്ല. ദേശഭക്തികൊണ്ടോ [illegible] കൊണ്ടോ മാത്രം യാതൊരു രക്ഷയു[illegible]ന്നു് അറിയാമായിരുന്നു. യുദ്ധത്തി[illegible] പ്രധാനമായി പട്ടാളശക്തിയെയും വൈദഗ്ദ്ധ്യത്തെയും സാമഗ്രികളെയും ആശ്രയിച്ചിരിക്കുന്നു.

MUL
118208
UNIVERSITY LIBRA

നാസികളെ വെറുക്കുവാനാണ് അദ്ദേഹം റഷ്യൻജനതയെ പരിശീലിപ്പിക്കുന്നതെങ്കിലും, ജൎമ്മൻകാർ കീഴടക്കിയ റഷ്യൻസംസ്ഥാനങ്ങളിൽനിന്നു തൊണ്ണൂററിനാലു ശതമാനം ജനങ്ങളെ ജൎമ്മനിയിലേയ്ക്കു സ്ഥലമാററം ചെയ്യാൻ കഴിഞ്ഞതിൽ ഹിററ്ലർ കാണിച്ച സാമൎത്ഥ്യത്തെക്കുറിച്ചു സ്റ്റാലിൻ അത്ഭുതം പ്രകാശിപ്പിക്കയും ജൎമ്മൻപട്ടാളത്തിൻെറ തൊഴിൽപരമായ വൈദഗ്ദ്ധ്യത്തെ മാനിക്കുകയും ചെയ്യുന്നു. ഹിററ്ലർ മററുള്ളവരുടെ ഒരു കരുമാത്രമാണ് എന്ന അഭിപ്രായത്തോട്, വിൻസ്റ്റൻ ചൎച്ചിലിനെപ്പോലെതന്നെ, സ്റ്റാലിനും യോജിക്കുന്നില്ല. ജൎമ്മനിയിൽ അടുത്ത ഭാവിയിൽ ഒരു കലാപമുണ്ടാകുമെന്ന് അദ്ദേഹത്തിന്നു പ്രതീക്ഷയില്ല. ജൎമ്മനിയെ പരാജയപ്പെടുത്താനുള്ള ഏകമാൎഗ്ഗം അതിൻെറ പട്ടാളത്തെ നശിപ്പിക്കയെന്നതു മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. യൂറോപ്പിൽ ഹിററ്ലരുടെ അജയ്യമായ ശക്തിയെപ്പററിയുള്ള വിശ്വാസം നശിപ്പിക്കുവാൻ ഏററവും നല്ല മാൎഗ്ഗം ജൎമ്മൻനഗരങ്ങളെയും തുറമുഖങ്ങളെയും കീഴടക്കപ്പെട്ട രാജ്യങ്ങളിലെ ഫാക്ടറികളെയും ബോംബുചെയ്യുകയാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

യുദ്ധത്തിൻെറ കാരണങ്ങളെക്കുറിച്ചും, യുദ്ധാനന്തരം ലോകത്തിന്നു നേരിടേണ്ട സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെക്കുറിച്ചും അദ്ദേഹത്തിൻെറ പരിജ്ഞാനം അഗാധവും പ്രായോഗികവുമാണ്. സ്റ്റാലിൻ കഠിനഹൃദയനും അനുകമ്പാഹീനനുമാണെന്നു പറയാൻ വിരോധമില്ല. പക്ഷേ അദ്ദേഹത്തിൻെറ പ്രാപ്തി അസാധാ

ണമാണ്. അദ്ദേഹത്തിന്നു യാതൊരു വ്യാമോഹങ്ങളു മില്ല.

അമേരിക്കനുൽപാദനരീതിയെസ്സംബന്ധിച്ച് അ ദ്ദേഹം കാണിച്ച ഭക്തി നമ്മുടെ ദേശീയവ്യാവസായിക സംഘത്തിന്ന് അഭിമാനകരമായ ഒരു സംഗതിയാണ്. പ്രജാധിപത്യശക്തികളുടെ യുദ്ധനടത്തിപ്പിൽ പല പ്പോഴും വരുന്ന തകരാറുകളും തടസ്ഥങ്ങളും അദ്ദേഹത്തി ന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. ഉദാഹരണമായി, യു ദ്ധനടത്തിപ്പിന്ന് ആവശ്യമായ ചില താവളങ്ങൾ, അ വയുടെ ഉടമസ്ഥന്മാർ സഹകരിക്കാതിരിക്കയും അവ യെ സംരക്ഷിക്കുന്ന കാര്യത്തിൽ അപ്രാപ്തി കാണിക്കയും ചെയ്യുകയാണെങ്കിൽ, കൈവശപ്പെടുത്തുവാൻ പ്രജാധി പത്യശക്തികൾ എന്തിന്നു മടികാണിക്കുന്നു?

സ്റ്റാലിൻ, വിൻസ്റ്റൻ ചർച്ചിലിനെ ബഹുമാനിക്കു ന്നു—ഒരു യാഥാർത്ഥ്യവാദിക്കു മറ്റൊരു യാഥാർത്ഥ്യവാദി യെക്കുറിച്ചുള്ള മതിപ്പ്.

വ്യക്തിപരമായി സ്റ്റാലിൻ ഒരു സാധാരണമനുഷ്യ നാണ്. കൃത്രിമമായ നാട്യങ്ങൾ നടിച്ചു വശീകരിക്കാൻ അദ്ദേഹം ശ്രമിക്കാറില്ല. അദ്ദേഹത്തിന്നു ധാരാളം സഹൃ ദയതചമുണ്ട്. ഒരു നിസ്സാരമായ തമാശ കേട്ടാൽ മതി, അദ്ദേഹം ചിരിക്കാൻ തുടങ്ങും. ഒരിക്കൽ സോവിയററു വിദ്യാലയങ്ങളെക്കുറിച്ചും വായനശാലകളെക്കുറിച്ചും സം സാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ അദ്ദേഹത്തോടു പ റഞ്ഞു: "മി. സ്റ്റാലിൻ, റഷ്യൻജനതയെ വിദ്യാഭ്യാസം ചെയ്യിക്കുക എന്നതിൻെറ അർത്ഥം കുഴപ്പംപിടിച്ച ഒരു

പ്രശ്നം തീർക്കുന്നതിന്നു നിങ്ങൾ സ്വയം വിദ്യയഭ്യസിക്കുകയെന്നതാണു്.”

ഇതൊരു രസകരമായ നേരമ്പോക്കാണെന്നു തോന്നുമാറു്, അദ്ദേഹം തല പിന്നോട്ടു ചെരിച്ചു വളരെനേരം ചിരിച്ചു.

മങ്ങിയ നിറത്തിലുള്ള ഉടുപ്പു്, ഒരിളംമഞ്ഞയോ നീലയോ ആയ ട്രൌസറുകൾ, കറുത്ത പോളീഷിട്ട ബൂട്ട്സ്—ഇതാണു് സ്റ്റാലിന്റെ വേഷം. ആചാരോപചാരങ്ങൾ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. എനിക്കുവേണ്ടി അദ്ദേഹത്തിന്റെ വിലപിടിച്ച സമയം ചെലവാക്കിയതിന്നു ഞാൻ നന്ദി പ്രദർശിപ്പിച്ചപ്പോൾ അദ്ദേഹം കുറച്ചു പരിഭ്രമത്തോടെ ഇങ്ങനെ പറഞ്ഞു: “മി. വിൽക്കീ, ഞാനൊരു ജോർജിയൻകൃഷിക്കാരനായിട്ടാണു് വളർന്നതെന്നു നിങ്ങൾക്കു് അറിയാമല്ലോ. ആകർഷണീയമായ സംഭാഷണരീതി എനിയ്ക്കറിയില്ല. എനിക്കു പറയാനുള്ളതു് ഇതുമാത്രമാണു്: ഞാൻ നിങ്ങളെ വളരെയധികം ഇഷ്ടപ്പെടുന്നു.”

സ്റ്റാലിന്റെ ജീവിതരീതിയും പെരുമാററവും മററു സോവിയററുനേതാക്കന്മാർക്കു ഒരു മാതൃകയായിത്തീർന്നിട്ടുണ്ടു്. മോസ്ക്കോവിലും കുയിബിഷേവിലുമുള്ള റഷ്യൻനേതാക്കന്മാർ ചുരുങ്ങിയ രീതിയിൽ വസ്ത്രധാരണംചെയ്കയും കുറച്ചുമാത്രം സംസാരിക്കയും മററുള്ളവർ പറയുന്നതു ശ്രദ്ധിച്ചുകേൾക്കുകയും ചെയ്യുന്നു. അവരിൽ അധികംപേരും മുപ്പതു വയസ്സുമാത്രം പ്രായമായ ചെറുപ്പക്കാ

രാണ്. ക്രെംലിനിലെ ഉദ്യോഗങ്ങളിൽ കഴിയുന്നതും യു വാക്കന്മാരെ നിയമിക്കുവാൻ സ്റ്റാലിൻ താൽപര്യം പ്രദ ശിപ്പിക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

വിദേശകാര്യമന്ത്രിയായ വിയാഷിസ്ലേവ് മൊളോ ട്ടോവ്, അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥന്മാരായ അ ഡ്രി വിഷിൻസ്കി, സോളോമൻ ലോഡോവ്സ്കി, മുമ്പ ത്തെ സൈനികകമ്മീസ്സാറായ മാഷൽ വൊറോഷെ ലോവ്, വിദേശവാണിജ്യവകുപ്പിൻെറ തലവനും സപ്ലൈ കമ്മീസ്സാറുമായ അനാസ്റ്റാഡ്യൂമിക്കോയൻ എന്നീ നേതാ ക്കന്മാരെയും എനിക്കു കാണുവാൻ സാധിച്ചു. അവരെ ല്ലാം വിദ്യാസമ്പന്നരും സംസ്കൃതാശയരുമാണ്. നമ്മുടെ പത്രങ്ങളിൽ പ്രസിദ്ധംചെയ്യുന്ന ഹാസ്യപടങ്ങളിൽ ചി ത്രീകരിക്കപ്പെടാറുള്ള അപരിഷ്കൃതനായ ബോൾഷെവി ക്കജന്തുവിനോട് ഉടുപ്പിലും നടപ്പിലും അവക്കു യാതൊ രു സാദൃശ്യവുമില്ല.

കുയിബിഷേവിൽവെച്ചാണ് ഞാൻ വിഷിൻസ്കി യെ കണ്ടതു്. നാലഞ്ചു കൊല്ലംമുമ്പു റഷ്യയിൽ രാജ്യ ദ്രോഹക്കുററത്തിന്നു നടന്ന വിചാരണയിൽ പ്രധാന പ്രോസിക്യൂട്ടർ ഇദ്ദേഹമായിരുന്നുവല്ലോ. വിഷിൻസ്കിയു ടെ നരച്ച തലമുടിയും ഉജ്ജ്വലമായ മുഖവും ശാന്തമാ യ പെരുമാററവും കണ്ടപ്പോൾ ഇദ്ദേഹം തന്നെയാണോ റഷ്യൻവിപ്ലവത്തിൻെറ പഴയ നേതാക്കന്മാരിൽ പല രെയും രാജ്യദ്രോഹത്തിന്നും കൊലക്കുററത്തിന്നും വിധി ച്ചതെന്നു ഞാൻ അത്ഭുതപ്പെട്ടു. യുദ്ധാനന്തരലോകത്തെ പ്പററി ഈ നേതാക്കന്മാക്കു വിശദങ്ങളും നിശ്ചിതങ്ങളുമാ

യ ആശയങ്ങളുണ്ടായിരുന്നു. യുദ്ധലക്ഷ്യങ്ങളെക്കുറിച്ചു സ്റ്റാലിൻ ചെയ്ത പ്രഖ്യാപനം ഇതാണ്: “വൎഗ്ഗവ്യത്യാസങ്ങൾ ഇല്ലാതാക്കുക. എല്ലാ രാജ്യങ്ങൾക്കും സമത്വവും രക്ഷയും നല്കുക. അടിമരാജ്യങ്ങളെ മോചിപ്പിച്ചു സ്വതന്ത്രരാക്കുക. ഓരോ രാഷ്ട്രങ്ങൾക്കും സ്വയംനിൎണ്ണയാവകാശം അനുവദിക്കുക. കഷ്ടപ്പെടുന്ന രാഷ്ട്രങ്ങൾക്കു സാമ്പത്തികസഹായം എത്തിക്കുക. പ്രജാധിപത്യാവകാശങ്ങൾ പുനസ്ഥാപിക്കുക. ഹിററ്ലറിസത്തെ ഉന്മൂലനാശം ചെയ്യുക.”

പലരും ചോദിച്ചേയ്ക്കാം: താൻ പറയുന്നതു് സ്റ്റാലിൻ ആത്മാൎത്ഥമായി നടപ്പിൽ വരുത്തുമോ? രണ്ടു കൊല്ലംമുമ്പു റഷ്യ ജൎമ്മനിയുമായി തൽക്കാലകാൎയ്യസിദ്ധിക്കു വേണ്ടി സന്ധിചെയ്തില്ലേ? ഇതിനെ ഞാൻ സൈനികമായോ രാഷ്ട്രീയമായോ ന്യായീകരിക്കാൻ ഒരുങ്ങുന്നില്ല. ഇത്തരത്തിലൊരു സന്ധികൊണ്ടുണ്ടാകുന്ന താൽക്കാലികനേട്ടം, ആദൎശപരമായ നഷ്ടത്തെ അപേക്ഷിച്ചു നിസ്സാരമാണ്. ഇതുമൂലം സംരക്ഷിക്കപ്പെടുന്ന ഓരോ തുള്ളി ചോരയ്ക്കും പകരം, ഇന്നല്ലെങ്കിൽ നാളെ, ഇരുപതു തുള്ളി രക്തംവീതം സമരദ്വാരാ നഷ്ടപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ ഇതിന്നു മറുപടിയായി മ്യൂണിച്ചുസന്ധിയെപ്പററിയും, 1937നും 1940നും മദ്ധ്യേ അമേരിക്കയിൽനിന്നു ജപ്പാനിലേയ്ക്കു് ഇറക്കുമതിചെയ്ത ഇരുമ്പിനെപ്പററിയും റഷ്യക്കാർ ചൂണ്ടിക്കാണിക്കാറുണ്ടു്. സ്വരാജ്യത്തിനുവേണ്ടി സമരംചെയ്തു വീരസ്വൎഗ്ഗമടഞ്ഞ കോടാനകോടി റഷ്യക്കാരുടേയും, നാസികളുടെ ചവിട്ടു

ടിയിൽ കിടക്കുന്ന അറുപതുകോടി ജനങ്ങളുടേയും യുദ്ധത്തിനുവേണ്ടി ഫാക്ടറികളിലും, ഖനികളിലും, ആഴ്ചയിൽ അറുപത്തിയാറുമണിക്കൂർ പണിയെടുക്കുന്ന റഷ്യയിലെ സ്ത്രീപുരുഷന്മാരുടേയും നാസികളുടെ പിടിയിൽനിന്നു സംരക്ഷിക്കാൻ വിദൂരമായ സ്ഥലങ്ങളിലേയ്ക്കു ഫാക്ടറികൾ സ്ഥലം മാറുന്നതിന്നുവേണ്ടി ചെയ്ത അത്ഭുതകൃത്യങ്ങളുടേയും വെളിച്ചത്തിൽ സ്റ്റാലിൻെറ പ്രസ്താവനയുടെ ആദർശശുദ്ധിയെ അളക്കാൻ കഴിയും. സാമാന്യജനങ്ങളുടെ പ്രവർത്തനമാണു് സ്റ്റാലിൻെറ ഉദ്ദേശശുദ്ധിയുടെ തെളിവു്.

പ്രജാധിപത്യശക്തികളിൽ പലരും സോവിയറ്റുറഷ്യയെ വെറുക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നുണ്ടു്. നിലവിലിരിക്കുന്ന സാമ്പത്തികഘടനയെ തകർക്കുന്ന ഒരു പരിവർത്തനം തങ്ങളെ വിഴുങ്ങിയേയ്ക്കുമോ എന്നു് അവർ ഭയപ്പെടുന്നു. ഈ ആശങ്ക വാസ്തവത്തിൽ നമ്മുടെ ബലഹീനതയെയാണു് കാണിക്കുന്നതു്. നമ്മുടെ പ്രജാധിപത്യസ്ഥാപനങ്ങളും സ്വതന്ത്രമായ സാമ്പത്തികഘടനയും ദുഷിച്ചുപോകാതിരിക്കയാണെങ്കിൽ—ഇതു നാം ചിന്തിക്കേണ്ട ഒരു പ്രധാനവിഷയമാണു്—റഷ്യയ്ക്കു നമ്മെ വിഴുങ്ങാനോ വ്യഭിചരിക്കാനോ കഴിയില്ല. സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രജാധിപത്യമാണു് കമ്യൂണിസത്തിന്നുള്ള ഏററവും നല്ല മറുപടി. നമ്മുടെ ആദർശങ്ങൾ സുരക്ഷിതമാക്കുവാൻ തലമുയർത്തിനിന്നുകൊണ്ടു് അവ നിർവ്വഹിയ്ക്കുകമാത്രമേ നാം ചെയ്യേണ്ടതുള്ളു.

ഇല്ല, റഷ്യയെ ഭയപ്പെടേണ്ടതില്ല. നമ്മുടെ പൊതുശത്രുവായ ഹിററ്ലക്കെതിരായി അതിനോടൊപ്പം നിന്നു പ്രവത്തിക്കുവാൻ പഠിക്കയാണ് നാം വേണ്ടതു്. യുദ്ധാനന്തരം അതിനോടൊന്നിച്ചു പ്രവത്തിക്കാൻ പഠിക്കയാണ് വേണ്ടതു്. കാരണം, റഷ്യ ഒരു സജീവമായ രാഷ്ട്രമാണ്. ഒരു പുതിയ സമുദായമാണ്; ഭാവിയിൽ അകററിനിത്താൻ കഴിയാത്ത ഒരു ശക്തിയാണ്.

## ൭. യാകുത്സ്ക് റിപ്പബ്ലിക്ക്

ഐക്യരാഷ്ട്രങ്ങളും കനഡയും സെൻട്രൽ അമേരിക്കയുംകൂടിച്ചേൎന്നതിനെക്കാളേറെ വിസ്താരമുള്ള ഒരു രാജ്യമാണ് സോവിയററൂസ്യൂണിയൻ. വിവിധഭാഷകൾ സംസാരിക്കുന്ന വിഭിന്നജനവിഭാഗങ്ങൾ കൂടിച്ചേൎന്നതാണ് അതു്.

യാകുത്സ്ക് എന്നു പേരായ ഒരു സൈബീരിയൻ റിപ്പബ്ലിക്കിൽ അമേരിക്കക്കാർ റഷ്യയെപ്പററി ചോദിക്കാറുള്ള ചോദ്യങ്ങൾക്കു ഞാൻ ഉത്തരം കണ്ടു. ഞാൻ യാകുത്സ്കിൽ കണ്ട പല സംഗതികളും റഷ്യക്കു പൊതുവെ ബാധകമല്ല. തണുത്ത കാലാവസ്ഥ, വേണ്ടതിലധികം ഭൂമി, ഉത്സാഹശീലരായ ജനങ്ങൾ എന്നിവ സോവിയററൂസ്യൂണിയനിൽ എല്ലായിടത്തും കാണാൻ പ്രയാസമാണ്. പക്ഷേ ഈ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽക്കൂടി, യാകുത്സ്കിന്റെ പൂവ്വചരിത്രവും ഇന്നത്തെ സ്ഥി

തിയും റഷ്യൻവിപ്ലവത്തെപ്പററി പല പുതിയ സംഗതികളും എന്നെ പഠിപ്പിച്ചു.

അലാസ്കയുടെ രണ്ടിരട്ടി വിസ്താരമുള്ള ഒരു വലിയ രാഷ്ട്രമാണ് യാകുത്സ്ക്. നാലുലക്ഷം മാത്രമാണ് ജനസംഖ്യ. ആവശ്യത്തിലധികം ഉൽപന്നങ്ങൾ നാട്ടിലുണ്ട്. സോവിയററ് ഈ ഭൂവിഭാഗത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ തുടങ്ങിയിട്ടുണ്ട്. ന്യൂയോർക്കിലും മോസ്കോവിലും കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടന്നുവരുന്ന വാദപ്രതിവാദങ്ങളെക്കാളധികം പ്രധാനമാണ്, ലോകത്തിനും ആഃമതിക്കല്ലും ഇവിടത്തെ പുനരുദ്ധാരണസംരംഭങ്ങൾ.

ഒന്നാമതായി യാകുത്സ്കിന്റെ പൂർവ്വചരിത്രം നോക്കുക. പണ്ടു ജെങ്കിസ്ഖാൻ പടിഞ്ഞാറോട്ടു നീങ്ങിയ അവസരത്തിൽ വടക്കോട്ടു വ്യാപിച്ച മങ്കോളിയക്കാരാണ് യാകുത്സ്കുകാർ. അവരുടെ ഉയന്ന കവിൾത്തടങ്ങളും ഇടുങ്ങിയ കണ്ണുകളും കറുത്ത തലമുടിയും ഇന്നും നിലനില്ക്കുന്നുണ്ട്. കമ്പിളി ശേഖരിക്കുകയോ ഭൂമി കുഴിച്ചു സ്വർണ്ണമെടുക്കുകയോ ആയിരുന്നു അവരുടെ തൊഴിൽ. ഉയരംകുറഞ്ഞതും പൊടിനിറഞ്ഞതും പുകപിടിച്ചതുമായ കുടിലുകളിൽ അവർ താമസിച്ചിരുന്നു. കന്നുകാലികളും മനുഷ്യരും ഒന്നിച്ചു ജീവിച്ചിരുന്നതിനാൽ ക്ഷയരോഗത്തിന്റെ വാസസ്ഥലമാണിതു്. മഞ്ഞുകാലത്തു് അവർ ചീഞ്ഞ മത്സ്യവും കിഴങ്ങുകളും ഭക്ഷിച്ചാണ് കഴിച്ചുകൂട്ടിയിരുന്നതു്. അങ്ങിനെ, വ്യാധിയും ക്ഷാമവും അധ്വാനശീലരായിരുന്ന ഈ മനുഷ്യരെ പണ്ടുകാലത്തു കാ

ന്നതിന്നു. സാർചക്രവത്തികളുടെ കാലത്തു യാകുത്സ്ക് ഉഷ്ണപ്പുണ്ണ്, ക്ഷയം എന്നീ രോഗങ്ങൾക്കും കമ്പിളിക്കും കേൾവിപ്പെട്ടതായിരുന്നു.

റഷ്യക്കാർ ക്രമേണ ഈ നാട്ടിലേയ്ക്കു വരാൻ തുടങ്ങി. അടുത്ത കാലംവരെ ചുരുക്കം റഷ്യക്കാരേ വന്നിരുന്നുള്ളു. അന്നു സേൻററ്പീറേറർസ് ബർഗ്ഗിലെ (ഇപ്പോൾ ലെനിൻഗ്രാഡ്) ഗവമ്മേണ്ടു കുററവാളികളെയും രാഷ്ട്രീയതടവുകാരെയും യാകുത്സ്കിലേയ്ക്കാണ് നാടുകടത്തിയിരുന്നത്. അവിടത്തെ കഠിനമായ ജീവിതത്തിൻെറ സ്വാദനുഭവിച്ചിട്ടുള്ള പല എഴുത്തുകാരും ഇതിനെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ടു്. തന്മൂലം യാകുത്സ്കിനെ 'ജനങ്ങളുടെ തടവുമുറി' എന്നാണ് വിളിച്ചിരുന്നത്.

അവിടത്തെ വേലക്കാരുടെയിടയിൽ ഇന്നത്തെ സോവിയററുഗവമ്മേണ്ടു നാടുകടത്തിയ ചിലരെക്കുറിച്ചു ഞങ്ങൾ കാണുകയുണ്ടായി. അവരിലൊരാൾ, ഒരു പോളിഷ്‌വനിത, സോവിയററുസമ്പ്രദായത്തെപ്പററി എന്നോടു പറഞ്ഞ സംഗതികൾ ഔദ്യോഗികപ്രചാരണത്തോടു തീരെ യോജിക്കാത്തവയാണ്.

റിപ്പബ്ളിക്കിൻെറ തലസ്ഥാനനഗരിയായ യാകുത്സ്കിൽ ഞങ്ങളുടെ വിമാനം ഇറങ്ങിയപ്പോൾ അവിടെ സെപ്റ്റമ്പർ മാസത്തിലെ ആദ്യത്തെ മഞ്ഞിൻകട്ടകൾ നിറഞ്ഞിരുന്നു. വടക്കൻ സൈബീരിയയിൽ ഉത്തരധ്രുവംവരെ പടന്നുപിടിച്ചുകിടക്കുന്ന 'ടൈഗാ'യുടെ അഥവാ കാടുനിറഞ്ഞ സ്ഥലങ്ങളുടെ മീതേക്കൂടി ഞങ്ങൾ വളരെ നേരം പറന്നു. ആകാശത്തിൽനിന്നു നോക്കു

മേൽ രാജ്യം വിപുലവും വിജനവുമായിത്തോന്നും. റോഡുകൾ കുറവാണ്. മഞ്ഞിൻകട്ടകളും വൃക്ഷങ്ങളും മാത്രം വളരെ ദൂരം നീണ്ടുകിടക്കുന്നതു കാണാം.

ഞങ്ങൾ ഇറങ്ങിയ വിമാനത്താവളത്തിന്റെ സമീപം നിന്നിരുന്ന ഒരു ചെറിയ ജനക്കൂട്ടത്തിൽനിന്ന് ഒരു മനുഷ്യൻ മുന്നോട്ടു വന്നു.

“എന്റെ പേർ മൂരാറേറാവ് എന്നാണ്.” അദ്ദേഹം പറയാൻതുടങ്ങി, “യാകുത്സ്ക സോവിയററുസോഷ്യലിസ്ററുറിപ്പബ്ലിക്കിലെ മന്ത്രിസഭയുടെ അദ്ധ്യക്ഷനാണ് ഞാൻ. നിങ്ങൾ ഇവിടെ താമസിക്കുന്ന കാലത്തു നിങ്ങളെ സ്വീകരിക്കുവാനും നിങ്ങൾക്കിഷ്ടമുള്ളതെല്ലാം കാണിച്ചുതരുവാനും നിങ്ങൾക്കറിയണമെന്നാഗ്രഹമുള്ള വിവരങ്ങൾ നല്കുവാനും മോസ്കോവിൽനിന്ന് എനിക്കു സഖാവു സ്റ്റാലിന്റെ നിർദ്ദേശം കിട്ടിയിട്ടുണ്ട്. നിങ്ങൾക്കു സ്വാഗതം.”

അതു് ഒരു ചെറിയ പ്രസംഗമായിരുന്നു. പക്ഷേ അതിൽ അദ്ദേഹത്തിന്നു പറയാനുള്ളതെല്ലാം അടങ്ങിയിട്ടുണ്ട്. താവളത്തിൽ പത്തുപന്ത്രണ്ടു പേർമാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും, ഒരു വിദേശീയാതിഥിയെ പരിവാരങ്ങളോടുകൂടി അഭിവാദ്യം ചെയ്യുന്ന ഭാവമാണ് അദ്ദേഹത്തിന്നുണ്ടായിരുന്നതു്.

ഞാൻ നന്ദി പ്രകടിപ്പിച്ചു. ഞങ്ങളുടെ യാത്രയിൽ ആയിരം മൈൽകൂടി സഞ്ചരിക്കുന്നതിന്ന് സമയം ധാരാളമുണ്ടായിരുന്നതിനാൽ, കുറച്ചുനേരം മാത്രമേ അവിടെ താമസിക്കുന്നുള്ളുവെന്നു ഞാൻ പറഞ്ഞു.

"നിങ്ങൾക്ക് ഇന്നു പോകാൻ കഴിയില്ല, മി. വില്ലി. നാളെയും പോകാൻ പററുമെന്നു തോന്നുന്നില്ല. അന്തരിക്ഷം വളരെ പ്രതികൂലമാണ്. നിങ്ങളെ സുരക്ഷിതമായി യാത്രയയയ്ക്കണമെന്നാണ് എനിയ്ക്കുള്ള നിർദ്ദേശം. ഇതു നിർവ്വഹിച്ചില്ലെങ്കിൽ എന്റെ പേരിൽ അച്ചടക്കനടപടിയെടുക്കും."

ഒരു കറുത്ത സോവിയററ് ലിമോസീനിൽ ഞങ്ങൾ യാകുത്സ്കു പട്ടണത്തിലേയ്ക്ക് അഞ്ചു നാഴിക സഞ്ചരിച്ചു. അദ്ദേഹം ഒരു നിമിഷംപോലും വെറുതെ കളയാതെ അദ്ദേഹത്തിന്റെ റിപ്പബ്ളിക്കിനെക്കുറിച്ചു വിവരിച്ചുകൊണ്ടേയിരുന്നു. മുരാറോവിന്റെ ഉത്സാഹത്തിനു് അതിരുണ്ടായിരുന്നില്ല. ഞങ്ങൾ പട്ടണത്തോടു് അടുക്കാറായപ്പോൾ അദ്ദേഹം ചോദിച്ചു: "യാകുത്സ്കിൽ നിങ്ങൾ എന്താണ് കാണാൻ ആഗ്രഹിക്കുന്നതു്, മി. വില്ലി?"

"നിങ്ങൾക്ക് ഒരു വായനശാലയുണ്ടോ?"

"തീർച്ചയായും, ഞങ്ങൾക്ക് ഒരുവായനശാലയുണ്ടു്."

ഞങ്ങൾ നേരിട്ടു യാകുത്സ്കിലെ ഗ്രന്ഥാലയത്തിലേയ്ക്കു പോയി. കോട്ടും ഹാററും അഴിച്ചുവെയ്ക്കാനുംകൂടി നില്ക്കാതെ, മുരാറോവ് ഞങ്ങളെ നേരെ വായനമുറിയിലേയ്ക്ക് ആനയിച്ചു. പക്ഷേ വാതില്ക്കൽവെച്ച് ഒരു സ്ത്രീ ഞങ്ങളെ തടഞ്ഞുനിർത്തി. മുരാറോവിന്റെ അധികാരപ്രകടനങ്ങൾ ഒന്നും അവളെ തീരെ പരിഭ്രമിപ്പിച്ചില്ല. അവൾ വളരെ ആദരവോടുകൂടി ഉറപ്പിച്ചു പറഞ്ഞു: "ഞങ്ങൾ ഇവിടെ നാട്ടുകാരെ വായിക്കാൻ പരിശീലി

പ്പിക്കുന്നതിന്നു പുറമേ, അവരെ നല്ല ആചാരങ്ങൾ പഠിപ്പിക്കുകകൂടി ചെയ്യുന്നുണ്ടു്. ദയവായി താഴേ പോയി നിങ്ങളുടെ കോട്ടും ഹാററും അഴിച്ചുവെച്ചു വരൂ." കുറച്ചൊരു സംഭ്രമത്തോടുകൂടി മൂരാദ്റാവ് അവളോടു വാദിക്കാൻ തുടങ്ങി. പക്ഷേ ഈക്കാര്യത്തിൽ, ഞങ്ങളുടെ കോട്ടും ഹാററും തന്റെ ഓഫീസിൽ അഴിച്ചിടുവാൻ അനുവദിച്ചുവെന്നതു മാത്രമാണു് അവൾ ചെയ്തു വിട്ടുവീഴ്ച. ഞാൻ ഉറക്കെ ചിരിച്ചുപോയി. പ്രധാനപ്പെട്ട ഒരു റഷ്യനുദ്യോഗസ്ഥനെ കൂട്ടാക്കാതിരിക്കുകയെന്നതു് ഇതാദ്യമായിട്ടാണു് ഞാൻ കാണുന്നതു്.

ദീപങ്ങൾ നിറഞ്ഞു ശുചിയിൽ സൂക്ഷിക്കപ്പെട്ടിരുന്ന ഒരു കെട്ടിടം. യാകുത്സ്ക്നഗരത്തിലെ അമ്പതിനായിരം ജനങ്ങൾക്കുവേണ്ടി അമ്പത്തയ്യായിരം ഗ്രന്ഥങ്ങൾ അവിടെ ശേഖരിച്ചിരുന്നു. അലമാറകൾ മരംകൊണ്ടുണ്ടാക്കിയവയാണു്, വായനമുറിയിലേയ്ക്കു പുസ്തകങ്ങൾ കൊണ്ടുപോകുന്ന യന്ത്രം നാട്ടിൻപുറത്തെ ഒരു പ്രാകൃതക്കിണറിനെപ്പോലെ തോന്നി. പുസ്തകവിവരപ്പട്ടിക ആധുനികരീതിയിലുള്ളതും പരിപൂർണ്ണവുമായിരുന്നു. കഴിഞ്ഞ ഒമ്പതുമാസത്തിന്നകത്തു് ഒരുലക്ഷം ജനങ്ങൾ—അവരിൽ പലരും ചുററുമുള്ള ഗ്രാമങ്ങളിൽനിന്നു വന്നവരായിരുന്നു—ഈ ഗ്രന്ഥാലയം സന്ദർശിച്ചിട്ടുണ്ടു്. ചുമരിന്മേൽ പ്രത്യേകചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. സോവിയററുമാസികകളും നിഘണ്ടുക്കളും തുറന്ന അലമാറകളിലാണു് വെച്ചിരുന്നതു്. അതു ചിട്ടയിൽ നടത്തപ്പെടുന്ന ഒരു വായനശാലയാണെന്നു കണ്ടാലറിയാം.

യാകുത്സ്കിന്റെ വലിപ്പത്തിലുള്ള ഒരു നഗരത്തിന്നു ധാരാളം അഭിമാനിക്കാവുന്ന ഒന്നാണതു്.

യാകുത്സ്കിൽ ആകെയുണ്ടായിരുന്ന ഒരു ഹോട്ടലിലാണു് ഞങ്ങൾ താമസിച്ചതു്. മരംകൊണ്ടുണ്ടാക്കിയ ഒരു പുതിയ കെട്ടിടം. ഓരോ മുറിയിലും ഓരോ റഷ്യൻ ടെലഫോണുണ്ടു്. 'റെയിൻഡിയറി'ന്റെ കമ്പിളികൊണ്ടുണ്ടാക്കിയ ബൂട്ട്സും തുകൽക്കുപ്പായവും ധരിച്ച ആളുകൾ അവിടെ പാർത്തിരുന്നു. പെൺകുട്ടികൾ തുട്ടത്ത കവിൾത്തടങ്ങളോടുകൂടിയവരായിരുന്നു. അവരുടെ തലയിൽ ഉറുമാൽ ചുററിയിട്ടുണ്ടു്. അവർ ഞങ്ങളുടെ നേരേ നോക്കി ഉറക്കെ ചിരിച്ചു. ഞങ്ങൾ വിദേശീയരാണല്ലോ.

ഒരു തലമുറയ്ക്കുമുമ്പേ അമേരിക്കയിലെ ഒരു പടിഞ്ഞാറൻനഗരത്തിന്നുണ്ടായിരുന്ന ഛായയാണു് ഈ പട്ടണത്തിന്നുള്ളതു്. ഇവിടത്തെ ജീവിതം എന്നിൽ പൂർവ്വകാലസ്മരണകൾ ഉളവാക്കി: ഞങ്ങൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന ആ കഴിഞ്ഞുപോയ കാലഘട്ടത്തിലെ ചൈതന്യവും ഹൃദയംഗമമായ ജീവിതരീതിയും. വിശാലമായ തെരുവീഥികളെ എന്റെ കുട്ടിക്കാലത്തു് 'എൻവുഡി'ൽ ഉണ്ടായിരുന്നതിനോടു് ഉപമിക്കാം. വീടുകൾ വൃത്തിയും ഒതുക്കവുമുള്ളവയായിരുന്നു. അവയുടെ ജനലിലൂടെ വെളിച്ചം പുറത്തേയ്ക്കു പ്രകാശിക്കയും ചിമ്മിനിയിലൂടെ പുക ഉയരുകയും ചെയ്തിരുന്നു. അവ അമേരിക്കയിലെ വടക്കൻപട്ടണങ്ങളിലെ വീടുകളെപ്പോലെതന്നെയിരിക്കുന്നു.

മിന്നിസോട്ടയോ വിസ്കോസിനോ അല്ല, സൈബീരിയയാണ് ഇതെന്ന് തോന്നിപ്പിക്കുന്ന പല കാഴ്ചകളും അവിടെയുണ്ടായിരുന്നു. മിക്ക വീടുകളും മരംകൊണ്ടു ഉണ്ടാക്കപ്പെട്ടതാണ്. അവയുടെ പൂമുഖം കൊത്തുപണികളാൽ അലംകൃതമായിരുന്നു. സൈബീരിയൻ സമ്പ്രദായത്തിലാണ്, ഭക്ഷണം. ഓരോ നേരത്തെ ഭക്ഷണവും അതിന്നു മുമ്പത്തേക്കാൾ വലുതായിരുന്നു. കാലത്തു ലഘുഭക്ഷണത്തിന്നു വോഡ്കാമദ്യം. എല്ലാ സമയത്തും ചൂടുള്ള കാപ്പി. തണുത്ത കാലാവസ്ഥയുള്ള രാജ്യമായതിനാൽ യാകുത്സ്കുകാർ ധാരാളം ഭക്ഷിച്ചിരുന്നു.

ജനങ്ങളുടെ വിനോദങ്ങളെപ്പററി ഞാൻ അന്വേഷിച്ചു: "നിങ്ങൾക്ക് ഒരു നാടകശാലയുണ്ടോ?"

അവക്ക് നാടകശാലയുണ്ടായിരുന്നു. വൈകുന്നേരം ഞങ്ങൾ അവിടേയ്ക്കു പോയി.

ഒമ്പതുമണിക്കാണ് അവിടെ കളി തുടങ്ങാറെന്നു മുരാറേറാവ് പറഞ്ഞു. അത്താഴം കഴിഞ്ഞു ഞങ്ങൾ വോഡ്കാമദ്യം കുടിച്ചു സംസാരിച്ചുകൊണ്ടിരുന്നു. പെട്ടെന്നു നോക്കിയപ്പോൾ സമയം ഒമ്പതുമണി കഴിഞ്ഞിരിക്കുന്നുവെന്ന് എനിക്കു മനസ്സിലായി.

ഞാൻ ചോദിച്ചു: "എപ്പോൾ കളി തുടങ്ങുമെന്നാണ് നിങ്ങൾ പറഞ്ഞത്?"

"മി. വില്ക്കീ, ഞാൻ അവിടെ എത്തിയതിന്നു ശേഷമേ കളി തുടങ്ങൂ."

അങ്ങിനെതന്നെയാണ് സംഭവിച്ചത്. ഇത്തവണ അദ്ദേഹത്തെ തടയാൻ ആരും ഉണ്ടായില്ല. അരമണി

ക്ലബ്ബിന്നുള്ളിൽ ഞങ്ങൾ അവിടെ സ്ഥാനംപിടിച്ചു. കൎട്ടൻ ഉയൎന്നു. ഒരു ലെനിൻഗ്രാഡ്കമ്പനിയുടെ നൃത്തകഥാപ്രദൎശനം. ഹൃദയാകൎഷകമായ നൃത്തം, ഭംഗിയേറിയ രംഗവിധാനം, തൃപ്തികരമായ സംഗീതം. കാണികൾ ഹസ്തഘോഷം മുഴക്കി. തീയേററിൽ അധികം തിരക്കുണ്ടായിരുന്നില്ല. ഈ പ്രദൎശനം തുടൎച്ചയായി അവിടെ ഒമ്പതുതവണ നടത്തിക്കഴിഞ്ഞുവത്രേ!

കാണികളായ ഈ യുവജനങ്ങളുടെ മനസ്സിൽ അന്നു രാത്രി യുദ്ധത്തിന്നോ കമ്മ്യൂണിസ്റ്റാദൎശത്തിന്നോ സ്ഥാനമുണ്ടായിരുന്നില്ല. പ്രണയവികാരങ്ങൾ നിറഞ്ഞ ജിപ്സിനൃത്തങ്ങളാണു് അവിടെ പ്രദൎശിപ്പിക്കപ്പെട്ടതു്. ഓരോ രംഗത്തിന്നുമിടയ്ക്കു യുവാക്കന്മാർ പെൺകുട്ടികളുടെ കൈ കോൎത്തുപിടിച്ചുകൊണ്ടു നാടകശാലയ്ക്കു ചുററും നടന്നിരുന്നു. റഷ്യയിൽ ഇതൊരു പതിവാണു്.

അന്നു സന്ധ്യയ്ക്കു പുതുതായി വീണ മഞ്ഞിൻകട്ടകൾ ചവിട്ടി നടന്നുകൊണ്ടു ഞങ്ങൾ കാഴ്ചബംഗ്ലാവു കാണാൻ പോയി. അവിടെ ഞങ്ങൾ യുദ്ധത്തെപ്പററിയുള്ള വിചിത്രമായ പടങ്ങൾ കണ്ടു. വിദ്യാലയങ്ങൾ, ആശുപത്രികൾ, കന്നുകാലികൾ, ചില്ലറക്കച്ചവടം ഇവയുടെയെല്ലാം ദൈനന്ദിനവൎദ്ധനവു കാണിച്ചുകൊണ്ടുള്ള കണക്കുകൾ. പക്ഷേ അവയെല്ലാം 1941 ജൂൺവരെ മാത്രമേ രേഖപ്പെടുത്തിയിരുന്നുള്ളു. രാജ്യത്തിന്റെ ജീവിതം മുഴുവൻ ആ തീയതിയിൽവെച്ചു് അവസാനിച്ചപോലെ തോന്നി. അന്നു ജൎമ്മൻകാർ ഒരൎദ്ധവിരാമം ഇട്ടിരുന്നില്ലേ

കിൽ ഇനിയും എത്രമാത്രം പുരോഗതിയുണ്ടാവുമായിരുന്നു എന്നു് അവർ ചൂണ്ടിക്കാണിച്ചു.

യാകുത്സ്കിലെ പ്രധാനവിഭവമായ സ്വർണ്ണത്തിന്റെ സാമ്പിളുകൾ മുരാറോവ് എനിക്കു കാഴ്ചബംഗ്ലാവിൽ കാണിച്ചുതന്നു. അവിടത്തെ ഉൽപന്നങ്ങളിൽ രണ്ടാംസ്ഥാനമർഹിക്കുന്ന തോലിന്റെ സാമ്പിളുകൾ അവിടെ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. കരടിയുടേയും കുറുക്കന്റേയും ഉത്തരധ്രുവത്തിലെ മുയലുകളുടേയും വെളുത്ത അണ്ണാറക്കണ്ണന്റേയും മുതലായ തോലുകൾ ഞാൻ പരിശോധിച്ചു. ഈ ചെറിയ ജന്തുക്കളുടെ തോൽ കേടുവരാതെ കിട്ടണമെങ്കിൽ അവയുടെ കണ്ണിൽ വെടിവെയ്ക്കണമത്രേ. അണ്ണാറന്റെ കണ്ണിൽ വെടിവെച്ചു കിട്ടേണ്ട ഒരു വ്യവസായത്തിന്റെ സാമ്പത്തികസാദ്ധ്യതകളെക്കുറിച്ചു ഞാൻ സംശയം പ്രകാശിപ്പിച്ചപ്പോൾ മുരാറോവ് ക്ഷോഭിച്ചു, യാകുത്സ്കിലെ എല്ലാ നായാട്ടുകാരെയും ഒരു ചുകപ്പുപടയായി സംഘടിപ്പിക്കയാണെങ്കിൽ അവർക്ക് ഇതു നടത്താൻ കഴിയുമെന്നു് അദ്ദേഹം വാദിച്ചു.

ഇവിടെയും യുദ്ധത്തിന്റെ മാറ്റൊലി. പടക്കളത്തിൽനിന്നു മൂവായിരം നാഴിക ദൂരെയാണു് യാകുത്സ്ക് കിടക്കുന്നതെങ്കിലും, സാധാരണക്കാരായ ജനങ്ങൾ തങ്ങളുടെ ജീവിതകാലത്തിന്നിടയ്ക്കു് ഒരു ജർമ്മൻകാരനെ കാണുകയോ യുൽപവൃത്തം വിട്ടു പടിഞ്ഞാറോട്ടു കടക്കുകയോ ചെയ്തിട്ടില്ലെങ്കിലും, അവരെല്ലാം ഉത്സാഹത്തോടുകൂടി സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള സമരത്തെക്കുറിച്ചു സംസാരിച്ചിരുന്നു.

ജനങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ എന്തെല്ലാം ചെയ്യുന്നുണ്ടെന്നു ഞാൻ മ്യൂരാറേറാവിനോടു ചോദിച്ചു.

“മി. വില്ലി,” അദ്ദേഹം പറഞ്ഞു, “ഉത്തരം എളുപ്പമാണ്. 1917-നു മുമ്പു യാകുത്സ്കിൽ രണ്ടു ശതമാനം ജനങ്ങൾക്കു മാത്രമേ അക്ഷരാഭ്യാസമുണ്ടായിരുന്നുള്ളു; തൊണ്ണൂറെറട്ടു ശതമാനത്തിന്നും എഴുതാനും വായിക്കാനും അറിവുണ്ടായിരുന്നില്ല. ഇന്നത്തെ സ്ഥിതി നേരെ വിപരീതമാണ്. ഇതിന്നുപുറമേ—” അദ്ദേഹം എന്നെ നോക്കി ചിരിച്ചുകൊണ്ടു തുടന്നു: “അടുത്ത കൊല്ലത്തിന്നു മുമ്പ് ഈ രണ്ടു ശതമാനം നിരക്ഷരത്വംകൂടി അവസാനിപ്പിക്കണമെന്ന് എനിക്കു മോസ്കോവിൽനിന്ന് ആജ്ഞ ലഭിച്ചിരിക്കുന്നു.”

‘അവസാനിപ്പിക്കുക’ എന്ന പദം ഇതാ അദ്ദേഹം ഒരിക്കൽക്കൂടി ഉപയോഗിച്ചു. റഷ്യയിൽ ഇതു സാധാരണ ഉപയോഗിക്കാറുള്ള ഒന്നാണ്. ഒരു കടമ നിർവ്വഹിക്കുകയെന്ന അർത്ഥത്തിൽ ഇതു് ഉപയോഗിക്കാം (കടമ അവസാനിപ്പിക്കുക). ജോലിയിൽ അപ്രാപ്തി കാണിക്കയോ കരുതിക്കൂട്ടി തടസ്ഥപ്പെടുത്തുകയോ ചെയ്യുന്നതിന്നു ബന്ധനസ്ഥനാക്കുകയോ, നാടുകടത്തുകയോ, മരണശിക്ഷ കല്പിക്കുകയോ ചെയ്യുന്നതിന്നു് ഈ വാക്കു് ഉപയോഗിക്കും. ഒരു കൂട്ടുകൃഷിസ്ഥലത്തു നൂറു പശുക്കൾ ചത്തതിന്നു സ്ഥലത്തെ മാനേജർക്ക് ഇരുപതുകൊല്ലത്തെ തടവുശിക്ഷ വിധിച്ചതിനെപ്പററി ‘പ്രവദാ’പത്രത്തിൽ പ്രസിദ്ധംചെയ്തിരുന്ന ഒരു റിപ്പോർട്ടു ജോ ബാൺസ് എന്നെ ഒരിക്കൽ വായിച്ചുകേൾപ്പിച്ചതു ഞാൻ ഓർമ്മി

ച്ചു. ഈ നാശത്തിന്നു കാർണ്ണമാക്കിയ ദോഷങ്ങൾ അദ്ദേഹത്തിന്നു് 'അവസാനിപ്പിക്കാൻ' കഴിഞ്ഞില്ല. അതുകൊണ്ടു് അവർ അദ്ദേഹത്തെ 'അവസാനിപ്പിച്ചു'. ഈ സംഭവം മററു മാനേജർമാക്കു ഗവമ്മേണ്ടിന്റെ ഒരു മുന്നറിയിപ്പായിരുന്നു.

യാകുത്സ്കിലെ പുത്തനായ ചലച്ചിത്രപ്രദശനശാലയെ മ്യൂരാറോവ് അഭിമാനത്തോടുകൂടി എനിക്കു കാണിച്ചുതന്നു. അതു കോൺക്രീററുകൊണ്ടുണ്ടാക്കപ്പെട്ട ഒരു പുതിയ കെട്ടിടമാണു്. തണുത്തു മരവിച്ച മണ്ണിൽ മരംകൊണ്ടുള്ള കെട്ടിടങ്ങൾ മാത്രമേ പണിയാൻ കഴിയുകയുള്ളുവെന്ന യാഥാസ്ഥിതികവിശ്വാസം തെററാണെന്നു് അദ്ദേഹം ഇതുമൂലം തെളിയിച്ചു.

നഗരത്തിലെ ഏററവും മനോഹരമായ കെട്ടിടം ലോക്കൽകമ്യൂണിസ്റ്റുപാട്ടിയുടെ ഓഫീസാണു്. റഷ്യയിൽ മുപ്പതുലക്ഷം കമ്യൂണിസ്റ്റുപാട്ടിയംഗങ്ങൾ മാത്രമേയുള്ളു. അതായതു് ആകെ ജനസംഖ്യയുടെ ഒന്നര ശതമാനം. ഈ മുപ്പതുലക്ഷം പാട്ടിമെമ്പർമാക്കു തങ്ങളുടെ ആശങ്ങൾ എങ്ങിനെയാണു് ഇരുപതുകോടി ജനങ്ങളുടെ മേൽ കെട്ടിവെയ്ക്കാനും അവരെ നിയന്ത്രിക്കാനും സാധിക്കുന്നതെന്നു ഞാൻ അത്ഭുതപ്പെട്ടു. ഇതിന്റെ രഹസ്യം എനിക്കു യാകുത്സ്കിൽവെച്ചു മനസ്സിലായി. മറെറാരു സംഘടനയും നഗരത്തിൽ പ്രവത്തിച്ചിരുന്നില്ല. പള്ളിയോ മറെറാരു എതിർകക്ഷിയോ അവിടെ ഉണ്ടായിരുന്നില്ല. യാകുത്സ്കിലെ അമ്പതിനായിരം ജനങ്ങളിൽ ഒന്നര ശതമാനം, അതായതു് എഴുനൂററമ്പതു് ആളു

കൾ മാത്രമേ കമ്യൂണിസ്റ്റുപാർട്ടിയിൽ അംഗങ്ങളായിരുന്നുള്ളു. നഗരത്തിൽ ആകെയുണ്ടായിരുന്ന ഒരു ക്ലബ്ബിൽ ഇവരെല്ലാം മെമ്പർമാരായിരുന്നു. എല്ലാ ഫാക്ടറിഡയറക്ടർമാരും കൂട്ടകൃഷിസ്ഥലങ്ങളിലെ മാനേജർമാരും ഗവമ്മേണ്ടുദ്യോഗസ്ഥന്മാരും മിക്ക വൈദ്യന്മാരും വിദ്യാലയങ്ങളിലെ മേലധികാരിമാരും ബുദ്ധിജീവികളും വായനശാലാനടത്തിപ്പുകാരും അദ്ധ്യാപകന്മാരും ഈ എഴുനൂററമ്പതിൽ ഉൾപ്പെടും. യാകുത്സ്കിലെപ്പോലെ തന്നെ റഷ്യയിലെല്ലായിടത്തും സമുദായത്തിലെ ഏററവും വിദ്യാസമ്പന്നരും സമത്ഥന്മാരുമായ ആളുകൾ കമ്യൂണിസ്റ്റുപാട്ടിയിൽ ചേന്നിട്ടുണ്ട്. ഉറച്ച ഒരു ദേശീയ സംഘടനയുടെ ഭാഗമാണ് റഷ്യയിലെല്ലായിടത്തും പരന്നുകിടക്കുന്ന ഈ കമ്യൂണിസ്റ്റുക്ലബ്ബുകൾ. ഇതിന്റെ ജനറൽ സിക്രട്ടറിയാണ് സ്റ്റാലിൻ. മറെറല്ലാററിനെക്കാളുമധികം അദ്ദേഹം ഈ സ്ഥാനത്തെ ഇഷ്ടപ്പെടുന്നതെന്താണെന്ന് ഊഹിക്കാവുന്നതാണ്. പാട്ടിയെ അധികാരത്തിൽ വെയ്ക്കുന്നതു് ഈ സംഘടനയാണ്. ഇതിലെ മെമ്പർമാരാണ് റഷ്യയിലെ സ്ഥാപിതതാൽപര്യക്കാർ.

ഈ ഏകകക്ഷിസമ്പ്രദായത്തോട് അമേരിക്കക്കാർ യോജിക്കയില്ല. പക്ഷേ സോവിയററുയൂണിയന്റെ ഏററവും പ്രധാനമായ ഒരു നേട്ടം ഞാൻ യാകുത്സ്കിൽ കണ്ടു: ദുർഘടംപിടിച്ച ന്യൂനപക്ഷപ്രശ്നത്തിനു പരിഹാരം നേടി. അതു് അഭിനന്ദനീയവുമാണ്.

നഗരത്തിൽ പാക്കുന്നവർ അധികവും യാകുത്സ്കക്കാരാണ്. റിപ്പബ്ളിക്കിലെ ജനസംഖ്യയിൽ എണ്ണത്തി

രണ്ടു ശതമാനവും അവരാണ്. റഷ്യക്കാർ അനുഭവിക്കു ന്ന എല്ലാസൌകര്യങ്ങളും അവർക്കുമുണ്ട് — ഉയന്ന ഉദ്യോഗങ്ങൾ, സ്വന്തം സാഹിത്യം, സ്വന്തം തിയേററർ. മോസ്കോവിൽനിന്നു നിയമിക്കുന്ന മ്യൂർറോവിനെപ്പോലെയുള്ള ഉദ്യോഗസ്ഥന്മാർ അധികവും റഷ്യക്കാരാണ്. പക്ഷേ നാട്ടുകാർ തിരഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥന്മാർ മിക്കവരും യാകുത്സ്കുകാരാണ്. വിദ്യാലയങ്ങളിൽ രണ്ടുഭാഷകളും പഠിപ്പിക്കുന്നുണ്ട്: തെരുവുകളിൽ പരസ്യപ്പെടുത്തിയിരുന്ന യുദ്ധപടങ്ങൾ രണ്ടു ഭാഷകളിലും എഴുതിയിരുന്നു.

ന്യൂനരാഷ്ട്രങ്ങൾക്കു പരസ്പരമുള്ള ഈ മൈത്രി എത്രകാലം തുടൻപോകുമെന്നു പറയാൻ ഞെരുക്കമാണ്. ആവശ്യത്തിലധികം ഭൂമി നാട്ടിലുള്ളതിനാലാണ് ഇന്നു നിലനില്ക്കുന്നതു്. ഇനിയും സ്ഥലനിർണ്ണയം ചെയ്യപ്പെടാതെ എത്രയോ ദിക്കുകൾ ബാക്കി കിടപ്പുണ്ടു്. അടുത്തകാലത്തു യാകുത്സ്കിൽ ഏതാണ്ട് ഒരു ലക്ഷം തടാകങ്ങളും നദികളും പുതുതായി കണ്ടുപിടിച്ചു നാമകരണം ചെയ്തിട്ടുണ്ടെന്നു മ്യൂരാറോവ് എന്നോടു പറഞ്ഞു: "യൂറോപ്പിലെ ജനസമുദായങ്ങൾ തമ്മിൽ നടക്കുന്ന പോലെയുള്ള മത്സരവും സമരവും ഇല്ലാതാക്കുവാൻ യാകുത്സ്കുറിപ്പബ്ലിക്കിൽ ഞങ്ങൾ കണ്ട വിജനപ്രദേശങ്ങൾക്കു സാധിക്കും.

സോവിയററുയൂണിയനിലെ സൈബീരിയൻ അതിത്തിയിൽ ഞാൻ കണ്ട വ്യക്തികളിൽവെച്ച് ഏററവുമധികം എന്നെ ആകഷിച്ചതു് മ്യൂരാറോവുതന്നെയാൻ

ണ്. യാകുത്സ്കുനഗരത്തിലെ കാഴ്ചകൾ എൻെറ പല സംശയങ്ങളും തീൎത്തുപോലെ മൂരാറോവിൽ എൻെറ പല ചോദ്യങ്ങൾക്കും ഞാൻ ഉത്തരം കണ്ടു. റഷ്യയെ ഭരിക്കുന്ന പുതിയ തലമുറയുടെ ഒരു ഉത്തമസന്താനമാണ് മൂരാറോവ്. അദ്ദേഹത്തിൻെറ സ്വഭാവവും ജീവചരിത്രവും എനിക്കറിവുള്ള പല അമേരിക്കക്കാരുടേതിനോടും ഉപമിക്കാവുന്നതാണെന്നുള്ളത് ഒരു രസകരമായ സംഗതിയാണ്.

ഉയരംകുറഞ്ഞ ശരീരം. പ്രസന്നമായ വദനം. വോൾഗാനദീതീരത്തു സാരറ്റോവിൽ ഒരു കൃഷകകുടുംബത്തിൽ ജനനം. മുപ്പത്തേഴവയസ്സു പ്രായം. സ്റ്റാലിൻഗ്രാഡിലെ ഒരു വ്യവസായശാലയിൽ ജോലിചെയ്തിരുന്നപ്പോൾ അദ്ദേഹത്തിൻെറ സാമൎത്ഥ്യം കണ്ടു് ഉയൎന്ന വിദ്യാഭ്യാസത്തിന്നുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടു. സ്കൂളിലും സൎവ്വകലാശാലയിലും സമുദായശാസ്ത്രം പഠിപ്പിക്കുന്ന മോസ്ക്കോവിലെ പ്രധാനസ്ഥാപനമായ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റെഡ് പ്രൊഫസേർസി'ലും ചേൎന്നുപഠിച്ചു് അദ്ദേഹം ഉയൎന്നു. രണ്ടുകൊല്ലംമുമ്പു യാകുത്സ്കിലെ ജനകീയകമ്മീസ്സാർമാരുടെ നേതാവായി അദ്ദേഹം നിയമിക്കപ്പെട്ടു. 1917-ലെ വിപ്ലവത്തിന്നുശേഷംമാത്രം വിദ്യാഭ്യാസംചെയ്ത മുപ്പത്തിയേഴ വയസ്സു പ്രായമായ അദ്ദേഹം ഫ്രാൻസിനെക്കാൾ അഞ്ചിരട്ടി വിസ്താരമുള്ള യു. എസ്. എസ്. ആറിലെ ഏററവും വലിയ റിപ്പബ്ലിക്കിൻെറ തലവനാണ്. അമേരിക്കയിലാണെങ്കിൽ അദ്ദേഹത്തിന്നു നന്നായി പ്രവൎത്തിക്കാൻ കഴിയും. സ്വന്തം

രാജ്യത്തുതന്നെ അദ്ദേഹം അസാമാന്യമായ പ്രാപ്തിയോടുകൂടി പ്രവൎത്തിക്കുന്നുണ്ടു.

അദ്ദേഹത്തിന്റെ പ്രവൎത്തനരീതി, ക്രൂരവും കഠിനവും ചിലപ്പോൾ തെററായ രൂപത്തിലുമാണു്. സൈബീരിയയിൽ എല്ലായിടത്തും കാണുന്ന സോവിയററുപ്രവൎത്തനരീതി ഇതാണു്. മൂരാറോവ് അതിനെ ഇങ്ങിനെ ന്യായീകരിക്കും: "പക്ഷേ അതു ഫലപ്രദമാകുന്നുണ്ടല്ലോ." യാകുത്സ്കിലെ സാമ്പത്തികാഭിവൃദ്ധിയെക്കുറിച്ചുള്ള കണക്കുകൾ ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം ഒരു കാലിഫോർണിയൻ ഭൂസമ്പത്തുകച്ചവടക്കാരനെപ്പോലെ സംസാരിച്ചു. അമേരിക്കയുടെ ബാല്യകാലത്തു വ്യവസായങ്ങൾ വളൎന്നുവന്നിരുന്ന ആ കാലഘട്ടത്തെ ഞാൻ ഓൎമ്മിച്ചു; അന്നു ഞങ്ങളുടെ നേതാക്കന്മാരും കാൎയ്യങ്ങൾ എങ്ങിനെയെങ്കിലും നടത്തുകയെന്ന രീതിയിലാണു് പ്രവൎത്തിച്ചിരുന്നതു്.

"നിങ്ങൾ ആലോചിച്ചുനോക്കു, മി. വില്കി, 1922-ൽ അഭ്യന്തരകലഹം അവസാനിച്ചപ്പോഴാണു് യാകുത്സ്കുറിപ്പബ്ളിക്കു സ്ഥാപിതമായതു്. അന്നു സ്റ്റാലിൻ ന്യൂനപക്ഷസമുദായങ്ങളുടെ കമ്മീസ്സാറായിരുന്നു. അതിന്നുശേഷം ഈ റിപ്പബ്ളിക്കിലെ ബഡ്ജററു് എമ്പതിരട്ടി വൎദ്ധിച്ചിട്ടുണ്ടു്. ഇവിടെയുള്ളവൎക്കെല്ലാം ഈ വസ്തുത നന്നായറിയാം.

"എല്ലാ സ്ഥിതിവിവരപ്പട്ടികകളിലും യാകുത്സ്കിന്റെ സ്ഥലം ഒഴിഞ്ഞുകിടക്കുകയാണു് പതിവു്; എന്നാൽ ഈ മാസത്തിൽ ഞങ്ങളുടെ സ്വൎണ്ണഖനികൾക്കു

റഷ്യയിലെ ഇരിമ്പൊഴിച്ചുള്ള എല്ലാ ലോഹങ്ങളിലുംവെച്ച് ഒന്നാംസ്ഥാനം കിട്ടി. ഞങ്ങൾ പ്ലാനിനെ കവച്ചുവെച്ചിരിക്കുന്നു.” അദ്ദേഹം എനിക്കു കണക്കുകൾ കാണിച്ചുതന്നു.

വിദ്യുച്ഛക്ത്യുൽപാദനയന്ത്രങ്ങളുടെ പ്രവൎത്തനത്തിൽ യാകുത്സ്കിന് ഒന്നാംസ്ഥാനം നേടിയിരിക്കുന്നു. ഓരോ ‘കിലോവാട്ട് ഔവർ’ വിദ്യുച്ഛക്തിക്കും 6.27 ‘കോപക്സാ’യി ഉൽപാദനവില കുറച്ചതിന്നു പാട്ടി അദ്ദേഹത്തിന്നു് ഒരു ചെങ്കൊടി സമ്മാനിച്ചിരിക്കുന്നു.

“ഇരുപതു കൊല്ലത്തിനകത്തു ഞങ്ങൾ യാകുത്സ്കിൽ ഒരുലക്ഷംകോടി റൂബിൾസ് മൂലധനമായി നിക്ഷേപിച്ചിട്ടുണ്ടു്.” അദ്ദേഹം പറഞ്ഞു: 1911-ൽ 35000 ക്യൂബിക്ക്മീററർ മരമാണു് മുറിച്ചതു്. ഈ കൊല്ലത്തിലാകട്ടെ, ഞങ്ങൾ നാല്പതുലക്ഷം ക്യൂബിക്ക്മീററർ മരം മുറിക്കും. പ്രതിവൎഷം മരങ്ങളുടെ വളൎച്ച എട്ടുകോടി എണ്പതുലക്ഷമാണു്. ഇതു മുഴുവൻ ഉപയോഗപ്പെടുത്തുവാൻ ഇനിയും ധാരാളം പണിയെടുക്കേണ്ടിയിരിക്കുന്നു.”

സൎവ്വരാജ്യവാണിജ്യത്തിൻെറ അടിസ്ഥാനത്തിലാണു് അദ്ദേഹത്തിൻെറ പ്ലാനിങ്ങ്.

“യുദ്ധം കഴിഞ്ഞാൽ അമേരിക്കയിൽ നിങ്ങൾക്കു മരം ആവശ്യമുണ്ടാകും. ഞങ്ങൾക്കു് എല്ലാതരം യന്ത്രങ്ങളും ആവശ്യമുണ്ടു്. ഉത്തരധ്രുവത്തിലെ കടൽമാൎഗ്ഗം തുറക്കുകയാണെങ്കിൽ ഞങ്ങൾ നിങ്ങളിൽനിന്നു വളരെ അകലെയല്ലാതാവും. നിങ്ങൾക്കു് ആവശ്യമുള്ളതു് ഇവിടെ

വന്നു വാങ്ങുക. ഞങ്ങൾക്കു് ഇതു കൈമാററം ചെയ്യാൻ വിരോധമില്ല.''

കമ്പോളങ്ങളെപ്പററി മാത്രമല്ല അദ്ദേഹം ശ്രദ്ധ പതിപ്പിച്ചിരുന്നതു്. യാകുത്സ്കിൽനിന്നു് ആയിരം നാഴിക അകലെയാണു് തീവണ്ടിപ്പാത കിടക്കുന്നതു്. ട്രാൻസ്സൈബീരിയൻതീവണ്ടിപ്പാതയും മോസ്കോവുമായി യാകുത്സ്കിനെ ബന്ധിപ്പിക്കുന്നതിന്നു് എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായി കരുത്തുള്ള ഒരു റോഡു പണി ചെയ്യുന്നുണ്ടു്. അതിൻെറ നിമ്മാണം ഇക്കൊല്ലം പൂത്തിയാവും. ലീനാനദിയും വിമാനവുമാണു് ഇതേവരെയുണ്ടായിരുന്ന ഗതാഗതസൌകര്യം. ഉത്തരധ്രുവത്തിലെ കപ്പൽത്താവളമായ ടിക്ഷിയുൾക്കടലിൽനിന്നു ലീനാനദിയിലൂടെ വേനൽക്കാലത്തു കപ്പലുകൾ യാകുത്സ്കിലേയ്ക്കു സഞ്ചരിക്കുന്നു. മഞ്ഞുകാലത്തു മരവിച്ചുകിടക്കുന്ന നദീതടം മാത്രമാണു് റിപ്പബ്ളിക്കിൽ ആകെയുള്ള റോഡു്.

സ്വണ്ണവും തോലും വിലപിടിച്ച ഉൽപന്നങ്ങളാണു്. ചരിത്രാരംഭംമുതൽ ഇവ ഗതാഗതസൌകര്യങ്ങളില്ലെങ്കിൽക്കൂടി എല്ലാ കമ്പോളങ്ങളിലും എത്തിയിട്ടുണ്ടു്. സോവിയററുഗവേഷകസംഘങ്ങൾ മററു വിലപിടിച്ച സാധനങ്ങളും കണ്ടുപിടിച്ചിരിക്കുന്നു: വെള്ളി, നിക്കൽ, ചെമ്പു്, ഈയം, എണ്ണ. എണ്ണക്കിണറുകളുടെ കണക്കുകൾ സൈനികരഹസ്യമാണെങ്കിലും, 1943-ൽ ആവശ്യം കഴിച്ചു വില്പനയ്ക്കു് എണ്ണയുണ്ടാകുമെന്നു മുരാറോവു പറകയുണ്ടായി. മീനും മരവും ഉപ്പും ഇനിയും മുഴ

വൻ ഉപയോഗിക്കപ്പെടാതെ സമൃദ്ധമായി കിടക്കുന്നുണ്ടു്. ഉത്തരധ്രുവത്തിലെ മഞ്ഞിൻകട്ടകൾക്കിടയിൽ സുരക്ഷിതമായിക്കിടക്കുന്ന നശിച്ചുപോയ പൌരാണികമൃഗങ്ങളുടെ തോറ്റകൾകൊണ്ടു പല സാധനങ്ങളും പണിചെയ്യുന്ന ഒരു വ്യവസായശാല യാകുത്സ്കിലെ രസകരമായ കാഴ്ചകളിൽ ഒന്നാണു്.

കൃഷിയുടെ കാര്യത്തിലും ധാരാളം കഴിവുകൾ ഉണ്ടു്. വടക്കൻപ്രദേശങ്ങളിൽ റഷ്യക്കാർ വിതയ്ക്കുന്ന ഒരുതരം ഗോതമ്പിന്റെ സാമ്പിൾ ഞാൻ കണ്ടു. കൃഷിചെയ്യാവുന്ന കാലം ചുരുങ്ങിയതാണു്. പക്ഷേ മണ്ണിന്നടിയിൽ ധാരാളം വെള്ളമുണ്ടു്. വേനൽക്കാലത്തു രാവും പകലും സൂര്യൻ പ്രകാശിക്കും.

മിക്ക കൃഷിസ്ഥലങ്ങളും—സെപ്റ്റമ്പർവരെ 97 ശതമാനവും—കൂട്ടുടമസ്ഥതയിലാക്കിയിട്ടുണ്ടു്. പണി നടത്തുന്നതു പ്രധാനമായി 'റെയിൻഡിയർ' എന്ന മൃഗത്തെക്കൊണ്ടാണു്. ട്രാക്ടർസ്റ്റേഷനിൽനിന്നു് ഇപ്പോൾ ഒട്ടധികം ട്രാക്ടറുകൾ വാടകയ്ക്കെടുത്തിട്ടുണ്ടു്. റിപ്പബ്ളിക്കിലൊട്ടാകെ നൂറ്ററുപത്തു കൊയ്ത്തുയന്ത്രങ്ങളുണ്ടു്. "ഒന്നാലോചിച്ചുനോക്കൂ, മി. വില്ക്കി, ഉത്തരധ്രുവത്തിൽ നൂറ്ററുപത്തു കൊയ്ത്തുയന്ത്രങ്ങൾ!"

വടക്കൻപ്രദേശങ്ങളിലെ മരവിച്ച ഭൂമി കൃഷിക്കുപയുക്തമാക്കുവാൻ ഇന്നു ചെറിയതെങ്കിലും ക്രമേണ അധികമായിവരുന്ന ഒരുകൂട്ടം വിദഗ്ദ്ധന്മാർ അശ്രാന്തപരിശ്രമം ചെയ്യുന്നുണ്ടു്.

ഇവർ പ്രദർശിപ്പിച്ച ഉത്സാഹവും ആത്മവിശ്വാസയും എന്നെ ഓർമ്മിപ്പിച്ചതു പാശ്ചാത്യപുരോഗതിയുടെ രസകരമായ കഥയാണ്. പത്തുവർഷത്തിന്നുശേഷം യാകുത്സ്ക് എങ്ങിനെയിരിക്കുമെന്നു കാണാനുള്ള ജിജ്ഞാസയോടുകൂടിയാണ് ഞാൻ അവിടം വിട്ടതു്.

ഞാൻ നാട്ടിൽ തിരിച്ചെത്തിയപ്പോൾ, റഷ്യയെകുറിച്ചുള്ള ഇതേ ജിജ്ഞാസ ജനങ്ങളിൽ കാണുകയുണ്ടായി. ഭയബഹുമാനസമ്മിശ്രമായ ഒരു മനോഭാവത്തോടുകൂടിയാണ് ആ രാഷ്ട്രത്തെ എല്ലാവരും വീക്ഷിക്കുന്നതു്.

എന്താണ് റഷ്യ ചെയ്യാൻ പോകുന്നതു്? അതു ലോകസമാധാനത്തെ അലട്ടുന്ന മറ്റൊരു ശക്തിയായിത്തീരുമോ? യൂറോപ്പിനെ ന്യായവും സമാധാനപരവുമായ വഴിക്കു പുനസ്സംഘടിപ്പിക്കുന്നതിന്നു വിഘാതമായ വ്യവസ്ഥകളെ യുദ്ധാവസാനത്തിൽ റഷ്യ ആവശ്യപ്പെടുമോ? അതിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ തത്വശാസ്ത്രം മറ്റു രാജ്യങ്ങളിൽ കുത്തിച്ചെലുത്തുവാൻ അതു ശ്രമം നടത്തുമോ?

തുറന്നു പറയാം, ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കാൻ ആർക്കും കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. സ്റ്റാലിന്നുതന്നെ ഇവയ്ക്കെല്ലാം മറുപടി പറയാൻ സാധിക്കുമോ എന്നു ഞാൻ ശങ്കിക്കുന്നു.

റഷ്യ എന്താണ് ചെയ്യാൻ പോകുന്നതെന്നു പറയാൻ ശ്രമിക്കുന്നതു വെറുംവിഡ്ഢിത്തമായിരിക്കും. പക്ഷേ ഇത്രയും കാര്യങ്ങൾ സത്യം മാത്രമാണെന്ന് എനിക്കുറപ്പുണ്ടു്. യു. എസ്. എസ്. ആറിൽ ഇരുപതുകോടി

ജനങ്ങളുണ്ടു്. ഒരൊററ ഗവൎമ്മെണ്ടിൻകീഴിൽ ഇത്രയധികം ഭൂമിയുള്ള ഒരു സമുദായം ലോകത്തിൽ വേറെയില്ല. അന്തമില്ലാത്തത്ര എണ്ണയും മരവും ഇരുമ്പും കല്ക്കരിയും അവൎക്കുണ്ടു്. അവയൊന്നും തന്നെ ഇതുവരെ കാൎയ്യമായി ഉപയോഗപ്പെടുത്തിയിട്ടില്ല. ആശുപത്രികൾവഴിക്കും പൊതുജനാരോഗ്യസ്ഥാപനങ്ങൾവഴിക്കും ലോകത്തിലെ ഏററവും ആരോഗ്യമുള്ള ഒരു ജനസമുദായമായി റഷ്യക്കാർ ജീവിക്കുന്നു. കഴിഞ്ഞ ഇരുപത്തഞ്ചുവൎഷങ്ങളിൽ വിപുലവും ഫലപ്രദവുമായ ഒരു വിദ്യാഭ്യാസസമ്പ്രദായംവഴി ഗണ്യമായ ഒരു ശതമാനം ജനങ്ങൾ അഭ്യസ്തവിദ്യരായിട്ടുള്ളതിന്നു പുറമേ, പതിനായിരക്കണക്കിന്നു് ആളുകൾക്കു സാങ്കേതികപരിജ്ഞാനം കിട്ടിയിട്ടുണ്ടു്. ഏററവും ഉയൎന്ന ഉദ്യോഗസ്ഥൻമുതൽ ഏററവും നിസ്സാരനായ ഫാക്ടറിത്തൊഴിലാളിവരെ റഷ്യക്കാർ സ്വന്തം നാടിനെ ആരാധിക്കുകയും അതിൻെറ ഭാവിമേന്മയെക്കുറിച്ചു സ്വപ്നംകാണുകയും ചെയ്യുന്നു.

റഷ്യയെക്കുറിച്ചു് എല്ലാ ചോദ്യങ്ങൾക്കും എനിക്കു് ഉത്തരം പറയാൻ കഴിയില്ല; പക്ഷേ ഒരു കാൎയ്യം എനിക്കറിയാം: റഷ്യയെപ്പോലെയുള്ള ഒരു ശക്തിയെ, ഒരു ചൈതന്യത്തെ, ഒരു ജനതയെ, വിലവെയ്ക്കാതെ നിവൃത്തിയില്ല. കമ്പോളങ്ങളിൽനിന്നു സാമാനം വാങ്ങുന്ന പെണ്ണുങ്ങളെപ്പോലെ, വേണ്ടാത്തതു തള്ളിക്കളഞ്ഞു വേണ്ടതുമാത്രം തിരഞ്ഞെടുക്കുന്ന ശീലം നമുക്കു കൊള്ളില്ല. നമ്മുടെ മുമ്പിൽ ഒരു മാൎഗ്ഗമേയുള്ളു: റഷ്യയുമായി ബന്ധം സ്ഥാപിക്കുക. അതുകൊണ്ടാണു് ഞാൻ സൎവ്വദാ അമേ

രിക്കക്കാരായ എന്റെ സഹോദരന്മാരോടു പറയുന്നതു്: ഒരു പൊതുശത്രുവിനെ പരാജയപ്പെടുത്തുകയെന്ന ലക്ഷ്യത്തിനുവേണ്ടി നമ്മൾ ഇരുകൂട്ടരും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ റഷ്യയുമായി അധികമധികം അടുത്തു പെരുമാറുക. അവരെക്കുറിച്ചു പഠിക്കേണ്ടതെല്ലാം നാം പഠിക്കണം. നമ്മളെക്കുറിച്ചു പഠിക്കേണ്ടതെല്ലാം അവരും പഠിക്കട്ടെ.

മറെറാരു കാൎയ്യവുംകൂടി എനിക്കറിയാം: ഭൂമിശാസ്ത്രപരമായി, വാണിജ്യത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, പല പ്രശ്നങ്ങളെക്കുറിച്ചും അഭിപ്രായൈക്യമുള്ള അമേരിക്കക്കാരും റഷ്യക്കാരും ഒരുമിച്ചു പ്രവൎത്തിക്കണം. റഷ്യയെ വ്യവസായീകരിക്കുവാൻ വളരെ അമേരിക്കൻസാമാനങ്ങൾ അവൎക്കു് ആവശ്യമുണ്ടു്. നമുക്കാവശ്യമുള്ള പല അസംസ്കൃതസാധനങ്ങൾ റഷ്യയിലുമുണ്ടു്. റഷ്യക്കാർ നമ്മെപ്പോലെതന്നെ പരിശ്രമശീലരാണു്. മുതലാളിത്തസമ്പ്രദായമൊഴിച്ചു് അമേരിക്കയിലുള്ള മറെറല്ലാം റഷ്യക്കാർ ആദരിക്കുന്നു. റഷ്യയിൽ പലതും നമുക്കും മാനിക്കേണ്ടതായിട്ടുണ്ടു് — അതിന്റെ ചൈതന്യം, അതിന്റെ വിപുലമായ സ്വപ്നങ്ങൾ, അതിന്റെ ശക്തി, അതിന്റെ ഉദ്ദേശസ്ഥിരത. ഞാൻ കമ്യൂണിസത്തിന്നെതിരാണു്. സ്വേച്ഛാധിപത്യത്തിലേയ്ക്കെത്തിക്കുന്ന എല്ലാ സിദ്ധാന്തങ്ങളുടേയും ശത്രുവാണു് ഞാൻ. പക്ഷേ കമ്യൂണിസവും പ്രജാധിപത്യവും യോജിച്ചു പ്രവൎത്തിക്കയാണെങ്കിൽ പ്രജാധിപത്യം വീണുപോകുമെന്നുള്ള ഭയത്തിന്നു ഞാൻ കാരണം കാണുന്നില്ല.

അതുകൊണ്ടു ഞാൻ ഒരിക്കൽക്കൂടി പറയട്ടെ: ലോകത്തിലെ ഏററവും ശക്തിയേറിയ രണ്ടു രാഷ്ട്രങ്ങളായ റഷ്യയും അമേരിക്കയും ലോകത്തിൻെറ സാമ്പത്തികനന്മയ്ക്കും സമാധാനത്തിനുംവേണ്ടി യോജിച്ചു പ്രവത്തിക്കാനുള്ള എല്ലാ കഴിവുകളുമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഇരുകൂട്ടരും യോജിച്ചാലല്ലാതെ അനശ്വരമായ ശാന്തിയും സാമ്പത്തികമായ ഉറപ്പും ഉണ്ടാവുകയില്ല. സ്വതന്ത്രമായ സാമ്പത്തികവും രാഷ്ട്രീയവുമായ നമ്മുടെ സ്ഥാപനങ്ങളുടെ മൌലികനീതിയിൽ എനിക്കു് അടിയുറച്ച വിശ്വാസമുള്ളതിനാൽ അവ ഈ ഐക്യത്തിൽ നശിക്കയില്ലെന്നു് എനിക്കു വിശ്വാസമുണ്ടു്.

## ൯. അഞ്ചുകൊല്ലമായി ചൈന സമരംചെയ്യുന്നു.

ഈ ലോകയുദ്ധത്തിൽ യഥാത്ഥവിജയം കൈവരണമെങ്കിൽ, പൂവ്വപ്രദേശങ്ങളിലെ ജനങ്ങളെ നാം വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. യൂറോപ്പിലെ യുദ്ധത്തിൻെറ ഒരപ്രധാനഭാഗം മാത്രമല്ല ഏഷ്യയിലെ പടക്കളം എന്നു് ആദ്യത്തെ കൊല്ലത്തെ സംരംഭങ്ങളിൽനിന്നുതന്നെ അമേരിക്കക്കാക്കു മനസ്സിലായിട്ടുണ്ടു്. വിസ്തീണ്ണമായ ഈ ഭൂവിഭാഗത്തിൽ എന്തെല്ലാം ശക്തികളാണു് പ്രവത്തിക്കുന്നതെന്നു് അറിഞ്ഞാൽ മാത്രമേ ലോകസമാധാനം സുരക്ഷിതമാക്കാൻ നമുക്കു കഴികയുള്ളൂ. നമ്മുടെ ബന്ധുക്കളാരെല്ലാമാണെന്നറിഞ്ഞു് അ

വരെ നാം ആത്മാൎത്ഥമായി സഹായിക്കണം. ഇക്കാൎയ്യത്തിൽ ലോകത്തെക്കുറിച്ചു നമുക്കുള്ള പരമ്പരാഗതമായ പല തെററിദ്ധാരണകളും കൈവെടിയേണ്ടിയിരിക്കുന്നു.

പൂൎവ്വപ്രദേശങ്ങളുമായുള്ള നമ്മുടെ നൂതനസംബന്ധം എനിക്കു മനസ്സിലായതുകൊണ്ടാണ് ഞാൻ ചൈനയിലേയ്ക്കു പോകാൻ തീരുമാനിച്ചതു്. ഈ യാത്രയെപ്പററി ഞങ്ങൾ വാഷിങ്ടണിൽവെച്ചു കൂടിയാലോചിച്ചപ്പോൾ, ഞാൻ ഇന്ത്യയിൽ പോകാൻ പാടില്ലെന്നുള്ള പ്രസിഡണ്ടിൻെറ നിൎദ്ദേശംമൂലം ഉത്ഭവിച്ച ഗതാഗത സൌകൎയ്യങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ എന്നെ തടസ്ഥപ്പെടുത്തിയേയ്ക്കുമോ എന്നു തോന്നി. പക്ഷേ ന്യൂയോൎക്ക് വിട്ടപ്പോഴേയ്ക്കും ഈ കുഴപ്പങ്ങൾ തീൎന്നിരുന്നു.

ഞാൻ യാത്രതുടങ്ങുന്നതിന്നു കുറച്ചു ദിവസം മുമ്പു വാഷിങ്ടണിൽവെച്ചു ചൈനയിലെ വിദേശകാൎയ്യമന്ത്രിയായ ടി. വി. സൂങ്ങുമായി സംസാരിക്കയുണ്ടായി. തൻെറ രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തികവും സൈനികവുമായ ബുദ്ധിമുട്ടുകളെക്കുറിച്ചും സഖ്യശക്തികളുടെ യുദ്ധപരിശ്രമങ്ങൾ കേന്ദ്രീകരിക്കേണ്ടുന്നതിൻെറ ആവശ്യത്തെസ്സംബന്ധിച്ചും സൂങ്ങ് തുറന്നു സംസാരിച്ചു. അങ്ങിനെയുള്ള ഒരു യുദ്ധതന്ത്രംകൊണ്ടുമാത്രമേ ചൈനയെ സഹായിക്കാൻ കഴികയുള്ളുവെന്നും ഹിററ്ലറും ടോജോവും നിൎമ്മിക്കുന്ന പ്ലാനുകളോളംതന്നെ വിപുലമായ തോതിൽ പ്രജാധിപത്യശക്തികളിൽ അന്തൎല്ലീനമായിക്കിടക്കുന്ന വമ്പിച്ച ശക്തിയെ സംഘടിപ്പിക്കാൻ സാധിക്കയുള്ളുവെന്നും അദ്ദേഹം വിശ്വസിച്ചു.

ഞാൻ അദ്ദേഹത്തിൻെറ അഭിപ്രായത്തോടു യോജിക്കുന്നു. എന്നാൽ എൻെറ ചൈനാസന്ദർശനമോ, ചൈനയെയും റഷ്യയെയും ബ്രിട്ടനോടും അമേരിക്കയോടും ബന്ധപ്പെടുത്തിക്കൊണ്ടു് ഏകീകൃതസമരപരിപാടി രൂപീകരിക്കാനുള്ള പരിശ്രമങ്ങളുടെ ഇതുവരെയുള്ള ചരിത്രമോ എൻെറ ആശയെ ശോഭനമാക്കുന്നില്ല. ഒരു ഒന്നാംകിടസ്സമരവും ഒരു രണ്ടാംകിടസ്സമരവുമായി ഈ യുദ്ധത്തെ തരംതിരിക്കാൻ നമ്മുടെ നേതാക്കളിൽപ്പലരും കാണിക്കുന്ന വാസന എന്നെ ഭയപ്പെടുത്തുന്നുണ്ടു്. എൻെറ കിഴക്കൻയാത്രയോടുകൂടി ഈ പ്രശ്നത്തെക്കുറിച്ചുള്ള എൻെറ സംശയങ്ങളെല്ലാം തീൎന്നിരിക്കുന്നു. ഏഷ്യയിൽ ചൈനക്കാരോടും, അതുപോലെതന്നെ ബ്രിട്ടീഷുകാരോടും റഷ്യക്കാരോടും, യൂറോപ്പിലെ കീഴടക്കപ്പെട്ട രാജ്യങ്ങളോടും പരിപൂൎണ്ണമായും യോജിച്ചു പ്രവൎത്തിക്കുന്നതിലൂടെയല്ലാതെയുണ്ടാകുന്ന വിജയം ഒരിക്കലും യഥാൎത്ഥമായിരിക്കയില്ല.

ഒരു ആംഗ്ലോ-അമേരിക്കൻമേല്ക്കോയ്മയാണു് ഭാവിയിൽ ലോകത്തെ നിയന്ത്രിക്കാൻ പോകുന്നതെന്നു വിശ്വസിക്കുന്ന അനവധി ആളുകളുണ്ടെന്നു് എനിക്കറിയാം. ജൎമ്മനിയുടെ ശക്തി വേണ്ടത്ര ക്ഷയിക്കുന്ന അവസരത്തിൽ ബ്രിട്ടനും അമേരിക്കയും പടിഞ്ഞാറൻയൂറോപ്പിനെ ആക്രമിക്കും, മദ്ധ്യപൂൎവ്വപ്രദേശങ്ങൾ കീഴടക്കും. നാം പശ്ചിമയൂറോപ്പു പിടിച്ചടക്കി, കീഴടക്കപ്പെട്ട ജനങ്ങളെ നമ്മുടെ ജീവിതരീതിയുടെ പിന്നിൽ അണിനിരത്തി, റഷ്യയുടെ മുന്നോട്ടുള്ള ഗതിയെയും ഭാവിമേല്ക്കോ

യ്മയെയും തടയും. ഇതുപോലെതന്നെ ഹിററ്ലറെ പരാജയപ്പെടുത്തിയതിന്നുശേഷം ചൈനയുടെ ചുരുങ്ങിയ സഹായത്തോടുകൂടി ജപ്പാനെ നശിപ്പിക്കും. ഭാവിലോകത്തിൻെറ സമാധാനത്തിനും, സംരക്ഷയ്ക്കും അനുരൂപമായ രീതിയിൽ, യുദ്ധം കഴിഞ്ഞാൽ ബലഹീനമെങ്കിലും സ്വതന്ത്രമായ ഒരു ചൈനയോടു് അനുകമ്പാപുരസ്സരം പെരുമാറുകയും പൂൎവ്വപ്രദേശത്തിൻെറ നന്മയ്ക്കാത്തവണ്ണം ഏഷ്യയിലെ ശക്തികളെ പാശ്ചാത്യരാഷ്ട്രങ്ങൾ നിയന്ത്രിക്കയും ചെയ്യും. ഇതാ, ഇങ്ങിനെ പോകുന്നു ഇക്കൂട്ടരുടെ ചിന്താഗതി. ബ്രിട്ടൻേറയും അമേരിക്കയുടേയും ശക്തിയാൽ സംരക്ഷിക്കപ്പെട്ടുകൊണ്ടു്, ഒരു ആംഗ്ലോ-അമേരിക്കൻരക്ഷാകൎത്തൃത്വത്തിൻെറ കീഴിൽ ലോകത്തിലെ സൈനികമായ തന്ത്രസ്ഥാനങ്ങളും വാണിജ്യകേന്ദ്രങ്ങളും കിഴക്കും പടിഞ്ഞാറുമുള്ള ജനങ്ങൾക്കുവേണ്ടി സൂക്ഷിക്കപ്പെടുമെന്നാണു് അവർ വിചാരിക്കുന്നതു്. അങ്ങിനെ പാശ്ചാത്യരുടെ സാംസ്കാരികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങൾ നിലനിൎത്തുകയും സമാധാനം സ്ഥാപിക്കയും, പ്രജാധിപത്യത്തെയും നന്മയെയും കുറിച്ചു നമുക്കുള്ള ഉന്നതമായ നിലവാരത്തിലേയ്ക്കു ലോകത്തെ ഉയൎത്തുകയും ചെയ്യും.

ഈ വാദം അയഥാൎത്ഥമാണു്. അത്ലാന്തിക്കുരേഖ കിഴക്കൻപ്രദേശങ്ങളിലെ ജനങ്ങളെക്കൂടി ബാധിക്കുന്നതായിക്കൊണ്ടുള്ള പ്രസിഡണ്ടു റൂസ്‌വെൽട്ടിൻെറ — മി. വിൻസ്റ്റൺ ചൎച്ചിലിൻെറയല്ല — പരിശുദ്ധമായ പ്രസ്താവനകൾ നിങ്ങൾ വിലവെയ്ക്കാതിരിക്കയാണെങ്കിൽ

ലോകത്തിലെങ്ങും ഞങ്ങൾ പ്രചരിപ്പിക്കാൻ വിചാരിക്കു ന്നനാലു സ്വാതന്ത്ര്യങ്ങൾ നിങ്ങൾ മാനിക്കാതിരിക്കയാ ണെങ്കിൽ, ഇരുനൂറുകോടിജനങ്ങളുടെ ആശയെ നി ങ്ങൾ വിസ്മരിക്കയാണെങ്കിൽ, ഈ വാദം ശരിയാണ്.

ജപ്പാൻെറ യഥാൎത്ഥോദ്ദേശങ്ങളും കഴിവുകളും പൂൎവ്വ പ്രദേശത്തിലെ ജനങ്ങളുടെയിടയിൽ വളൎന്നുവരുന്ന രാ ഷ്ട്രീയബോധത്തെ ഉപയോഗപ്പെടുത്താനുള്ള അതിൻെറ പരിശ്രമങ്ങളും മനസ്സിലാക്കാതെയാണ് നാം കഴിഞ്ഞ വളരെ കൊല്ലങ്ങൾ ജീവിച്ചത്. ഇതിൻെറ ഫലമായി നാം ജപ്പാൻെറ ശക്തിയെ ലഘൂകരിച്ചുവെന്നുമാത്രമ ല്ല, കിഴക്കൻപ്രദേശങ്ങളിൽ വളൎന്നുവരുന്ന ശക്തികളെ അവഗണിക്കയും ചെയ്തു. ജപ്പാൻ ഒരു സാമ്രാജ്യം കെട്ടി പ്പടുക്കുവാൻ ശ്രമിക്കുന്നുണ്ടെന്നു നമുക്ക് അവ്യക്തമായി അറിയാമായിരുന്നുവെങ്കിലും, ആ സാമ്രാജ്യം നിൎമ്മി ക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അതെത്രമാത്രം വിസ്തൃതമാ കുമായിരുന്നു എന്നു നാം ഇപ്പോൾമാത്രമാണ് മനസ്സി ലാക്കാൻ തുടങ്ങിയത്.

ഇപ്പോഴിതാ ജപ്പാൻെറ സ്വപ്നങ്ങൾ നമ്മുടെ ക ൺമുമ്പിൽ യഥാൎത്ഥരൂപം കൈക്കൊള്ളുവാൻതുടങ്ങി. ജ പ്പാൻപ്ലാനിട്ടിരുന്ന സാമ്രാജ്യത്തിൻെറ വലിയൊരുഭാഗം അവർ പിടിച്ചടക്കിക്കഴിഞ്ഞിരിക്കുന്നു. കൊറിയയ്ക്കും മ ഞ്ചൂറിയയ്ക്കും പുറമേ അവർ ചൈനയുടെ കടൽത്തീരം മുഴുവൻ നിയന്ത്രിക്കുന്നു. ഫിലിപ്പൈൻസിൽ മിക്കഭാഗ വും അവരുടെ കീഴിലാണ്. ഈസ്റ്റ് ഇൻഡീസു മുഴുവനും അവർ കൈവശപ്പെടുത്തിയിരിക്കുന്നു. അവർ ബൎമ്മ

യിൽ പകുതി സ്ഥലങ്ങളും കയ്യേറി ബർമ്മാറോഡു മുറി ച്ചിരിക്കുന്നു. ഇന്ത്യാസമുദ്രത്തിൻെറ കിഴക്കൻഭാഗങ്ങൾ കരസ്ഥമാക്കി അവർ ഇപ്പോൾ കല്ക്കത്തയുടെ പടിവാതില്ക്കൽ വന്നു മുട്ടുകയാണു്.

അവരുടെ സംരംഭങ്ങൾ പൂർത്തീകരിക്കയാണെങ്കിൽ ലോകത്തിൻെറ തലയിലെഴുത്തു് എന്തായിരിക്കുമെന്നു മനസ്സിലാക്കത്തക്കവിധം അവർ വേണ്ടത്ര മുന്നോട്ടു പോയിക്കഴിഞ്ഞിട്ടുണ്ടു്. ഇന്ത്യ നമുക്കു നഷ്ടപ്പെട്ടാൽ—ചൈനയ്ക്കുള്ള എല്ലാ സഹായങ്ങളും തടയപ്പെട്ടു് അതു ശ്വാസംമുട്ടി കീഴടങ്ങിയാൽ—ഇതെല്ലാം നടക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ ഇതൊന്നും സംഭാവ്യമല്ലെന്നു വാദിക്കുന്നതു മുമ്പു പററിയ ഭയങ്കരത്തെററുകൾ ആവർത്തിക്കുക മാത്രമായിരിക്കും.

ഇതെല്ലാം നടക്കുകയാണെങ്കിൽ ലോകത്തിൽ ഏററവും വലിയ ഒരു സാമ്രാജ്യത്തിൻെറ സ്ഥാപനം നമുക്കു കാണേണ്ടിവരും. ഒരു കോടി അമ്പതുലക്ഷം ചതുരശ്രനാഴിക വിസ്താരമുള്ളതും നൂറുകോടി ജനങ്ങൾ അധിവസിക്കുന്നതുമായ ഒരു സാമ്രാജ്യം. ലോകത്തിൻെറ മൂന്നിലൊരു ഭാഗം വിസ്താരമുള്ളതും ലോകത്തിലെ ജനസംഖ്യയിൽ പകുതി താമസിക്കുന്നതുമായ ഒരു സാമ്രാജ്യം—ഇതാണു് ജപ്പാൻെറ സ്വപ്നം.

കൂടാതെ എല്ലാ വിഭവങ്ങളും ഈ സാമ്രാജ്യത്തിനകത്തുണ്ടാവും. യുദ്ധകാലത്തായാലും സമാധാനകാലത്തായാലും ഇതു സ്വയംസമ്പൂർണ്ണമായിരിക്കും. ഫിലിപ്പൈൻസിൽനിന്നു് ഇരിമ്പു്; ബർമ്മയിൽനിന്നും ഫിലിപ്പൈൻ

സിൽനിന്നും ചെമ്പ്; മലയായിൽനിന്നു ടിൻ; പല ദ്വീപുകളിൽനിന്നും എണ്ണ; ക്രോം, അലുമിനിയം, മാൻഗനീസ്, ആൻററിമണി, ആവശ്യത്തിലധികം റബ്ബർ; —ഇങ്ങിനെ സംഭവിക്കയാണെങ്കിൽ അമേരിക്കയല്ല സമൃദ്ധമായ ഭൂമിയെന്ന് അറിയപ്പെടുക, നേരേമറിച്ച 'ഗ്രേററർ ഈസ്റ്റ് ഏഷ്യാ കോ പ്രോസ്പരിററി സ്ഫിയർ' എന്നു വിളിക്കപ്പെടുന്ന സ്ഥലമായിരിക്കും.

അമേരിക്കൻജനതയുടെ ധീരതയിലും ശേഷിയിലും ഭാവിയിലും എനിക്ക് ഉറച്ച വിശ്വാസമുണ്ട്. ഇത്ര വമ്പിച്ച ഒരു സാമ്രാജ്യത്തിൻെറ നിഴലിൽ നമ്മുടെ ജീവിതം ആയുധമേന്തിയ ഒരു സൈനികത്താവളത്തിനെക്കാൾ ഒട്ടുമധികം സുഖകരമായിരിക്കയില്ല; നമ്മുടെ അഭിമാനസർവ്വസ്വമായ സ്വാതന്ത്ര്യം സ്വപ്നതുല്യമായിത്തീരുകയും ചെയ്യും. നാം സർവ്വദാ ഭയപരവശരായി, അവസാനമില്ലാത്ത യുദ്ധത്തിലേർപ്പെട്ടുകൊണ്ട്, ആയുധങ്ങളുടെ ഒഴുക്കിൽപ്പെട്ട്, അവ നിരന്തരം വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമത്തിൽ മുങ്ങി, ജീവിതം നയിക്കേണ്ടിവരും. ആത്മരക്ഷയ്ക്കുവേണ്ടിയുള്ള ഈ സമരത്തിൽ സമാധാനമോ സമൃദ്ധിയോ സ്വാതന്ത്ര്യമോ നീതിയോ വളരുകയില്ല. ശാന്തസമുദ്രത്തിൻെറ വീതി കുറവോ കൂടുതലോ എന്നു ചിന്തിച്ചിട്ടു പ്രയോജനമുണ്ടായിരിക്കയില്ല.

ഈ നാശത്തെ നാം തടയുമെന്നു ഞാൻ വിശ്വസിക്കുന്നു. സമയം തെററുന്നതിനു മുമ്പു പിന്നേയും പിന്നേയും ഊക്കോടുകൂടി ആഞ്ഞടിച്ച് ഇതിനെ നാം തടയുമെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ അടിച്ചതുകൊണ്ടു

മാത്രമായില്ല; പൂർവ്വപ്രദേശങ്ങളിലെ സംഭവവികാസങ്ങളെക്കുറിച്ചു നാം കൂടുതൽ പഠിക്കണം—അവിടത്തെ ജനങ്ങളുടെ അഭിപ്രായങ്ങൾ, അവരുടെ ചിന്താഗതിയിൽ വന്ന മാററങ്ങൾ, വെള്ളക്കാരൻെറ ആധിപത്യത്തിലും പാശ്ചാത്യസാമ്രാജ്യത്തിലും അവൎക്കുള്ള അവിശ്വാസം, അവരുടെ സ്വാതന്ത്ര്യതൃഷ്ണ. ആദർശങ്ങൾ തമ്മിലുള്ള ഒരു സംഘട്ടനമാണ് ഈ യുദ്ധമെന്നു നാം പറയാറുണ്ട്. എന്നാൽ ഉത്തരാഫ്രിക്കയിലും കിഴക്കും നമ്മുടെ നടപടി പലപ്പോഴും പഴയ അധികാരവാദത്തിന്നനുസരിച്ചും, സൈനികപ്രവൎത്തനങ്ങൾ പ്രായോഗികമെന്നു തോന്നുന്നവിധം അവസരോചിതമായ രീതിയിലും നടത്തുകയാണ് ചെയ്യുന്നത്. യുദ്ധത്തിൻെറ ഉദ്ദേശങ്ങളെയും ആദർശങ്ങളെയും നാം പലപ്പോഴും വിസ്മരിക്കുന്നു. ചൈനീസ് ജനതയുടെ അഞ്ചുവൎഷത്തെ ഹൃദയഭേദകമായ എതിൎത്തുനില്പില്ലായിരുന്നുവെങ്കിൽ ജപ്പാൻെറ വമ്പിച്ച സാമ്രാജ്യത്തെ പരാജയപ്പെടുത്തുന്നതിന്നു ദുസ്സാധമാകത്തക്കവിധം സമയം വൈകിപ്പോകുമായിരുന്നു എന്ന വസ്തുത നാം വേണ്ടത്ര ഓൎക്കുന്നില്ല.

ആ ധീരസമരം നമ്മുടെ സംസ്കാരത്തിന്നൊട്ടാകെ എത്രമാത്രം പ്രാധാന്യമുള്ളതായിരുന്നുവെന്നു ചുരുക്കം പേർ മാത്രമേ മനസ്സിലാക്കിയിരുന്നുള്ളുവെന്നതോൎക്കുമ്പോൾ, അമേരിക്കക്കാൎക്കു കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ ചരിത്രത്തിലേക്കു വേദനയോടുകൂടി മാത്രമേ തിരിഞ്ഞുനോക്കാൻ കഴിയൂ. ചൈനയിലെ ഈ സമരത്തിന്നു നേതൃത്വം കൊടുത്തു നടത്തിയ ആളുകളുമായി സംസാ

രിക്കുന്ന അവസരത്തിൽ ഞാൻ വ്യസനത്തോടുകൂടിയേ ഈ സംഗതി ആലോചിക്കാറുള്ളു. ചൈനയ്ക്കു നാം വേണ്ടത്ര സഹായം അയച്ചില്ലെന്നു മാത്രമല്ല, ചൈന ചെയ്ത സ്തുത്യർഹമായ സമരത്തിന്റെ പ്രാധാന്യത്തെ നാം മനസ്സിലാക്കുകകൂടിച്ചെയ്തില്ല. അന്ന്, കററതിരിഞ്ഞു നില്ക്കാമെന്ന വ്യാമോഹത്തോടുകൂടി നാം പരസ്പരം കലഹിച്ചുകൊണ്ടിരുന്നു. ആ തെററു തിരുത്താനുള്ള ഒരു ഭയങ്കരസമരത്തിൽ നാം ഇപ്പോൾ ഏർപ്പെട്ടിരിക്കയാണ്. നമുക്ക് ആ തെററു തിരുത്തുകതന്നെ വേണം.

ഭാവിയെക്കുറിച്ചുള്ള ചൈനയുടെ വീക്ഷണഗതി ജപ്പാന്റേതിനു വിപരീതമാണ്. അവർക്കു സാമ്രാജ്യദുർമ്മോഹമില്ല. വിസ്തൃതവും മനോഹരവുമായ സ്വന്തം മാതൃഭൂമിയെ രക്ഷിച്ച് അഭിവൃദ്ധിപ്പെടുത്താൻ മാത്രമാണ് അവർ നോക്കുന്നത്. കിഴക്കൻപ്രദേശങ്ങളിൽ ഇളകിവരുന്ന പുതിയ ശക്തികളെ സ്വന്തം സ്വാതന്ത്ര്യത്തിനും മററു ജനവിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി അണിനിരത്തുവാനാണ് അവർ ആഗ്രഹിക്കുന്നത്. അതേശക്തികളെ ജപ്പാൻ സ്വന്തം സാമ്രാജ്യദുർമ്മോഹത്തെ തൃപ്തിപ്പെടുത്തുവാനാണ് ഉപയോഗിക്കുന്നത്.

വിസ്താരവും ജനസംഖ്യയും നോക്കുമ്പോൾ ചൈന അമേരിക്കയെക്കാളധികം വലുതാണ്. രാജ്യത്തിൽ ധാരാളം വിലപിടിച്ച ഉൽപന്നങ്ങളുണ്ട്. എങ്കിലും അതു സ്വന്തംസമ്പൂർണ്ണമല്ല. നമ്മളും അങ്ങിനെയല്ലല്ലോ. ഇതിനെപ്പററി ചീനക്കാർക്ക് ഉല്ക്കണ്ഠയില്ല. ഇതു ലോകത്തെ കീഴടക്കാൻ നമ്മെക്കാൾ കൂടുതൽ ഒട്ടും അവരെയും

പ്രേരിപ്പിക്കുന്നില്ല. ഏകാധിപതികളുടെ ഒരു മിഥ്യാവാദമാണ് സ്വയംസമ്പൂൎണ്ണതയെന്നതു്. പെൻസിൽവേനിയയെ ആശ്രയിക്കാതെ ന്യൂയോൎക്കിനു കഴിയേണ്ട ആവശ്യമില്ലാത്തതുപോലെ, ഒരു പ്രജാധിപത്യലോകത്തിൽ ഒരു രാഷ്ട്രത്തിനു സ്വയംസമ്പൂൎണ്ണമായിരിക്കേണ്ടതില്ല.

വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചും പ്രജാധിപത്യത്തെക്കുറിച്ചും ചൈനക്കാരുടെ ആദൎശങ്ങൾ നമ്മുടേതുപോലെതന്നെയാവണമെന്നു നാം പ്രതീക്ഷിക്കേണ്ട. അവരുടെ ആശയങ്ങളിൽ ചിലതു വിപ്ലവകരവും ചിലതു പൌരാണികവുമായി നമുക്കു തോന്നിയേക്കാം. നമ്മുടെ ചില ആചാരങ്ങൾ അവരുടെ കണ്ണിൽ വിഡ്ഢിത്തമായിത്തോന്നുന്നുണ്ടെന്നു നാമോൎക്കണം. തങ്ങളുടെ സുഖത്തിനും നന്മയ്ക്കുംവേണ്ടി തങ്ങളുടെ ജീവിതം തങ്ങൾക്കിഷ്ടമുള്ള രീതിയിൽ നിയന്ത്രിക്കാനുള്ള സ്വാതന്ത്ര്യം ചൈനക്കാർ ആവശ്യപ്പെടുന്നുണ്ടെന്നുള്ള വാസ്തവത്തിന്റെ നേരെമാത്രമാണ് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു്.

അമേരിക്കയും ചൈനയും തമ്മിലും ബ്രിട്ടനും ചൈനയും തമ്മിലും അടുത്തു നടന്ന ഉടമ്പടികളിൽ, തങ്ങളുടെ അവകാശങ്ങൾ ഉപേക്ഷിച്ചതു്, സ്വാതന്ത്ര്യം നേടാനുള്ള ചൈനയുടെ തീരുമാനത്തെ അംഗീകരിക്കുന്നതിലേക്കുള്ള ആദ്യത്തെ ചവിട്ടുപടിയാണ്. അമേരിക്കയിലുള്ള ചൈനക്കാർ അമേരിക്കൻനിയമങ്ങൾക്കു വിധേയരാണെന്നതുപോലെതന്നെ, ചൈനയിൽ ജീവിക്കുന്ന അമേരിക്കക്കാരും ഇംഗ്ലീഷുകാരും ചൈനീസുനി

യമങ്ങൾക്കും കോടതികൾക്കും ഇനിമേൽ വിധേയരായിരിക്കും. പക്ഷേ ഈ സന്ധിയോടുകൂടി ഈ പ്രശ്നം അവസാനിച്ചുവെന്നു വിചാരിക്കരുതു്. ചൈനയിലെ ജനങ്ങൾക്കു വാണിജ്യം നടത്താനുള്ള ഏററവും വലിയ തുറമുഖങ്ങളിൽ ഒന്നായ ഹോങ്ങ്കോങ്ങിനെ ഇപ്പോഴും ബ്രിട്ടൻ അവകാശപ്പെടുന്നുണ്ടു്. ഷാങ്ങ്ഹായിലെ സർവ്വരാജ്യസെററിൽമെൻററിൽ അമേരിക്കക്കാർക്കും മററു രാജ്യക്കാർക്കുമുള്ള അവകാശങ്ങൾപോലെ, ചൈനക്കാരുടെ പരിപൂർണ്ണ സ്വാതന്ത്ര്യത്തിന്നു തടസ്ഥമായി നില്ക്കുന്ന വിദേശീയർക്കുള്ള അവകാശങ്ങളുടേയും ആനുകൂല്യങ്ങളുടെയും ഒരടയാളമാണു് ഹോങ്ങ്കോങ്ങു്.

നിർഭാഗ്യവശാൽ ഇന്നും വളരെ അമേരിക്കക്കാർ ചൈനയെ ഒരു ജനസമുദായമായിട്ടല്ല, നിർജ്ജീവമായ ഒരു മാംസപിണ്ഡമായിട്ടാണു് കാണുന്നതു്. ഇക്കൂട്ടർ അമ്പതുലക്ഷം ചൈനക്കാരുടെ മരണം അമ്പതുലക്ഷം പാശ്ചാത്യരുടെ മരണത്തോളംതന്നെ വിലപിടിച്ചതായി വിചാരിക്കുന്നില്ല. കിഴക്കൻപ്രദേശങ്ങളിൽ വളർന്നുവരുന്ന ഉണർവ്വാണു് ഇന്നു ലോകത്തിൽ നടക്കുന്ന ഏററവും പ്രധാനമായ ഒരു സംഗതി. സൈനികമായി നാം യുദ്ധത്തിൽ വിജയികളായാലും ഈ ബോധത്തെ നമുക്കു നേരിടേണ്ടതായിവരും. ഉയർന്നുവരുന്ന ഈ ശക്തികളെ സർവ്വരാജ്യസഹകരണത്തിന്നും സമാധാനത്തിന്നും സാമ്പത്തികരക്ഷയ്ക്കുംവേണ്ടി നമുക്കു് ഉപയോഗപ്പെടുത്താം. ഈ ശക്തികളെ അവഗണിക്കയാണെങ്കിൽ അവ ലോകത്തെ അലട്ടിക്കൊണ്ടേയിരിക്കും.

## ൭. ചൈനയുടെ വ്യവസായീകരണം

എന്റെ ഈ പ്രഥമസന്ദർശനാവസരത്തിൽ ഞാൻ ചൈനയിൽ പ്രവേശിച്ചതു് 'ഉടമ്പടിത്തുറമുഖ'മെന്നു വിളിക്കപ്പെടുന്നിടത്തിലൂടെയല്ല, ചൈനയുടെ പുരോഭാഗത്തു വടക്കുപടിഞ്ഞാറുള്ള വിശാലമായ ഉൾപ്രദേശംവഴിക്കാണെന്നുള്ളതു് എനിക്കു് ഉന്മേഷകരമായ ഒരു വസ്തുതയാണു്. മതപരിവർത്തനത്തിനും ചൂഷണത്തിനും പരിഹാസത്തിനും പാത്രമായ ഒരു പ്രാകൃതരാജ്യമായി പാശ്ചാത്യരാഷ്ട്രങ്ങൾ ചൈനയെ കണക്കാക്കിയിരുന്ന ആ കാലഘട്ടത്തിന്റെ അടയാളങ്ങളാണു് ആധുനികചീനക്കാരുടെ ദൃഷ്ടിയിൽ ഈ ഉടമ്പടിത്തുറമുഖങ്ങൾ. അവയെല്ലാം ഇന്നു ജപ്പാന്റെ കൈവശമാണു്. ഷാങ്ഹായും ഹോങ്കോങ്ങും കാന്റനും മനോഹരമായ നഗരങ്ങളായിരിക്കാം. എന്നാൽ അവയുടെ പേരുകൾപോലും, ചൈനീസ്റിപ്പബ്ലിക്കിന്റെ ജനയിതാവായ സൺയാട്സൺ പറഞ്ഞതുപോലെ, "മനുഷ്യസമുദായത്തിലെ മററുള്ളവർ കത്തിയും പാത്രവുമുപയോഗിക്കുമ്പോൾ നാം മത്സ്യവും മാംസവുമായി" കഴിഞ്ഞിരുന്നദിവസങ്ങളെ ഓർമ്മിപ്പിക്കുന്നവയാണു് ചൈനക്കാർക്കു്.

ഞാൻ ആദ്യം ഇറങ്ങിയതു 'ടിഹ്വ'യിലാണു്. റഷ്യക്കാർ ഈ സ്ഥലത്തിനെ 'ഉറുംചി' എന്നു വിളിക്കുന്നു. സിൻകിയാങ്ങ് അല്ലെങ്കിൽ ചൈനീസ് കിഴക്കൻതുർക്കിസ്ഥാൻ എന്ന സംസ്ഥാനത്തിന്റെ തലസ്ഥാനനഗരിയാണിതു്. സൈബീരിയയിൽ ടാഷ്കെന്ററിൽനിന്നു

ഞങ്ങളുടെ വിമാനം ഒററദിവസംകൊണ്ടാണ് പറന്നത്. 'ഇചീ'നദിയുടെ താഴ്വാരത്തിലൂടെയാണ് ഞങ്ങൾ യാത്രചെയ്തത്. ഇതു ലോകത്തിൽ ഏററവും ഉന്നതങ്ങളായ ചില പൎവ്വതനിരകളുടെ—ടീൻഷാൻ, ആൾടായി എന്നീപൎവ്വതങ്ങൾ—ഇടയിലൂടെ ഒഴുകുന്നു. വളരെ മണിക്കൂറുകൾ ഞങ്ങൾ വിജനമായ മരുഭൂമിയുടെ മീതെ സഞ്ചരിച്ചു. അവിടം ഞാൻ കണ്ടിട്ടുള്ള മറേറതു ഭൂപ്പരപ്പിനോളംതന്നെ രമണീയമാണ്. ചീനക്കാരാൽ സിൻകിയാങ്ങ് അല്ലെങ്കിൽ 'പുതിയ രാജ്യം' എന്നു വിളിക്കപ്പെടുന്ന, മുന്തിരിങ്ങയും തണ്ണിമത്തനും നിറഞ്ഞു ഫലപുഷ്ടിയേറിയ ആ പ്രദേശത്തിൽ ഞങ്ങൾ ഇറങ്ങി.

ഫ്രാൻസിന്റെ രണ്ടിരട്ടിയുണ്ട് സിൻകിയാങ്ങ്. അമ്പതുലക്ഷത്തിൽ താഴെയുണ്ട് ജനസംഖ്യ. ചൈനയിലെ ഏററവും വലിയതും വിഭവസമൃദ്ധവുമായ സംസ്ഥാനമാണിതു്. ഭൂമിശാസ്ത്രപരമായി മാത്രമല്ല, രാഷ്ട്രീയമായും ഇതു് ഏഷ്യയുടെ ഹൃദയത്തിനടുത്താണ് കിടക്കുന്നതു്. ഇവിടെയാണല്ലോ റഷ്യയും ചൈനയും കൂട്ടിമുട്ടുന്നതു്. അമേരിക്കക്കാരിൽ ഭൂരിപക്ഷവും കേട്ടിട്ടുപോലുമില്ലാത്ത ഈ പ്രദേശത്തിൽ നടക്കുന്ന സംഭവങ്ങൾ കാലാന്തരത്തിൽ നമ്മുടെ ചരിത്രത്തെ സാരമായി ബാധിച്ചേയ്ക്കും.

കഴിഞ്ഞ ഒരു തലമുറക്കാലത്തു ചുരുക്കം വിദേശീയർ മാത്രമേ ഇവിടെ കാലെടുത്തുകുത്തിയിട്ടുള്ളു. ഒരു വൎഷം മുമ്പുവരെ ചൈനയും മോസ്കോവും തമ്മിൽ ബന്ധിച്ചിരുന്ന ചൈനീസ്-റഷ്യൻവിമാനമാൎഗ്ഗംവഴി വളരേ കുറച്ചു് ഇംഗ്ലീഷുകാരോ അമേരിക്കക്കാരോ മാത്രമേ

സിൻകിയാങ്ങിലൂടെ കടന്നുപോയിട്ടുള്ളുവെന്നു ടിഹ്വയിൽവെച്ച് എൻറ ചൈനീസ്സ്വാതിഥേയന്മാർ പറയുകയുണ്ടായി. ഈ ചുരുക്കം സഞ്ചാരികൾപോലും തലസ്ഥാനനഗരിയായ ടിഹ്വയിൽ ഇറങ്ങുന്നതിന്നു പകരം ഹാമി എന്ന ഒരു ചെറിയ പട്ടണത്തിലാണ് ഇറങ്ങാറ്; ഇവിടം കൂടുതൽ നല്ല ഒരു വിമാനസങ്കേതമാണ്.

അഭിമാനിക്കത്തക്കതായി ടിഹ്വാനഗരത്തിൽ അധികമൊന്നുമില്ല. ചേറു നിറഞ്ഞു്, ഉറങ്ങിക്കിടക്കുന്ന ഒരു ചെറിയ സ്ഥലം. തെരുവീഥിയിലെ ബോർഡുകൾ റഷ്യൻഭാഷയിൽ എഴുതപ്പെട്ടിരുന്നു. സർക്കാർ ചൈനക്കാരുടെവകയാണ്. ജനങ്ങൾ തുർക്കികളാണ്—ചൈനയുടെ അതിർത്തിക്കകത്തു താമസിക്കുന്ന രണ്ടുകോടി മുസൽമാന്മാർ.

ഏഷ്യയിലെ ഏററവും നല്ല തണ്ണിമത്തങ്ങയും ഞാൻ തിന്നിട്ടുള്ള മറേറതിനോടും കിടപിടിക്കത്തക്ക രുചികരമായ കുരുവില്ലാത്ത മുന്തിരിങ്ങയും ഇവിടെയുണ്ടാകുന്നു. ചുററുമുള്ള മലകളിൽ ലോഹങ്ങൾ വിളയുന്നു. ജലസേചനംകൊണ്ടു ഭക്ഷണസാധനങ്ങൾ ഉണ്ടാകുന്നു. കമ്പിളിമാത്രമാണ് പ്രധാനമായി ഇവിടെനിന്നു കയററുമതി ചെയ്യുന്നതു്. ഇതിൽ അധികഭാഗവും ഇപ്പോൾ ചുകപ്പുപട്ടാളത്തിന്നുവേണ്ടി കയററിപ്പോകുന്നു.

ഭൂമിശാസ്ത്രവും രാഷ്ട്രീയകാര്യങ്ങളും കൂടിച്ചേർന്നു പൊട്ടിത്തെറിക്കുന്ന ഒരുതരം മിശ്രവസ്തു ഉളവാക്കിയിരിക്കുന്ന ലോകത്തിലെ പല പ്രദേശങ്ങളിലൊന്നാണ് സിൻകിയാങ്ങ്—ലോകത്തിന്ന് എന്താണ് സംഭവിക്കാൻ

പോകുന്നതെന്ന് അറിയാൻ ഔത്സുക്യമുള്ളവൎക്ക് അൎത്ഥഗൎഭമായിത്തോന്നിയേയ്ക്കാവുന്ന ഒന്ന്. ഭൂമിശാസ്ത്രം സിൻകിയാങ്ങിനെ റഷ്യയോടടുപ്പിക്കുന്നു. സോവിയറ്റുടൎക്ക്-സിബ് തീവണ്ടിപ്പാത സിൻകിയാങ്ങിന്റെ അതിൎത്തിക്കടുത്തുവരെ എത്തുന്നുണ്ട്. ഞങ്ങൾ ടിഹ്വായിൽ കണ്ട നിത്യോപയോഗത്തിനുള്ള എല്ലാ വ്യവസായോൽപന്നങ്ങളും റഷ്യയിൽനിന്നു വരുന്നു. റഷ്യയിലുണ്ടാക്കിയ കാറുകളിലാണ് ഞങ്ങൾ യാത്രചെയ്തത്. ഞങ്ങൾ കണ്ട പട്ടാളം റഷ്യൻടാങ്കുകളെയാണ് ഉപയോഗിച്ചിരുന്നത്. പക്ഷേ രാഷ്ട്രീയകാൎയ്യങ്ങൾ സംസ്ഥാനത്തെ ചൈനയിലേയ്ക്കാകൎഷിക്കുന്നു. മാൻരാജകുടുംബത്തിന്റെ കാലംമുതല്ക്കു സിൻകിയാങ്ങിനെ ചീനക്കാരാണ് ഭരിച്ചിട്ടുള്ളത്. ഇപ്പോഴത്തെ ഗവൎണ്ണർ ചീനക്കാരനാണ്. ഉൾപരപ്പുകൾ തുറക്കുന്നതിന്നു ചൈനയിൽ ഇപ്പോൾ നടക്കുന്ന കഠിനവും ആശാവഹവുമായ പരിശ്രമം ഈ സംസ്ഥാനത്തിൽ ഒരു കുളിർകാറ്റുപോലെ വീശിയിട്ടുണ്ട്. യുദ്ധാനന്തരം സോവിയറ്റും ചൈനയും തമ്മിലുള്ള ബന്ധം ലോകത്തിന്നാകെ പ്രാധാന്യമേറിയതാണ്. ഈ പ്രദേശത്തുവെച്ചാണ് അതു നിൎണ്ണയിക്കപ്പെടാൻ പോകുന്നത്.

സിൻകിയാങ്ങിലെ ചൈനീസ്സാധിപത്യത്തെ സോവിയറ്റുസൎക്കാർ എപ്പോഴും അംഗീകരിച്ചിട്ടുള്ളതാണ്. രണ്ടു രാഷ്ട്രങ്ങളും തമ്മിൽ ഒരിക്കലും ഒരതിൎത്തിത്തൎക്കം ഉണ്ടായിട്ടേയില്ല. പക്ഷേ കഴിഞ്ഞ പത്തുവൎഷത്തിന്നിടയ്ക്കു തീവണ്ടിപ്പാതയുടേയും കമ്പോളങ്ങളുടേയും വാണിജ്യങ്ങ

ളുടേയും കമ്മ്യൂണിസ്റ്റാദർശത്തിന്റേയും ഒഴുക്ക് ഈ സംസ്ഥാനത്തെ സോവിയറ്റുസ്വാധീനത്തിലേയ്ക്കാകർഷിച്ചിട്ടുണ്ടു്. സിൻകിയാങ്ങുൾപ്പെടെയുള്ള വടക്കുപടിഞ്ഞാറൻസംസ്ഥാനങ്ങൾ ചീനക്കാർ വ്യവസായീകരിച്ചു് ഉദ്ധരിക്കയാണെങ്കിൽ ഈ എതിർപ്രവാഹത്തിന്റെ ഫലം, രണ്ടു പ്രബലങ്ങളായ ജനവിഭാഗങ്ങൾ തമ്മിലുള്ള ശക്തിപരീക്ഷയായിരിക്കും.

ചുങ്കിങ്ങിലും മോസ്കോവിലും ഞാൻ സിൻകിയാങ്ങിലെ രാഷ്ട്രീയകുഴപ്പങ്ങളെക്കുറിച്ചുള്ള കഥകൾ കേൾക്കുകയുണ്ടായി. അവ വെറും കെട്ടുകഥകളാണു്. കഥയിലെ ഒരു പ്രധാനനടനാണു് മാ ചുങ്ങ് യിങ്ങ്. ഒരു കൊള്ളക്കാരനെന്നു കീർത്തികേട്ട അയാൾ മുസൽമാന്മാരുടെയിടയിൽ ജനസമ്മതിയുള്ള ഒരു ചൈനീസ് മുസ്ലീംനേതാവാണു്. 1932-ൽ അടുത്തു കിടക്കുന്ന കാൻസുസംസ്ഥാനത്തിൽനിന്നു് അയാൾ സിൻകിയാങ്ങിനെ ആക്രമിച്ചുവത്രേ. തന്റെ കൂട്ടുകാരൊന്നിച്ചു 1934-ൽ അയാൾ അതിർത്തി കടക്കുകയുണ്ടായി. അയാൾ ഇപ്പോൾ മോസ്കോവിലുണ്ടെന്നുമാണു് കിംവദന്തി. അയാൾ തിരിച്ചുവരുന്നതിന്നുള്ള അവസരവും പാർത്തിരിക്കയാണത്രേ. മറ്റൊരു പ്രധാനനേതാവു് ഇപ്പോൾ സിൻകിയാങ്ങിലെ ഗവർണ്ണരായ ഷെങ്ങ് ഷിട് സായ് എന്ന ചീനക്കാരനാണു്. ഇദ്ദേഹത്തിന്റെ ജന്മദേശം, 1931-നു ശേഷം ജപ്പാൻ കീഴടക്കിയിട്ടുള്ള മഞ്ചൂറിയയിലെ വടക്കുകിഴക്കൻസംസ്ഥാനമാണെന്നതിനാൽ ഇദ്ദേഹം ഉറച്ച ഒരു ജാപ്പുവിദ്വേഷിയാണു്. ഇദ്ദേഹത്തിന്റെ സഹോദരനെ കഴിഞ്ഞ ജൂൺമാസത്തിൽ ഗവർണ്ണരുടെ കൊട്ടാരത്തിൽവെച്ചു

കൊലപ്പെടുത്തുകയുണ്ടായി. ഈ കൊലപാതകത്തിൽ റഷ്യക്കാർക്ക് കൈയുണ്ടെന്നാണ് വത്തമാനം.

ഈ കഥകളിൽ എത്രകണ്ടു വാസ്തവമുണ്ടെന്ന്, എനിക്കറിയാൻ കഴിഞ്ഞില്ല. ഒരുവേള ഒന്നുമുണ്ടാവില്ല. ടിഹ്വായിൽവെച്ചു ഞാൻ ഗവണ്ണർ ഷെങ്ങിനോടൊന്നിച്ചു ഭക്ഷണം കഴിച്ചപ്പോൾ, ഞങ്ങളുടെകൂടെ സോവിയററു കോൺസ്സൽജനറൽ ഉണ്ടായിരുന്നു. ഞങ്ങൾ പരസ്പരം ആരോഗ്യമാശംസിച്ചുകൊണ്ടു റഷ്യൻവോഡ്കയും ചൈനീസ് മദ്യവും കുടിച്ചപ്പോൾ റഷ്യയും ചൈനയും തമ്മിൽ അങ്ങേ അററത്തെ സ്നേഹമല്ലാതെ മററൊന്നിൻേറയും സൂചനപോലുമുണ്ടായിരുന്നില്ല. പിറേറന്നു രാവിലെ ഗവണ്ണരുടെ ക്ഷണനപ്രകാരം ഞങ്ങൾമാത്രം ഒരുമിച്ചിരുന്നു ലഘുഭക്ഷണം കഴിച്ചു. ഇദ്ദേഹം പണ്ടു് ഒരു കമ്യൂണിസ്റ്റനുഭാവിയായിരുന്നെങ്കിലും അടുത്തകാലത്തു ജനറാലിസിമോവിൻെറ പക്ഷത്തിലേക്കു മാറി. കൊലപാതകവും ഗൂഢാലോചനയും ചാരപ്രവൃത്തികളും നിറഞ്ഞ അദ്ദേഹം പറഞ്ഞ കഥകൾക്കു് ഒരു നല്ല ഡിററക്ടീവ് നോവലിൻെറ ഛായയുണ്ടു്. സംശയത്തിന്നടിസ്ഥാനമായ തെളിവുകൾ ഇല്ലായിരുന്നുവെങ്കിൽ ഈ കഥകൾ ഒരു അമേരിക്കക്കാരന്നു വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. യുദ്ധാനന്തരം നമുക്കു നേരിടേണ്ട പ്രശ്നങ്ങളിലൊന്നു റഷ്യയെയും ചൈനയെയും തമ്മിൽ അടുപ്പിച്ചു്, തുക്കിസ്ഥാനിൽ അവരഭിമുഖീകരിക്കുന്ന പൊതുപ്രശ്നങ്ങളെ തീക്കുവാൻ ഇരുകൂട്ടരെയും യോജിപ്പിക്കുക എന്നതാണ്. അതുകൊണ്ടാണ് റഷ്യ ചൈന അമേരി

ക്ക ബ്രിട്ടൻ എന്നിവർ യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽത്തന്നെ ഒത്തൊരുമിച്ചു പ്രവൎത്തിക്കുവാൻ പഠിക്കുന്നതിന്നു കൂടിയാലോചിക്കണമെന്നു ഞാൻ പിന്നേയും പിന്നേയും നിർബ്ബന്ധിക്കുന്നതു്. അവർ ഇതു ചെയ്യാൻ കൂട്ടാക്കാതിരിക്കയാണെങ്കിൽ ഈ യുദ്ധത്തിന്നു ശേഷം ലോകത്തിന്റെ അടപ്പു വീണ്ടും തെറിപ്പിച്ചുകളയുന്നതിന്നു വേണ്ടത്ര വെടിമരുന്നു മദ്ധ്യേഷ്യയിലുണ്ടു്.

ലോകത്തിലെ ഏററവും അതിഥിപ്രിയമുള്ള ആ ജനസമുദായം എനിക്കു തുടൎച്ചയായി നല്കിയ നിരവധി വിരുന്നുകളുടെ ഒരു പ്രാരംഭം മാത്രമായിരുന്നു ഗവൎണ്ണർ ഷെങ്ങിന്റെ സൽക്കാരം. അതു് ഏററവും രസകരമായ ഒന്നായിരുന്നുതാനും. ഒരു നീണ്ട മുറിയിൽ രണ്ടു ഭാഗത്തും നിരത്തിയിരുന്ന മേശകൾക്കിരുപുറവും അതിഥികൾ പരസ്പരം അഭിമുഖമായി ഇരുന്നു. ഏഷ്യയും യൂറോപ്പും തമ്മിൽ ഇപ്പോഴും ബന്ധം നിലനിൎത്തിപ്പോരുന്ന ഏററവും പുരാതനമായ ഒരു ഗതാഗതമാൎഗ്ഗം കിടപ്പുള്ള ഏഷ്യയിലെ ആ സങ്കേതത്തിൽ സംസാരിച്ചുപോരുന്ന പതിനേഴു ഭാഷകളിൽ, ആ മുറിയുടെ ചുമരുകളിന്മേൽ, ഒരമേരിക്കക്കാരനെ സ്വാഗതം ചെയ്തുകൊണ്ടും, പൊതുശത്രുവിനെ വെല്ലുവിളിച്ചുകൊണ്ടും, വിജയത്തിൽ വിശ്വസിച്ചുകൊണ്ടും മുദ്രാവാക്യങ്ങൾ എഴുതിയിരുന്നു.

കറുത്ത മീശയോടുകൂടി സുന്ദരനും ദീൎഘകായനുമായ ഒരു മനുഷ്യനാണു് ഗവൎണ്ണർ. അദ്ദേഹം ചൈനീസ് വൎഗ്ഗത്തിൽ ജനിച്ച ഒരു മഞ്ചൂറിയക്കാരനാണു്. ജപ്പാനിലാണു് വിദ്യാഭ്യാസം ചെയ്തിട്ടുള്ളതു്. പത്തു വൎഷങ്ങ

ളോളമായി അദ്ദേഹം സിൻകിയാങ്ങിലെ ഗവൎണ്ണരായി ട്ട്. പരസ്പരവിരുദ്ധങ്ങളായ ശക്തികളും ഗൂഢാലോചനകളും നിറഞ്ഞ ആ സംസ്ഥാനത്തെക്കുറിച്ച് അദ്ദേഹത്തിന്നു നല്ല പരിജ്ഞാനമുണ്ട്. അദ്ദേഹത്തിൻെറ ഓഫീസിൽവെച്ച ഞങ്ങൾ വളരെനേരം സംസാരിക്കയുണ്ടായി. രാഷ്ട്രത്തിൻെറ തലസ്ഥാനത്തുനിന്നു നാല്പതാറു ദിവസംവഴി ദൂരേക്കിടക്കുന്ന ഒരു സംസ്ഥാനം ഭരിക്കാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം പ്രസ്താവിച്ചു.

ലോകത്തിലെവിടേയും അമേരിക്കക്കാരോടു കാണിക്കുന്ന സ്നേഹത്തിൻെറ ഹൃദയസ്പൃക്കായ തെളിവുകൾ ടിഹ്വായിലെപ്പോലെതന്നെ പിന്നീടു സന്ദശിച്ച മറെറല്ലാ ചൈനീസുപട്ടണങ്ങളിലും ഞാൻ കണ്ടു. സെപ്തമ്പർ മാസത്തിലെ ആ രാത്രിയിൽ ആ വിരുന്നുമുറിയിൽ, അമേരിക്ക ഒരു അപരിചിതനെപ്പോലെയായിരുന്നു. ഉദ്യോഗസ്ഥന്മാരും പട്ടാളമേലധികാരികളുമായ അതിഥികൾ മിക്കവരും, തങ്ങളുടെ ജീവിതകാലത്തിൽ ആദ്യമായിട്ടാണോ ഒരമേരിക്കക്കാരനെ കാണുന്നതെന്നു സംശയിക്കുമാറു്, അത്ര ജിജ്ഞാസയോടുകൂടി എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. എങ്കിലും അവർ എനിക്കു നല്കിയ സ്വീകരണത്തിൽ അടുപ്പവും സ്നേഹവും സ്ഫുരിച്ചു. ഭാവിയിലും അമേരിക്ക ചൈനയുടെ ബന്ധുവായിത്തന്നെ തുടൎന്നുപോകുമെന്നു് അവരിൽ ഒളിഞ്ഞുകിടക്കുന്ന ആശ ആ പെരുമാററത്തിൽ ധാരാളമായി പ്രതിദ്ധ്വനിച്ചു.

ടിഹ്വായിൽ ഞങ്ങൾക്കുണ്ടായ അനുഭവങ്ങൾ, ടാഷ്കെൻററിലോ ടെഹറാനിലോ ബാഗ്ഡാഡിലോ ഞ

ങ്ങൾ കണ്ടതിനെക്കാളധികം, ഏഷ്യയുടെ യഥാൎത്ഥ ചൈതന്യത്തെയും പ്രാബല്യത്തെയും തെളിയിച്ചു. പിറേറന്നു ഞങ്ങൾക്കവേണ്ടി ഗവൺമെന്റ് ഒരു സൈനികപ്രകടനം ഏൎപ്പാടുചെയ്തു. ഒരു വിശാലമായ മൈതാനത്തിൽ സിൻകിയാങ്ങുപട്ടാളം, മുഴുവനുമില്ലെങ്കിൽ അതിന്റെ ഒരു വലിയ വിഭാഗം, പ്രകടനം നടത്തുന്നതു ഞങ്ങൾ കണ്ടു.

അതു് ഒരു ഹൃദയാകൎഷകമായ കാഴ്ചയായിരുന്നു. ശുചിയും ആരോഗ്യവുമുള്ള ആ പട്ടാളക്കാർ ധാരാളം പരിശീലനം സിദ്ധിച്ചവരായിരുന്നു. അവൎക്ക ചുരുക്കം സാമഗ്രികളേ ഉണ്ടായിരുന്നുള്ളു. അവയിൽ അധികവും നല്ല തരം റഷ്യൻസാധനങ്ങളാണു്. അവൎക്കു് ഇളകുന്ന വൻതോക്കകളും മോട്ടോർസൈക്കിളുകളിന്മേൽ വെയ്ക്കപ്പെട്ട മെഷിൻതോക്കകളും പടച്ചട്ടയിട്ട സ്റ്റൌട്ടുകാറുകളും ഘനംകുറഞ്ഞതെങ്കിലും ഗതിവേഗമുള്ള ടാങ്കുകളുമുണ്ടായിരുന്നു. ലോറികളിൽ യാത്രചെയ്യുന്ന കാലാൾപ്പടയുടെ കുറെ വിഭാഗങ്ങളുമുണ്ടു്. 'കചങ്കാസു്' ഓടിച്ചുകൊണ്ടു് ഒരു പീരങ്കിവിഭാഗം ഞങ്ങളുടെ സമീപത്തുടേ കടന്നു പോയപ്പോഴാണു് ആയുധസാമഗ്രികളുടെ റഷ്യനൽ പത്തി ഞങ്ങൾക്ക മനസ്സിലായതു്. കചങ്കാസു് എന്നു പറയുന്നതു മെഷീൻതോക്കുകൾ കയററിയ ഉക്രേനിലെ കൃഷിസ്ഥലങ്ങളിലെ വാഗണുകളാണു്. ഇവ ആദ്യമായി ഉപയോഗിച്ചുതുടങ്ങിയതു സോവിയററിലെ അഭ്യന്തരകലഹത്തിൽ പങ്കെടുത്ത ഗെറില്ലകളാണു്. ഇപ്പോൾ, ര

ണ്ടാമതായി നാസികളെ ഉക്രേനിൽ തടുത്തുനിർത്തുന്നതിൽ ഇവ പ്രധാനമായ ഒരു പങ്കു നിർവ്വഹിച്ചിട്ടുണ്ടു്.

പക്ഷേ ഈ പ്രകടനം മൂർദ്ധന്യദശയിലെത്തിയതു പ്രാദേശികമായ ഒരു അഭ്യാസം പ്രദർശിപ്പിക്കപ്പെട്ടപ്പോഴാണു്. ചുണയും ചൊറുചൊറുക്കുമുള്ള മങ്കോൾക്കാരും കസാക്കുകാരുമായ കുറെ കുതിരപ്പട്ടാളക്കാർ, തങ്ങൾ കുതിരയുടെ ശരീരത്തിലെ ഒരു അംഗമാണോ എന്നു തോന്നുമാറു് കുതിരമേൽ പററിച്ചേർന്നിരുന്നുകൊണ്ടു്, ഏതാണ്ടു പതിനഞ്ചോളം തടസ്ഥങ്ങൾ കവച്ചുവെച്ചു കുതിച്ചുപാഞ്ഞു. അവയിൽ ഒന്നുമതി നിങ്ങളെ ശ്വാസംമുട്ടിക്കാൻ. ഇരുപുറവും മൂർച്ചയുള്ള വാളുകൊണ്ടു ചെറിയ വൃക്ഷങ്ങളെ മുറിച്ചുകൊണ്ടും, ഒരു പാവമനുഷ്യനെ തുണ്ടാക്കി വെട്ടിക്കൊണ്ടും, നിലത്തുനിന്നു സാധനങ്ങൾ പൊക്കിക്കൊണ്ടും അവർ കുതിരയെ അതിവേഗത്തിൽ ഓടിച്ചു. ഈ കാഴ്ച കണ്ടതിന്നുശേഷം, ജെങ്കിസ്ഖാൻ അയാളുടെ ശത്രുക്കളിൽ എങ്ങിനെയാണു ഭയം ഉളവാക്കിയിരുന്നതെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല.

ജനറാലിസിമോ ചിയാങ്ങ്കെഷേക്, അദ്ദേഹത്തിന്റെ ഏററവും അടുത്ത രണ്ടു സ്നേഹിതന്മാർമുഖേന ഒരു ഔപചാരികമായ സ്വാഗതസന്ദേശം എനിക്കു ടിഹ്വായിലേക്കയച്ചിരുന്നു; ഇവർ രണ്ടുപേരും എന്റെ ചൈനാസഞ്ചാരത്തിന്നിടയിൽ ഒരിക്കലും എന്നെ വിട്ടുപിരിഞ്ഞിട്ടില്ല. അവരിലൊരാൾ പ്രസിദ്ധീകരണവകുപ്പിന്റെ ഉപമന്ത്രിയായ ഡാ. ഹോള്ളിങ്ങ്ടൺ കെ. ടൂങ്ങും, ഉറേറയാൾ വടക്കുപടിഞ്ഞാറൻരണാങ്കണത്തിന്റെ

സേനാനായകനായ ജനറൽ ചൂ ഷേയാ ലിയാങ്ങുമാണ്. ഞാൻ ചൈന വിട്ടപ്പോഴേയ്ക്കും എൻെറ ഹൃദയത്തിൽ അവർ ഒരു ഉന്നതസ്ഥാനം കൈക്കലാക്കിയിരുന്നു.

ജനറാലിസിമോവിൻെറ മൂച്ചേയറിയ ആയുധങ്ങളിലൊന്നും ഒരു നായയെപ്പോലെ വിശ്വസ്തനും പരിശുദ്ധനുമാണ് 'ഹോളി' ടോങ്ങ് എന്നു ഞാൻ ചൈനയിലേയ്ക്കു വരുംവഴി ഈ രാജ്യത്തെ നന്നായി അറിയുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ഒരു വിദേശീയൻ എന്നോടു പറയുകയുണ്ടായി. ടോങ്ങ് മിസ്സോരിയിൽ പാക്ക് കോളേജിലും ന്യൂയോക്കിൽ കൊളമ്പിയ പത്രപ്രവത്തനസ്കൂളിലുമാണ് വിദ്യാഭ്യാസം ചെയ്തിട്ടുള്ളത്. ഒരു ചൈനീസ് പത്രപ്രവത്തകനെന്ന നിലയിൽ അദ്ദേഹം ഒരുന്നതസ്ഥാനം നേടി. പിന്നീട് അദ്ദേഹം ജനറാലിസിമോവിൻെറ ഏററവും അടുത്ത ഒരുപദേഷ്ടാവായി പ്രധാനപ്പെട്ട ഒരു വകുപ്പിൻെറ നടത്തിപ്പിന്നു സഹായിച്ചുപോന്നു. ഇതിന്നുപുറമെ അദ്ദേഹം തൻെറ നേതാവിൻെറ സിക്രട്ടറിയും അഭിഭാഷകനും കൂടിയാണ്. അദ്ദേഹവുമായി അടുത്തു പെരുമാറാൻ കഴിഞ്ഞിട്ടുള്ളതിൽനിന്ന് എനിക്കു തോന്നിയിട്ടുള്ളത്, അദ്ദേഹത്തെപ്പോലുള്ള ഒരാളുടെ സഹായം ഏതൊരു നേതാവിന്നും വിലപിടിച്ചതായിരിക്കുമെന്നാണ്.

ഇംഗ്ലീഷു ഭംഗിയായി സംസാരിക്കാൻ കഴിവുള്ള 'ഹോളി' ടോങ്ങിനെപ്പോലെയല്ല ജനറൽ ചൂ. എനിക്ക് ഇദ്ദേഹം സംസാരിക്കുന്നതിൽ ഒരൊററവാക്കുപോലും മനസ്സിലാവുന്നില്ല. പക്ഷേ ഇദ്ദേഹത്തിൻെറ ആകഷണീ

യമായ ആകാരം ഈ കുറവിനെ നികത്താൻ പര്യാപ്തമാണ്. വല്ല വിരുന്നിനും ഇരിക്കുകയാവട്ടെ, ഒരു പ്രസംഗംചെയ്തു് ഇറങ്ങുമ്പോഴാവട്ടെ, അല്ലെങ്കിൽ ഒരു സമ്മേളനം കഴിഞ്ഞു മടങ്ങുമ്പോഴാവട്ടെ, എപ്പോഴായാലും ശരി അദ്ദേഹം സ്നേഹപുരസ്സരം എന്നെ നോക്കി പുഞ്ചിരിതൂകുന്നതു കാണാം. അദ്ദേഹം അധികം സംസാരിക്കാറില്ല. ചൈനയെ ഏകീകരിക്കുന്നതിന്നുള്ള കഠിനസമരത്തിൽ ആദ്യംമുതൽ ജനറാലിസിമോവോടൊപ്പം പങ്കെടുത്ത ഒരു പ്രധാന പട്ടാളക്കാരനെന്നനിലയ്ക്കു് അദ്ദേഹം തന്റെ ഗൌരവം പരിപാലിച്ചു. എങ്കിലും അസാധാരണങ്ങളായ ആചാരങ്ങൾ നിറഞ്ഞ ഒരു അപരിചിത രാജ്യമല്ല ചൈന, നേരേമറിച്ചു് അമേരിക്കയ്ക്കു ധാരാളം സുഹൃത്തുക്കളുള്ള ഒരു നാടാണ്, എന്നെനിക്കു തോന്നത്തക്കവണ്ണം മറ്റെല്ലാവരെയുംപോലെ അദ്ദേഹവും പെരുമാറി.

മോസ്കോ മുതൽ ഞങ്ങളോടൊപ്പം സഞ്ചരിച്ച മറ്റൊരു ചൈനക്കാരനെയും വിസ്മരിക്കാൻവയ്യ. കുയിബിഷേവിലുള്ള ചൈനീസ് വിദേശവകുപ്പിലെ ഉപസൈനികനേതാവായ മേജർ സു ഹ്വാങ്ങ് ഷെങ്ങ് ആണ് അദ്ദേഹം. ചൈനയിൽ സഞ്ചരിക്കുമ്പോൾ പലപ്പോഴും ഞങ്ങളുടെ വിമാനം ഓടിച്ചിരുന്നതു് ഇദ്ദേഹമാണ്. അമേരിക്ക യുദ്ധത്തിൽ പ്രവേശിക്കുന്നതിനു മൂന്നുകൊല്ലം മുമ്പു 1938-ൽ, 17 വയസ്സായ ഒരു കുട്ടിയെപ്പോലെ തോന്നിച്ച ഈ യുവാവാണ് ഒന്നാമതായി ജപ്പാന്റെ മീതെ വിമാനം ഓടിച്ചു ലഘുലേഖകൾ വിത

രണംചെയ്തു വിശ്വവിഖ്യാതനായിത്തീൎന്നതു്. ഞങ്ങളോടൊന്നിച്ചു യാത്രചെയ്തതിൻെറ ഫലമായി സിയാനിലേയ്ക്കു പോകുംവഴി അദ്ദേഹത്തിന്നു തൻെറ ഭാൎയ്യയെയും കുട്ടികളെയും കാണാൻ അവസരം ലഭിച്ചു എന്നുള്ളതു സന്തോഷപ്രദമായ ഒരു സംഗതിയാണു്. ഞങ്ങൾ സ്വദേശത്തേയ്ക്കു മടങ്ങുമ്പോൾ തൻെറ പ്രവൃത്തിസ്ഥലത്തേയ്ക്കു തിരിക്കുന്നതിന്നായി സൈബീരിയയിൽവെച്ചു് അദ്ദേഹം ഞങ്ങളെ വിട്ടുപിരിഞ്ഞപ്പോൾ എനിക്കു വല്ലാത്ത വേദന തോന്നി.

ഞങ്ങൾ അടുത്ത ദിവസം രാവിലെ, സെപ്തംബർ 29-ാംനു-, കാൻസു സംസ്ഥാനത്തിൻെറ തലസ്ഥാനമായ ലാൻചോവിലേയ്ക്കു യാത്രചെയ്തപ്പോൾ ഈ ആളുകളെല്ലാം ഞങ്ങളോടൊന്നിച്ചുണ്ടായിരുന്നു. ഒരുനിലയ്ക്കു നോക്കുമ്പോൾ ഈ അഞ്ചു മണിക്കൂർനേരത്തെ യാത്രയാണു് ഞങ്ങളുടെ ലോകസഞ്ചാരത്തിൻെറ ഏററവും രസകരമായ ഭാഗം. യുദ്ധത്തിലേപ്പെട്ടിരിക്കുന്ന ഒരു ഭൂഗോളത്തിന്നു ചുററും പറന്നുകൊണ്ടിരിക്കുമ്പോൾ, ഓരോ ദിക്കിൽ നില്ക്കുമ്പോഴും അടുത്ത സ്ഥലത്തെക്കുറിച്ചു മനസ്സിലാക്കാൻ നിങ്ങൾ തയ്യാറെടുക്കുകയോ കുറച്ചുറങ്ങുകയോ ചെയ്യുന്ന അവസരത്തിൽ, പ്രകൃതിയുടെ സൌന്ദൎയ്യം ദ്വിതീയസ്ഥാനമേ അൎഹിക്കുന്നുള്ളു. പക്ഷേ ടിഫ്വയ്ക്കും ലാൻചോവിന്നും മദ്ധ്യത്തിലുള്ള ഭൂപ്രകൃതി എൻെറ ആയുസ്സിന്നിടയ്ക്കു കണ്ടിട്ടുള്ള ഏററവും രമണീയമായ ഒരു കാഴ്ചയാണു്. അതു ഞങ്ങളുടെ ചുവടെയായി അനാച്ഛാദനം ചെയ്യപ്പെടുന്നതു ഞാൻ കൌതുകഭരിതനായി നോക്കിക്കണ്ടു.

സൌന്ദൎയ്യത്തിൽ ഇതിനെ തോല്പിക്കാൻ മററൊന്നുമില്ല. ഞങ്ങൾ സഞ്ചരിച്ചതു് കുറെ ഭാഗം മരുഭൂമിയുടെ മീതെയും കുറെ ഭാഗം പച്ചപിടിച്ച വയലുകൾക്ക മീതെയുമാണു്. അതൊരു മലംപ്രദേശമായിരുന്നു. പക്ഷേ ഹിമമണിഞ്ഞ ടീൻഷാൻപൎവ്വതം കഴിഞ്ഞാൽ, മററു മലകൾ ഉയരം കുറഞ്ഞവയും അത്യന്തം ഫലപുഷ്ടിയുള്ളവയുമാണു്. വെട്ടിമുറിച്ചു് ആകൃതിയില്ലാത്ത ബഹുവിധമായ ഒരു പച്ചപ്പുരവതാനി ചുരുട്ടിവെച്ച ഒരു വലിയ ബില്യാർഡ്മേശയുടെ ഛായയുണ്ടു് താഴെയുള്ള ഭൂമിക്കു്.

ലാൻചോവിന്നു സമീപമെത്തിയപ്പോൾ ഞങ്ങൾ ചുകന്ന കളിമണ്ണുനിറഞ്ഞ കുന്നുകൾ കണ്ടു. കഴിഞ്ഞ നിരവധി നൂററാണ്ടുകളായി കാററും നദികളും ഈ മണ്ണിനെ ഉത്തരചൈനയിലെ മിക്ക സ്ഥലങ്ങളിലും കൊണ്ടുപരത്തിയിട്ടുണ്ടു്. മുകളിൽനിന്നു നോക്കുമ്പോൾ രക്തവൎണ്ണമായ ഈ കുന്നുകൾക്ക നല്ല ചന്തമുണ്ടു്; എന്നാൽ വ്യവസായീകരണത്തിന്നു കച്ചകെട്ടിയിറങ്ങിയ ഒരു രാഷ്ട്രത്തിന്നു് എത്രയെത്ര വിഭവങ്ങളെയാണു് ഇവ പ്രദാനം ചെയ്യുകയെന്ന ചിന്തയാണു്, അവയുടെ നേരേ കണ്ണോടിക്കുമ്പോൾ എൻെറ മനസ്സിലുളവായതു്. ജലസേചനപദ്ധതികൾ, വൈദ്യുതകേന്ദ്രങ്ങൾ, ഫലപുഷ്ടിയേറിയ വയലുകൾ, മേച്ചിൽസ്ഥലങ്ങൾ, കൂററൻനഗരങ്ങൾ ഇവയെല്ലാം ഈ പ്രദേശത്തു സൃഷ്ടിക്കാൻ കഴിയും. നടപ്പിൽ വരുത്തുന്നതിന്നു് ഒരു കുറവു മാത്രമേ ഇന്നുള്ളു: അതിന്നു കഴിവുള്ള ആളുകൾ.

ഞാൻ ഈ യാത്രയെക്കുറിച്ചു ചൈനയിൽ സഞ്ചരിക്കുന്ന സമയത്തു പലപ്പോഴും ചിന്തിച്ചിട്ടുണ്ടു്: ഒന്നാമതായി വിജനമായ വടക്കുപടിഞ്ഞാറൻചൈനയും ജനനിബിഡമായ തെക്കൻചൈനയും തമ്മിലുള്ള അന്തരം. രണ്ടാമതായി, ഗതാഗതമാർഗ്ഗങ്ങൾ പരസ്പരസഹായസംഘങ്ങൾ ആധുനികശാസ്ത്രം ഇവവഴി വടക്കുപടിഞ്ഞാറൻസംസ്ഥാനങ്ങളിലെ വിഭവങ്ങളെ ഉപയോഗപ്പെടുത്തുന്നതിനു് ഇന്നു നടക്കുന്ന പരിശ്രമത്തെക്കുറിച്ചു ഞാൻ കണ്ട എല്ലാ ചൈനീസ് നേതാക്കളുടേയും സംസാരവിഷയം. ജപ്പാനെതിരായ സമരംനടത്തുന്നതിന്നും യുദ്ധാനന്തരം ഒരു പ്രബലമായ ആധുനികരാഷ്ട്രം നിർമ്മിക്കുന്നതിന്നും അടിസ്ഥാനമായ ചൈനയുടെ ആശ ഈ പദ്ധതിയാണു്.

അവസാനമായി, വ്യവസായീകരണം ആരംഭിച്ച അക്കാലത്തെ അമേരിക്കയും ഇന്നത്തെ ടിഹ്വ ലാൻചോവു് അവയ്ക്കു മദ്ധ്യത്തിൽ കിടക്കുന്ന പ്രദേശം എന്നിവയും തമ്മിലുള്ള അസാധാരണസാദൃശ്യമാണു് ഏററവും പ്രധാനമായ സംഗതി. ജനങ്ങൾ ഉത്സാഹശീലരും ദീർഘകായരും ചുങ്കിങ്ങിലേയും ചെങ്ടുവിലേയും ജനനിബിഡമായ തെരുവീഥികളിൽ കണ്ടവരെക്കാളധികം പ്രാകൃതരുമായിരുന്നു. സമുദ്രതീരങ്ങളെയും പ്രധാനപ്പെട്ട എല്ലാ വ്യവസായകേന്ദ്രങ്ങളെയും ഫലപുഷ്ടിയേറിയ കൃഷിസ്ഥലങ്ങളിൽ അധികഭാഗവും ജപ്പാൻ കീഴടക്കിയിട്ടുള്ള ഈ ഘട്ടത്തിൽ ചീനക്കാർക്കു വ്യവസായപുരോഗതിയല്ലാതെ മറെറാരു പോംവഴിയില്ല. ഈ ദേശോദ്ധാരണ

ത്തിൽ നേതൃത്വം വഹിക്കുന്ന ചീനക്കാരിൽ ഒരിക്കലും ഒരു പുളിച്ച മനോഭാവം ഞാൻ കണ്ടിട്ടില്ല എന്നുള്ളതു സന്തോഷപ്രദമായ ഒരു സംഗതിയാണ്. നേരെമറിച്ച് അമേരിക്കയിൽ എൻെറ അച്ഛൻെറ കാലത്തെ ആളുകൾ സംസാരിക്കാറുള്ള രീതിയിൽത്തന്നെ ഇവർ കുറെയൊരു അഹംഭാവത്തോടെ വലിയ കാര്യങ്ങളെപ്പററി സംസാരിച്ചു.

ലാൻചോവിൽ പരസ്പരസഹായാടിസ്ഥാനത്തിൽ നടത്തുന്ന ചൈനയിലെ ചില വ്യവസായങ്ങളെ ഞാൻ സന്ദർശിച്ചു. അവിടെവെച്ചുതന്നെയാണ് ഞാൻ റുവി ആലേയെക്കണ്ടതു്. ശാന്തശീലവും ആത്മാർത്ഥതയുംനിറഞ്ഞ അദ്ദേഹം ന്യൂസിലാണ്ടുകാരനാണ്. വ്യാവസായിക പരസ്പരസഹായസംഘം എന്ന പദത്തിന്നു സർവ്വരാജ്യപ്രശസ്തി സമ്പാദിച്ചുകൊടുത്തതു് അദ്ദേഹമാണ്. സ്വന്തം പരിശ്രമംകൊണ്ടുമാത്രം സ്വരാജ്യത്തെ ഔന്നത്യത്തിലേയ്ക്കുയർത്തുവാൻ ഒരുങ്ങിയ ഒരു ജനസമുദായത്തിന്നു ചെയ്യുവാൻ കഴിയുന്ന മഹനീയകൃത്യത്തിൻെറ ഒരു മാതൃകയാണിതു്. ഞാൻ കണ്ടപ്പോൾ ആലേ വലിയ കുഴപ്പത്തിൽ പെട്ടിരിക്കുകയായിരുന്നു. അവ അദ്ദേഹത്തിന്ന് ഇനിയുമുണ്ടായിരിക്കുമെന്നുതന്നെ ഞാൻ ഊഹിക്കുന്നു. ചൈനയുടെ വടക്കുപടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ഞാൻ കണ്ട വ്യാവസായികപരസ്പരസഹായസംഘപ്രസ്ഥാനവും അദ്ദേഹവും ഏഷ്യയുടെ ഹൃദയം തുറന്നു ലോകത്തിൻെറ സാമ്പത്തികഭൂമിശാസ്ത്രത്തിൽവമ്പിച്ച ഒരു പരിവത്തനം ഉളവാക്കുമെന്നതിൽ എനിയ്ക്കൊട്ടും സംശയമില്ല.

ജാപ്പാക്രമികൾക്കെതിരായിട്ടുള്ള ചൈനയുടെ സൈനികമായ സമരത്തെക്കുറിച്ച് അമേരിക്കക്കാർ കേട്ടിട്ടുണ്ടെങ്കിലും ഇന്നു ചൈന നടത്തിക്കൊണ്ടിരിക്കുന്ന സാമ്പത്തികസമരത്തിന്ന് ആ നാട്ടിൽ അത്രതന്നെ പ്രചാരം സിദ്ധിച്ചിട്ടില്ല. എന്നാൽ അതത്രയുംതന്നെ ധീരമായ ഒരു പോരാട്ടമാണെന്നു ഞാൻ കണ്ടിട്ടുള്ള കാരോന്നിൽനിന്നും വ്യക്തമായി. അമേരിക്കയിലെ കടൽത്തീരങ്ങളെ ഒരു ശത്രു കീഴടക്കുകയാണെങ്കിൽ നമുക്ക് എളുപ്പത്തിൽ ഉൾനാട്ടിലേയ്ക്കു പിൻവാങ്ങുവാൻ കഴിയും. യുദ്ധം തുടൎന്നുകൊണ്ടുപോകുന്നതിന്നത്യാവശ്യമായ യന്ത്രങ്ങൾക്കും വിദഗ്ദ്ധത്തൊഴിലാളികൾക്കും ക്ഷാമമുണ്ടാവില്ല. എന്നാൽ ചൈനയുടെ വിശാലമായ ഉൾപ്പരപ്പിൽ ഇത്തരത്തിൽ യാതൊരു സൌകൎയ്യങ്ങളും ഉണ്ടായിരുന്നില്ല. ചീനക്കാൎക്കു തങ്ങളുടെ ഫാക്ടറികളെ ഉൾപ്പരപ്പിലേയ്ക്കു നീക്കംചെയ്യേണ്ടിവന്നു—ഫ്രൈറ്റുകാറുകളിലല്ല, ലോറികളിലല്ല, കാളവണ്ടികളിൽപ്പോലുമല്ല, തുണ്ടുതുണ്ടായി മനുഷ്യരുടെ ചുമലുകളിൽ ചുമന്നുകൊണ്ട്. കുററൻ നദികളുടെ താഴ്വാരങ്ങളിലൂടെയും പൎവ്വതനിരകളെ കടന്നും അവർ അവയെ ചുമന്നുകൊണ്ടുപോയി. യന്ത്രങ്ങളുടെ ആരവം ഇതിന്നുമുമ്പ് ഒരിക്കലും കേട്ടിട്ടില്ലാത്ത വിദൂരമായ മലംപ്രദേശങ്ങളിൽ അവർ അവയെ പുനഃസ്ഥാപിച്ചു. ഈ വിധത്തിൽ കൊണ്ടുപോകാവുന്ന ചുരുക്കം ഫാക്ടറികൾ തഴച്ചുവളൎന്ന് ഇന്ന് ആയിരത്തിൽപ്പരം വ്യാവസായികസ്ഥാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ചുരുങ്ങിയ പരിധിയിലാണെങ്കിലും അവ ഒരു നവീനചൈനയുടെ അടിക്കല്ലിടുന്നതിന്നു സഹായിച്ചിട്ടുണ്ട്.

അമേരിക്കക്കാരായ ഞങ്ങൾക്ക് ഇതിന്റെ താൽപര്യം മനസ്സിലാക്കുവാൻ കഴിയും. ആധുനികചരിത്രത്തിൽ അമേരിക്കയുടെ വ്യാവസായികപുരോഗതിയോടു മാത്രം ഉപമിക്കാവുന്ന ഒന്നാണ് ചൈനയുടെ ഈ സംരംഭം. ഈ ജനസമുദായം നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിന്റെ പ്രാധാന്യം ഞങ്ങൾക്കറിയാം. അതുൾക്കൊള്ളുന്ന ആശയെ ഞങ്ങൾക്കൂഹിക്കാൻ കഴിയും. അതിന്റെ ഫലം എന്തായിരിക്കുമെന്നും ഏതാണ്ടു ഞങ്ങൾക്കു മനസ്സിലാക്കാം. ആധുനികചൈനയിലെ നേതാക്കന്മാരുടെ സാമ്പത്തികമായ ലക്ഷ്യം ഞങ്ങളുടെ രാഷ്ട്രത്തെ പാശ്ചാത്യരീതിയിൽ പുനരുദ്ധരിക്കുക എന്നുള്ളതാണ്. നാട്ടുകാരുടെ ജീവിതത്തോത് ഉയർത്തുന്നതിന് അത്യാവശ്യമായ ഒരു വ്യാവസായികമായ അടിത്തറ സൃഷ്ടിക്കാനാണ് അവർ ഒരുമ്പെടുന്നത്. ചൈനയുടെ വ്യവസായീകരണം, ഒരിക്കൽ ആരംഭിച്ചാൽപ്പിന്നെ, നമ്മുടേതിനെക്കാൾ വേഗത്തിൽ മുന്നോട്ടു പോകുമെന്നു വിദഗ്ദ്ധന്മാർ വിശ്വസിക്കുന്നു. ഇന്നത്തെ ചൈനയ്ക്കു നവീനശാസ്ത്രത്തിന്റെ സഹായമുണ്ട്. ഞങ്ങൾക്കു മോട്ടോർയന്ത്രത്തിന്റെ മന്ദമായ വളർച്ചയെ കാത്തുകൊണ്ടിരിക്കേണ്ടിവന്നു. എന്നാൽ ഇവർക്ക് ഇന്നു മണിക്കൂറിൽ മുന്നൂറു നാഴിക സഞ്ചരിക്കുന്ന വിമാനങ്ങൾ നിർമ്മിക്കാനാരംഭിക്കാം.

ഇതുവരെ അവർ മോട്ടോർവ്യവസായമോ വിമാനവ്യവസായമോ തുടങ്ങിയിട്ടില്ല. റഷ്യയിൽനിന്നു വരുന്ന രാജപാത ചെന്നെത്തുന്ന സ്ഥലം ഞാൻ ലാൻചോവിൽ വെച്ചു കാണുകയുണ്ടായി. ആധുനികചൈനയിലേയ്ക്കുള്ള

ഒരേ ഒരു കരവഴിയാണിതു്. അഞ്ചു കൊല്ലത്തോളമായി ചൈനീസ് ജനത ജപ്പാനെതിരായിച്ചെയ്ത സുധീരമായ സമരത്തെപ്പററിയുള്ള കഥകളിൽ അതിശയോക്തിയുണ്ടോ എന്നു സംശയിക്കുന്ന അമേരിക്കക്കാർ ഈ റോഡു സന്ദർശിക്കേണ്ടതാണെന്നു് എനിക്കു തോന്നുന്നു. ആൽമാ ആത്തയ്ക്കു കിഴക്കുവശം സോവിയററതിർത്തി കടന്നതിൽപ്പിന്നെ നീണ്ടുകിടക്കുന്ന ഈ രാജവീഥിക്കു മുകളിലൂടെ ഞങ്ങൾ വളരെനേരം സഞ്ചരിക്കുകയുണ്ടായി. ആൽമാ-ആത്ത ഒരു വലിയ നഗരമാണു്. സൈബീരിയയിലേയും സോവിയററുമദ്ധ്യേഷ്യയിലേയും റഷ്യയിലേയും വ്യവസായങ്ങളെയും അസംസ്കൃതസാധനങ്ങളെയും സ്പർശിക്കുന്ന തീവണ്ടിപ്പാതയും വിമാനമാർഗ്ഗവുമായി ഈ നഗരത്തിന്നു ബന്ധമുണ്ടു്. ആൽമാ-ആത്തയിൽനിന്നു പുറപ്പെട്ടു ടിഫാ-ായും ഫാമിയും കടന്നു കാൻസുസംസ്ഥാനത്തിൻെറ പടിഞ്ഞാറതിർത്തിവരെ ഭാരിച്ച ലോറികൾ ആ പരുപരുത്ത റോഡിലൂടെ കിഴക്കോട്ടു പായുന്നു. മാർക്കോ പോളോ പ്രാചീനകാത്തെയിലേയ്ക്കു യാത്രചെയ്ത ചരിത്രത്തിലെ ഏററവും പുരാതനമായ ഈ 'കാരവൻ'പാതയും ആ ലോറികളും തമ്മിൽ യാതൊരു പൊരുത്തവും ഉണ്ടായിരുന്നില്ലെന്നു് അതിൻെറ മീതെക്കൂടി പറന്നപ്പോൾ ഞങ്ങൾക്കു മനസ്സിലായി. പെട്രോളോ, ലോറികളോ ഇല്ലാത്ത ആ റോഡിൻെറ ചൈനീസ്സതിർത്തി ഏതാണ്ടു് ഈ ഗതാഗതമാർഗ്ഗത്തിൻെറ ചരിത്രപരമായ പാരമ്പര്യത്തെ പുലർത്തുന്നതാണു്. ലോറികൾക്കു പകരം ചീനക്കാർ കാളവണ്ടിയെയും, ഒട്ടകങ്ങളെയും കു

ലിക്കാരെയും ഉപയോഗിക്കുന്നു. സോവിയററുസാമാന ങ്ങൾക്ക് അതിൎത്തിയിൽനിന്നു കാൻസു സംസ്ഥാനത്തി ലെത്തുവാൻ നാലു ദിവസം വേണം; അവിടെനിന്നു ലാൻഃചാവിലേയ്ക്കു് ഏഴുദിവസവും. അവിടെയും തീവ ണ്ടിപ്പാത ഇല്ലാത്തതുമൂലം ഏററവും പ്രാകൃതമായ ഗതാ ഗതമാൎഗ്ഗത്തിലൂടെ വളരെ ദിവസങ്ങൾക്കുശേഷമേ ഈ സാമാനങ്ങൾ ചൈനയിലെ ജനനിബിഡമായ അത്യാ വശ്യസ്ഥലങ്ങളിലെത്തുകയുള്ളു.

ലാൻചൊവിന്നു പുറത്തു്, നഗരത്തിന്നും വിമാന ത്താവളത്തിന്നുമിടയ്ക്കു്, റഷ്യയിലേയ്ക്കുള്ള നീണ്ട യാത്രയ്ക്കു തയ്യാറായി ഒരു ചൈനിസ് 'കാരവൻ' നില്ക്കുന്നതു ഞ ങ്ങൾ കണ്ടു. രണ്ടു ചക്രമുള്ള കഴുതവണ്ടികളിൽ കമ്പിളി യും ഉപ്പും തേയിലയും നിറച്ചിരുന്നു. വണ്ടിച്ചക്രങ്ങളിൽ റബ്ബർടയറുകൾ ഇട്ടിരുന്നു. റബ്ബർ കണ്ടു പരിചയിച്ച എന്റെ കണ്ണുകൾക്കു് ഇതു വിചിത്രമായിത്തോന്നി. ക ഴുതകൾ ക്ഷമയോടുകൂടി ഏതാണ്ടു കുറച്ചു നാഴികയോളം നീളത്തിൽ വരിയായി നിന്നു. കൂലിക്കാർ പുറപ്പെടുന്നതി ന്നുള്ള ആജ്ഞയും കാത്തുകൊണ്ടു നിന്നിരുന്നു. പടിഞ്ഞാ ട്ടുള്ള അവരുടെ യാത്ര ഏതാണ്ടു രണ്ടു മാസത്തോളം നീ ണ്ടുനില്ക്കും. സോവിയററ്യൂണിയൻ കടമായി ചൈന യ്ക്കു കൊടുത്തുകൊണ്ടിരിക്കുന്ന വെടിമരുന്നും യന്ത്രങ്ങളും വിമാനയന്ത്രത്തിന്റെ ഭാഗങ്ങളും പെഃട്രോളും അവർ കൈമാററംചെയ്യുന്നു. കടത്തിന്റെ ആകെത്തുക ഇ പ്പോൾ, അമ്പരപ്പിക്കുന്ന തോതിലെത്തിയിട്ടുണ്ടു്.

ഈ റോഡിന്നു ധാരാളം ഭാരം ചുമക്കുവാൻ കഴി യും. അതിലൂടെ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ

സംഖ്യയെപ്പററി ഔദ്യോഗികമായ കണക്കുകളൊന്നും എനിക്കു കിട്ടിയില്ല. ആയിരത്തെണ്ണൂറുനാഴിക നീളമുള്ള ഈ പാതയിലൂടെ മാസംപ്രതി രണ്ടായിരം ടൺ സാമാനങ്ങൾ ചൈനയിലെത്തുന്നുണ്ടെന്നു ലാൻചൊവിലുള്ള അമേരിക്കക്കാർ കണക്കാക്കിയിട്ടുണ്ടു്. ജപ്പാൻകാർ കയ്യേറിയ ബർമ്മാറോഡിലൂടെയുണ്ടായിരുന്നതിലും കുറവാണു് ഈ തുക. ഇന്ത്യയിൽനിന്നു ഹിമാലയത്തിൻെറമീതെ പറന്നുവരുന്ന അമേരിക്കൻവിമാനങ്ങളും, ജപ്പാനെതിരായിട്ടുള്ള യുദ്ധമുന്നണിയിലൂടെ കളവായി നടക്കുന്ന ഗതാഗതവും കഴികെ ചൈനയെ ലോകവുമായി ബന്ധിക്കുന്ന ഏകമാർഗ്ഗം ഈ റോഡുമാത്രമാണു്.

ലാൻചോ യല്ലോനദിയുടെ തീരത്തു സ്ഥിതിചെയ്യുന്നു. നദിയുടെ ഉത്ഭവസ്ഥാനത്തോടു തുങ്കുവാനിനെക്കാൾ കൂടുതൽ അടുത്തു കിടക്കുന്നതു ലാൻചോവാണു്. ലാൻചോ സന്ദശിച്ചു് ഒന്നോ രണ്ടോ ആഴ്ചയ്ക്കുശേഷം ഞാൻ തുങ്കുവാനിൽവെച്ചു യല്ലോനദിയുടെ മറുകരയിലുള്ള ജപ്പാനീസ്താവളങ്ങൾ സന്ദശിക്കുകയുണ്ടായി. ലാൻചോവിലെ ജനസംഖ്യ ഏതാണ്ടു് അമ്പതുലക്ഷത്തോളം കാണും. നഗരത്തിൽ തീവണ്ടിപ്പാതയില്ല. ആറുകൊല്ലത്തിലധികം പഴക്കംചെന്ന ഫാക്ടറികളൊന്നും അവിടെയില്ല. എങ്കിലും അതിന്നു് ഒരു ശോഭനമായ ഭാവിയുണ്ടു്. വമ്പിച്ച കഴിവുകളുള്ള വിഭവസമൃദ്ധമായ കാൻസുസംസ്ഥാനത്തിൻെറ തലസ്ഥാനമാണല്ലോ അതു്.

ലാൻചോവിൽവെച്ചാണു് ജനറൽ ചൂ അദ്ദേഹത്തിൻെറ ഭാര്യയെ കാണാൻ എന്നെ വീട്ടിലേക്കു കൂട്ടിക്കൊ

ണ്ടുപോയത്. ഞങ്ങൾ നഗരംവിട്ട് ഒരു കുന്നു കയറി. അവിടെനിന്നു നോക്കിയാൽ പട്ടണവും അപ്പുറത്തുള്ള നദിയും നന്നായി കാണാൻ സാധിക്കും. കുന്നിന്റെ കൊടുമുടിക്കടുത്ത് ഒരു ചൈനീസ് ക്ഷേത്രമുണ്ട്. ഇതാണ്, ഷെൻസി, കാൻസു, നിങ്സിയാ, ചിങ്ഹായ്, സിൻകിയാങ് എന്നീ അഞ്ചു വടക്കുപടിഞ്ഞാറൻസംസ്ഥാനങ്ങളുടെ സൈനികകേന്ദ്രം. ജനറലിനോടും മിസിസ്സ് ചൂ വിനോടും ഒരുമിച്ചു ഞങ്ങൾ അവിടെയിരുന്നു കാപ്പികുടിക്കയും ഒരു വലിയ അപ്പം തിന്നുകയുംചെയ്തു. ജനറലിന്റെ മുറിയുടെ പുറത്തുള്ള വരാന്തയിൽനിന്നു നോക്കിയാൽ ക്ഷേത്രത്തിന്റെ ഓടുമേഞ്ഞ കെട്ടിടങ്ങളും പട്ടണത്തിന്നപ്പുറത്തു നദിയും കാണാം. നദിയിൽനിന്നു രണ്ടായിരം കൊല്ലമായി ഏർപ്പെടുത്തിയിട്ടുള്ള ജലസേചനപദ്ധതികൾ കാൻസുസംസ്ഥാനത്തെ ഫലപുഷ്ടമാക്കിത്തീർത്തിട്ടുണ്ട്.

ഞങ്ങളുടെ താമസത്തിന്നുവേണ്ടി ഏർപ്പെടുത്തിയ 'ഓഫീസേർസ് മോറൽ എൻഡവർ അസ്സോസ്സിയേഷൻ ഹോസ്റ്റ'ലിൽവെച്ച് അന്നുരാത്രി കാൽസുവിലെ ഗവർണ്ണർ കു ചെങ്ലുൺ ഞങ്ങൾക്ക് ഒരു വിരുന്നു തന്നു. എന്റെ ആതിഥേയനെ കൂടാതെ മററു പ്രമാണികളും സന്നിഹിതരായിരുന്നു—ട്രാൻസ്പോർട്ട് ആൻഡ് സപ്ലൈവകുപ്പിന്റെ മേലദ്ധ്യക്ഷനായ ജനറൽ യൂ പൈപെങ്ങും കൃഷിവകുപ്പിന്റെമേലദ്ധ്യക്ഷനായ അഡ്മിറൽ ഷെൻ ഹുങ്ലൈയും. സംസ്ഥാനത്തിലെ വനങ്ങളെപ്പററിയും കൃഷിയെപ്പററിയും വ്യവസായങ്ങളെപ്പററിയും

ജലസേചനത്തെക്കുറിച്ചും അവർ സംസാരിച്ചു. ഒരു കമ്പിളിഫാക്ടറിയുൾപ്പെടെ അവയിൽ ചിലതെല്ലാം ഞാൻ അടുത്ത ദിവസം പ്രഭാതത്തിൽ സന്ദർശിച്ചു. ചൈനയുടെ യുദ്ധകാലതലസ്ഥാനമായ ചുങ്കിങ്ങിൽനിന്നു ഞാൻ ഇപ്പോഴും വളരെ അകലെയാണു്. എങ്കിലും ജപ്പാനെ ചെറുത്തുനില്ക്കുവാൻ ഈ വിചിത്രമായ രാഷ്ട്രത്തിന്നു് ആവേശം നല്കിയ ആ ശക്തിയെ ഞാൻ മനസ്സിലാക്കാൻ തുടങ്ങി.

## ൮. സ്വതന്ത്രചൈന എന്തിനോടു സമരംചെയ്യുന്നു?

ലാൻചോവിൽനിന്നു തെക്കു ചെങ്ങ്ടുവിലേയ്ക്കും, അവിടെനിന്നു പർവ്വതനിരകളിലൂടെ തലസ്ഥാനനഗരിയായ ചുങ്കിങ്ങിലേയ്ക്കും ഞങ്ങൾ പറന്നു. ചൈനയിൽനിന്നു സ്വദേശത്തേയ്ക്കു മടങ്ങുന്നവഴി ഞങ്ങൾ വടക്കു സീയാനിലേയ്ക്കു പറക്കുകയും പിന്നീടു ചെങ്ങ്ടുവിലേയ്ക്കുതന്നെ മടങ്ങി അവിടെനിന്നു് ഉത്തരചൈനയും ഗോബിയും കടന്നു്, സൈബീരിയയിലേയ്ക്കുള്ള നീണ്ട യാത്ര ആരംഭിക്കുകയുമാണു് ചെയ്തതു്. ഷെച്ച്വാൻ, യുന്നാൻ എന്നിവിടങ്ങളിലുള്ള അമേരിക്കൻകേന്ദ്രങ്ങളും സൈനികത്താവളങ്ങളും സന്ദർശിക്കുന്നതിന്നുള്ള ചെറിയ യാത്രകൾ ഉൾപ്പെടെ, ഞാൻ ജപ്പാൻ കയ്യേറിക്കഴിഞ്ഞിട്ടില്ലാത്ത സ്വതന്ത്രചൈനയിലെ മിക്ക സ്ഥലങ്ങളും കണ്ടു.

ഇങ്ങിനെ പത്തു സംസ്ഥാനങ്ങളുണ്ട് — വടക്കുപടിഞ്ഞാറ് അഞ്ചും തെക്കുപടിഞ്ഞാറ് അഞ്ചും. വടക്കുപടിഞ്ഞാറൻസംസ്ഥാനങ്ങളിൽനിന്നു ചൈനയുടെ ഭാവിയെക്കുറിച്ചൊരു ചിത്രം ഞങ്ങൾക്കു ലഭിച്ചു. ഇന്നത്തെ നിലക്കു ചൈനയിലെ ഏററവും വളൎച്ചയെത്തിയിട്ടുള്ള സ്ഥലങ്ങളാണ് തെക്കുപടിഞ്ഞാറൻസംസ്ഥാനങ്ങൾ, പ്രത്യേകിച്ചു ഷെച്ചുവാൻസംസ്ഥാനം — ചെങ്ങ്ടൂവും ചുങ്ങ്കിങ്ങും.

ഇവിടത്തെ ഭൂമിയല്ല, ജനങ്ങളാണ് അധികം മനസ്സിനെ ആകൎഷിക്കുക. ചൈനയിലെ അനന്തമായ മനുഷ്യശക്തിയെക്കുറിച്ചു പരിപൂൎണ്ണമായി മനസ്സിലാക്കാൻ പ്രയാസമാണ്. ചൈനീസ്ജനത പ്രദൎശിപ്പിക്കുന്ന ചൈതന്യവും ബുദ്ധിശക്തിയും ധീരതയും സ്വാതന്ത്ര്യദാഹവും വിസ്മയാവഹമാണെന്നു ചൈനയെക്കുറിച്ചു നല്ല പരിജ്ഞാനമുള്ളവരെങ്കിലും 1937-ൽ ജാപ്പാക്രമണമുണ്ടായതിന്നുശേഷം അവിടെപ്പോയിട്ടില്ലാത്ത പലരും എന്നോടു പറയുകയുണ്ടായി.

ചൈനയിലെ തുണിമില്ലുകളെയും വെടിമരുന്നുശാലകളെയും ഖരണിക്കമ്പനികളെയും സിമൻറുഫാക്ടറികളെയും സന്ദൎശിച്ച്, അവിടത്തെ മാനേജർമാരോടും നിരവധി തൊഴിലാളികളോടും വളരെനേരം സംസാരിച്ചപ്പോഴാണ്, ആധുനികവ്യവസായത്തിൽ വൈദഗ്ദ്ധ്യം സമ്പാദിക്കാൻ അവൎക്കുള്ള കഴിവും പുതിയ കണ്ടുപിടുത്തങ്ങൾക്കുള്ള വാസനയും എനിക്കു ബോധപ്പെടാൻ തു

ടങ്ങിയതു്. പഴഞ്ചൻസമ്പ്രദായങ്ങൾ ദൂരേ എറിയുന്നതിന്നു് അവരിൽ തിളച്ചുപൊങ്ങിയ ആഗ്രഹത്തിന്റെ ഫലമായി, അഭിനവചൈനയിൽ വിദ്യാഭ്യാസമെന്നതു ചുരുക്കം ചിലരുടെ കുത്തകയെന്ന നിലവിട്ടു സാമാന്യജനങ്ങളുടെ ജന്മാവകാശമായി മാറി. ഇതിനെപ്പററി സർവ്വകലാശാലാപ്രഫസർമാരോടും സ്കൂളദ്ധ്യാപകന്മാരോടും സംസാരിച്ചതിന്നുശേഷമാണു് ചൈന ഉണന്നെഴുന്നേററു എന്നു പറയാറുള്ളതിന്റെ സാരം എനിക്കനുഭവപ്പെട്ടതു്. അവിടെ പത്തുകോടി ജനങ്ങൾ അഭ്യസ്തവിദ്യരാണു്. വെറും പുസ്തകപരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലല്ല സർവ്വകലാശാലാവിദ്യാഭ്യാസം. ചൈനയുടെ പൌരാണികമായ വിജ്ഞാനസമ്പത്തിനെ അഭിനവജീവിതത്തിലെ പ്രശ്നങ്ങളുമായി കൂട്ടിയിണക്കുവാനാണു് ചൈനീസ് ചിന്തകന്മാർ ശ്രമിക്കുന്നതു്. അവർ വേദാന്തത്തിൽ ലയിച്ചിരിക്കുന്ന കാലം കഴിഞ്ഞു. തങ്ങൾ ജീവിക്കുന്ന സമുദായത്തെയും ഗവർമ്മേണ്ടിനെയും സേവിക്കുന്നതിന്നു കൂടുതൽ നല്ല മാർഗ്ഗങ്ങൾ ആരായുകയാണു് അവർ.

ചെങ്ടുവിൽവെച്ചു് എട്ടു സർവ്വകലാശാലകളുടെ അദ്ധ്യക്ഷന്മാരുമായി ഞാനൊരു സംവാദം നടത്തുകയുണ്ടായി. ഈ സർവ്വകലാശാലകളിൽ ആറെണ്ണം ജപ്പാൻ കീഴടക്കിയ പ്രദേശങ്ങളിൽനിന്നു രക്ഷപ്പെട്ടവയാണു്. അവ മററു രണ്ടു സർവ്വകലാശാലകളിലെ സൌകര്യങ്ങളെ ഊഴങ്ങളായി ഉപയോഗപ്പെടുത്തുന്നതിന്റെ ഫലമായി കെട്ടിടങ്ങളും വായനമുറികളും പരീക്ഷണശാലകളും ഇ

രുപത്തിനാലു മണിക്കൂറും പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

ഒരു ദിവസം പ്രഭാതത്തിൽ അവിടത്തെ പതിനായിരം വിദ്യാർത്ഥികൾ പങ്കെടുത്ത ആ സമ്മേളനത്തിൻെറ രംഗങ്ങളെ ഞാൻ ഒരിക്കലും വിസ്മരിക്കയില്ല. എൻെറ പ്രസംഗത്തിന്നിടയ്ക്കു സ്വാതന്ത്ര്യത്തെക്കുറിച്ചു ഞാനുച്ചരിച്ച ഓരോ ശബ്ദത്തെയും അവർ കരഘോഷത്തോടുകൂടി സ്വാഗതംചെയ്തു. ചൈനയിലെ കൃഷിക്കാരുടേയും കൂലിക്കാരുടേയും കുട്ടികൾക്കു ചരിത്രത്തിൽ ആദ്യമായി വിദ്യാഭ്യാസത്തിന്നു് അവസരമുണ്ടാക്കിക്കൊടുത്ത ചെറുപാഠശാലകളുടെ പ്രവർത്തകന്മാരെ ഞാൻ ചൈനയിൽ എല്ലാസ്ഥലത്തുവെച്ചും കണ്ടു സംസാരിച്ചു.

പത്തുകൊല്ലംമുമ്പു് അവിടെ പത്തു വർത്തമാനപത്രങ്ങളേ ഉണ്ടായിരുന്നുള്ളുവെങ്കിൽ, ഇന്നു സ്വതന്ത്രചൈനയിൽ നൂറു പത്രങ്ങളുണ്ടു്. ഓരോ പട്ടണത്തിലും ഒന്നോ അതിലധികമോ കാണും. അവയിലെ മുഖപ്രസംഗങ്ങൾ ഞാൻ തർജ്ജമചെയ്തു കേട്ടു. അവ ആവേശംകൊള്ളിക്കത്തക്കതാണു്. 'ചൈനീസ് സെൻട്രൽ ന്യൂസ് സർവ്വീസി'ൻെറ വാർത്താശേഖരവിതരണസമ്പ്രദായം അമേരിക്കൻന്യൂസ്സർവ്വീസുകളോടും റോയിട്ടേഴ്സിനോടും കിടപിടിക്കാൻ പോന്നതാണു്.

വൈകുന്നേരം ഇരുട്ടായതോടുകൂടി ഞാൻ ചുങ്ക്കിങ്ങ്നഗരത്തിന്നു കുറച്ചുനാഴിക അകലെയുള്ള വിമാനത്താവളത്തിൽ ചെന്നിറങ്ങി. ഞങ്ങളുടെ വാഹനങ്ങൾ നഗരത്തിലെത്തുന്നതിന്നു വളരെനേരം മുമ്പുതന്നെ ജന

ങ്ങൾ പാതയ്ക്കിരുവശത്തും നിറഞ്ഞിരുന്നു. ഞങ്ങൾ നഗരത്തിന്റെ മദ്ധ്യത്തിൽ എത്തിയപ്പോഴേയ്ക്കും ജനക്കൂട്ടം ഇരുവശത്തും തിങ്ങിക്കൂടിയിരുന്നു—പലവേഷത്തിൽ പുരുഷന്മാർ, സ്ത്രീകൾ, ബാലന്മാർ, ബാലികമാർ, താടിക്കാരായ വൃദ്ധന്മാർ, കൂലിക്കാർ, പോർട്ടർമാർ, വിദ്യാർത്ഥികൾ, ശിശുക്കളെ ശുശ്രൂഷിച്ചുകൊണ്ട് അമ്മമാർ. അവർ പതിനൊന്നു നാഴിക ദൂരത്തിൽ റോഡിൽ തിക്കിത്തിരക്കി നിന്നു. ഇതിന്നിടയിലൂടെ ഞങ്ങളുടെ വാഹനം ഞങ്ങളുടെ താമസത്തിന്നേർപ്പാടുചെയ്തിരുന്ന അതിഥിമന്ദിരത്തിലേയ്ക്കു മന്ദമന്ദം യാത്രചെയ്തു. യാങ്ങ്ട്സെ നദിയുടെ മറുവശത്ത് അവർ കാത്തുകൊണ്ടുനിന്നു. ലോകത്തിലെ ഏററവും വലിയ മലമ്പ്രദേശമായ ചുങ്കിങ്ങിലെ കുന്നുകളിന്മേൽ നിന്നുകൊണ്ട് അവർ കടലാസുകൊണ്ടുണ്ടാക്കിയ ചെറിയ അമേരിക്കൻകൊടികളും ചൈനീസ്കൊടികളും വീശി സുസ്മേരവദനരായി എന്നെ സ്വാഗതംചെയ്തു.

അമേരിക്കയിലെ അദ്ധ്യക്ഷപദത്തിലേയ്ക്കു സ്ഥാനാർത്ഥിയായിനിന്നിട്ടുള്ള ഏതൊരുവനും ജനക്കൂട്ടത്തെ ധാരാളം കണ്ടുപരിചയിച്ചിട്ടുണ്ടാവും. എങ്കിലും ഇങ്ങിനെയൊന്ന് എനിക്കു പുതിയൊരനുഭവമാണ്. ഞാൻ ഇതിനെക്കുറിച്ചു ശ്രദ്ധിക്കാതിരിക്കാൻ ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. ജനങ്ങൾ പിടിച്ചിരുന്ന കടലാസുകൊടികൾ ഒരേ വലുപ്പത്തിലുള്ളവയായിരുന്നുവെന്നത്, ചുങ്കിങ്ങ് മേയരായ ഡാക്ടർ കെ. സി. വൂവിന്ന് ഈ പ്രകടനത്തിൽ ഒരു പ്രധാനകയ്യുണ്ടെന്നു തെളിയിച്ചു. അധികഭാഗവും

കീറിമുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച ഈ ജനക്കൂട്ടത്തിന്നു ഞാൻ ആരെന്നോ എന്തിനവിടെച്ചെന്നുവെന്നോ അറിഞ്ഞുകൂടായിരുന്നു എന്നു വ്യക്തമായിരുന്നു. ഓരോ തെരുവീഥിയുടെ തിരിവിലും കത്തിച്ചിരുന്ന വെടിക്കെട്ട് ഒരു പഴയ ചൈനീസ്തമാശയാണ്.

ഈ പ്രകടനം ഞാൻ ശ്രദ്ധിക്കാതിരിക്കാൻ ശ്രമിച്ചിട്ടും, എൻെറ ഹൃദയത്തെ പിടിച്ചിളക്കി. ആ മുഖങ്ങൾ പ്രദൎശിപ്പിച്ച വികാരങ്ങളിൽ യാതൊരു കൃത്രിമത്വവും ഉണ്ടായിരുന്നില്ല. അവരുടെ ദൃഷ്ടിയിൽ അമേരിക്കയുടെ പ്രതിനിധിയായ ഞാൻ മൈത്രിയുടേയും യുദ്ധസഹായത്തിൻേറയും ആശാകേന്ദ്രമായിരുന്നു. അതു സൌഹാൎദ്ദത്തിൻെറ ഒരു കൂററൻപ്രകടനമായിരുന്നു. ജനങ്ങളിലും വികാരങ്ങളിലും കുടികൊള്ളുന്ന നിൎമ്മലമായ ശക്തിയുടെ ഹൃദയാകൎഷകമായ ഒരു പ്രദൎശനമായിരുന്നു അത്. അതാണ് ചൈനയുടെ ജീവൻ.

വടക്കുപടിഞ്ഞാറ് ലാൻചോവിലെത്തിയപ്പോൾ ചെറിയതെങ്കിലും ഇതുപോലെതന്നെയുള്ള ഒരു ജനക്കൂട്ടത്തെ ഞാൻ കണ്ടു. പിന്നീടൊരിക്കൽ, ഷെൻസിസംസ്ഥാനത്തിൻെറ തലസ്ഥാനമായ സിയാനിലെ തെരുവുകളിൽ കോരിച്ചൊരിയുന്ന മഴയത്ത്, ധാരാളം മണിക്കൂറുകളോളം ഒരു ജനസമൂഹം എൻെറ വരവുംകാത്തുകൊണ്ടു നില്ക്കുന്നതു കാണാനിടയായി. അന്നു ഞങ്ങളുടെ വിമാനം എത്തുന്നതിന്നു കുറച്ചു നേരംവൈകിപ്പോയി. ആ കാഴ്ച എൻെറ മനസ്സിനെ ഇളക്കിത്തീൎത്തു. ചൈനയെപ്പോലെ വിപുലമായ ഒരു രാജ്യത്തിൽ ചുരുങ്ങിയസ

മയംകൊണ്ടുള്ള ഒരു സഞ്ചാരത്തിന്നിടയിൽ, ഇഷ്ടംപോലെ ആളുകളുമായി അടുത്തു പെരുമാറുവാനോ സ്നേഹബന്ധം സ്ഥാപിക്കുവാനോ അസാദ്ധ്യമാണല്ലോ. ഇത്തരത്തിലുള്ള ബന്ധങ്ങളിലൂടെ മാത്രമേ ഒരു വിദേശജനസമുദായത്തിൻെറ ആശയങ്ങളെയും വികാരങ്ങളെയും ശരിയായി പഠിക്കാൻ കഴിയുകയുള്ളു. എങ്കിലും ചൈനയെക്കുറിച്ചുള്ള എൻെറ ബാഹ്യനിരീക്ഷണങ്ങൾ അടിസ്ഥാനരഹിതങ്ങളല്ലെന്നു് ആ ജനക്കൂട്ടത്തിലെ മുഖങ്ങൾ പ്രകടിപ്പിച്ച ഭാവങ്ങൾ അസന്ദിഗ്ദ്ധമായ ഭാഷയിൽ തെളിയിച്ചു.

ഒരു രംഗത്തിലല്ലെങ്കിൽ മറ്റൊന്നിൽ ചീനക്കാർ വിദഗ്ദ്ധന്മാരാണു്. അവരിൽ ചിലരെ ഞാൻ പിന്നീടു വിവരിക്കാം. ചൈനയിലെ സാധാരണജനങ്ങളെ എത്രതന്നെ പുകഴ്ത്തിയാലും മതിയാവുന്നതല്ല.

ചൈനയിൽവെച്ചു് ഒരിക്കൽ എനിക്കൊരു കത്തു കിട്ടി. ലേഖനകർത്താവിനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അദ്ദേഹം ഒരു വിദ്യാർത്ഥിയാണു്. എഴുത്തിൻെറ ചുവടെ അദ്ദേഹത്തിൻെറ ഒരു ഛായാപടം പതിച്ചിരുന്നു. സ്വന്തം കഴിവിലും ഭാഷാപരിജ്ഞാനത്തിലും വളരെയധികം ആത്മവിശ്വാസമുള്ള ഒരു വിദ്യാർത്ഥിക്കുമാത്രം എഴുതാവുന്ന ആംഗ്ലേയശൈലിയാണു് ആ കത്തിൽ ഉപയോഗിച്ചിരുന്നതു്.

എഴുത്തു് ഇങ്ങിനെയായിരുന്നു: "പ്രിയപ്പെട്ട മി. വെൻഡൽ വില്ക്കി, എത്രതന്നെ വിഷമതകൾ നേരിട്ടാലും നൈരാശ്യപ്പെടുകയോ മനസ്സു മാറുകയോ ചെയ്യാ

ത്ത ചൈന, ഐക്യരാഷ്ട്രങ്ങളുടെയിടയിൽ ഏററവും ധീരവും വിശ്വസ്തവുമാണെന്നു ഞാൻ നിങ്ങൾക്കുറപ്പു തരുന്നു; എന്തുകൊണ്ടെന്നാൽ സ്വാതന്ത്ര്യത്തിന്നും ന്യായത്തിന്നുംവേണ്ടിയുള്ള പരിശുദ്ധമായ ഒരു യുദ്ധമാണു് ചൈന നടത്തുന്നതെന്നു ഞങ്ങൾക്കറിയാം. ശോഭനമായ ഒരു ഭാവി ഞങ്ങളെ കാത്തുകൊണ്ടിരിക്കുന്നുണ്ടെന്നും ഞങ്ങൾ ആർത്തിയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന വിജയം ഈശ്വരൻ കൈവരുത്തുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.''

യുദ്ധാനന്തരം സമാധാനം നിലനിർത്തുന്നതിനുള്ള ഒരു കരടുപദ്ധതി അദ്ദേഹത്തിൻെറ കത്തിൽ അടക്കം ചെയ്തിരുന്നു. അതു രസകരമായ ഒന്നായിരുന്നു. ചൈനയിലെങ്ങും ഞാൻ കണ്ട ജനക്കൂട്ടങ്ങളിലെപ്പോലെതന്നെ ഈ പദ്ധതിയിലും അനുഭവിച്ചിരുന്ന ആവേശമാണു് എന്നെ ആകർഷിച്ചതു്. യുദ്ധത്തെ പുകഴ്ത്തുന്നതിന്നു പകരം വെറുക്കുവാൻ ജനങ്ങളെ പഠിപ്പിക്കുന്നതിന്നു സ്മാരകസ്തംഭങ്ങൾ ഉയർത്തണമെന്നാണു് അദ്ദേഹത്തിൻെറ പരിപാടി. യുദ്ധത്തിൻെറ അവസാനദിവസം ലോകമൊട്ടുക്കും യാഗങ്ങൾ നടത്തണമെന്നും ശാന്തി സ്വാതന്ത്ര്യം ഉന്മേഷം എന്നിവയെ കുറിക്കുന്നതായിരിക്കണം ആ ദിനമെന്നുമാണു് അദ്ദേഹത്തിൻെറ അഭിപ്രായം.

ചൈനയിലെപ്പോലെ ഒരു വ്യക്തിക്കുമാത്രം ഇത്രയധികം സ്വാധീനശക്തിയുള്ള മറെറാരു രാജ്യം ഐക്യരാഷ്ട്രങ്ങൾക്കിടയിൽ ഉണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിൻെറ പേർ ചിയാങ്ങ് കൈ ഷേക്ക് എന്നാണു്.

ചൈനയിൽ അദ്ദേഹത്തെ സാധാരണ 'ജനറാലിസിമോ' എന്നും ചിലപ്പോൾ വാത്സല്യസൂചകമായി 'ജിസിമോ' എന്നുമാണ് വിളിക്കുക പതിവ്.

ജനറാലിസിമോവുമായി ഞാൻ വളരെ പ്രാവശ്യം നീണ്ട സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹമൊരുമിച്ചും മാഡം ചിയാങ്ങൊരുമിച്ചും ഞാൻ പലതവണ ഭക്ഷണം കഴിച്ചിട്ടുണ്ട്.

യാങ്ട്സേനദിയുടെ കുത്തനെയുള്ള തീരത്തിന്നു മുകളിൽ സ്ഥിതിചെയ്യുന്ന ചിയാങ്ങിൻെറ വാസസ്ഥലത്തേയ്ക്ക് ഒരു ദിവസം വൈകിയിട്ട ഞങ്ങൾ പോയി. 'ഫോള്ളി'യോടും ഞങ്ങളൊന്നിച്ചുണ്ടായിരുന്നു. ചുരുങ്ങിയ രീതിയിൽ നിർമ്മിച്ചിരുന്ന ആ വീടിൻെറ മുമ്പിലുള്ള പന്തലിലിരുന്നു ഞങ്ങൾ ചുങ്കിങ്ങിലെ കുന്നുകളെ നോക്കി. താഴെ ദ്രുതഗതിയിൽ ഒഴുകുന്ന പുഴയിലൂടെ കുട്ടേറെ ചെറിയ വഞ്ചികൾ ചൈനയിലെ കൃഷിക്കാരനെയും അവൻെറ ഉൽപന്നങ്ങളെയും വഹിച്ചുകൊണ്ടു കമ്പോളത്തിലേയ്ക്കു പോകുന്നുണ്ടായിരുന്നു. ചുങ്കിങ്ങിലെ അന്തരിക്ഷം ചൂടുള്ളതായിരുന്നു. എന്നാൽ ഇവിടെ ഒരു തണുത്ത കാററു വീശി. മാഡം ചിയാങ്ങ് ഞങ്ങൾക്ക ചായ പകർന്നുതന്നു. ജനറാലിസിമോവും ഞാനും സംഭാഷണത്തിലേപ്പെട്ടു. മാഡം ചിയാങ്ങും 'ഫോള്ളി'യും മാറിമാറി ഞങ്ങളുടെ സംഭാഷണം പരിഭാഷപ്പെടുത്തി.

കഴിഞ്ഞുപോയ കാലങ്ങളെക്കുറിച്ചു ഞങ്ങൾ സംസാരിച്ചു. ചൈനയെ ഒരു കാർഷികസമുദായമെന്ന നിലയിൽനിന്നു് ഒരാധുനികവ്യാവസായികരാഷ്ട്രമായി ഉ

യത്തലായിരുന്നു അദ്ദേഹത്തിന്റെ ഭരണത്തിന്റെ ഉന്നം. ഈ പരിവത്തനത്താൽ ചൈനയുടെ പൂവ്വസംസ്കാരത്തിലെ ഏററവും നല്ല ഭാഗങ്ങൾ പരിരക്ഷിക്കപ്പെടുമെന്നു് അദ്ദേഹം വിശ്വസിച്ചു. പാശ്ചാത്യരീതിയിൽ വൻകിടവ്യവസായങ്ങൾ വളരുകയാണെങ്കിൽ ഉണ്ടാകാവുന്ന സാമുദായികക്കുഴപ്പങ്ങൾ തടയുന്നതിന്നായി അസംഖ്യം ചെറിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന്നാണു് അദ്ദേഹം തീരുമാനിച്ചിട്ടുള്ളതു്. റിപ്പബ്ലിക്കിന്റെ ജനയിതാവായ ഡാ. സൺയാട്സെന്നിന്റെ അദ്ധ്യാപനങ്ങൾ ഉൽഘോഷിക്കുന്നപോലെ കൃഷിവ്യവസായസമ്മിശ്രമായ ഒരു സമുദായം സൃഷ്ടിക്കുകയാണു് ഏകരക്ഷാമാഗ്ഗമെന്നു് അദ്ദേഹത്തിന്നുറപ്പുണ്ടു്. പക്ഷേ ഈ കാൎയ്യങ്ങളെപ്പററി പാശ്ചാത്യരിൽ ആരോടെങ്കിലും കൂടിയാലോചിക്കണമെന്നുണ്ടായിരുന്നു അദ്ദേഹത്തിന്നു്. എന്നോടു പല ചോദ്യങ്ങളും അദ്ദേഹം ചോദിച്ചു. അമേരിക്കയിൽ വിപുലമായ ഉൽപാദനവും വൻകിടവ്യവസായസ്ഥാപനങ്ങളും സൃഷ്ടിച്ചതും അദ്ദേഹം തടയാനാശിക്കുന്നതുമായ സാമൂഹ്യക്കുഴപ്പങ്ങൾ, അദ്ദേഹം ഉദ്ദേശിക്കുന്നപോലെ, വെറും അധികാരത്തിന്നുള്ള ദുരാഗ്രഹംകൊണ്ടോ, അഥവാ സ്വകാൎയ്യസ്വത്തു കുന്നുകൂട്ടിയതുകൊണ്ടോ മാത്രം ഉണ്ടായിട്ടുള്ളതല്ലെന്നു ഞാൻ വിശദീകരിച്ചു. ഈ കാൎയ്യങ്ങൾക്കും ഒരു പങ്കുണ്ടെന്നു തീച്ചയായും സമ്മതിക്കാം. സാമ്പത്തികമായ ആവശ്യങ്ങളിൽ നിന്നാണു് ഇവയുണ്ടായിട്ടുള്ളതു്. വൻകിടവ്യവസായം ഉൽപാദനത്തിന്റെ ചെലവു ചുരുക്കുന്നു.

ചൈനീസ് റോഡുകളിൽ ഉപയോഗിക്കുവാൻവേണ്ടി ചുരുങ്ങിയ ചെലവിൽ വാഹനങ്ങൾ നിർമ്മിക്കുവാൻ അദ്ദേഹം തീരുമാനിച്ചിട്ടുണ്ട്. ഇതുതന്നെ ഞാനൊരു ഉദാഹരണമായി എടുത്തുകാണിച്ചു. ശാസ്ത്രീയരീതിയിൽ നടത്തുന്ന ഒരു വൻകിടസ്ഥാപനത്തിൽ വാഹനങ്ങൾ ഉണ്ടാക്കുന്നതിനെക്കാൾ അഞ്ചിരട്ടി ചെലവുണ്ട് ചെറിയ ഫാക്ടറിയിൽ അവയുണ്ടാക്കുന്നതിന്നെന്നു ഞാൻ ചൂണ്ടിക്കാണിച്ചു. ചെറിയ വ്യവസായങ്ങളിൽ ഉൽപാദനം നടത്തുകയാണെങ്കിൽ ജീവിതത്തോതു വർദ്ധിപ്പിക്കത്തക്കവണ്ണം സാമാന്യജനങ്ങൾക്കു വാങ്ങാൻ കഴിയുന്ന വിലക്കു പല സാധനങ്ങളും ഉണ്ടാക്കുവാൻ കഴിയില്ല. അനാവശ്യമായി പല രംഗങ്ങളിലും വൻകിടവ്യവസായകേന്ദ്രങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നു ബുദ്ധിയുപയോഗിക്കുന്ന ഏതൊരമേരിക്കക്കാരനുമറിയാം. നമ്മുടെ സാമൂഹ്യവും സാമ്പത്തികവുമായ നന്മയ്ക്കുവേണ്ടി ചെറുവ്യവസായങ്ങൾക്കു മുൻഗണനയും പ്രോത്സാഹനവും നല്കേണ്ടതു് ആവശ്യമാണ്. പക്ഷേ ചില വ്യവസായങ്ങളിൽ ജീവിതത്തോതു നിലനിർത്തുന്നതിന്നു വിപുലമായ ഉൽപാദനസമ്പ്രദായംതന്നെ വേണ്ടിവരുന്നു. ഒരു ഫാക്ടറിയിൽ ആയിരമായിരം തൊഴിലാളികളെ കേന്ദ്രീകരിക്കുന്നതിൻെറ ഫലമായി, സാമൂഹ്യവും സാമ്പത്തികവും പ്രജാധിപത്യസിദ്ധാന്തങ്ങൾക്കു വിരുദ്ധവുമായ വർഗ്ഗവ്യത്യാസങ്ങളും വമ്പിച്ച തോതിൽ തൊഴിലില്ലായ്മയും ഉണ്ടാവുന്നുണ്ടെന്നു ഞങ്ങൾക്കു ബോധമുണ്ട്. ഈ സമ്പ്രദായംകൊണ്ടു സമുദായത്തിൽ വലിയ ഒരു വിഭാഗം ജനങ്ങളെ ഒരു സ്ഥിരം തൊഴിലാളിപ്പട്ടാളമാക്കിത്തീർക്കുന്നതി

നെപ്പററി ഞങ്ങൾ വ്യസനിക്കുന്നു. ഇവയിൽ പലതി ന്നും ഞങ്ങൾക്കിനിയും പോംവഴി കണ്ടുപിടിക്കാൻ കഴി ഞ്ഞിട്ടില്ലെന്നു ഞാൻ ജനറാലിസിമോവിനോടു പറഞ്ഞു. എങ്കിലും ഉപയോഗപ്രദങ്ങളായ വൻകിടവ്യവസായ ങ്ങൾ ശക്തിഹീനമായ ചെറുസ്ഥാപനങ്ങളായി മുറിക്കു കയല്ല ഇതിന്നുള്ള രക്ഷാമാൎഗ്ഗമെന്നുമാത്രം ഞങ്ങൾക്കറി യാം.

എന്തിന്നു പാശ്ചാത്യലോകത്തിലേക്കു് അത്ര ദൂരം പോകുന്നു? അടുത്തു കിടക്കുന്ന റഷ്യയിൽ നടന്നുവരുന്ന കമ്യൂണിസ്റ്റ് പരീക്ഷണത്തെക്കുറിച്ചു ഞാൻ അദ്ദേഹത്തെ ഓൎമ്മപ്പെടുത്തി. ആ പരീക്ഷണത്തിൻെറ വിജയത്തി ന്നൊരു പ്രധാനകാരണം വൻകിടയിലുള്ള ഉൽപാദന സമ്പ്രദായമാണു്.

ആവശ്യമായ വൻകിടവ്യവസായങ്ങൾ പകുതി ഗ വൎമ്മേണ്ടിൻെറ നിയന്ത്രണത്തിലും പകുതി സ്വകാൎയ്യമൂ ലധനംകൊണ്ടും നടത്തുകയായിരിക്കും ഇതിന്നൊരു പോംവഴിയെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഞങ്ങളുടെ സംഭാഷണം വളരെനേരം നീണ്ടുനി ന്നു. അപ്പോൾ മാഡം ചിയാങ്ങ് സ്ത്രീസഹജമായ അധി കാരസ്വരത്തിലാണെങ്കിലും മൃദുലമായ രീതിയിൽ പറ ഞ്ഞു: “മണി പത്തായി, നിങ്ങൾ ഭക്ഷണം കഴിച്ചിട്ടില്ല ല്ലോ. വേഗം വരൂ. നഗരത്തിലേക്കു പോയി എന്തെങ്കി ലും കഴിക്കാം. സംസാരിക്കാനുള്ളതു പിന്നീടു വല്ല അവ സരത്തിലുമാവാം.”

പിന്നീട് ഈ വിഷയത്തെക്കുറിച്ചും മറ്റു പല കാര്യങ്ങളെപ്പററിയും ഞങ്ങൾ കൂടുതൽ സംസാരിക്കയുണ്ടായി. ഇന്ത്യ, പൂർവ്വപ്രദേശങ്ങൾ, അവയുടെ ആഗ്രഹങ്ങൾ, അവയുടെ ലക്ഷ്യങ്ങൾ, ലോകസംഘടനയിൽ അവയ്ക്കുള്ള സ്ഥാനം, സൈനികതന്ത്രങ്ങൾ, ജപ്പാന്റെ കഴിവുകൾ, പേൾഹാർബറിന്റേയും സിങ്കപ്പൂരിന്റേയും നഷ്ടം, ഈ സംഭവം പാശ്ചാത്യരെപ്പററി കിഴക്കൻപ്രദേശങ്ങളിലുള്ള ജനങ്ങളുടെ മനോഭാവത്തിലുണ്ടാക്കിയിട്ടുള്ള മാററം—എന്നിവയെക്കുറിച്ചെല്ലാം ഞങ്ങൾ സംസാരിച്ചു. മദ്ധ്യപൂർവ്വപ്രദേശങ്ങളിലും റഷ്യയിലും ഇപ്പോൾ ചൈനയിലും വളൎന്നുവരുന്നതായി ഞാൻ കണ്ട രൂക്ഷമായ ദേശീയഭ്രാന്ത്, സർവ്വരാജ്യസഹകരണത്തിന്നു ഹാനികരമാവുമോ എന്നു ഞങ്ങൾ ആലോചിച്ചു. റഷ്യയെക്കുറിച്ചും ചൈനയിൽ ചിയാങ്ങും കമ്യൂണിസ്ററുകാരുമായുള്ള ബന്ധത്തെക്കുറിച്ചും ഗ്രേററ്ബ്രിട്ടനെപ്പററിയും കിഴക്കൻപ്രദേശങ്ങളിൽ ബ്രിട്ടൻ കൈക്കൊണ്ടിട്ടുള്ള നയത്തെപ്പററിയും ഫ്രാൻക്ലിൻ റൂസ്‌വെൽട്ടിനെപ്പററിയും വിൻസ്ററൺ ചർച്ചിലിനെക്കുറിച്ചും ജോസഫ് സ്ററാലിനെപ്പററിയും ഞങ്ങൾ സംസാരിക്കയുണ്ടായി.

ജനറാലിസിമോവോടുകൂടി കഴിച്ചുകൂട്ടിയ ആറു ദിവസംമുഴവൻ ഞങ്ങൾ സംഭാഷണത്തിന്നുവേണ്ടി ചെലവഴിച്ചു.

അദ്ദേഹത്തെപ്പററി എന്റെ അഭിപ്രായം രേഖപ്പെടുത്താതെ ചൈനയെക്കുറിച്ചുള്ള ഈ വിവരണം പരിപൂർണ്ണമാകയില്ല. ഒരു നേതാവു് എന്നുള്ള നിലയ്ക്കും

ഒരു മനുഷ്യനെന്നനിലയ്ക്കും ഉന്നതമായ പ്രശസ്തി അദ്ദേഹം നേടിക്കഴിഞ്ഞിട്ടുണ്ടെങ്കിലും അതിലും അതിരുകവിഞ്ഞതാണ് അദ്ദേഹത്തിന്റെ മാഹാത്മ്യം. അദ്ദേഹം ശാന്തശീലനായ ഒരാളാണ്. സൈനികവേഷമണിയാത്ത അവസരങ്ങളിലെല്ലാം അദ്ദേഹം ചൈനീസ്രീതിയിൽ വസ്ത്രധാരണം ചെയ്യുന്നു. ഈ വേഷത്തിൽ അദ്ദേഹത്തെ കണ്ടാൽ ഒരു രാഷ്ട്രീയനേതാവിന്റേതിനെക്കാൾ കൂടുതൽ ഒരു ചിന്തകന്റെ—ഒരു പുരോഹിതന്റെ—ഛായ തോന്നിക്കും. മററുള്ളവരുടെ അഭിപ്രായങ്ങളെ സശ്രദ്ധം കേൾക്കുന്നതിൽ അദ്ദേഹം മിടുക്കനാണ്. നിങ്ങളുടെ അഭിപ്രായങ്ങളോടു യോജിക്കുന്ന അവസരങ്ങളിൽ അദ്ദേഹം തലകുലുക്കിക്കൊണ്ടു മന്ദം മന്ദം മൂളും; ഇതു് ഒരു വ്യംഗ്യരൂപത്തിലുള്ള സ്തുതിയാണ്. അദ്ദേഹത്തോടു വാദപ്രതിവാദം നടത്തുന്നവരെ ഇതു ദുർബ്ബലപ്പെടുത്തുകയും കുറച്ചൊക്കെ അദ്ദേഹത്തിന്റെ പക്ഷത്തിലേയ്ക്കാകർഷിക്കുകയും ചെയ്യും. നിത്യവും കുറച്ചുസമയം ജനറാലിസിമോ പ്രാർത്ഥനയ്ക്കും ബൈബിൾവായനയ്ക്കുംവേണ്ടി വിനിയോഗിക്കുന്നു. ഈ പരിശീലനത്തിൽനിന്നു്, അതല്ലെങ്കിൽ ബാല്യകാലത്തെ ജീവിതരീതിയിൽനിന്നാവാം, അദ്ദേഹത്തിന്നു ചില സ്വഭാവവിശേഷങ്ങൾ സിദ്ധിച്ചിട്ടുണ്ടു്—ചിന്താശീലം, ശാന്തസ്വഭാവം, മനസ്സിലുള്ള വിചാരങ്ങൾ ഇടക്കു സ്വയം പിറുപിറുക്കുന്ന സമ്പ്രദായം. അഗാധമാണ് അദ്ദേഹത്തിന്റെ ആത്മാർത്ഥതയും ഗൌരവവും ആത്മനിയന്ത്രണശക്തിയും.

ത്യാഗസമ്പൂർണ്ണമായ ഒരു ജീവിതത്തിലൂടെയാണു് താൻ അധികാരസ്ഥാനത്തിലെത്തിയതു് എന്നുള്ളതിൽ ജനറാലിസിമോ അഭിമാനംകൊള്ളുന്നു. ഒരു രാഷ്ട്രത്തിന്റെ ജനനത്തിൽ നേരിടുന്ന കാഠിന്യമേറിയ പ്രശ്നങ്ങൾ ഇരുപതുകൊല്ലത്തിലധികമായി അദ്ദേഹം അനുഭവിച്ചറിഞ്ഞിട്ടുണ്ടു്. ഇതിന്റെ ഫലമായിട്ടാവാം, താൻ വിവാഹം ചെയ്തിട്ടുള്ള ആ അസാധാരണകുടുംബത്തോടും ആദ്യഘട്ടങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സമരത്തിൽ ഒരുമിച്ചുനിന്ന സഹപ്രവർത്തകന്മാരോടും അദ്ദേഹം കാണിക്കുന്ന സീമാതീതമായ സ്നേഹം ചിലപ്പോൾ യുക്തിയുക്തമല്ലെന്നുപോലും തോന്നിപ്പോകുന്നതു്. എനിക്കു് ഇതു പറയാൻ പാടില്ലാത്തതാണെങ്കിലും, ചുങ്കിങ്ങിൽ കുറച്ചു ദിവസമെങ്കിലും കഴിച്ചുകൂട്ടുവാൻ ഇടവന്നിട്ടുള്ള ഏവർക്കും ഇതറിയാൻകഴിയും—റിപ്പബ്ലിക്കിന്റെ ചുരുങ്ങിയ കാലത്തെ ജീവിതത്തിന്നിടയിൽ ചില നേതാക്കന്മാരുടെ 'കൂട്ടുകെട്ടു' വളർന്നുവരികയും അതിനെത്തുടർന്നു ചില ആളുകൾ മാത്രം ഉന്നതസ്ഥാനങ്ങളിൽ സ്ഥിരപ്രതിഷ്ഠിതരാവുകയും ചെയ്തിട്ടുണ്ടു്. ചൈനയിലെ പ്രഭുക്കന്മാരുമായി യുദ്ധം നടത്തിയിരുന്ന കാലങ്ങളിൽ ജനറാലിസിമോവിന്റെ പ്രവർത്തകന്മാരായിരുന്ന ആളുകളാണു് ഈ 'കൂട്ടുകെട്ടി'ലെ പ്രധാനാംഗങ്ങൾ.

ഞാൻ ചുങ്കിങ്ങിൽവെച്ചു കണ്ട നേതാക്കന്മാർ പ്രാപ്തിയില്ലാത്തവരാണെന്നല്ല ഈ പറഞ്ഞതിന്റെ സാരം. അവർ തീർച്ചയായും സമർത്ഥന്മാരാണു്. പക്ഷേ പാശ്ചാത്യാശയങ്ങളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ

അവരിൽ ചിലർ ജനപ്രാതിനിധ്യമില്ലാത്തവരാണ്. ചീനക്കാരുടെ പ്രജാധിപത്യസിദ്ധാന്തങ്ങൾ ചില കാൎയ്യങ്ങളിൽ നമ്മുടേതിൽനിന്നു വിഭിന്നമാണെന്നുള്ളതു പോലെതന്നെ നേതൃത്വത്തിൻെറ രൂപത്തിലും വ്യത്യാസം കാണും. ചൈനയിൽ ഇന്നു ഭരണംനടത്തുന്ന രാഷ്ട്രീയകക്ഷിയായ കോമിൻററാങ് അവിടത്തെ പ്രജാധിപത്യഭരണത്തിൻെറ വളൎച്ചയെ രണ്ടു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. പരിപൂൎണ്ണമായ പ്രജാധിപത്യഭരണത്തിൻകീഴിൽ ഉത്തരവാദപ്പെട്ട പൌരന്മാരായി ജീവിതം നയിക്കുവാൻ ജനങ്ങൾക്കു പരിശീലനം നല്കുന്ന ഒരു രക്ഷാകൎത്തൃത്വമാണു പ്രഥമഘട്ടം. പിന്നീടു പ്രായപൂത്തിവോട്ടവകാശപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഒരു ഭരണകൂടം സ്ഥാപിക്കപ്പെടും. ഈ രക്ഷാകൎത്തൃത്വം നിൎവ്വഹിക്കുന്നതിന്നു ജനങ്ങൾ ഇഷ്ടംപോലെ തിരഞ്ഞെടുക്കുന്ന ആളുകളെക്കാൾ നല്ലതു യുദ്ധത്തിലും രാഷ്ട്രമീമാംസയിലും പാടവം സിദ്ധിച്ചവരോ, അല്ലെങ്കിൽ വിദേശസൎവ്വകലാശാലകളിൽ പരിശീലനം ലഭിച്ചവരോ ആവാനേ തരമുള്ളു; അതു് അങ്ങിനെയാണുതാനും. ചുങ്കിങ്ങിൽ നിന്നു ചീനക്കാരുടെ ജീവിതത്തിൽ കേന്ദ്രീകൃതമായ നിയന്ത്രണം കുത്തിച്ചെലുത്തുന്ന സമ്പ്രദായത്തെപ്പററി ചൈനയോടനുഭാവമുള്ള വിദേശീയവൃത്തങ്ങളിൽ കേൾക്കാറുള്ള ആക്ഷേപത്തിന്നു് ഒരു പ്രധാനകാരണം ഇതാണെന്നു ഞാൻ വിശ്വസിക്കുന്നു.

ചൈനയുടെ യുദ്ധസംരംഭങ്ങളെ കാണിച്ചുതരുന്നതിന്നും എനിക്കുള്ള സംശയങ്ങൾ തീൎക്കാൻ എന്നെ സ

ഹായിക്കുന്നതിന്നുംവേണ്ടി അവിടത്തെ ഏററവും നല്ല വിദഗ്ദ്ധന്മാരിൽ ചിലർ നിയോഗിക്കപ്പെട്ടു. അവരെക്കുറിച്ചെല്ലാം ഇവിടെ രേഖപ്പെടുത്തുവാൻ സാദ്ധ്യമല്ല. ചങ്കിങ്ങിൽനദീതീരത്തുള്ള ഒരു കുന്നിന്റെമുകളിൽ സ്ഥിതിചെയ്യുന്ന തന്റെ ഭവനത്തിൽവെച്ചു യുദ്ധകാര്യമന്ത്രിയായ ജനറൽ ഹോ യിങ്ങ്-ചിൻ എനിക്കൊരു വിരുന്നു നല്കുകയുണ്ടായി. ആ അവസരത്തിൽ ഞാൻ അദ്ദേഹത്തോടും ലഫ്ടനൻറ് ജനറൽ ജോസഫ് ഡബ്ളിയു സ്റ്റിൽവെല്ലിനോടും അഡ്മിറൽ ചെൻ ഷയോ കപാനിനോടും ചൈനീസ് പട്ടാളത്തിലെ മററുദ്ദ്യോഗസ്ഥന്മാരോടും സംസാരിച്ചു. പിന്നീടു ക്വാങ്ങ്സിയിലെ ത്രിമൂർത്തികളിൽ ഒരാളായ ജനറൽ പൈ ചങ്ങ്-സിയുമായി ഞാൻ ഒരു നീണ്ട സംവാദം നടത്തുകയുണ്ടായി.

പ്രസിഡണ്ടു ലിൻ സൻ തന്റെ ഔദ്ദ്യോഗികവസതിയിൽവെച്ച് എന്നെ ഔപചാരികമായി സല്ക്കരിച്ചു. വൈസ്പ്രസിഡണ്ടായ ഡോക്ടർ എച്ച്. എച്ച്. കുങ്ങ് തന്റെ ബംഗ്ലാവിലെ തോട്ടത്തിൽവെച്ച് എനിക്ക് ഒരു വിരുന്നു നല്കി. ചുങ്കിങ്ങിലെ ഏററവും മെച്ചമേറിയ ഒരുകെട്ടിടമാണതു്. വിദ്ദ്യാഭ്യാസമേലദ്ധ്യക്ഷനായ ഡോക്ടർ ചെൻ ലി-ഫ, ധനകാര്യമന്ത്രിയായ ഡോക്ടർ വൂങ്ങ് വെൻ-ഹോ, പ്രചാരണവകുപ്പിന്റെ തലവനായ ഡോക്ടർ വാങ്ങ് ഷി-ചി എന്നിവരെല്ലാം ഇന്നത്തെ ആപത്തിനെ എങ്ങിനെയാണു് ചൈന നേരിടുന്നതെന്നു വിശദീകരിച്ചു.

നാഷനൽ മിലിട്ടറി കൌൺസിലിൽവെച്ചു നടത്തിയ ഒരു വിരുന്നിൽ ജനറാലിസിമോതന്നെയാണു് ആദ്ധ്യക്ഷ്യം വഹിച്ചതു്. ചുങ്കിങ്ങ്നഗരത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന വിശാലമായ ഒരു കെട്ടിടമാണതു്. കഴിഞ്ഞ വഷത്തിൽ ബോംബാക്രമണത്തിന്നിരയായി തകർന്നുപോയെങ്കിലും, ഇപ്പോൾ അതു വീണ്ടും നിർമ്മിക്കപ്പെട്ടിരിക്കുന്നു. എൻെറ സഞ്ചാരത്തിന്നിടയിൽ ഞാൻ പങ്കെടുത്തിട്ടുള്ള വിരുന്നുകളിൽ ഏററവും അഭിനന്ദനീയമായ ഒന്നായിരുന്നു അതു്. വർഗ്ഗഭേദമെന്യേ എല്ലാവരും ത്യാഗങ്ങൾ സഹിക്കേണ്ട ഇന്നത്തെ ഘട്ടത്തിൽ ഉന്നതസ്ഥാനങ്ങളിൽ നാം കാണാൻ കൊതിക്കുന്ന മിതവ്യയശീലത്തിന്നു് ഒരു മാതൃകയായിരുന്നു ഈ വിരുന്നു്. സംഗീതവിദ്വാന്മാർ പൌരാണികചൈനയിലെ ചില പ്രാകൃതമായ സംഗീതോപകരണങ്ങൾ വായിച്ചുകേൾപ്പിച്ചു. കീർത്തനങ്ങൾ ചൈനയിലെ പഴയ നാടൻപാട്ടുകളായിരുന്നു. രാഗങ്ങൾ മധുരങ്ങളാണു്. ഈ വിരുന്നിൽവെച്ചു് ഒരു രസകരമായ സംഭവം നടക്കുകയുണ്ടായി: തലേദ്ദിവസം കുറച്ചു സ്രാവിൻെറ മാംസം ഭക്ഷിച്ചതിൻെറ ഫലമായി മൈക്ക് കൌൾസിന്നു നല്ല സുഖമുണ്ടായിരുന്നില്ല. അതിനാൽ ഈ സദ്യയ്ക്കു പഴയ സമ്പ്രദായത്തിൽ കുറച്ചു ഐസ്ക്രീം കിട്ടിയപ്പോൾ അയാൾക്കു സന്തോഷമായി. അയാൾ ഇതിനെപ്പററി സംസാരിച്ചപ്പോൾ ചുങ്കിങ്ങിലെ മെയർ ഈ സംഭവത്തിൻെറ പിന്നിലുള്ള ചരിത്രം ഞങ്ങളെ കേൾപ്പിച്ചു: ഏപ്രിൽമാസത്തിൽ ചൈനയിൽ കോളറ പരന്നേയ്ക്കുമോ എന്നു ഭയ

മുണ്ടായിരുന്നു. ആ ദീനം തടയുന്നതിനുള്ള ഔഷധം അവരുടെ കൈവശമുണ്ടായിരുന്നില്ല. കോളറ പരക്കുന്നതു പാലിലൂടെയായിരുന്നതിനാൽ ഐസ്ക്രീം ഉപയോഗിക്കുന്നതു നിയമവിരുദ്ധമാക്കിക്കൊണ്ടുള്ള ഒരു ചട്ടം നടപ്പിൽ വരുത്തി. അദ്ദേഹം തുടന്നു: "എന്നാൽ ഐസ്ക്രീം വളരെ രുചികരമായ ഒരു ഭക്ഷണമായതുകൊണ്ടും മി. വില്ലി ചുങ്ങ്കിങ്ങ് സന്ദർശിച്ചതിൽ ഞങ്ങൾക്കുള്ള ആഹ്ലാദം രേഖപ്പെടുത്തുന്നതിനും, ഇന്നു രാത്രി നിങ്ങൾക്കു ഐസ്ക്രീം തരുന്നതിനുവേണ്ടിയും ഒരു ദിവസത്തേയ്ക്കുമാത്രം ഞാൻ ഈ നിയമം എടുത്തുകളഞ്ഞിരിക്കുന്നു." ......കോളറ പകരാതിരിക്കാൻവേണ്ടി ഞങ്ങൾ കുത്തിവെപ്പു നടത്തിയിരുന്നതു യഥാത്ഥത്തിൽ ഫലപ്രദമാണോ എന്നു് അടുത്ത കുറേ ദിവസങ്ങളോളം ഞങ്ങൾ ഉല്ക്കണ്ഠയോടുകൂടിയാണു് നോക്കിക്കൊണ്ടിരുന്നതു്...... ഒഴിവു കിട്ടുന്ന അവസരങ്ങളിലെല്ലാം ഞാൻ മററനേകം ചീനക്കാരെ കണ്ടു സംസാരിച്ചു. ഡോക്ടർ സൂങ്ങിന്റെ ഭവനത്തിൽ ഇതിന്നു വേണ്ട സൌകര്യങ്ങളുണ്ടായിരുന്നു. എന്റെ ജിജ്ഞാസയ്ക്കു് അതിരുണ്ടായിരുന്നില്ല. എന്നെ കണ്ടു സംസാരിക്കുന്നതിന്നു ചീനക്കാർ കാണിച്ച താല്പര്യം അഗാധമായിരുന്നു.

അവിടെവെച്ചാണു് ചൈനീസ് കമ്യൂണിസ്റ്റുപാട്ടിയുടെ നേതാക്കന്മാരിലൊരാളായ ചൌ എൻലായിയോടു യഥേഷ്ടം സംസാരിക്കാൻ എനിക്കു സൌകര്യം ലഭിച്ചതു്. ആത്മാത്ഥതയും മനോനിയന്ത്രണവും അസാമാന്യമായ സാമത്ഥ്യവും തികഞ്ഞ ഒരാളെന്ന നിലയിൽ

അദ്ദേഹം എൻെറ ബഹുമാനത്തിന്നു പാത്രീഭവിച്ചു. ചു ങ്കിങ്ങിലാണ് അദ്ദേഹംതാമസിക്കുന്നത്. അവിടെ അ ദ്ദേഹം 'സിൻ ഹുവാ ജി പായോ' എന്ന കമ്യൂണിസ്ററു പത്രത്തിൻെറ നടത്തിപ്പിൽ സഹായിക്കുന്നതിന്നു പുറ മേ, 'പീപ്പിൾസ് പൊളിററിക്കൽ കൌൺസിലി'ൻെറ സമ്മേളനങ്ങളിൽ തനിക്കുള്ള പങ്കു പൂൎണ്ണമായി നിൎവ്വഹി ക്കുന്നു. ചൈനയിൽ നടപ്പുള്ള സമ്പ്രദായത്തിൻകീഴിൽ ജനപ്രാതിനിദ്ധ്യമുള്ള ഒരു നിയമനിൎമ്മാണസഭയുടെ ഘ ടനയോട് ഏററവുമധികം സാദൃശ്യം വഹിക്കുന്നുവെന്നു പറയാവുന്ന ഒരു സ്ഥാപനമാണ് 'പീപ്പിൾസ് പൊളി ററിക്കൽ കൌൺസിൽ.' ചൌ എൻലായിയും അദ്ദേഹ ത്തിൻെറ ഭാൎയ്യയും ഇതിലെ അംഗങ്ങളാണ്......ഡോ ക്ടർ കുങ് നടത്തിയ വിരുന്നിൽവെച്ചു ജനറൽ ചൌവി നെ ഞാൻ ഒരിക്കൽക്കൂടി കാണുകയുണ്ടായി. അഭ്യന്തര കലഹക്കാലത്തുജനറാലിസിമോവിന്നെതിരായികമ്യൂണി സ്ററുപക്ഷത്തിൽച്ചേൎന്നു യുദ്ധം ചെയ്ത അവസരത്തിലാ ണ് അദ്ദേഹത്തിനു ജനറൽ എന്ന സ്ഥാനമാനം ലഭി ച്ചത്. എൻെറ അഭിപ്രായപ്രകാരമാണ് അദ്ദേഹവും അ ദ്ദേഹത്തിൻെറ ഭാൎയ്യയും വിരുന്നിന്നു ക്ഷണിക്കപ്പെട്ടത്. ചൈനയിലെ ഉദ്യോഗസ്ഥകുടുംബങ്ങൾ അന്നാദ്യമായി ട്ടാണ് അദ്ദേഹത്തെ സല്ക്കരിക്കുന്നതെന്നു പിന്നീട് എ നിക്കു മനസ്സിലായി. ഈ സന്ദൎഭത്തിൽ അദ്ദേഹത്തിന്നെ തിരായി സമരം നടത്തിയിട്ടുള്ള മാന്യന്മാർ സന്തോഷ ത്തോടുകൂടിയാണെങ്കിലും സംശയഭാവത്തോടുകൂടി അ ദ്ദേഹത്തെ സ്വാഗതംചെയ്യുന്ന കാഴ്ച കാണേണ്ടതുതന്നെ

യായിരുന്നു. പത്തു വൎഷംമുമ്പു ഹാൻകൊവിൽവെച്ച് അദ്ദേഹത്തെ നേരിട്ടറിയുവാൻ ഇടയായിട്ടുള്ള ജനറൽ സ്റ്റിൽവെൽ ആദരവോടുകൂടി അദ്ദേഹത്തെ സ്വീകരിച്ചു.

ജനറൽ ചൌ ഒരു നീലച്ച ഉടുപ്പാണു് ധരിച്ചിരുന്നതു്. ഇതിന്നു പുരാതനമായ ചൈനീസ്കുപ്പായത്തോടു സാദൃശ്യമുണ്ടു്. അതേസമയത്തുതന്നെ ഇതു് ഒരു വിദഗ്ദ്ധത്തൊഴിലാളിയുടെ വേഷംപോലെ തോന്നിക്കുന്നു. പരന്ന മുഖം. പരസ്പരം അകന്ന നേത്രങ്ങൾ ഗൌരവം നിറഞ്ഞവയാണു്. അദ്ദേഹം സാവധാനത്തിൽ ഇംഗ്ലീഷു സംസാരിക്കുന്നു. ചൈനയുടെ യുദ്ധകാലികമായ ഐക്യമുന്നണിക്കടിസ്ഥാനമായ സന്ധിയുടെ സ്വഭാവം അദ്ദേഹം വിശദീകരിച്ചു. ചൈനയിലെ ഭരണപരിഷ്കാരങ്ങളുടെ മന്ദഗതിയെക്കുറിച്ച് അദ്ദേഹം ആക്ഷേപിച്ചു. എങ്കിലും ജപ്പാൻ പരാജയപ്പെടുന്നതുവരെ ഇന്നത്തെ സംയുക്തമുന്നണി നിലനില്ക്കുമെന്നു് അദ്ദേഹം എനിക്കുറപ്പുതന്നു. യുദ്ധാനന്തരം കോമിൻറാങ്ങ്-കമ്യൂണിസ്റ്റൈക്യം തുടൎന്നുപോകുമോ എന്നു ഞാൻ ചോദിച്ചപ്പോൾ ഇതിനെപ്പററി ഒന്നും പറയാൻ അദ്ദേഹം തയ്യാറുണ്ടായിരുന്നില്ല. ജനറാലിസിമോവിൻെറ നിസ്സ്വാൎത്ഥമായ ദേശസേവനത്തിൽ അദ്ദേഹത്തിന്നു വിശ്വാസവും ബഹുമാനവുമുണ്ടായിരുന്നു. പക്ഷേ ഇക്കാൎയ്യത്തിൽ മററു നേതാക്കന്മാരെക്കുറിച്ച് അദ്ദേഹത്തിന്നു് അത്രതന്നെ വിശ്വാസമുള്ളതായി കണ്ടില്ല. ചൈനയിലെ എല്ലാ കമ്യൂണിസ്ററുകാരും ഇദ്ദേഹത്തെപ്പോലെതന്നെയാണെങ്കിൽ അവരുടെ പ്രസ്ഥാനം ദേശീയവും കാൎഷികവുമായ ഒരു

പ്രബോധനമാണു്, നേരെമറിച്ചു് തൊഴിലാളികളുടെ സാർവ്വദേശീയമായ ഒരു ഗൂഢാലോചനയല്ല എന്ന അഭിപ്രായമാണു് അദ്ദേഹവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം എനിക്കുണ്ടായതു്.

എന്റെ മനസ്സിനെ അത്യധികം ആകർഷിച്ച മറെറാരു മാന്യനാണു് ഡോക്ടർ ചാങ്ങ് പൊ-ലിങ്ങ്. ഭീമകായനായ ഒരു മനുഷ്യനാണദ്ദേഹം. ഒരു ചിന്തകനുചേർന്ന ഗൌരവവും കരുത്തും നിറഞ്ഞതാണു് പെരുമാററമെങ്കിലും അദ്ദേഹം നേരമ്പോക്കുള്ള ആളാണു്. ചൈനയിലെ പ്രധാനവിദ്യാലയങ്ങളിൽ ഒന്നായ നാൻകയ്യുടെ മേലദ്ധ്യക്ഷനും അതോടൊപ്പം പീപ്പ്ൾസ് പൊളിററിക്കൽ കൌൺസിലിലെ ഒരംഗവുമാണു്. ഇന്ത്യായുദ്ധം, അമേരിക്കൻസർവ്വകലാശാലകൾ എന്നതുടങ്ങി ഞങ്ങൾ സംസാരിക്കാനിടയായ എല്ലാം വിഷയങ്ങളിലും അദ്ദേഹം പ്രകാശിപ്പിച്ച വൈദുഷ്യത്തോടു് ഏതൊരമേരിക്കക്കാരനും കിടപിടിക്കുവാൻ ഞെരുക്കമാണു്.

പഴയ ചൈനീസ്ജീവിതത്തെ വർണ്ണിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഞാൻ വായിക്കാനിടയായിട്ടുള്ളതൊന്നിലും വിവരിച്ചുകണ്ടിട്ടില്ലാത്ത ആധുനികചൈനയുടെ യഥാർത്ഥസ്വരൂപം എനിക്കു ചിത്രീകരിച്ചുതന്നതു ചുങ്ങ്കിങ്ങിലെ രണ്ടു മാന്യന്മാരാണു്. അവരിലൊരാൾ ജനറാലിസിമോവിന്റെ സ്വകാര്യകാര്യദർശിയായ ലൈ വൈകെ-ചാ ആണു്. പ്രായത്തിൽക്കവിഞ്ഞ ബുദ്ധിയും ഒരു മഹാനായ നേതാവിന്റെ കാര്യദർശിക്കനുരൂപമായ പ്രാപ്തിയും തികഞ്ഞ ഒരു യുവാവാണു് അദ്ദേഹം. ഓഫീസേഴ്സ്

മോറൽ എൻഡവർ അസ്സോസ്യേഷന്റെ സിക്രട്ടറിയായ ജനറൽ ജെ. എൽ. ഹുവാങ്ങ് ആണ് രണ്ടാമൻ. അദ്ദേഹത്തിന്റെ ഉച്ചത്തിലുള്ള ചിരികൾ യോജിച്ചതാണ് ശരീരത്തിന്റെ വലിപ്പവും. സമർത്ഥനായ കരാതിഥേയനും മാനേജരുമാണദ്ദേഹം. അദ്ദേഹത്തിന്റെ ജോലികളിൽ ഒന്നു ചൈനയിലെ അമേരിക്കൻവൈമാനികന്മാർക്ക താമസസ്ഥലങ്ങൾ ഏർപ്പാടുചെയ്കയാണ്. ഈ പ്രവൃത്തി അദ്ദേഹം സ്തുത്യർഹമായ രീതിയിൽ നിർവ്വഹിക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ ആനന്ദപ്രദമായ പെരുമാററത്തിനും സംഘടനാവൈദഗ്ദ്ധ്യത്തിന്നുമടിയിൽ ഞാൻ കണ്ടതു ചൈനയുടെ വിജയത്തിന്നും കൂടുതൽ നല്ലൊരു ലോകത്തിന്നുംവേണ്ടി സമരം നടത്തുന്ന ചിന്താശീലനും അക്ഷീണനുമായ ഒരു ഭടനെയാണ്.

ചുങ്ങ്കിങ്ങിലെ ഉയൎന്ന ഉദ്യോഗങ്ങളിലിരിക്കാൻ കഴിവുള്ള സമർത്ഥന്മാരായ ആളുകൾക്ക ചൈനയിൽ യാതൊരു ക്ഷാമവുമില്ല. എന്നാൽ ഇവരെല്ലാം എത്രതന്നെ മിടുക്കന്മാരായാലും ചൈനീസ് ജീവിതത്തിൽ സൂങ്ങ് കുടുംബത്തിന്ന് ഒരു സവിശേഷസ്ഥാനമാണുള്ളതു്. അവർ മൂന്നു സഹോദരന്മാരും മൂന്നു സഹോദരികളുമാണ്. അമേരിക്കൻസർവ്വകലാശാലകളിലും മിഷണറീസിലും പരിശീലനം സിദ്ധിച്ചിട്ടുള്ളവരാണ് അവരെല്ലാം. സാമർത്ഥ്യവും രാഷ്ട്രീയവിജ്ഞാനവും സമ്പത്തും അചഞ്ചലമായ ദേശഭക്തിയും തികഞ്ഞ ചൈനയുടെ ഒരു പ്രമുഖകുടുംബമാണതു്. അതു ലോകത്തിലെ ഏററവും ശ്രദ്ധേയമായ കുടുംബങ്ങളിൽ ഒന്നാകുന്നു.

വാഷിങ്ങ്ടണിൽവെച്ചുതന്നെ ഞാൻ ടി. വി. സൂങ്ങിനെ അറിയും. അദ്ദേഹം ചൈനയുടെ വിദേശകാൎയ്യമന്ത്രിയും ഐക്യരാഷ്ട്രങ്ങളിലെ ഏററവും മികച്ച രാഷ്ട്രീയ ചിന്തകന്മാരിൽ ഒരാളുമാണ്. അദ്ദേഹത്തിൻെറ മൂന്നു സഹോദരികളെ ഞാൻ ചൈനയിൽവെച്ച് കാണുകയുണ്ടായി. ഒന്നു ജനറാലിസിമോവിൻെറ ഭാൎയ്യയാണ്. രണ്ടാമത്തെ സഹോദരി ചൈനയിലെ ധനകാൎയ്യമന്ത്രിയായ എച്ച്. എച്ച്. കുങ്ങിൻെറ ഭാൎയ്യയും മൂന്നാമത്തവർ ചൈനീസ്റിപ്പബ്ളിക്കിൻെറ ജനയിതാവായ ഡോക്ടർ സൺയാട്സന്നിൻെറ വിധവയുമാണ്.

ആരാമത്തിൽവെച്ച് ഡോക്ടർ കുങ്ങ് എനിക്കു നല്കിയ വിരുന്നിൽ ഞാൻ മാഡം സന്നിൻേറയും മാഡം ചിയാങ്ങിൻേറയും മദ്ധ്യത്തിലാണ് ഇരുന്നിരുന്നത്. സജീവമായ സംഭാഷണം എന്നെ രസംപിടിപ്പിച്ചു. രണ്ടു സ്ത്രീകളും ഇംഗ്ലീഷു ഭംഗിയായി സംസാരിക്കും. അവർ ധാരാളം അറിവും നേരമ്പോക്കുമുള്ളവരാണ്.

വിരുന്നിൻെറ അവസാനത്തിൽ മാഡം ചിയാങ്ങ് എൻെറ കൈ പിടിച്ചു: “നിങ്ങൾ എൻെറ മററെ സഹോദരിയെ കാണണം. ദേഹാസ്വാസ്ഥ്യംമൂലം അവൾക്കു പുറത്തിറങ്ങി ഈ വിരുന്നിൽ പങ്കെടുക്കുവാൻ സാധിച്ചില്ല.” ഭവനത്തിനുള്ളിൽ മാഡം കുങ്ങ് അമേരിക്കയെക്കുറിച്ചുള്ള വൎത്തമാനങ്ങൾ കേൾക്കുവാൻ ആൎത്തിയോടുകൂടിയിരിക്കയായിരുന്നു. പണ്ടൊരിക്കൽ അവർ അമേരിക്കയിൽ താമസിച്ചിട്ടുണ്ട്. ഞങ്ങൾ വളരെനേരം സംഭാഷണത്തിൽ മുഴുകിയിരുന്നതുകൊണ്ടു പുറത്തിരിക്കുന്ന

വരെ വിസ്മരിച്ചു എന്നുതന്നെയല്ല നേരം വൈകി പ്പോയതു് അറിഞ്ഞതുമില്ല.

പതിനൊന്നുമണിയായപ്പോൾ വിരുന്നുകാരെല്ലാം പിരിഞ്ഞതോടുകൂടി ഡോക്ടർ കുഞ്ഞ് അകത്തേയ്ക്കു വന്നു. വിരുന്നുസ്ഥലത്തേയ്ക്കു തിരിച്ചുചെല്ലാഞ്ഞതിൽ അദ്ദേഹം എന്നെയും മാഡം ചിയാങ്ങിനെയും ശാസിച്ചു. പിന്നീടു ഞങ്ങൾ ഒന്നിച്ചിരുന്നു ലോകകാര്യങ്ങളെക്കുറിച്ചു് ആലോചിച്ചു.

പൂർവ്വപ്രദേശങ്ങളിൽ ഒരു കൊടുങ്കാററുപോലെ ചീറിപ്പാഞ്ഞുകൊണ്ടിരിക്കുന്ന ആശയപരിവർത്തനത്തെക്കുറിച്ചു ഞങ്ങൾ സംസാരിച്ചു. ഞാൻ സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം ഇതൊരു പ്രധാനവിഷയമായിരുന്നു. ഇന്ത്യയും നെഹ്റുവും, ചൈനയും ചിയാങ്ങും, ഏഷ്യയിലെ കോടാനുകോടി ജനതയുടെ സ്വാതന്ത്ര്യത്തിന്നുള്ള മുറവിളിയും, അവരുടെ അടിയന്തരാവശ്യങ്ങളായ വിദ്യാഭ്യാസവും ഉയന്ന ജീവിതത്തോതും, എല്ലാററിലും ഉപരിയായി, പാശ്ചാത്യരിൽനിന്നും വിമുക്തരായി സ്വതന്ത്രഗവമ്മേണ്ടുകൾ സ്ഥാപിക്കാൻ അവക്കുള്ള അവകാശവും എല്ലാം ഞങ്ങളുടെ സംഭാഷണവിഷയങ്ങളായിരുന്നു.

എനിക്കിതു രസകരമായിത്തോന്നി. അവക്കു മൂന്നാൾക്കും അസാമാന്യമായ പരിജ്ഞാനവും പ്രബലങ്ങളായ അഭിപ്രായങ്ങളും ഉണ്ടു്. ഓരോരുത്തരും, പ്രത്യേകിച്ചു മാഡം ചിയാങ്ങ്, ഈ സംഭാഷണത്തിൽ അവരവരുടെ പങ്കു ഭംഗിയായി നിറവേററി. ഒടുവിൽ ഞങ്ങൾ പിരിയാറായപ്പോൾ മാഡം ചിയാങ്ങ് ഡാ. കുങ്ങിനോടും മാ

ഡം കുങ്ങിനോടും പറഞ്ഞു: "ഞാൻ അമേരിക്ക സന്ദർശി ക്കണമെന്നു് ഇന്നലെ രാത്രി സല്ക്കാരവേളയിൽ മി. വി ല്ക്കി അഭിപ്രായപ്പെടുകയുണ്ടായി." മററു രണ്ടുപേരും എ ന്റെ നേരേ വിസ്മയത്തോടുകൂടി നോക്കി. ഞാൻ പറ ഞ്ഞു: "അതു വാസ്തവമാണു്. എന്റെ അഭിപ്രായം ശരി യാണെന്നു് എനിക്കു ബോധമുണ്ടു്."

ഡാക്ടർ കുങ്ങ് ഗൌരവത്തോടുകൂടി പറഞ്ഞു: "മി. വില്ക്കീ, എന്തുകൊണ്ടാണു് നിങ്ങളിങ്ങിനെ പറയുന്നതു്?"

ഞാൻ വിശദീകരിച്ചു: "ഡാക്ടർ കുങ്ങ്, ഏഷ്യയി ലെ പ്രശ്നങ്ങളും, അവിടത്തെ സാമാന്യജനങ്ങളുടെ ചി ന്താഗതിയും എന്റെ നാട്ടുകാർ അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണെന്നു ഞാൻ സംസാരിച്ചതിൽനിന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കും. യുദ്ധാനന്തരം ലോകസ മാധാനം സുരക്ഷിതമാകണമെങ്കിൽ പൂർവ്വപ്രദേശങ്ങളി ലെ കുഴപ്പങ്ങൾക്കു് ഒരു പോംവഴി കണ്ടുപിടിക്കേണ്ടി യിരിക്കുന്നുവെന്നു് എനിക്കു തീർച്ചയുണ്ടു്.

"ഇവിടെനിന്നു ബുദ്ധിയും പ്രേരണാശക്തിയും നേ തൃത്വവുമുള്ള ആരെങ്കിലും ഇന്ത്യയെക്കുറിച്ചും ചൈന യെക്കുറിച്ചും ഇവിടത്തെ ജനങ്ങളെപ്പററിയും ഞങ്ങളെ പഠിപ്പിക്കണം. ഇതു നിറവേററാൻ മാഡം ചിയാങ്ങായി രിക്കും ഏററവും നല്ല പ്രതിനിധി. അവരുടെ പ്രാപ്തിയും —ഇങ്ങിനെ വ്യക്തിപരമായി സംസാരിക്കുന്നതിൽ അ വർ ക്ഷമിക്കുമെന്നു ഞാൻ കരുതുന്നു—അവരുടെ ദേശഭ ക്തിയും അമേരിക്കയിൽ പരക്കെ അറിവുള്ളതാണു്. അ വർക്കവിടെ വമ്പിച്ച സ്വാഗതം ലഭിക്കും, അവരുടെ

പരിശ്രമം ഫലപ്രദമാകയും ചെയ്യും. മറ്റേതൊരാളെക്കാളുമധികം ഞങ്ങൾ അവരുടെ വാക്കുകളെ വിലവെയ്ക്കും. നേരമ്പോക്കും ആകർഷണശക്തിയും സഹൃദയത്വവും ചന്തമുള്ള പെരുമാററവും ആകാരവും വേരുറച്ച അഭിപ്രായങ്ങളും തികഞ്ഞ മാഡം ചിയാങ്ങിനെത്തന്നെയാണ് ഞങ്ങൾക്ക് അതിഥിയായി കിട്ടേണ്ടതു്."

മാഡം ചിയാങ്ങ് ഇപ്പോൾ അമേരിക്കയിൽ വന്നിട്ടുണ്ടല്ലോ. തന്നെത്താൻ സഹായിക്കുന്നവരെ ദൈവം സഹായിക്കുമെന്നു പ്രസിഡണ്ടിനെ കൾനമായി ഓർമ്മപ്പെടുത്തിക്കൊണ്ടു് അവർ കോൺഗ്രസ്സിൽവെച്ചു ചെയ്ത ആവേശജനകമായ പ്രസംഗം ശ്രവിച്ചതുമുതൽ അമേരിക്ക അവരുടെ ധീരതയെയും ആദർശത്തെയും മുക്തകണ്ഠം വാഴ്ത്തിയിട്ടുണ്ടു്.

അമേരിക്കൻവിമാനസേനയുടെ ചൈനീസുവിഭാഗത്തിൻെറ നായകനായ ബ്രിഗേഡിയർ ജനറൽ ക്ലേയർ എൽ. ചെനാൾട്ടുമായി ഒരിക്കൽ സംസാരിക്കുന്നവക്ക് അദ്ദേഹത്തെ മറക്കുവാൻ പ്രയാസമാണ്. അദ്ദേഹം കറുത്തുമെലിഞ്ഞു ദീർഘകായനായ ഒരു മനുഷ്യനാണ്. അദ്ദേഹത്തിൻെറ വലിച്ചുനീട്ടിയുള്ള സംസാരരീതിയോടു താടിയെല്ലിനും കണ്ണിനും തീരെ പൊരുത്തമില്ല. ഒരു വൈമാനികതന്ത്രജ്ഞനെന്ന നിലയിൽ ചൈനീസുവിമാനസേനയ്ക്കു പരിശീലനം കൊടുക്കുവാനാണ് അദ്ദേഹം ആദ്യം ചൈനയിലേയ്ക്കു പോയതു്. ചൈനയിലും ബർമ്മയിലും യുദ്ധംചെയ്തു പേരുസമ്പാദിച്ച അമേരിക്കൻവളണ്ടിയർസംഘത്തെ പിന്നീടു് അദ്ദേഹം രൂപീകരിച്ചു.

ഇപ്പോൾ അദ്ദേഹം പട്ടാളത്തിൽ ചേൎന്നിരിക്കയാണു്. പട്ടാളത്തിന്നു് അദ്ദേഹത്തെ ലഭിച്ചതു് ഒരു മഹാഭാഗ്യമാണെന്നു പറയാതെ നിവൃത്തിയില്ല.

അദ്ദേഹവും അദ്ദേഹത്തിന്റെ ഭടന്മാരും ചെയ്തിട്ടുള്ള പ്രവൃത്തികൾ ഇന്നു സുപ്രസിദ്ധമായിത്തീൎന്നിട്ടുണ്ടു്. ജാപ്പാനീസ്സുവിമാനങ്ങളുമായുള്ള ഏററുമുട്ടലിൽ അദ്ദേഹത്തിന്റെ സേനയ്ക്കു ശത്രുപക്ഷത്തിന്നുണ്ടായ നാശത്തിൽ ഇരുപതിലൊരംശം നഷ്ടമേ പററിയിട്ടുള്ളൂ. ചുങ്കിങ്ങിൽവെച്ചു ഞാൻ ഇതിനെക്കുറിച്ചുള്ള കണക്കുകൾ കാണുകയുണ്ടായി. ജപ്പാൻകാരോടു നടത്തിയ എഴുപതിലധികം ആകാശയുദ്ധത്തിൽ ഇവർ തുടച്ചയായി വിജയികളായിട്ടുണ്ടു്. ഓരോ യുദ്ധത്തിലും അമേരിക്കൻവിമാനങ്ങൾ എണ്ണത്തിൽ കുറവായിരുന്നുവെങ്കിലും ഇവക്കു് ഒരൊററ നഷ്ടംപോലും സംഭവിച്ചിട്ടില്ല. ജനറൽ ചെനാൾട്ടിന്റെ സ്തുത്യൎഹമായ പ്രവൎത്തനങ്ങളെപ്പററി അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥവകുപ്പിന്റെ മേലധികാരിയായ മെറിയം സി. കൂപ്പർ ചുങ്കിങ്ങിൽവെച്ചു് ഒരിക്കൽ എന്നോടു വിവരിക്കയുണ്ടായി. സൈനികയുദ്ധത്തിൽ പഴയ തന്ത്രങ്ങളും പുതിയതരം കൌശലങ്ങളും കൂട്ടിയിണക്കിയ അദ്ദേഹത്തിന്റെ സമരരീതി ജപ്പാൻകാൎക്കു് ഒട്ടുംതന്നെ രുചികരമായിത്തോന്നിയിട്ടില്ലെന്നുള്ളതു വ്യക്തമാണു്. തന്റെ കൈവശമുള്ള ചുരുക്കംചില സാമഗ്രികൾ മാത്രം വെച്ചുകൊണ്ടു്, അന്തരിക്ഷത്തിന്റെ സ്ഥിതി, ഭൂമിയുടെ കിടപ്പു മുതലായവയെക്കുറിച്ചു് അറിവു കൊടുക്കുന്നതിന്നുള്ള ജനറൽ ചെനാൾട്ടിന്റെ

ഏപ്പാടുകൾ അത്ഭുതാവഹമാണെന്നു ഞങ്ങളുടെ വൈമാനികനായ മേജർ നൈററ് എന്നോടു പറഞ്ഞു. വൈമാനികന്മാക്ക് അറിവുകൊടുക്കുന്നതിന്ന് ആവശ്യമായ ആകാശനിരീക്ഷണകേന്ദ്രങ്ങൾ ഒന്നുംതന്നെ ചൈനയിലില്ല. ചീനക്കാരായ സന്ദേശവാഹകന്മാർ എത്തിക്കുന്ന വാത്തയെ ആശ്രയിച്ചാണ് ജനറൽ ചെനാൾട്ടിൻെറ സേന ഏറിയകൂറും പ്രവത്തിക്കുന്നത്.

ചീനക്കാരുടെയിടയിൽ ജനറൽ ചെനാൾട്ടിനെക്കാൾ ജനസമ്മതിയുള്ള ഒരാളെ കാണാൻ ഞെരുക്കമാണ്. ചെങ്ടുവിലെ അദ്ധ്യാപികയോട് അവരുടെ വിദ്യാത്ഥികൾക്ക് ഏററവുമധികം ഇഷ്ടപ്പെട്ട അമേരിക്കക്കാരൻ ആരാണെന്നു ഞാൻ ചോദിച്ചപ്പോൾ നിസ്സന്ദേഹം എനിക്കു ലഭിച്ച മറുപടി, ജനറൽ ചെനാൾട്ട് എന്നാണ്. ചൈനയിലെ ഒന്നാംകിടനേതാക്കന്മാർ അദ്ദേഹത്തെപ്പററി സ്നേഹാദരങ്ങളോടുകൂടി സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്.

ജനറൽ ചെനാൾട്ടിനെ കണ്ടു സംസാരിക്കാൻ ഞാൻ പലവുരു ശ്രമിച്ചുവെങ്കിലും അതിന്നു സൌകയ്യപ്പെട്ടില്ല. ഒടുവിൽ അദ്ദേഹത്തെ കാണുന്നതിന്നുവേണ്ടി ഞാൻ ചുങ്കിങ്ങിന്നടുത്തുള്ള അദ്ദേഹത്തിൻെറ സൈനികകേന്ദ്രത്തിലേയ്ക്കു പോയി. അവിടെ, കൂററൻസ്രാവുകളെന്നു തോന്നിക്കുന്നതരത്തിൽ വരിവരിയായി കിടന്നിരുന്ന ചായംതേച്ച അദ്ദേഹത്തിൻെറ 'P 40' വിമാനങ്ങൾക്കടുത്തു നില്ക്കുന്നതു കണ്ടപ്പോൾ, എന്തുകൊണ്ടാണ് അദ്ദേഹത്തിന്ന് എന്നെ കാണുന്നതിന്നായി ചുങ്

കിങ്ങിലേക്കെത്തുവാൻ സൌകര്യപ്പെടാഞ്ഞതെന്ന് എനിക്കു ബോധ്യപ്പെട്ടു.

അദ്ദേഹത്തിൻെറ സ്വന്തം മേൽനോട്ടത്തിൽ നടന്നിരുന്ന ആ താവളത്തെപ്പോലെ ഇത്രയധികം ജോലിത്തിരക്കും ബഹളവും നിറഞ്ഞ മററൊന്നു ഞാൻ കണ്ടിട്ടില്ല. യുണാൻസംസ്ഥാനത്തിൻെറ തലസ്ഥാനമായ കൺമിങ്ങിനെയും ചുങ്ങ്കിങ്ങിനെയും ഇന്ത്യയിൽനിന്നു ബർമ്മവഴിക്കുള്ള വിമാനമാർഗ്ഗത്തെയും സംരക്ഷിക്കുകയാണ് അദ്ദേഹത്തിൻെറ പ്രവൃത്തി. ഇതിന്നുപുറമെ, കാൻററണും ഹോങ്ങ്കോങ്ങും മുതൽ ഉത്തരചൈനയിലെ കൈലാൻഖനികൾവരെയുള്ള ജാപ്പാനീസ് താവളങ്ങളിൽ ബോംബാക്രമണം നടത്തുകകൂടി അദ്ദേഹം ചെയ്യുന്നുണ്ട്. ബോംബാക്രമണനിരീക്ഷണത്തിനുള്ള അദ്ദേഹത്തിൻെറ ഏർപ്പാടുകൾ ഏററവും ഫലപ്രദവും കൌതുകാവഹവുമാണ്. അദ്ദേഹത്തിൻെറ ഭടന്മാരിൽ നല്ലൊരു വിഭാഗം ടെക്സാസിൽനിന്നും അമേരിക്കയിലെ തെക്കൻപ്രദേശങ്ങളിൽനിന്നും വരുന്നവരാണ്. അവർ അദ്ദേഹത്തിന്നുവേണ്ടി മരിക്കാൻകൂടി തയ്യാറാണ്.

ഒരു കാര്യംമാത്രമാണ് എന്നെ സ്തംഭിപ്പിച്ചത്: അദ്ദേഹത്തിന്ന് ആവശ്യമായ സാമഗ്രികളുടെ ദൌർല്ലഭ്യം. അദ്ദേഹത്തിൻെറ കീഴിലുള്ള സേനയുടെ പരിമിതമായ ശക്തി അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികളുടെ മാഹാത്മ്യത്തിന്നു മാററുകൂട്ടുന്നു. അമേരിക്കയിലുണ്ടായിട്ടുള്ള ധീരയോദ്ധാക്കളുടെ പരമ്പരയിൽ ജനറൽ ചെനാൾട്ട്

ഉൾപ്പെടും. അദ്ദേഹത്തിൻെറ ഭടന്മാർ നമ്മുടെ സൎവ്വ സാഹായ്യങ്ങളും അർഹിക്കുന്നുണ്ടു്.

ചുരുക്കം സാധനങ്ങൾമാത്രമേ അദ്ദേഹം ആവശ്യപ്പെടുന്നുള്ളു. അതുകൂടി നാം അയച്ചുകൊടുത്തിട്ടില്ല. ജപ്പാൻകാരെ അലട്ടുന്നതിന്നു ചൈനയിൽ പലതും ചെയ്യാൻ കഴിവുണ്ടെന്നു് അദ്ദേഹത്തിന്നു ഉറപ്പുണ്ടു്. ചീനക്കടലിൽ ജാപ്പാനീസ് ഗതാഗതമാൎഗ്ഗത്തെ മുറിക്കുക; ചൈനീസ് പട്ടാളത്തിന്നു സഹായം നല്കുക; അവൎക്കു രക്ഷാകവചമായി ഒരു വിമാനസേനയുണ്ടെങ്കിൽ കിഴക്കൻചൈനയിലെ മേടപ്പുറങ്ങളിലൂടെ മുന്നോട്ടു നീങ്ങാൻ കഴിയും. ഹിമാലയത്തിൻെറ മേൽഭാഗത്തിലൂടെയുള്ള ഇന്നത്തെ വിമാനമാൎഗ്ഗമായി പെട്രോൾ എണ്ണ യന്ത്രഭാഗങ്ങൾ മുതലായവ എത്തിക്കുകയാണെങ്കിൽ ചുരുങ്ങിയ തോതിലെങ്കിലുമുള്ള ഒരാകാശാക്രമണം ചൈനയിൽ നടത്താൻ കഴിയുമെന്നു് അദ്ദേഹം സമൎത്ഥിച്ചു.

ഇത്ര വ്യക്തമായ ഒരു പരിപാടി ഇനിയും അമേരിക്കനുദ്യോഗസ്ഥന്മാൎക്കു മനസ്സിലാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്നു് അദ്ദേഹം വിസ്മയിച്ചു.

ചൈനയിൽ നടത്തുന്ന ഒരാക്രമണത്തിന്നു സൈനികമായ പ്രാധാന്യം മാത്രമല്ല ഉള്ളതു്; അതു ചൈനീസ് പട്ടാളത്തിന്നു കൂടുതൽ ആത്മവിശ്വാസവും ചൈനീസ് ജനതയ്ക്കു കൂടുതൽ ആശയും നല്കും. ചൈനയെ ഒരു വൎഷത്തേയ്ക്കുകൂടി ഒഴിച്ചുനിൎത്തി നമ്മൾ ഇതരസമരാങ്കണങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ പോകയാണെന്നുള്ള ധാരണ ഒരിക്കലും ചീനക്കാരിൽ ഉളവാക്കരുതെന്നു

തീരുമാനത്തോടുകൂടിയാണ് ഞാൻ സ്വദേശത്തേയ്ക്കു മടങ്ങിയതു്. ഇതു ചൈനീസ്സെതിർപ്പിനെ ലഘൂകരിക്കുമെന്നിരിക്കട്ടെ. താങ്ങാൻ വയ്യാത്ത വിലവർദ്ധനകാരണം നശിച്ചുതുടങ്ങിയ ചൈനീസ് ജനതയുടെ മനക്കരുത്തിനെ ഇതു കൂടുതൽ തകരാറാക്കാൻ പര്യാപ്തമാണു്. മാത്രമല്ല, ഇതു യുദ്ധാനന്തരം ലോകസമാധാനത്തിനെ നിലനിർത്തുന്നതിന്നാവശ്യമായ ചൈനാസൌഹാർദ്ദബന്ധത്തെ മാലിന്യപ്പെടുത്തുകയും ചെയ്യും.

ചൈന ജപ്പാനുമായുള്ള യുദ്ധം തുടങ്ങിയിട്ടു് അഞ്ചുവർഷം കഴിഞ്ഞിരിക്കുന്നുവെന്ന വസ്തുത എന്റെ ചൈനീസ്പര്യടനകാലത്തു് ഒരിക്കലും ഞാൻ വിസ്മരിക്കുകയുണ്ടായിട്ടില്ല. നഗരത്തിന്നു മീതെ ജാപ്പബോംബറുവിമാനങ്ങൾ ദൃശ്യമാകുമ്പോൾ ജനവിഭാഗത്തിനൊട്ടാകെ രക്ഷപ്രാപിക്കുന്നതിന്നുവേണ്ടി ചുങ്കിങ്ങിലെ കുന്നുകളിൽ കുഴിച്ചുണ്ടാക്കിയിട്ടുള്ള പ്രാകൃതഗുഹകൾ ഈ വസ്തുതയെ വിളിച്ചുപറയുന്നു. ആക്രമണവിപത്തു് ഒഴിയുന്നതോടൊപ്പം ഗുഹകൾ വിട്ടു പുറത്തിറങ്ങി, തകർന്നു കിടക്കുന്ന നഗരം കെട്ടിപ്പൊക്കുന്നതിലും വീണ്ടും സമരം തുടരുന്നതിലും അവർ കാണിച്ച വൈദഗ്ദ്ധ്യവും ഉത്സാഹവും ഈ വസ്തുതയെത്തന്നെയാണു് ഉൽഘോഷിക്കുന്നതു്.

ചൈനയിൽ ജാപ്പണികൾക്കു പിന്നിൽ നാട്ടുകാർ നടത്തിക്കൊണ്ടിരിക്കുന്ന സുധീരമായ എതിർപ്പിനെപ്പററിയുള്ള കഥകൾ ഞാൻ കേൾക്കുകയുണ്ടായി. അവ എനിക്കു നേരിട്ടനുഭവപ്പെട്ടില്ലെങ്കിലും, അവയുടെ തെളിവു

കൾ ഞാൻ ചൃങ്കിങ്ങിൽ ധാരാളമായി കണ്ടു. ജപ്പാന്റെ കീഴിലുള്ള ഷാങ്ങ്ഹായ്, ഹോങ്ങ്കോങ്ങ്, പെക്കിങ്ങ് എന്നീ നഗരങ്ങളിൽനിന്നു കാൽനടയായി അമേരിക്കക്കാരും ഇംഗ്ലീഷുകാരും ചൃങ്കിങ്ങിൽ എത്തിക്കൊണ്ടിരുന്നു. ഗെറില്ലാസംഘങ്ങളുടെ സഹായത്തോടുകൂടിയാണു് ഇവർ ഇത്രയും ദൂരം സഞ്ചരിച്ചതു്. ജാപ്പതിർത്തികളിൽ ഈ സംഘങ്ങൾ ചീനക്കാരുടെ ഒരു സജീവമായ സമരനിരയാണു്. ചൈനയിലെ കൃഷിക്കാർ ദൈനന്ദിനം ചെയ്തുകൊണ്ടിരിക്കുന്ന ധീരകൃത്യങ്ങൾ അവരുടെ സ്വാതന്ത്ര്യതൃഷ്ണയെയും സമരസന്നദ്ധതയെയും തെളിയിക്കുന്നു.

അഞ്ചുകൊല്ലക്കാലത്തെ ഈ നീണ്ട സമരത്തിന്റെ ലക്ഷണങ്ങൾ ചീനപ്പട്ടാളത്തിന്റെ സംഘടനയിൽ ഞാൻ കണ്ടു. അതു് എന്നെമാത്രമല്ല പല ചീനക്കാരെത്തന്നെയും അത്ഭുതപ്പെടുത്തിയിട്ടുണ്ടു്. ശത്രുക്കളുമായി വിലപേശുന്നതിൽ മിടുക്കന്മാരായ കുറെ തലവന്മാരുടെ കീഴിലുള്ള ഒരുകൂട്ടം കള്ളന്മാരുടെ ഒരു സംഘമാണു് ചീനപ്പട്ടാളമെന്നു് ഇപ്പോഴും പല അമേരിക്കക്കാരും വിചാരിച്ചുകൊണ്ടിരിക്കുന്നതു യാഥാർത്ഥ്യങ്ങളുടെ ഒരു പരിഹാസചിത്രം മാത്രമാണു്. ഇന്നു് അതു് ഒരു പരിഹാസചിത്രംപോലുമല്ല. ചൈനീസ് പട്ടാളം ഏകീകൃതമാണു്. അതിന്റെ നേതാക്കന്മാർ പരിശീലനം സിദ്ധിച്ചവരും പ്രാപ്തിയുള്ളവരുമാണു്. ചുരുക്കം സാമഗ്രികൾ മാത്രമേ അതിനുള്ളുവെന്നതു ശരിതന്നെ. പക്ഷേ തങ്ങൾ എന്തിനുവേണ്ടിയാണു് സമരംചെയ്യുന്നതെന്നും അതു് എ

ങ്ങിനെയാണു് നടത്തുകയെന്നും ഭടന്മാൎക്കു പരിപൂൎണ്ണമാ യറിയാം. റഷ്യയിലെന്നപോലെതന്നെ ചൈനയിലും ഇതു് ഒരു 'പരിശുദ്ധമായ ജനകീയയുദ്ധമാണു്. ഇന്നു ചെയ്തുവരുന്നപോലെ പ്രഭുക്കന്മാരുടെ പുത്രന്മാർ സാധാ രണ ഭടന്മാരായി പട്ടാളത്തിൽ ചേരുകയെന്നതു്, ഒരു തലമുറക്കാലം മുമ്പു ചൈനയിൽ ആലോചിക്കാൻകൂടി അസാദ്ധ്യമായിരുന്നു. കൂലിക്കുവേണ്ടി പണിയെടുക്കുന്ന നിരക്ഷരകുക്ഷികളായിരുന്നു അന്നത്തെ ഭടന്മാർ.

ചെങ്ങ്ടുവിന്നു പുറത്തു്, ചേറുനിറഞ്ഞതെങ്കിലും ഒഴുക്കുള്ള ഒരു പുഴയ്ക്കുമീതെ, ഒരു പാലത്തിന്മേൽ ഞാൻ ഒരു സായാഹ്നത്തിൽ നില്ക്കുയായിരുന്നു. എന്റെ മുമ്പി ലുള്ള നദീതീരത്തെങ്ങും ഒരു ധൂമപടലം പടൎന്നുപിടിച്ചു. മെഷീൻതോക്കുകൾ തീ വമിക്കുന്നതു് ഇതിന്നുള്ളിലൂടെ കാണാം. എന്റെ പിന്നിലുള്ള വയലുകളിൽ 'മോർട്ട'റു കളുടെ ശബ്ദം കേൾക്കാം. നദിയിൽ ശക്തിയേറിയ ഒ ഴുക്കിന്നെതിരായി അനവധി ചൈനീസ് യുവാക്കന്മാർ പണിപ്പെട്ടു നീന്തിക്കൊണ്ടിരുന്നു. അവരിൽ ചിലർ ത ങ്ങളുടെ തോക്കുകൾ തലയ്ക്കുമീതെ ഉയൎത്തിപ്പിടിച്ചിട്ടു ണ്ടു്. മറ്റുചിലർ ഒരു ചങ്ങാടം കയറിട്ടു വലിക്കുകയാണു്.

ചങ്ങാടം ഒരിക്കൽ ഒഴുക്കിൽപ്പെട്ടപ്പോൾ അതു ന ഷ്ടപ്പെട്ടുവെന്നു ഞാൻ കരുതി. എന്നാൽ അവരതു മറുക രയിൽ എത്തിക്കുകതന്നെ ചെയ്തു. പെട്ടെന്നു് എന്റെ പിന്നിലുള്ള വയലുകളിൽനിന്നു നിരവധി പട്ടാളക്കാർ ഉയൎന്നെഴുന്നേററു. അവർ ധരിച്ചിരുന്ന കവചങ്ങളും ഉ

ടപ്പുകളും ശ്രദ്ധയോടുകൂടി ഒളിപ്പിച്ചിരുന്നതിനാൽ ഞാനതുവരെ അവരെ കണ്ടിരുന്നേയില്ല. അവർ ചങ്ങാടം വഴി മറുകരയിലേയ്ക്കു കുതിച്ചു് ഏതാണ്ടു് ഒരു നാഴിക ദൂരേയുള്ള ഒരു ഗ്രാമത്തെ ആക്രമിക്കാൻ തയ്യാറായി.

ഇടയ്ക്കു് ആരെങ്കിലും സ്പർശിക്കുന്ന അവസരത്തിൽ പൊട്ടിത്തെറിച്ചു പുക പരത്തിക്കൊണ്ടിരുന്ന മൈനുകൾ ഇട്ടിരുന്ന ഒരു സ്ഥലം കടന്നു് ഒരു തുറന്ന വയലിലൂടെ യാതൊരു രക്ഷാകവചവുംകൂടാതെ ഇഴഞ്ഞിഴഞ്ഞു് അവർ ഉദ്ദിഷ്ടസ്ഥാനത്തെത്തി, ആ ഗ്രാമം കീഴടക്കി. അഴുക്കപുരണ്ടു ക്ഷീണിച്ച ശരീരത്തോടുകൂടി സാമാനങ്ങളും പേറിക്കൊണ്ടു് അവർ ഗ്രാമത്തിൽ പ്രവേശിച്ചു. രണാങ്കണത്തിലെ ഒരു കുഴപ്പംപിടിച്ച അടവിനെപ്പററി തങ്ങൾ നേടിയ പുതിയ പരിശീലനം അവരെ അഭിമാനംകൊള്ളിച്ചിരുന്നു.

ചൈനയിലെ ഏററവും വലിയ സൈനികവിദ്യാലയമായ 'ചെങ്ങ്ടു മിലിററി അക്കാഡമി'യിലെ ഒരു പരിശീലനക്ലാസ്സാണു് മേൽ വിവരിച്ചതു്. 'വെസ്റ്റ്പോയിൻററി'ൽ പരിശീലനം നേടിയ ഒരു ചീനക്കാരനാണു് ഇതിൻെറ സ്ഥാപകൻ. അഭ്യാസം നടന്നുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം എൻെറ അരികിൽനിന്നു് അതിൻെറ വ്യവസ്ഥകൾ എന്നെ വിവരിച്ചു കേൾപ്പിച്ചു. ചൈനീസ്സൈന്യത്തിൽ ഓഫീസർമാരായി ചേരുന്നതിനു് അവിടെ പരിശീലനം ചെയ്തിരുന്ന പതിനായിരം വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഈ പ്രകടനത്തിൽ പങ്കെടുത്തിരുന്നു. രസകരമായ ഒരു പ്രദർശനമായിരുന്നു

അതു്. ലോകത്തിൽ മറെറവിടെയും നടക്കുന്ന സൈനികാഭ്യാസങ്ങളുടെ കൂട്ടം പിന്നിലല്ല അതു്. ചൈനയിൽ പല സ്ഥലങ്ങളിലും ഞാൻ കണ്ട ഇത്തരം പ്രദർശനങ്ങൾ എൻെറ ദൃഷ്ടിയിൽ, ബ്രിട്ടീഷുകാരുടേയോ അമേരിക്കക്കാരുടേയോ, ജപ്പാൻകാരുടേയോ ഒരു പട്ടാളത്തിന്നു നാല്പതുകോടി ചീനക്കാരെ പന്തുപോലെ തട്ടിയുരുട്ടാൻ സാധിച്ചിരുന്ന ആ കാലഘട്ടത്തിൻെറ അവസാനാദ്ധ്യായത്തെ കുറിക്കുന്നു.

ഞാൻ പിറേറ ദിവസം സന്ദർശിച്ച ചെങ്ങ്ടുവിലെ വിമാനസേനാപരിശീലനസ്കൂളിൽ ചൈനയുടെ അഞ്ചുകൊല്ലത്തെ സമരപാരമ്പര്യത്തിൻെറ തെളിവുകൾ കണ്ടു. കുറച്ചുകാലം മുമ്പുവരെ ചീനക്കാർ സമരവാസനയില്ലാത്ത ഒരു വർഗ്ഗമായിട്ടാണു് ഗണിക്കപ്പെട്ടിരുന്നതു്. എന്നാൽ ഈ സ്കൂളിൽ നൂറുകണക്കിൽ ചൈനീസ് വിദ്യാർത്ഥികൾ ഭയങ്കരമായ രീതിയിൽ മല്ലയുദ്ധപരിശീലനത്തിലേപ്പെട്ടിരിക്കുന്നതു ഞാൻ കാണുകയുണ്ടായി. സൈനികോദ്യോഗത്തിൽ പ്രവേശിക്കുന്നതിന്നു പ്രാരംഭമായി ചൈനീസ് സ്കൗട്ടുകൾ, അവരിൽ ചിലൎക്കു എട്ടുവയസ്സുമാത്രമേ പ്രായമായിട്ടുള്ളു, സൈനികാഭ്യാസങ്ങളും അച്ചടക്കവും ശീലിക്കുന്നതു ഞാനവിടെ കണ്ടു.

ചൈനീസ് യുദ്ധമുന്നണിയുടെ ഏതെങ്കിലും രംഗങ്ങൾ എനിക്കു സന്ദർശിച്ചാൽക്കൊള്ളാമെന്നുണ്ടെന്നു ഞാൻ 'ഹോളളി' ടോങ്ങിനോടു പറഞ്ഞു. ആദ്യം ഇതു് അസാദ്ധ്യമാണെന്നു തോന്നി. ഞാൻ ചൈനയിൽ താമസിക്കുന്ന കാലത്തോളം എൻെറ ദേഹരക്ഷയെക്കുറിച്ച

ള്ള ജനറാലിസിമോവിൻെറ ഉൽകണ്ഠയാണ് ഇതിന്നു ത ടസ്ഥമായി നിന്നതെന്നു ഞാൻ പിന്നീട മനസ്സിലാക്കി. ഈ ഭയാശങ്കകളെ നീക്കംചെയ്യാൻ 'ഫോളളി'ക്കു കുറച്ചു സമയം വേണ്ടിവന്നു. കടവിൽ മുന്നണിയിലേയ്ക്ക് ഒരു യാത്ര ഏർപ്പാടുചെയ്തു. അതു ഞങ്ങൾ പ്രതീക്ഷിച്ചിരുന്ന ത്ര ആപൽക്കരമൊന്നുമായിരുന്നില്ല. അഞ്ചുകൊല്ലത്തെ യുദ്ധത്തിൽനിന്നു ചീനക്കാർ എത്രമാത്രം വിജ്ഞാനം നേടിയിട്ടുണ്ടെന്ന് എനിക്ക് അവിടെനിന്നു പഠിക്കാൻ കഴിഞ്ഞു.

യല്ലോനദി കിഴക്കോട്ടു തിരിഞ്ഞു കടലിലേയ്ക്ക് ഒ ഴുകുന്ന ആ വളവിൽ സ്ഥിതിചെയ്യുന്ന ചൈനയുടെ പു രാതനതലസ്ഥാനമായ സിയാനിലേയ്ക്കു ഞങ്ങൾ യാത്ര ചെയ്തു. നഗരംവിട്ടു വളരെ നാഴിക ദൂരേ മലയിടുക്കുക ളിൽ കെട്ടിത്തൂക്കിയിരുന്ന ചൈനീസ്ദീപങ്ങളുടെ പ്ര കാശത്തിൽ ഞങ്ങൾ മുകളിലേയ്ക്കു കയറി. ഇവിടെ മ റെറാരു സൈനികവിദ്യാലയം സ്ഥിതിചെയ്തിരുന്നു. 1936-ൽ ചിയാങ്ങ്കൈഷേക്കിനെ സിയാനിൽവെച്ചു തടവുകാരനാക്കിപ്പിടിച്ച അവസരത്തിൽ അദ്ദേഹം ഈ സ്കൂളിലാണ് താമസിച്ചിരുന്നത്. അന്നു സായാഹ്ന ത്തിൽ ഞങ്ങൾ യുദ്ധരംഗത്തിലേയ്ക്കു തിരിച്ചു. സ്വതന്ത്ര ചൈനയിൽ ശേഷിച്ചിരുന്ന ചുരുക്കം തീവണ്ടിപ്പാ തകളിൽ ഒന്നിലൂടെ സുഖസൌകര്യങ്ങൾ തികഞ്ഞ വണ്ടിയിലാണ് ഞങ്ങൾ യാത്രചെയ്തത്.

അടുത്ത ദിവസം പ്രഭാതത്തിൽ ഞങ്ങൾ തീവണ്ടി യിൽനിന്നിറങ്ങി ഏതാണ്ടു പതിനഞ്ചു മൈൽ ദൂരം വ

ലിവണ്ടികളിൽ സഞ്ചരിച്ചു. യുദ്ധരംഗത്തിൻെറ അതിർത്തിയായ നദിയിൽനിന്നു കുറച്ചു നാഴിക അകലെ എത്തിയപ്പോഠം ഞങ്ങഠം വണ്ടിയിൽനിന്നിറങ്ങി കാൽനടയായി യാത്ര തുടൎന്നു. മദ്ധ്യചൈനയിലെ ചുവന്ന മണ്ണു നിറഞ്ഞ ഭൂമി ഒരു കിടങ്ങുപോലെ കുഴിച്ചുണ്ടാക്കിയതാണു് ആ പാത.

കിടങ്ങുകളാൽ ചുററപ്പെട്ട ഒരു ഗ്രാമമാണു് ആ സമരമുന്നണി. ഈ സ്ഥലത്തു നദിക്കു് ഏതാണ്ടു് ആയിരത്തിരുനൂറുവാര വീതിയുണ്ടു്. പക്ഷേ ദൂരദൎശിനിയിലൂടെ നോക്കിയാൽ ഞങ്ങളുടെനേരേ ചൂണ്ടിയിരിക്കുന്ന ജാപ്പാനീസ് തോക്കുകളെയും പാളയങ്ങളിലുള്ള ജാപ്പാനീസ് പട്ടാളക്കാരെയും ഞങ്ങഠംക്കു കാണാമായിരുന്നു. ഞങ്ങഠം അവിടെയുണ്ടായിരുന്ന സമയത്തു് അന്തരിക്ഷം പ്രശാന്തമായിരുന്നു. പക്ഷേ എല്ലായ്പോഴും ഈ സമാധാനം നിലനില്ക്കാറില്ലെന്നു വ്യക്തമാണു്; ഞങ്ങഠം അവിടെ എത്തുന്നതിന്നു കുറച്ചു നിമിഷങ്ങഠംമുമ്പുമാത്രമാണു് ഒരു ജാപ്പുപീരങ്കിപ്രയോഗം നടന്നതു്.

ഈ യുദ്ധരംഗത്തിൽവെച്ചാണു് ഞാൻ കാപ്ടൻ ചിയാങ്ങ് വൈ കയോവിനെ കണ്ടുമുട്ടിയതു്. അദ്ദേഹം ജനറാലിസിമോവിൻെറ പ്രഥമപത്നിയിൽ ജനിച്ച സന്താനമാണു്. കാപ്ടൻ ചിയാങ്ങിന്നു് ഇംഗ്ലീഷു നന്നായറിയാം. എന്തുകൊണ്ടാണു് ജപ്പാൻകാൎക്കു നദി കടക്കാൻ കഴിയാത്തതെന്നു് അദ്ദേഹം വിവരിച്ചു. ഈ സ്ഥലത്തു പൎവ്വതനിരകളിലുള്ള ഒരു ചുരത്തിലൂടെയാണു് പൌരാണികകാലംമുതൽ പല ആക്രമണങ്ങളും നടന്നിട്ടുള്ളതു്.

ഞങ്ങ൦ പീരങ്കികളും കാലാ൦പ്പടയും പടച്ചട്ടയിട്ട കാറുകളും കണ്ടു. കുന്നുകളിൽ ആഴമേറിയ അസ്തിവാരത്തിന്മേൽ കെട്ടിയുറപ്പിച്ച കോട്ടക൦ തരണംചെയ്യണമെങ്കിൽ ജപ്പാൻകാക്ക് അവയെ അങ്ങിനെതന്നെ കുത്തിയിളക്കിക്കളയേണ്ടിയിരിക്കുന്നു. നന്നായി പരിശീലനം സിദ്ധിച്ച ജനറാലിസിമോവിൻെറ മുന്നണിപ്പട്ടാളക്കാരടങ്ങിയ 208-ാംഡിവിഷൺ നൂതനസാമഗ്രികളോടും ഉടുപ്പുകളോടുംകൂടി അണിയണിയായി നില്ക്കുന്നതു ഞാൻ കണ്ടു. പൊരിയുന്ന വെയിലിൽ നിന്നിരുന്ന 9000 ത്തോളംവരുന്ന ആ പട്ടാളക്കാരോടു ഞാൻ സംസാരിച്ചു. ഞാൻ നിന്നിരുന്ന മരംകൊണ്ടു നിമ്മിച്ച പ്രസംഗപീഠത്തിന്മേൽ അവർ ദൃഷ്ടിക൦ പതിപ്പിച്ചു. ഞാൻ ഇംഗ്ലീഷിലാണ് സംസാരിച്ചതെങ്കിലും, എൻെറ പ്രസംഗം അവസാനിക്കുന്നതുവരെ അവരിലൊരാളുടെയെങ്കിലും ശ്രദ്ധ പതറിപ്പോയതായി എനിക്കു തോന്നിയില്ല. ഞാൻ സംസാരിക്കുന്നതു പരിഭാഷപ്പെടുത്തിക്കേ൦ക്കുന്ന അവസരത്തിൽ അവർ ഉച്ചത്തിൽ കരഘോഷം മുഴക്കി. മറുകരയിലുള്ള ജപ്പാൻകാർ ഇതെന്തൊരു കോലാഹലമാണെന്നു വിസ്മയിച്ചിട്ടുണ്ടാവണം.

ഞങ്ങ൦ മടങ്ങുന്നവഴി തീവണ്ടിയിൽവെച്ചു ഭക്ഷണത്തിനിരിക്കുമ്പോ൦ കാപ്ടൻ ചിയാങ്ങ് ജപ്പാൻകാരിൽനിന്നു പിടിച്ചെടുത്ത കുറെ ജാപ്പാനീസ് ഖഡ്ഗങ്ങളും ഫ്രഞ്ചുമദ്യവും ഞങ്ങ൦ക്കു സമ്മാനിച്ചപ്പോഴാണ് ഞങ്ങ൦ സന്ദശിച്ച സമരരംഗം വെറും ഒരു കളിസ്ഥലമല്ലെന്നു വ്യക്തമായതു്. രാത്രിസമയത്തു നദികടന്നു ജാ-

ഫർ

UNIVERSITY LIBRA

പ്പാനീസ് അണികൾക്കു പിന്നിലൂടെ അപ്രതീക്ഷിതമായി ആക്രമിച്ചു്, ചൈനീസ് ഭടന്മാർ ഇത്തരത്തിലുള്ള സാമഗ്രികളെയും തടവുകാരെയും യുദ്ധപ്ലാനുകളെയും കൈവശപ്പെടുത്തി തിരിച്ചുപോരുന്നു. പലപ്പോഴും ഇത്തരത്തിലുള്ള ചൈനീസ് സംഘങ്ങൾ വളരെ ദിവസങ്ങൾ ശത്രുസൈന്യങ്ങൾക്കുള്ളിൽ താമസിച്ചു്, ഗതാഗതമാർഗ്ഗങ്ങൾ മുറിക്കയും മററു നശീകരണങ്ങൾ നടത്തുകയും ചെയ്തതിന്നുശേഷമേ, പശ്ചിമതീരത്തുള്ള സ്വന്തം താവളത്തിലേയ്ക്കു മടങ്ങാറുള്ളു.

## ൯. ചൈനയിലെ നാണയപ്പെരുപ്പം

നാണയപ്പെരുപ്പംമുതലായി ചൈന ഇന്നു് അഭിമുഖീകരിക്കുന്ന സാമ്പത്തികപ്രശ്നങ്ങളെക്കുറിച്ചു തല കറങ്ങിക്കൊണ്ടാണു് ഞാൻ അവിടെനിന്നു മടങ്ങിയതു്. നാണയവിതരണത്തെ ആസ്പദിച്ചു നോക്കുമ്പോൾ ചൈനയിലെ നാണയപ്പെരുപ്പം പണ്ടേയ്ക്കുപണ്ടേ അതിനെ നാശഗർത്തത്തിലെത്തിക്കത്തക്കതാണു്. പക്ഷേ ചൈനയ്ക്കു് ഒരിക്കലും സാമ്പത്തികമായ പൊളിച്ചിൽ പററിയിട്ടില്ല. എങ്കിലും അതു വളരെക്കാലമായി കിണ്ണത്തിൻെറ വക്കത്തുള്ള കടുകുപോലെയാണു സ്ഥിതിചെയ്യുന്നതു്.

നാണയപ്പെരുപ്പത്തെക്കുറിച്ചു് ഒരു തീരുമാനത്തിലെത്തുന്നതിന്നു് അമേരിക്കൻ ബാങ്കുടമസ്ഥനു ചൈനയിലെ വിലത്തോതുമാത്രം അറിഞ്ഞാൽപ്പോരാ. ഞങ്ങൾ

സന്ദർശിച്ച നഗരങ്ങളിൽ ഓരോന്നിലും വിലത്തോതു പരസ്പരം വിഭിന്നമാണു്. ചൈനയിൽ നല്ലൊരു വിഭാഗം ജനങ്ങൾ, തങ്ങൾക്കാവശ്യമുള്ള ചുരുക്കം വസ്ത്രങ്ങൾക്കും വ്യവസായോല്പന്നങ്ങൾക്കും ഒഴിച്ചു്, നാണയത്തെയോ വിലത്തോതിനെയോ ആശ്രയിച്ചല്ല ജീവിക്കുന്നതെന്നു് എനിക്കറിയാം. എങ്കിൽക്കൂടി ഞങ്ങൾക്കു ചുററും കണ്ട നാണയപ്പെരുപ്പത്തിൻെറ ദുല്ലക്ഷണങ്ങൾ ഒരമേരിക്കക്കാരന്നു് അങ്ങേ അററം ഉൽക്കണ്ഠാജനകമാണു്.

ചുങ്കിങ്ങിൽ സാധനങ്ങളുടെ മൊത്തവില യുദ്ധത്തിന്നു മുമ്പത്തെക്കാൾ അമ്പതിരട്ടി വദ്ധിച്ചിട്ടുണ്ടു്. മിക്ക സാധനങ്ങളുടേയും ചില്ലറവിലത്തോതു മുമ്പത്തെക്കാൾ അറുപതിരട്ടി വദ്ധിച്ചിരിക്കുന്നു. ഒക്ടോബറിൽ ഞാൻ അവിടെ എത്തുന്നതിന്നു കുറച്ചുമാസംമുമ്പു മാസംപ്രതി പത്തുശതമാനം വിലവദ്ധനയുണ്ടായിട്ടുണ്ടു്. നല്ലൊരു ജനവിഭാഗത്തിന്നു്, പ്രത്യേകിച്ചു സ്ഥിരവരുമാനക്കാക്കു് ഇതുമൂലം തങ്ങൾ മുമ്പുപയോഗിച്ചിരുന്ന സാധനങ്ങൾപോലും വാങ്ങാൻ കഴിയുന്നില്ല.

ചെങ്ടുവിൽവെച്ചു രണ്ടു യുവാദ്ധ്യാപികകളുമായി നടത്തിയ സംഭാഷണം എന്നെ ഈ വിഷയത്തിൽ പൂർവ്വാധികം സഹായിച്ചിട്ടുണ്ടു്. അവർ രണ്ടുപേരും വിദ്യാഭ്യാസം സിദ്ധിച്ചവരും ഇംഗ്ലീഷറിയുന്നവരുമാണു്. പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥന്മാരെ കിട്ടാതെ വലയുന്ന ഒരു യുവഗവമ്മേണ്ടിനെ സേവിക്കാൻ പററിയവരാണു് ഇവർ രണ്ടുപേരും. വിലവദ്ധനയനുസരിച്ചു കൂലി കിട്ടുന്ന ഏററവും താഴ്ന്ന ചുമട്ടു ചുമക്കുന്ന കൂലിക്കാരോടു

പോലും തങ്ങൾക്കു കിടപിടിക്കാൻ കഴിയാത്തവിധം അ ത്യധികം സാധനങ്ങൾക്കു വില കയറിയിട്ടുണ്ടെന്നു് അവർ പറഞ്ഞു.

അവിടെവെച്ചുതന്നെ ഞാൻ ചൈനയുടെ വിദ്യാ ഭ്യാസപ്രശ്നങ്ങളെക്കുറിച്ചു സർവ്വകലാശാലാമേലദ്ധ്യക്ഷന്മാ രുമായി സംസാരിക്കയുണ്ടായി. മിക്ക സർവ്വകലാശാല കളുടേയും വരവു ഭേദഗതികൂടാതെ നില്ക്കയോ അല്ലെ ങ്കിൽ വർദ്ധിക്കയോ ചെയ്തിട്ടുണ്ടു്. സർവ്വകലാശാലകളുടെ ബഡ്ജററ് യുദ്ധത്തിന്നുമുമ്പത്തെ തോതിനോടടുത്തു നില നിർത്തുവാൻ ഐക്യചൈനാദുരിതനിവാരണസമിതി സ ഹായിച്ചിട്ടുണ്ടു്. സാധനങ്ങൾക്കു് അമ്പതിരട്ടി വിലക്ക യററമുണ്ടായിട്ടുള്ളതു നോക്കുമ്പോൾ ചൈനീസ്നാണ യങ്ങളെ അടിസ്ഥാനപ്പെടുത്തി അമേരിക്കൻനാണയ ങ്ങൾക്കു മൂന്നിരട്ടിമാത്രമേ വില വർദ്ധിച്ചിട്ടുള്ളു. അതി ൻെറ ഫലമായി വിദ്യാർത്ഥികളും അദ്ധ്യാപകന്മാരുമെന്ന പോലെതന്നെ സർവ്വകലാശാലകളും അതേ കുഴപ്പത്തിൽ അകപ്പെട്ടിരിക്കയാണു്.

നാണയപ്പെരുപ്പത്തിന്നു പല കാരണങ്ങളും ഞാൻ കണ്ടു. ഒന്നാമതു യുദ്ധത്തിൻെറ ചിലവുകൾ വഹിക്കേ ണ്ടുന്നതിന്നു കൂടുതൽ കടലാസുനോട്ടുകൾ അടിക്കുവാൻ ചൈന നിർബ്ബദ്ധമായിട്ടുണ്ടു്. 1942-ൽ ഗവർമ്മേണ്ടി ൻെറ ചെലവിൽ നാലിലൊരംശംമാത്രമേ നികുതിയിൽ നിന്നുള്ള വരവുകൊണ്ടു നിർവ്വഹിച്ചിരുന്നുള്ളു. ഉപ്പു്, പു കയില, പഞ്ചസാര, തീപ്പെട്ടി, ചായ, മദ്യം എ ന്നിവയെ ഗവർമ്മേണ്ടുകുത്തകയാക്കിയിട്ടുള്ളതിൻെറ ഫ

ലമായി റവന്യൂ വൎദ്ധിച്ചിട്ടുണ്ടെങ്കിലും വേണ്ടത്രയായി ട്ടില്ല. സൎക്കാർകടങ്ങൾ നികത്താൻ പൊതുധനാൎജ്ജനം ഒന്നുംതന്നെ ചൈനയിലില്ല. ഈ പരിതസ്ഥിതിയിൽ യുദ്ധം നടത്തുവാൻ ഗവൎമ്മേണ്ടിന്നു കടലാസുനോട്ടുകൾ തന്നെ ഉപയോഗിക്കേണ്ടിവരുന്നു. ഹിമാലയത്തിന്നുമീ തെയുള്ള ഗതാഗതമാൎഗ്ഗത്തിലൂടെ വരുന്ന ചരക്കിൽ മി ക്കതും വൎദ്ധിച്ചുവരുന്ന യുദ്ധച്ചിലവിനെ നേരിടുന്നതിന്നു വേണ്ട കടലാസുനോട്ടുകളാണെന്നു ഞാൻ വൈമാനിക ന്മാരിൽനിന്നു മനസ്സിലാക്കി.

നാണയവിതരണവും സാധനങ്ങളുടെ വിലയും നിയന്ത്രിക്കുക, നാണയപ്പെരുപ്പംമൂലം ചിലർ അധികാ ദായമെടുക്കുന്നതിൻെറമേൽ നികുതി ചുമത്തുക എന്നി നടപടികളുൾക്കൊള്ളുന്ന ഒരു ശാസ്ത്രീയമായ സാമ്പത്തി കനയം ഗവൎമ്മേണ്ടു കൈക്കൊള്ളാത്തതിൻെറ ദോഷമാ ണിതു്. നിത്യോപയോഗസാധനങ്ങളുടെ വില്പനയിൽ കൊള്ളലാഭമടിക്കുന്നതിന്നെതിരായി കൎശനമായ നടവ ടികളെടുക്കാൻ ഗവൎമ്മേണ്ടിന്നു സാധിച്ചിട്ടില്ല. ഗവൎമ്മേ ണ്ടുദ്യോഗസ്ഥന്മാർപോലും കള്ളക്കച്ചവടത്തിലേപ്പെട്ടിട്ടു ണ്ടെന്നു ചില പത്രപ്രവൎത്തകന്മാർ എന്നോടു പറഞ്ഞു. ഈ ക്രമക്കേടുകളെ തുടച്ചുനീക്കുന്നതിന്നും സാമ്പത്തിക മായ ഒരു വ്യവസ്ഥയുണ്ടാക്കുന്നതിന്നും കൈക്കൂലി വാങ്ങു ന്നഉദ്യോഗസ്ഥന്മാരെ പുറത്താക്കുന്നതിന്നും ജനറാലിസി മോ അശ്രാന്തപരിശ്രമം ചെയ്യുന്നുണ്ടെന്നു് എല്ലാവരും സമ്മതിക്കുന്നു. പക്ഷേ സാമ്പത്തികശാസ്ത്രത്തിൻെറ ഗൂ ഢതത്വങ്ങളെക്കുറിച്ചു ജനറാലിസിമോവിന്നു വേണ്ടത്ര

പരിജ്ഞാനമില്ല. മററുവിഷയങ്ങളിലാണ് അദ്ദേഹത്തിന്നു വാസനയും പരിശീലനവുമുള്ളതു്.

സ്വതന്ത്രചൈനയിൽ സാധനങ്ങൾക്കുള്ള ദൌൎല്ലഭ്യമാണ് ഈ നാണയപ്പെരുപ്പത്തിന്നു മറെറാരു കാരണം. ചൈനയ്ക്കു സാമാനങ്ങൾ എത്തിക്കുന്നതിൽ നാം കാണിച്ച ഉദാസീനതയാലും, ചൈനയിലെ ആദ്യത്തെ വ്യവസായകേന്ദ്രങ്ങൾ ജപ്പാൻ കൈവശപ്പെടുത്തിയതിനാലും, റഷ്യവഴിക്കും ഹിമാലയംവഴിക്കുമൊഴികെ ചൈനയ്ക്കു ലോകത്തോടുള്ള മററു ബന്ധങ്ങൾ മുറിഞ്ഞുപോയതിനാലുമാണ് ഇതു സംഭവിച്ചതു്. സ്വതന്ത്രചൈനയിലെ അതിൎത്തിക്കകത്തു വൻകിടയിൽ ഉൽപാദനം നടത്തുന്നതിന്നു ചില യന്ത്രങ്ങളും അസംസ്കൃതസാധനങ്ങളും ചൈനയ്ക്കാവശ്യമുണ്ടു്.

ഈ പ്രശ്നത്തെ നേരിടുന്നതിന്നു ചീനക്കാർ ചെയ്തിട്ടുള്ള കൃത്യങ്ങൾ അമാനുഷികങ്ങളാണ്. പക്ഷെ ഇതുകൊണ്ടുമാത്രം കുഴപ്പം തീൎന്നിട്ടില്ല. 1938-ൽ ഷാങ്ഹായിൽനിന്നു കൊണ്ടുവന്ന ഒരു കടലാസുകമ്പനിയും ഹൊണാൻസംസ്ഥാനത്തിൽനിന്നു ഷെച്ച്വാനിലേയ്ക്കു നീക്കംചെയ്ത ഒരു തുണിമില്ലും ധനകാൎയ്യമന്ത്രിയായ ഡാക്ടർ വോങ്ങ്വെൻഹയോ ചുങ്കിങ്ങിൽവെച്ച് എനിക്കു കാണിച്ചുതന്നു. പതിനായിരം ടൺ സാമഗ്രികൾ ഉൾപ്രദേശത്തിലേയ്ക്കു സ്ഥലമാററംചെയ്യാൻ ഗവൎമ്മേണ്ടിന്നു സാധിച്ചിട്ടുണ്ടെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. അവയിൽ അധികവും ഇരിമ്പും തുണിവ്യവസായവുമാണ്.

മില്ലുകൾ രണ്ടും നല്ലതും സാമാന്യം വലിയവയുമാണ്. കടലാസുമില്ലിൽ ബാങ്കുനോട്ടുകൾക്കുള്ള കടലാസി

ൻെറ നിൎമ്മാണം ആരംഭിച്ചിട്ടുണ്ട്. അതിന്നു മാസത്തിൽ അഞ്ചു ടൺമുതൽ ഒമ്പതു ടൺവരെ കടലാസു പുറത്തിറക്കുവാൻ കഴിയും. ഈ തുക സ്വതന്ത്രചൈനയിലെ പത്തുകോടി ജനങ്ങളുടെ ആവശ്യവുമായി തട്ടിച്ചുനോക്കുക. ഒരു ലോകയുദ്ധം നടന്നുകൊണ്ടിരിക്കുന്നതിന്നിടക്ക് ഒരു സാമ്പത്തികമായ അടിത്തറ നിൎമ്മിക്കുന്നതിൽ ചൈന അഭിമുഖീകരിക്കുന്ന ഗൌരവാവഹമായ പ്രശ്നത്തിന്നൊരു ഉദാഹരണമാണിതു്.

ലാൻചോവിൽ ഞാൻ കണ്ട ചൈനയുടെ പരസ്പരസഹായവ്യവസായസംഘങ്ങൾ കുഴപ്പത്തെ തീൎക്കാൻ സഹായിച്ചിട്ടുണ്ട്. പക്ഷേ ഈ സംഘങ്ങൾ ആരാണ് നിയന്ത്രിക്കേണ്ടതു് എന്നതിനെസ്സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസങ്ങൾകാരണം വളരെ തടസ്സങ്ങളുണ്ടായിട്ടുണ്ട്. അവയെ നശിപ്പിക്കുന്നതിന്ന് അവസരം പാൎത്തിരിക്കുന്ന ചില സ്ഥാപിതതാൽപര്യക്കാർ ചൈനയിലുണ്ടെന്ന് അവയുടെ പ്രവൎത്തകന്മാർ വിശ്വസിക്കുന്നു. എന്നാൽ അവയുടെ ഒരുറച്ച ഗുണകാംക്ഷിയാണ് ജനറാലിസിമോ. അവൎക്കു നേരിട്ടുകൊണ്ടിരിക്കുന്ന കുഴപ്പങ്ങളെപ്പററി ഞാൻ സവിസ്തരം അദ്ദേഹവുമായി കൂടിയാലോചിച്ചു. ഒരു മികച്ച വ്യവസായകേന്ദ്രത്തിൻേറയും ഗതാഗതമാൎഗ്ഗങ്ങളുടേയും അഭാവത്തിൽ യുദ്ധത്തിന്നാവശ്യമായ ഉൽപാദനം ചെയ്തുതീൎക്കാൻ അടുത്ത ഭാവിയിൽ അവയെക്കൊണ്ടാവില്ല. ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ റഷ്യൻനിരത്തുമാത്രമാണ് കയററുമതിക്കും ഇറക്കുമതിക്കുമുള്ള ഏകരക്ഷാമാൎഗ്ഗം. ഹിമാലയത്തിലൂടെയുള്ള വിമാ

നമാൎഗ്ഗത്തിന്റെയും ജാപ്പണികളിലൂടെയുള്ള ഗൂഢവ ഴിയുടേയും കഴിവുകൾ പരിമിതമാണു്.

അപ്പോൾ, ഇതാണു് യഥാൎത്ഥമായ പ്രശ്നം. ചീന ക്കാരും വിദേശികളുമായ ചൈനയിലെ ചിന്തകന്മാർ ഇതിന്നൊരു പോംവഴി ആരാഞ്ഞുകൊണ്ടിരിക്കയാണു്. ഇതിനെക്കുറിച്ചു കൂടുതൽ പഠിച്ചാലല്ലാതെ ഇതിന്നൊരു രക്ഷാമാൎഗ്ഗം നിൎദ്ദേശിക്കാൻ ഞാനാളല്ല. പക്ഷേ ഒരു കാ ൎയ്യം എനിക്കു പറയാൻ കഴിയും: ചൈനയിലെ സാമ്പ ത്തികഘടനയുടേയും സ്വത്തവകാശക്രമത്തിന്റെയും കെട്ടഴിച്ചു് ഇന്നത്തേക്കാൾ വളരെയധികം വിപുലമായ തോതിൽ ഉൽപാദനവും മററും നടത്തുന്നതിന്നു ചൈ നയിലെ വമ്പിച്ച മനുഷ്യശക്തിയെ സംഘടിപ്പിക്കുക യെന്നതു് ഒഴിച്ചുകൂടാത്ത ഒരു സംഗതിയാണു്.

ഞാനുമായി സംസാരിക്കാനിടയായ മിക്ക അമേരി ക്കക്കാരും വിചാരിക്കുന്നപോലെ നാണയപ്പെരുപ്പത്തി ന്റെ ആപത്തു് അത്രതന്നെ ഗുരുതരമായ ഒന്നാണെ ന്നു ചൈനയിലെ അധികൃതന്മാൎക്കു് അഭിപ്രായമുള്ളതാ യിത്തോന്നിയില്ല. നാണയപ്പെരുപ്പംകൊണ്ടു ബുദ്ധിമുട്ടു ന്ന ചൈനയിലെ സ്ഥിരംവരുമാനക്കാരായ ഇടത്തര ക്കാർ ആകെയുള്ള ജനസംഖ്യയുടെ ഒരു നിസ്സാരശതമാ നം മാത്രമേയുള്ളുവെന്നു് അവർ ചൂണ്ടിക്കാണിക്കുന്നു. കൂ ലിക്കാൎക്കും കൃഷിക്കാൎക്കും ധാരാളം വരുമാനമുണ്ടെന്നും നാ ണയപ്പെരുപ്പംകൊണ്ടു ലാഭമുണ്ടെന്നും അവർ പറയുന്നു.

ഈ വാദത്തെക്കുറിച്ചു് ഒന്നുമാത്രമെ പറയാനുള്ളു: നമ്മുടെ സാമ്പത്തികഘടനയിൽ ഉത്ഭവിക്കുന്ന പ്രശ്നങ്ങ ളുടെ വെളിച്ചത്തിൽ ചൈനയിലെ നാണയപ്പെരുപ്പ

ത്തെ അളക്കാൻ ശ്രമിക്കുന്നതു വിഡ്ഢിത്തമാണു്. ചൈനയിൽ എണ്പതുശതമാനം ജനങ്ങൾ സ്വന്തം ഭക്ഷണസാധനങ്ങൾ കൃഷിചെയ്യുന്നവരാണെന്നും പണംകൊണ്ടു് അവക്കധികം ഉപയോഗമേയില്ലെന്നും ഒരു ചൈനീസ് ധനശാസ്ത്രജ്ഞൻ എന്നോടു പറയുകയുണ്ടായി. അവരുടെ നാണയോപയോഗത്തിന്റെ പരിധി വളരെ ചുരുങ്ങിയതാണു്.

എങ്കിലും ഈ വാദഗതി വേണ്ടതിലധികം മുന്നോട്ടു കൊണ്ടുപോകുന്നതു ശരിയല്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ കുഴപ്പത്തിന്റെ ആപത്തു ലഘൂകരിക്കുന്നുണ്ടെങ്കിലും ഭാവി നിരാശതാജനകമാണു്. ഷെച്ച്വാൻസംസ്ഥാനത്തിലെ ഗവണ്ണരും ഏററവും സമത്ഥനായ ഒരു ഭരണകത്താവുമായ ചാങ്ങ്ചുൻ എന്നോടു പറയുകയുണ്ടായി, ചൈനയിൽ എഴുപതുശതമാനം കൃഷിക്കാരും കുടിയാന്മാരാണെന്നു്. അവർ പാട്ടം കൊടുക്കുന്നതു പണമായിട്ടല്ല, ഉൽപന്നങ്ങളായിട്ടാണു്. അതിനാൽ ഭക്ഷണത്തിന്റെ വില കയറുന്നതുകൊണ്ടു് അവക്കു കിട്ടുന്ന ആദായം നിസ്സാരമാണു്. പക്ഷേ അവക്കു വാങ്ങാനുള്ള സാധനങ്ങളുടെ വില ഈ തോതിൽത്തന്നെ വദ്ധിക്കയാണെങ്കിൽ അവരുടെ ചുരുങ്ങിയ ലാഭം മുഴുവൻ നശിച്ചുപോവുകയും ചെയ്യും.

ചൈനയുടെ സാമ്പത്തികവ്യവസ്ഥ വളരെ പ്രാകൃതമാണെന്നതാണു് ഏററവും പ്രധാനമായ സംഗതി. യുദ്ധനടത്തിപ്പിന്നും യുദ്ധാനന്തരപുനസ്സംഘടനാവേലകൾക്കും അസംസ്കൃതസാധനങ്ങളുടെ ഉൽപാദനത്തിന്നും പി

പുലമായ ഒരു സംഘടന അത്യാവശ്യമാണ്. ചൈനയിലെ അസംസ്കൃതസാധനങ്ങൾ മനുഷ്യശക്തി എന്നിവയുടെ കഴിവുകളും, അവ ഉപയോഗപ്പെടുത്തുന്നതിന്നു ചീനക്കാർ പ്രദർശിപ്പിക്കുന്ന ഉറച്ച ഉത്സാഹവും കണ്ടിട്ടുള്ളവക്ക് ഇതു മനസ്സിലാക്കാൻ കഴിയും.

ചൈനയുടെ മുഴുവൻ കഴിവും ഉപയോഗിക്കത്തക്കവണ്ണം ഉൽപാദനം വളർത്തുകയാണു നാണയപ്പെരുപ്പത്തിന്നുള്ള പരിഹാരമെന്ന് എനിക്കു തോന്നുന്നു. ഇതിന്നു ധനവ്യയം ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുന്നതിന്നുള്ള വഴി തീരുമാനിക്കേണ്ടതു ചൈനക്കാരുടെ ചുമതലയാണ്.

ഇന്നത്തെക്കാളധികം കൃഷിക്കാർക്കു ഭൂമിയിന്മേൽ ഉടമസ്ഥാവകാശം നല്കുന്നതു് ഇതിന്നെ സഹായിക്കും. സാമ്പത്തികനിയന്ത്രണത്തിന്നു കൂടുതൽ വിഭജനം നല്കേണ്ടതു് ആവശ്യമാണെന്നു സിയാനിലും ലാൻചോവിലുമുള്ള ചൈനീസ്ബാങ്കർമാരോടും ഫാക്ടറിമാനേജർമാരോടും സംസാരിച്ചതിൽനിന്നു് എനിക്കു തോന്നി. ഇതിൽ ഗവമ്മേണ്ടിന്നു പ്രധാനമായ ഒരു പങ്കു നിർവ്വഹിക്കാനുണ്ടു്; ജനങ്ങളെ കൂടുതൽ പങ്കെടുപ്പിക്കുന്നതു നന്നായിരിക്കും. പക്ഷേ ഇതെല്ലാം ചൈനക്കാർതന്നെ തീരുമാനിക്കേണ്ട കാര്യങ്ങളാണ്.

എങ്കിലും അമേരിക്കയ്ക്കു പല സഹായങ്ങളും ചെയ്യാൻ കഴിയും. ഒന്നാമതു ചൈനക്കാരുമായുള്ള സൌഹാർദ്ദം നാം കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അവർ നമ്മോടൊപ്പംനിന്നു പൊരുതുന്നവരാണ്. റഷ്യവഴിക്കും

ഹിമാലയത്തിലൂടെയും ബർമ്മ വീണ്ടെടുത്ത് ആ വഴിയും, അവക്ക് ആവശ്യമുള്ള യന്ത്രങ്ങളും വിമാനങ്ങളും വെടിമരുന്നും അസംസ്കൃതസാധനങ്ങളും നാം എത്തിച്ചുകൊടുക്കണം.

ഈ കൂട്ടുകെട്ടിൽനിന്നു നമുക്കു ലഭിക്കുന്ന നേട്ടം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ, കിഴക്കനേഷ്യയിൽ ചൈനയെക്കാൾ നല്ലൊരു ബന്ധു നമുക്കില്ലെന്നു നിങ്ങൾക്കു ബോദ്ധ്യമാണെങ്കിൽ ഒരു സഹൃത്തു ചെയ്യേണ്ടതെല്ലാം നാം ചെയ്തുതീർക്കേണ്ട. എല്ലാ ചുമതലകളും നാം നിറവേററണം. സൈനികസഹായവും സാമ്പത്തികസഹകരണവും നല്കുകയെന്നതുപോലെതന്നെ ചൈനക്കാരെയും അവരുടെ പ്രശ്നങ്ങളെയും മനസ്സിലാക്കുകയെന്നതും നമ്മുടെ കടമകളിലുൾപ്പെടും. ആദർശപ്രഖ്യാപനങ്ങളിൽ ചൈനക്കാരുടെ വിശ്വാസം കുറഞ്ഞുവരികയാണ്.

## ൧൦. നമ്മുടെ സ്നേഹഭണ്ഡാരം

ഒക്ടോബർ 9-ാംനു- ഞങ്ങൾ ചെങ്ടു വിട്ടു. ചൈനയിൽ ഏതാണ്ടൊരായിരം നാഴിക സഞ്ചരിച്ച്, ഗോബിയിലെ വിസ്തീർണ്ണമായ ഭൂപ്പരപ്പുകളും മങ്കോളിയൻ റിപ്പബ്ലിക്കും സൈബീരിയയും ബെറിങ്കടലും അലാസ്കയും കനഡയും കടന്ന് ഒക്ടോബർ 13-ാംനു- അമേരിക്കയിൽ തിരിച്ചെത്തി.

നാല്പത്തൊമ്പതു ദിവസത്തിനുള്ളിൽ ലോകത്തിനു ചുററും പറക്കുന്നതോടുകൂടി, ഭൂപടത്തിൽ മാത്രമല്ല മനു

ഷ്യരുടെ മനസ്സിലും ലോകത്തിൻെറ വലുപ്പം ചുരുങ്ങിയിരിക്കുന്നുവെന്നു നിങ്ങരം പഠിക്കുന്നു. ലോകത്തിലെല്ലായിടത്തും കോടാനകോടി ജനങ്ങരം, പൊതുവെ വിശ്വസിക്കുന്ന ചില ആശയങ്ങരംക്ക്, അവർ ഒരു നഗരത്തിനുള്ളിൽ ജീവിക്കുന്നവരെന്നു തോന്നിക്കുമാറുള്ള ഒരൈകരൂപ്യം കാണുന്നു. അവയിലൊന്ന് അമേരിക്കയുടെ ശ്രദ്ധയിൽ പ്രാധാന്യം അർഹിക്കുന്നതാണ്: ലോകം മുഴുവൻ ആദരവോടും ആശയോടുംകൂടി നമ്മെ ഉററുനോക്കിക്കൊണ്ടിരിക്കുന്നു.

ബീലമിലെയും നെററാളിലെയും നാട്ടുകാരനോ, നൈജീരിയയിലെ ഒരു കൂലിക്കാരനോ, ഈജിപ്തിലെ പ്രധാനമന്ത്രിയോ രാജാവോ, ബാഗ്ഡാഡിലെ മൂടുപടമണിഞ്ഞ ഒരു സ്ത്രീയോ, ഇന്ന് ഇറാൻ എന്നു വിളിക്കപ്പെടുന്ന പെഷ്യയിലെ ഒരു 'ഷായോ', നെയ്ത്തുകാരനോ, നമ്മുടെ പടിഞ്ഞാറൻനഗരങ്ങളുടെ ഛായയുള്ള അങ്കാറാതെരുവീഥിയിൽ അററാത്തുക്കിൻെറ ഒരു ഭക്തനോ, റഷ്യയിലെ ദൃഢഗാത്രനായ ഒരു ഫാക്ടറിത്തൊഴിലാളിയോ, അല്ലെങ്കിൽ സ്റ്റാലിൻതന്നെയോ, ചൈനയിലെ ജനറാലിസിമോവിൻെറ ഭാൎയ്യയായ മനോഹാരിണിയോ, മുന്നണിയിലെ ഒരു ചൈനീസ്പട്ടാളക്കാരനോ, സൈബീരിയയിലെ അനന്തമായ അരണ്യത്തിൻെറ അതിർത്തിയിൽ രോമത്തൊപ്പിയണിഞ്ഞ ഒരു നായാട്ടുകാരനോ, ആരായാലും വേണ്ടില്ല—അവൎക്കെല്ലാം പൊതുവെ ഒരു വികാരമുണ്ട്: അമേരിക്കയോടുള്ള ഉറച്ച സൌഹാൎദ്ദം.

അവർ ഓരോരുത്തരും സ്നേഹത്തോടുകൂടിയാണു് നമ്മെ വീക്ഷിക്കുന്നതു്. നമ്മോടുള്ള സ്നേഹം നിറച്ച ഒരു കൂററൻഭണ്ഡാഗാരം ലോകത്തിലുണ്ടെന്ന ബോധത്തോടുകൂടിയാണു് ഞാൻ തിരിച്ചെത്തിയതു്.

ഈ ഭണ്ഡാഗാരത്തെ സൃഷ്ടിച്ചതു പല സംഗതികളാണു്. ഒന്നാമതു് ലോകത്തിന്റെ എല്ലാ മൂലകളിലും അമേരിക്കക്കാരായ മതപ്രചാരകന്മാരും അദ്ധ്യാപകന്മാരും വൈദ്യന്മാരും സ്ഥാപിച്ചിട്ടുള്ള ആശുപത്രികളും വിദ്യാലയങ്ങളും കോളേജുകളും. ഇറാക്കു്, തുർക്കി, ചൈന മുതലായി അടുത്ത കാലത്തു് ഉയർന്നുവന്നിട്ടുള്ള രാഷ്ട്രങ്ങളിലെ നേതാക്കന്മാരിൽ മിക്കവരും വിദ്യാഭ്യാസം ചെയ്തിട്ടുള്ളതു്, വിജ്ഞാനസമ്പത്തു പരത്തുകയെന്ന ലക്ഷ്യംമാത്രം താൽപര്യമാക്കി പ്രവർത്തിക്കുന്ന അമേരിക്കനദ്ധ്യാപകന്മാരുടെ കീഴിലാണു്. നമുക്കു് ഇത്രയും സുഹൃത്തുക്കളെ സമ്പാദിച്ചുതന്ന ഈ പ്രവർത്തകന്മാരോടു്, അമേരിക്ക ആപത്തിൽ അകപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ നാം അങ്ങേ അററം കടപ്പെട്ടിരിക്കുന്നു.

പുതിയ നിരത്തുകളും വിമാനമാർഗ്ഗങ്ങളും കപ്പൽമാർഗ്ഗങ്ങളും ഉണ്ടാക്കാൻ പണിപ്പെട്ടിട്ടുള്ള അമേരിക്കൻ പ്രവർത്തകന്മാർ ഒരു ബാങ്കിൽ നിക്ഷേപമെന്നപോലെ, ലോകത്തിന്റെ സൌഹാർദ്ദം നമുക്കുവേണ്ടി സമ്പാദിച്ചു കുന്നുകൂട്ടിയിരിക്കുന്നു. നാം സാമാനങ്ങളും ആശയങ്ങളും ലോകത്തിൽ വിതരണംചെയ്യുന്നവരാണെന്നുള്ള സാമാന്യജനങ്ങളുടെ ബോധം ഈ പ്രവർത്തനത്തിന്റെ ഫലമാണു്. ഇതുമൂലം അവർ നമ്മെ ഇഷ്ടപ്പെടുകയും ആദരിക്കുകയും ചെയ്യുന്നു.

അമേരിക്കൻചലച്ചിത്രങ്ങൾ ഈ സ്നേഹസമ്പാദനത്തിന്നു സഹായിച്ചിട്ടുണ്ട്. അവ ലോകത്തിലെങ്ങും പ്രദശിപ്പിച്ചുവരുന്നു. ഇതുവഴി മറ്റെല്ലാ രാജ്യക്കാക്കും നാം എങ്ങിനെയുള്ളവരാണെന്നു കാണുവാനും നമ്മുടെ ശബ്ദം കേൾക്കുവാനും കഴിയുന്നു. റെറാംമുതൽ ചുങ്കിങ്ങ്‌വരെയുള്ള വേലക്കാരിപ്പെൺകിടാങ്ങൾതൊട്ടു രാജാക്കന്മാരുടേയും പ്രധാനമന്ത്രിമാരുടേയും ഭായ്മമാർവരെ ഔത്സുക്യത്തോടുകൂടി അമേരിക്കൻസിനിമാതാരങ്ങളെപ്പററി എന്നോടു ചോദിച്ചിട്ടുണ്ട്.

ഈ സ്നേഹഭണ്ഡാരത്തിന്നു മററു കാരണങ്ങളുമുണ്ട്: വ്യവസായങ്ങൾ ഉള്ളതും ഇല്ലാത്തതുമായ എല്ലാ രാജ്യങ്ങളിലേയും ബഹുജനങ്ങൾ അമേരിക്കൻതൊഴിലാളികളുടെ മഹനീയകൃത്യങ്ങളെപ്പററി കേട്ടിട്ടുണ്ട്. അവർ അവയെ മാനിക്കുകയും അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അമേരിക്കയിലെ വ്യവസായങ്ങളുടേയും കൃഷിയുടേയും വാണിജ്യത്തിൻേറയും പ്രവത്തനരീതിയെപ്പററി അവക്കു വളരേ മതിപ്പുണ്ട്. ഞാൻ സന്ദശിക്കാനിടയായ ഓരോ രാജ്യത്തിലും അമേരിക്കക്കാരാൽ നിമ്മിതമായ ഒരു അണക്കെട്ടോ, ഒരു ജലസേചനപദ്ധതിയോ, ഒരു ഫാക്ടറിയോ, ഒരു തുറമുഖമോ ഉണ്ട്. ജീവിതത്തിന്നു സുഖസൌകര്യങ്ങൾ പ്രദാനംചെയ്യുന്നുവെന്നതുകൊണ്ടുമാത്രമല്ല ജനങ്ങൾ നമ്മുടെ പ്രവത്തനങ്ങളെ ഇഷ്ടപ്പെടുന്നത്, അമേരിക്കൻവാണിജ്യപ്രസ്ഥാനം രാഷ്ട്രീയമേധാവിത്വത്തിലെത്തിച്ചേരുകയില്ലെന്നതുകൊണ്ടുകൂടിയാണ്.

വിദേശീയമേധാവിത്വത്തിനോടുള്ള ഈ വെറുപ്പ് ഞാൻ എല്ലായിടത്തും കണ്ടു. ജനങ്ങൾ ഞാൻ പ്രതീക്ഷി

ച്ചിരുന്നതിനെക്കാളധികം നമ്മെ ഇഷ്ടപ്പെടുന്നതായി എനിക്കനുഭവപ്പെട്ടു. ഒരിക്കലും മേധാവിത്വത്തിന്നു വേണ്ടി പരിശ്രമിക്കാത്തവരായി അവർ നമ്മെ കണ്ടതുകൊണ്ടുമാത്രമാണ് ഇതു സംഭവിച്ചതു്. ഒരു സ്ഥലത്തും നമ്മുടെ അധികാരം കുത്തിച്ചെലുത്തുന്നതിന്നോ പ്രത്യകസൌജന്യങ്ങൾ ലഭിക്കുന്നതിന്നോ നാം ആഗ്രഹിക്കുന്നില്ലെന്നു ലോകത്തിന്നു നല്ലപോലെ അറിയാം.

നമുക്കു യാതൊരു ദുരുദ്ദേശങ്ങളുമില്ലെന്ന് എല്ലാവക്കും ബോധമുണ്ടു്. പണ്ടു നാം അന്താരാഷ്ട്രീയബന്ധങ്ങളിൽനിന്നു വിരമിച്ചു വഴിപിഴച്ച ഒരു സ്വയംസമ്പൂർണ്ണതാനയം കൈക്കൊണ്ടപ്പോൾപ്പോലും അതിൽ യാതൊരു ദുരുദ്ദേശങ്ങളുമുണ്ടായിരുന്നില്ലെന്നു ലോകത്തിന്നു മനസ്സിലായിട്ടുണ്ടു്. നാം ഈ യുദ്ധത്തിലേപ്പെട്ടിട്ടുള്ളതു് ആദായത്തിന്നുവേണ്ടിയോ, കൊള്ളയടിക്കുന്നതിന്നോ, സാമ്രാജ്യത്തിന്നോ, മററുള്ളവരുടെ ജീവിതത്തിന്റെമേലോ ഗവർമ്മേണ്ടിന്റെമേലോ രക്ഷാധികാരത്തിന്നുവേണ്ടിയോ അല്ലെന്ന് അവക്കറിയാം. ഭൂമിയിലെവിടേയും നമ്മോടു കാണിക്കുന്ന സൌഹാർദ്ദത്തിന്ന് ഏററവും പ്രധാനമായ കാരണം ഇതാണ്.

ഞാൻ സന്ദർശിച്ച സർവ്വസ്ഥലത്തും അമേരിക്കനോഫീസർമാരും ഭാര്യമാരുമുണ്ടു്. ചില ദിക്കിൽ അവർ കുറച്ചുപേർമാത്രമേയുള്ളുവെങ്കിൽ മററുചില പ്രദേശങ്ങളിൽ വലിയ സേനാവിഭാഗങ്ങൾ പാളയമടിച്ചിട്ടുണ്ടു്. ഏതു പരിതസ്ഥിതിയിലായാലും വേണ്ടില്ല, അവരെല്ലാം നമുക്കുവേണ്ടി കൂടുതൽ സ്നേഹം സമ്പാദിച്ചുതരുന്നുണ്ടു്.

ഞങ്ങളുടെ വിമാനത്തിലെ ഉദ്യോഗസ്ഥന്മാർതന്നെ ഇതിന്നു നല്ലൊരു മാതൃകയാണ്. സമരാങ്കണത്തിലേയ്ക്കുയയ്ക്കുന്ന ഒരു പട്ടാളവിഭാഗത്തിന്റെകൂടെയല്ലാതെ ഇവരാരും അമേരിക്കവിട്ടു ഇതിന്നുമുമ്പു പുറത്തു പോയിട്ടേയില്ല. ഇവരാരും പരിശീലനം സിദ്ധിച്ച രാജ്യതന്ത്രജ്ഞന്മാരല്ല. ഇവക്ക് അന്യഭാഷകളൊന്നുംതന്നെ അറിയില്ല. എന്നാലും ഞങ്ങൾ പോയ സ്ഥലങ്ങളിലെല്ലാം ഇവർ അമേരിക്കയ്ക്കു് അധികം സുഹൃത്തുക്കളെ നേടികൊടുത്തിട്ടുണ്ടു്. മുമ്പൊരിക്കലും തന്റെ ജീവിതത്തിൽ വിമാനയാത്രചെയ്യാനുള്ള ഭാഗ്യം സിദ്ധിക്കാത്ത ഇറാനിലെ ഷായ്ക്കു അതിന്നുവേണ്ടി ഞങ്ങളുടെ വിമാനം ഏല്പിച്ചുകൊടുത്ത അവസരത്തിൽ ബഹുമാനവും കുറച്ചൊരസൂയയും നിറഞ്ഞ കണ്ണുകളോടുകൂടി അദ്ദേഹം ഞങ്ങളുടെ വൈമാനികനായ മേജർ റിച്ചേർഡ് നൈററിനെ അഭിവാദ്യംചെയ്ത ആ കാഴ്ച ഞാൻ ഒരിക്കലും വിസ്മരിക്കയില്ല.

എല്ലാ സ്ഥലത്തും കാണാനിടയായ അമേരിക്കൻ ഭടന്മാരെക്കുറിച്ചു് എനിയ്ക്കു് അതിരററ അഭിമാനമാണുള്ളതു്. കൂലിക്കുവേണ്ടി സ്ഥിരമായി സൈനികവൃത്തിയിൽ ഏർപ്പെടാത്തവരായ നമ്മുടെ ജനകീയപട്ടാളം നമുക്കു പരമ്പരയായി കിട്ടിയിട്ടുള്ള ഈ സ്നേഹഭണ്ഡാരത്തെ സംരക്ഷിക്കുമെന്നും, അവരുടെ ദൈനന്ദിനാനുഭവങ്ങളിൽനിന്നു് ഇതു് അമേരിക്കയുടെ യുദ്ധമാണെന്ന സംഗതി പഠിക്കുമെന്നും എനിക്കുറപ്പുണ്ടു്.

ഇന്നു മറ്റേതിനെക്കാളുമധികം രാഷ്ട്രീയപ്രാധാന്യമ ർഹിക്കുന്ന ഒരു സംഗതിയാണ് അമേരിക്കയോടുള്ള ഈ സൌഹാർദ്ദം. മറെറാരു രാഷ്ട്രത്തിന്നും ഇതു ലഭിക്കാനുള്ള ഭാഗ്യമുണ്ടായിട്ടില്ല. സ്വാതന്ത്ര്യത്തിന്നും ന്യായത്തിന്നും വേണ്ടി മനുഷ്യസമുദായത്തെ ഏകീകരിക്കാനാണ് ഇതുപ യോഗപ്പെടുത്തേണ്ടത്. മനുഷ്യസഞ്ചയത്തിന്റെ ആശകളെയും നാം ഉയർത്തിപ്പിടിക്കുന്ന ആദർശങ്ങളെയും നശിപ്പിക്കുവാൻ കച്ചകെട്ടുന്ന മൃഗീയശക്തികളോടു പൊരുതുന്നതിന്നു ലോകരെ വിശ്വാസത്തോടുകൂടി നമ്മോടൊപ്പം അണിനിരത്തുവാൻവേണ്ടി ഈ സ്നേഹഭണ്ഡാരത്തെ ഉപയോഗിക്കണം. ലോകത്തിലെ ആശാകുലരായ ബഹുജനങ്ങളോടു മാത്രമല്ല, കാരോ ഭൂഖണ്ഡങ്ങളിലുമുള്ള യുദ്ധരംഗങ്ങളിൽ നിന്നു സമരംചെയ്യുന്ന നമ്മുടെ സന്തതികളോടുള്ള വിശുദ്ധമായ ഒരു കടമയാണ് ഈ സൌഹാർദ്ദത്തെ നിലനിർത്തുകയെന്നത്. എന്തുകൊണ്ടെന്നാൽ ഈ ഭണ്ഡാരത്തിലെ ജലം നിർമ്മലമാണ്; ആരോഗ്യകരമായ സ്വാതന്ത്ര്യപാനീയമാണ്.

നാം ഏതൊരാദർശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നുവോ, അവയെ വെറും ഹാസ്യചിത്രമായി അധഃപതിപ്പിക്കാത്ത കാലത്തോളം ഹിററ്ലർക്കോ മുസ്സോളിനിക്കോ ഹിറോഹിനോവിന്നോ തങ്ങളുടെ പ്രചാരവേലകൊണ്ടോ, അല്ലെങ്കിൽ ആയുധംകൊണ്ടോ നമ്മെ ഭിന്നിപ്പിക്കാനും ബന്ധുക്കളിൽനിന്ന് അകററാനും നമ്മുടെ കയ്യിൽനിന്നു സൌഹാർദ്ദത്തിന്റെ ഈ സംഘടനാശക്തിയെ തട്ടിപ്പറിക്കാനും സാദ്ധ്യമല്ല. ലോകത്തിൽ

ഇതൊഴിച്ചു മറ്റൊരു സംഘടനാശക്തിയും ഇല്ലെന്നു വേണം പറയുവാൻ. താൽക്കാലികമായ കാര്യസിദ്ധിക്കു വേണ്ടി ആദർശങ്ങളെ ലംഘിക്കുകയാണെങ്കിൽ അതു് ആപൽക്കരമായിരിക്കും. നമ്മുടെ പെരുമാററത്തിലും ആദർശത്തിലും ലോകത്തിനുള്ള വിശ്വാസംകൊണ്ടു നാം നേടിയിട്ടുള്ള ആത്മീയവും പ്രായോഗികവുമായ ഗുണങ്ങളുടെ നാശമായിരിക്കും ഇതിൻെറ ലക്ഷ്യം.

പഴയ ലോകത്തിലെ മതപരവും ദേശീയവും വംശീയവുമായ കൂട്ടുകെട്ടിലും മത്സരത്തിലും നാം അകപ്പെടുകയാണെങ്കിൽ അതു നമ്മുടെ കൊള്ളരുതായ്മയെ തുറന്നുകാണിക്കും. നേരേമറിച്ചു നാം ഉൽഘോഷിച്ചിട്ടുള്ള ആദർശങ്ങളിൽ ഉറച്ചുനില്ക്കുകയാണെങ്കിൽ മനുഷ്യസമുദായം കാണാൻ ആശിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകസംഘടനയിൽ നാം ഉത്തമപ്രവർത്തകരായിത്തീരുകയും ചെയ്യും.

## ൧൧. യുദ്ധലക്ഷ്യങ്ങൾ

മനുഷ്യരുടെ ചിന്താരീതിയിലും ജീവിതസമ്പ്രദായത്തിലും ലോകത്തിലെമ്പാടും മാററം വരുത്തിക്കൊണ്ടിരിക്കുന്ന ഒരു വിപ്ലവമാണു് ഈ യുദ്ധം എന്നു സാധാരണ പറയാറുണ്ടു്. അപൂർവ്വമായ ഒരു കാഴ്ചയാണു് ഈ വിപ്ലവം. എന്നാൽ എനിക്കു് അതു ദർശിക്കാൻ കഴിഞ്ഞു. അതു് ഉത്സാഹകരവും കുറച്ചു ഭയജനകവുമാണു്. സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടുവാൻ ജീവിതരീതിയിൽ രൂപഭേദം വരുത്തുന്നതിനു മനുഷ്യ

രിൽ അന്തർല്ലീനമായിക്കിടക്കുന്ന വമ്പിച്ച കഴിവിൻെറ തെളിവാണിതു്; സ്വാതന്ത്ര്യത്തിലൂടെ ഔന്നത്യത്തിലെത്താൻ കഴിയുമെന്ന ഉറച്ച വിശ്വാസവും നൈസർഗ്ഗികമായ ബോധവും അവർ പ്രദർശിപ്പിക്കുന്നു. അതുകൊണ്ടാണു് ഞാൻ ഇതിനെ ഉത്സാഹകരമെന്നു വിളിക്കുന്നതു്. എന്നാൽ യുദ്ധലക്ഷ്യങ്ങളെക്കുറിച്ചു പറയുകയാണെങ്കിൽ ഐക്യരാഷ്ട്രങ്ങളിലെ നേതാക്കന്മാർ തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായിട്ടില്ലെന്നു മാത്രമല്ല, സാമാന്യജനങ്ങൾക്കിടയിൽപ്പോലും അഭിപ്രായൈക്യമില്ലെന്നതുകൊണ്ടാണു് ഞാൻ ഇതിനെ ഭയജനകമെന്നു വിളിച്ചതു്.

മാനവസമുദായത്തിൻെറ വളച്ചയ്ക്കു് ആയുധസാമഗ്രികൾ എത്രതന്നെ സഹായമായിട്ടുണ്ടെങ്കിലും അതിലുമധികം ഉന്നതമായ ഒരു സ്ഥാനമാണു് ആശയങ്ങൾക്കുള്ളതു്. കാലാന്തരത്തിൽ അവയാണു് അനശ്വരമായ ഫലം നല്കിയിട്ടുള്ളതും. ഏതായാലും പ്രാചീനകാലങ്ങളിൽ മനുഷ്യർ യുദ്ധം നടത്തിയിട്ടുള്ളതു പരസ്പരം കൊല്ലുന്നതിലുള്ള രസംകൊണ്ടല്ലെന്നുള്ളതു തീർച്ചയാണു്. ഏതെങ്കിലും ഒരുദ്ദേശത്തോടുകൂടിയിട്ടാണവർ പടവെട്ടിയിട്ടുള്ളതു്. പലപ്പോഴും ആ ഉദ്ദേശം ആവേശജനകമല്ലാതിരുന്നിട്ടുണ്ടു്. അതു കേവലം സ്വാർത്ഥലാഭത്തിനുവേണ്ടി നടത്തിയിട്ടുണ്ടാവാം. പക്ഷേ ഉദ്ദേശശുദ്ധിയില്ലാത്ത ഒരു യുദ്ധത്തിൽ നേടുന്ന വിജയം യഥാർത്ഥമായ വിജയമല്ല.

ആദർശത്തിനുവേണ്ടി ചെയ്തിട്ടുള്ള ഒരു സമരത്തിൻെറ ഉത്തമമാതൃകയാണു് നമ്മുടെ അമേരിക്കൻവിപ്ല

വം. നാം വിപ്ലവം നടത്തിയതു് ഇംഗ്ലീഷുകാരെ വെറുത്തിരുന്നതുകൊണ്ടോ അവരെ കൊല്ലാനാഗ്രഹിച്ചതുകൊണ്ടോ അല്ല; പിന്നെയോ, സ്വാതന്ത്ര്യത്തെ സ്നേഹിച്ചുവെന്നതുകൊണ്ടാണു്. അന്നു നാം സ്ഥാപിച്ച സ്വാതന്ത്ര്യം ലോകത്തിന്നു് എത്രമാത്രം ഗുണംചെയ്തിട്ടുണ്ടെന്നുള്ളതോക്കുമ്പോൾ, ആയുധമേന്തി നടത്തിയിട്ടുള്ള പോരാട്ടത്തിന്റെ ചരിത്രത്തിൽ ഒന്നാംസ്ഥാനമൎഹിക്കുന്നതു യോൎക്കു്ടൌണിലെ വിജയമാണു്. പട്ടാളത്തിന്റെ പ്രാബല്യംകൊണ്ടല്ല നമുക്കിതു സാധിച്ചതു്, നമ്മുടെ സമരലക്ഷ്യം വ്യക്തവും നിൎമ്മലവും ഉന്നതവുമായിരുന്നുവെന്നതുകൊണ്ടാണു്.

1,914—18-ലെ യുദ്ധം ഇത്തരത്തിലുള്ളതായിരുന്നുവെന്നു പറയാൻ നിൎവ്വാഹമില്ല. വിജയം സിദ്ധിക്കാത്ത ഒരു യുദ്ധമായിരുന്നു അതെന്നുള്ളതു ചരിത്രപരമായ ഒരു യാഥാൎത്ഥ്യമാണു്. നാം അതിൽ പങ്കെടുത്തിരുന്ന അവസരത്തിൽ അതു് ഒരു ആദൎശത്തിന്നുവേണ്ടിയാണെന്നു നാം വിചാരിക്കയോ പറകയോ ചെയ്തിട്ടുണ്ടെന്നതു വാസ്തവംതന്നെ. നമ്മുടെ സേനാപതിയായിരുന്ന വുഡ്റോവ് വിൽസൺ അന്നത്തെ ഉദ്ദേശങ്ങളെപ്പററി വാചാലതയോടുകൂടി പ്രസംഗിക്കയുണ്ടായി. പ്രജാധിപത്യത്തെ നിലനിൎത്തുന്നതിന്നുവേണ്ടിയായിരുന്നു നാം യുദ്ധംചെയ്തിരുന്നതു്. പതിനാലു നിയമങ്ങളെന്ന പേരിൽ അറിയപ്പെടുന്ന തത്വങ്ങളെ സ്വീകരിക്കയും ഒരു സൎവ്വരാജ്യസമിതി രൂപീകരിക്കയും ചെയ്കയെന്നതായിരുന്നു അതിന്നു് അംഗീകരിച്ച മാൎഗ്ഗം. അതു് ഒരുന്നതമായ ഉദ്ദേശ

മാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. പക്ഷേ സന്ധിസംഭാഷണത്തിൽ ഇതു നടപ്പിൽ വരുത്തേണ്ട അവസരം വന്നപ്പോഴാണു് തകരാറുണ്ടായതു്. നമ്മുടെയിടയിൽ ഈ ഉദ്ദേശത്തെക്കുറിച്ചു് അഭിപ്രായൈക്യമുണ്ടായിരുന്നില്ലെന്നു നാം കണ്ടു. ഒരുഭാഗത്തു നമ്മുടെ കൂട്ടുകാരിൽ ചിലർ രഹസ്യസന്ധികളിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു; ഈ സന്ധികൾ നിലനിർത്തുന്നതിന്നും പരമ്പരയായി നടത്തിപ്പോന്ന അധികാരത്തിനുവേണ്ടിയുള്ള കുതന്ത്രങ്ങൾ തുടരുന്നതിന്നുമാണു് അവർ ആഗ്രഹിച്ചതു്. മിസ്റ്റർ വിൽസൺ ചൂണ്ടിക്കാണിച്ച നൂതനമാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ അവർ തയ്യാറില്ലായിരുന്നു. മറുഭാഗത്തു് ഈ ഉദ്ദേശങ്ങളെപ്പററി നാം ഉൽഘോഷിച്ചിരുന്നത്ര ആത്മാൎത്ഥത യഥാൎത്ഥത്തിൽ നമുക്കുണ്ടായിരുന്നില്ല. ഇതിൻെറയെല്ലാം ഫലമായി ഈ ആദൎശങ്ങളെ ഉപേക്ഷിക്കേണ്ടിവന്നു. നമ്മുടെ സമകാലീനന്മാർ ഈ യുദ്ധത്തെ വെറും മൃഗീയമായൊരു കൂട്ടക്കൊലയാണെന്നു തുറന്നാക്ഷേപിച്ചു. കോടാനകോടി ജനങ്ങൾ സമരത്തിൽ പങ്കെടുത്തു വീരസ്വൎഗ്ഗമടഞ്ഞുവെങ്കിലും അവരുടെ ത്യാഗഭസ്മത്തിൽനിന്നു യാതൊരു പുതിയ ആശയവും യാതൊരു പുതിയ സമ്പ്രദായവും ഉയരുകയുണ്ടായില്ല.

ഇതിൽനിന്നെല്ലാം ഒന്നു വ്യക്തമാണു്: പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള പൎയ്യാലോചന സമാധാനകാലത്തേയ്ക്കു നീട്ടിവെയ്ക്കാതെ യുദ്ധം നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിൽത്തന്നെ ഒരു തീരുമാനത്തിലെത്തേണ്ടിയിരിക്കുന്നു. പ്രാധാന്യമൎഹിക്കുന്ന സംഗതികളെക്കുറിച്ചു

മാത്രമാണ് ഞാൻ ഇങ്ങിനെ നിർബ്ബന്ധിക്കുന്നതു്. വിജയം കൈവരുമ്പോൾ ബർമ്മയിൽ എന്താണു് ചെയ്യാൻ പോകുന്നതെന്നുള്ളതിനെപ്പററി ഒരു വിശദമായ പ്ലാൻ തയ്യാറാക്കുന്നതിന്നായി, സഖ്യശക്തികൾക്കു് ഇന്നു ജപ്പാനുമായുള്ള യുദ്ധം നിർത്തിവെയ്ക്കാൻ സാദ്ധ്യമല്ലല്ലോ. പോളണ്ടിന്റെ ഭാവിയെക്കുറിച്ചു പൂർണ്ണവിവരങ്ങളടങ്ങിയ ഒരു പദ്ധതി രൂപീകരിക്കുന്നതിന്നുവേണ്ടി നമുക്കു് ഇന്നു ഹിററ്ലറുമായുള്ള യുദ്ധം മന്ദീഭവിപ്പിക്കാനും വയ്യ.

യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ നിർണ്ണയിക്കേണ്ടതു് അടിസ്ഥാനതത്വങ്ങളെക്കുറിച്ചാണു്. ഒരു മോചനമാർഗ്ഗം സാമാന്യമായി നാം ഇന്നുതന്നെ നിർദ്ദേശിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽക്കൂടി നമുക്കു് അമേരിക്കൻവിപ്ലവത്തെ ഒരുദാഹരണമായി പരിശോധിച്ചുനോക്കാം. പടവെട്ടിക്കൊണ്ടിരിക്കുന്ന സമയത്തു് അമേരിക്കനൈക്യരാജ്യങ്ങളുടെ ഘടനയെപ്പററി നമുക്ക യാതൊന്നും അറിഞ്ഞുകൂടായിരുന്നു. ഭരണവ്യവസ്ഥയെക്കുറിച്ചു് ആരും കേട്ടിട്ടുതന്നെയുണ്ടായിരുന്നില്ല. ഫെഡറൽസമ്പ്രദായം സർക്കാറിന്റെ മൂന്നു ശാഖകൾ, ഓരോ രാജ്യത്തെയും യൂണിയനിലേയ്ക്കു് ആകർഷിച്ച രണ്ടു ഭരണസമിതികൾ— ഇതെല്ലാം ഭാവിയുടെ ഗർഭത്തിലും ചുരുക്കം നേതാക്കന്മാരുടെ തലച്ചോററിലും ഒളിച്ചുകിടന്നിരുന്ന സംഗതികളാണു്. നേതാക്കന്മാരുടെ മനസ്സിൽത്തന്നെ ഇവയെക്കുറിച്ചു വ്യക്തമായൊരു ചിത്രം ഉണ്ടായിരുന്നില്ല. എങ്കിലും അമേരിക്കനൈക്യരാജ്യങ്ങളിൽ വരാനിരുന്നിരുന്ന ആ രാഷ്ട്രീയവ്യവസ്ഥയുടെ അടിസ്ഥാനതത്വങ്ങൾ അന്നു

ത്തെ സ്വാതന്ത്ര്യപ്രഖ്യാപനത്തിലും പ്രസംഗങ്ങളിലും ഗാനങ്ങളിലും സൈ്വരസംഭാഷണങ്ങളിലും പട്ടാളക്കാർ തമ്മിലുള്ള സംവാദങ്ങളിലും ഉൾക്കൊണ്ടിരുന്നു. മാസച്യൂസററ്സും വെർജീനിയയും ബന്ധിക്കപ്പെട്ടിരുന്നതു കേവലം അവ്യക്തമായ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിലാണെങ്കിലും യുദ്ധലക്ഷ്യത്തെപ്പററി ഇരുവക്കും പൊതുവേ യോജിപ്പുണ്ടായിരുന്നു.

യുദ്ധാനന്തരം നടപ്പിൽ വരാനിരിക്കുന്ന മൌലികതത്വങ്ങളെക്കുറിച്ചു മാസച്യൂസററ്സും വെർജീനിയയും സമരം നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ യോജിച്ചിരുന്നില്ലെങ്കിൽ തീർച്ചയായും ഇക്കാര്യത്തിൽ പിന്നീട് ഒരൊത്തുതീർപ്പുണ്ടാകാൻ പ്രയാസപ്പെട്ടമായിരുന്നു. ഈ വാസ്തവത്തെ തെളിയിക്കാൻ ഞാൻ ഒരുദാഹരണം പറയാം: നീഗ്രോവർഗ്ഗത്തിൻെറ അവകാശത്തെക്കുറിച്ച് ഇരുരാജ്യങ്ങളിലെയും ജനങ്ങൾക്കു തമ്മിൽ അഭിപ്രായൈക്യമുണ്ടായിരുന്നില്ല. അതിൻെറ ഫലമായി തെക്കുഭാഗത്ത് അടിമകളായി ജീവിച്ച നീഗ്രോവർഗ്ഗത്തിൻെറ ചുററും വടക്കൻപ്രദേശങ്ങളുടേതിൽനിന്നും വ്യത്യസ്തമായ ഒരു സാമ്പത്തികഘടന വളൎന്നുവന്നു. ഇതിനെത്തുടൎന്നാണല്ലോ മറെറാരു ചോരപ്പുഴയൊഴുക്കേണ്ടിവന്നതു്.

ചരിത്രത്തിൽ തെളിഞ്ഞുകാണുന്ന ഇതുപോലെയുള്ള പാഠങ്ങളിൽനിന്നും ഇന്നു നമ്മുടെ കടമയെന്തെന്നു ഗ്രഹിക്കുവാൻ സാദ്ധ്യമല്ലേ? യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ലഭിക്കുന്ന നേട്ടമേ അതിന്നുശേഷവും കൈവരു

വാൻ പോകുന്നുള്ളു. അതിൽ ഒട്ടും കൂടുതലോ കുറവോ ആഗ്രഹിച്ചിട്ടു പ്രയോജനവുമില്ല.

നാം നേടുന്നതിന്നാഗ്രഹിക്കുന്ന ലക്ഷ്യത്തെക്കുറിച്ച് ഐക്യരാഷ്ട്രങ്ങളുടെയിടയിൽ യോജിപ്പുണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ വിപ്ലവത്തിലെന്നപോലെതന്നെ ഇതിനെക്കുറിച്ച് ഇന്നു വിശദവിവരങ്ങൾ ആവശ്യമില്ല. പക്ഷെ കഴിഞ്ഞ യുദ്ധത്തിലെ അനാശാസ്യസംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കണമെങ്കിൽ മൌലികതത്ത്വങ്ങളിൽ യോജിപ്പുണ്ടാകണം. കൂടാതെ, ഇതു നേതാക്കന്മാരുടെ മനസ്സിൽമാത്രം ഒളിച്ചുവെച്ചാൽ പോരാ. ഞാൻ ഉദ്ദേശിക്കുന്ന ആ ഒത്തുതീർപ്പിൻെറ അടിസ്ഥാനത്തിൽ സാമാന്യജനങ്ങളെ ഏകീകരിക്കണം. നാമെല്ലാവരും ഒരേ കാൎയ്യത്തിന്നുവേണ്ടിത്തന്നെയാണ് സമരം നടത്തുന്നതെന്ന് ഉറപ്പുണ്ടാക്കണം.

ഇതിൻെറ താൽപൎയ്യമെന്താണ്? നാം ഓരോരുത്തരും ഹൃദയം തുറന്നു സംസാരിക്കുകയും, അത്‌ലാന്തിക്ക് സമുദ്രവും ശാന്തസമുദ്രവും അതിലംഘിച്ച് ആശയങ്ങൾ കൈമാറുകയും ചെയ്യേണ്ടിയിരിക്കുന്നു. ബ്രിട്ടനിലേയും അമേരിക്കയിലേയും ജനസഞ്ചയങ്ങളുടെ മനോഗതം ഇരുകൂട്ടരും പരസ്പരം മനസ്സിലാക്കിയില്ലെങ്കിൽ യോജിപ്പു സാദ്ധ്യമല്ല. റഷ്യയിലേയും ചൈനയിലേയും ജനങ്ങൾ ഉദ്ദേശിക്കുന്നതെന്തെന്നു നാം അറിയുകയും നമ്മുടെ ലക്ഷ്യങ്ങൾ അവരെ മനസ്സിലാക്കുകയും ചെയ്യണം.

ഓരോ രാഷ്ട്രത്തിലേയും പൌരന്മാർ പലപ്പോഴും നേതാക്കന്മാർ കൈക്കൊള്ളാറുള്ള നയവൈകല്യങ്ങളെ

നിരൂപണംചെയ്യാൻ മടിക്കയാണെങ്കിൽ അതു് ആത്മ ഹത്യയ്ക്കു തുല്യമാണു്. സൈനികതന്ത്രങ്ങളിൽ പരിചയം സിദ്ധിക്കാത്തവരോ ഗവമ്മേണ്ടുദ്യോഗമില്ലാത്തവരോ ആയ പൌരന്മാർ യുദ്ധനടത്തിപ്പിൻെറ സൈനികവും വ്യാവസായികവും സാമ്പത്തികവും രാഷ്ട്രീയവുമായ വി വിധവശങ്ങളെ സ്പർശിക്കുന്ന അഭിപ്രായപ്രകടനങ്ങളിൽ ഏപ്പെടാൻ പാടില്ലെന്നു പലരും പറയുന്നതു ഞാൻ കേ ട്ടിട്ടുണ്ടു്. ഈ പ്രശ്നങ്ങളെപ്പററി സൈ‍ ‍രമായി ആലോ ചിച്ചു പോംവഴി കണ്ടുപിടിക്കാൻ നേതാക്കന്മാക്കു് അ വസരം കൊടുത്തു നാം നിശ്ശബ്ദരായിരിക്കയാണത്രേ വേ ണ്ടതു്!

ഈ നില അസത്യത്തിന്നും ആപത്തിന്നും ര ക്ഷ നല്കുന്ന ഒന്നാണു്. മടങ്ങിയെത്തിയ അവസര ത്തിൽ നമ്മുടെ യുദ്ധനടത്തിപ്പിൻെറ വൈകല്യങ്ങളെ പ്പററി ഞാൻ അമേരിക്കൻജനതയോടു തുറന്നുപറയുകയു ണ്ടായി. നാം വിജയത്തിലേയ്ക്കുള്ള മാഗ്ഗത്തിലൂടെയാണു് സഞ്ചരിക്കുന്നതെങ്കിലും ആവശ്യത്തിലധികം ഭടന്മാരെ യും സാമഗ്രികളെയും ചെലവഴിക്കുന്നുണ്ടെന്നു ഞാൻ പ റഞ്ഞു. വാസ്തവങ്ങളെ അടിസ്ഥാനപ്പെടുത്തിമാത്രമാണു് ഞാൻ ആ പ്രസ്താവന ചെയ്തതു്. ഈ യാഥാത്ഥ്യങ്ങളെ മറച്ചുവെയ്ക്കാൻ പാടില്ല. അവ തുറന്നുകാണിക്കുകതന്നെ വേണം. നമ്മുടെ തെററുകളെ മനസ്സിലാക്കുകയും തിരു ത്തുകയും ചെയ്യില്ലെങ്കിൽ, നമ്മുടെ കൂട്ടുകാരിൽ പലരു ടേയും സ്നേഹം നമുക്കു നഷ്ടപ്പെടുകയും യുദ്ധോദ്ദേശം പാ ഴായിപ്പോകയും ചെയ്യും.

വിജയം കൈവരണമെങ്കിൽ ഇതു് ഒരു ജനകീയയുദ്ധമാക്കണം. സൈനികരഹസ്യങ്ങളൊഴിച്ചു യുദ്ധത്തെപ്പററി സർവ്വവിവരങ്ങളും നാമെല്ലാം അറിയേണ്ടിയിരിക്കുന്നു. അത്യാവശ്യമായ വാർത്താനിയന്ത്രണം ഇതിനെ അലങ്കോലപ്പെടുത്തും.

ഫ്രാൻസിൽ 'മാഷിനോ' എന്നു പേരായ ഒരു സൈനികനേതാവുണ്ടായിരുന്നുവെന്നതു ശരിയാണു്. പക്ഷേ ആധുനികയുദ്ധത്തിൽ ഭൂഗർഭത്തിലുള്ള കോട്ടകൾക്കു വിമാനങ്ങളെയോ ടാങ്കുകളെയോ തടയുവാനാവില്ലെന്നു ഫ്രാൻസിലെ ഒരു മാന്യൻ നേരത്തേതന്നെ അഭിപ്രായപ്പെട്ടപ്പോൾ, ഇക്കാര്യങ്ങൾ വിദഗ്ദ്ധന്മാരുടെ ചിന്തക്കു വിട്ടുകൊടുക്കണമെന്നാണു് അയാൾക്കു ലഭിച്ച മറുപടി.

ഇതുവരെയുള്ള അനുഭവങ്ങൾ വെച്ചുനോക്കുമ്പോൾ നമ്മുടെ രാഷ്ട്രീയനേതാക്കന്മാരുടേയും സൈനികതന്ത്രജ്ഞന്മാരുടേയും നാവികവിദഗ്ദ്ധന്മാരുടേയും പ്രവർത്തനത്തിൽ അന്ധമായ വിശ്വാസം അർപ്പിക്കാൻ പ്രയാസമാണു്. പൊതുജനങ്ങൾ നിസ്സ്വാർത്ഥമായിച്ചെയ്യുന്ന വാദപ്രതിവാദങ്ങളിൽനിന്നുയരുന്ന പ്രജാധിപത്യത്തിന്റെ കാററിൽ നമ്മുടെ നേതാക്കന്മാരും സൈനികവിദഗ്ദ്ധന്മാരും പറന്നുകൊണ്ടേയിരിക്കണം.

ഉത്തരാഫ്രിക്കയിൽ നമ്മുടെ പരാജയത്തെക്കുറിച്ചു ശക്തിയായ ആക്ഷേപമുണ്ടായപ്പോൾമാത്രമാണു് അവിടത്തെ നേതൃത്വത്തിൽ ഒരു മാററം സംഭവിച്ചതു്. ഈ പുതിയ നേതൃത്വത്തിന്റെ കാര്യക്ഷമതകൊണ്ടാണല്ലോ റോമലിന്റെ ആക്രമണത്തെ തടയാൻ കഴിഞ്ഞ

ത്ത്. ഇന്നു ശത്രുവിനെ അവിടെനിന്നും നിശ്ശേഷം പുറത്താക്കിയിരിക്കുന്നു. ആ വിജയം സാദ്ധ്യമായതിൽ ഇംഗ്ലണ്ടിലെ പൊതുജനാഭിപ്രായത്തിന്നു സാരമായൊരു പങ്കുണ്ട്. ജനകീയഭരണസമ്പ്രദായം നിലവിലില്ലാത്ത രാജ്യങ്ങളിൽ പൊതുജനാഭിപ്രായത്തിന്നു സ്ഥാനമില്ലെന്നു് അമേരിക്കക്കാൎക്കു ധാരണയുണ്ടാകാൻ വഴിയുണ്ട്. എന്നാൽ അങ്ങിനെയുള്ള രാജ്യങ്ങളിലും ഗവൎമ്മേണ്ടു നാട്ടുകാരുടെ ചിന്താഗതിയെ അളക്കുന്നതിന്നുള്ള ഏൎപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു് എനിക്കു് അനുഭവപ്പെട്ടു. സ്റ്റാലിനുംകൂടി ജനങ്ങളുടെ ഹിതപരിശോധന നടത്താറുണ്ട്. പണ്ടു മോസ്കോആക്രമണത്തിന്നുശേഷം നഗരത്തിന്റെ കത്തിക്കരിഞ്ഞ അവശിഷ്ടങ്ങൾക്കിടയിലൂടെ ഏകച്ഛത്രാധിപതിയായി തന്റെ വെളുത്ത കുതിരപ്പുറത്തു സവാരിചെയ്യുമ്പോൾ നെപ്പോളിയൻ പാരീസിലെ ജനങ്ങളുടെ അഭിപ്രായപ്രകടനങ്ങൾ അറിയുന്നതിന്നു് ഉൽകണ്ഠാകുലനായി തന്റെ സന്ദേശവാഹകനെ കാത്തിരിക്കാറുണ്ട് എന്നു പറയപ്പെടുന്നു.

ലോകത്തിൽ ഞാൻ സന്ദൎശിച്ച എല്ലായിടത്തും യുദ്ധഗതിയെക്കുറിച്ചും യുദ്ധാനന്തരസംഘടനയെക്കുറിച്ചും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിലുള്ള അഭിപ്രായം ജനങ്ങൾക്കിടയിൽ രൂപീകരിക്കപ്പെട്ടുകൊണ്ടേയിരുന്നു. ബാഗ്ഡാഡിലെങ്ങും കാണാവുന്ന നിരവധി കാപ്പിക്കടകളിൽ നടക്കുന്ന സംഭാഷണങ്ങളിലും റഷ്യൻഫാക്ടറികളിൽ കൂടുന്ന യോഗങ്ങളിലും ജനാഭിപ്രായം രൂപമെടുക്കുന്നതു ഞാൻ കണ്ടു. സോവിയററുറഷ്യയെപ്പററി

നമ്മുടെ മനസ്സിലുള്ള തെററായ ചിത്രത്തിൽനിന്നു വി ഭിന്നമായി, സ്വകാര്യസംഭാഷണങ്ങളിൽ റഷ്യക്കാർ ന മ്മെപ്പോലെതന്നെ സ്വതന്ത്രമായി ആശയങ്ങൾ കൈ മാററംചെയ്യാറുണ്ടെന്നുള്ളതു് ഒരു വാസ്തവമാണു്. ചൈ നയിലെ പത്രങ്ങൾക്കു നമുക്കുള്ളത്രതന്നെ സ്വാതന്ത്ര്യ മില്ലെങ്കിൽക്കൂടി അവയിൽ ഏറെക്കുറെ ജനാഭിപ്രായം പ്രതിഫലിക്കുന്നുണ്ടു്. കമ്യൂണിസ്ററുപാർട്ടിയുടെ നേതാ വോ ഒരു ഫാക്ടറിത്തൊഴിലാളിയോ ഒരു സർവ്വകലാശാലാദ്ധ്യാപകനോ ഒരു പട്ടാളക്കാരനോ ആരായാലും വേ ണ്ടില്ല, ഞാനുമായിസംസാരിക്കാനിടയായ എല്ലാ ചൈ നക്കാരും തങ്ങളുടെ അഭിപ്രായങ്ങളെ, അവ ഗവമ്മെ ണ്ടിൻെറ ഔദ്യോഗികനയത്തിൽനിന്നു വ്യത്യസ്തമായാൽ പ്പോലും, സങ്കോചംകൂടാതെ തുറന്നുപറയാറുണ്ടു്.

സമരമുന്നണിക്കു പിന്നിൽ ജനങ്ങളുടെ ഹൃദയ ത്തിൽ സംശയവും ഉൽകണ്ഠയുമുള്ളതായി ഞാൻ കണ്ടു. അവരെല്ലാം ഒരു പൊതുലക്ഷ്യത്തെ ആരാഞ്ഞു വിഷമി ക്കയാണു്. യുദ്ധാനന്തരം അമേരിക്കയുടെ നിലയെപ്പ ററിയും ബ്രിട്ടനെക്കുറിച്ചും,പ്രത്യേകിച്ചു റഷ്യയെക്കുറിച്ചും, ചൈനക്കാർ ചോദിച്ച ചോദ്യങ്ങളിൽ ഈ സംഗതി വ്യ ക്തമാണു്. ലോകം മുഴുവൻ ഔത്സുക്യത്തോടും വിശ്വാസ ത്തോടും ആശയോടുംകൂടി എന്തു ത്യാഗവും സഹിക്കാൻ സ ന്നദ്ധരായി ഉററുനോക്കിക്കൊണ്ടിരിക്കയാണെന്നു് എനി ക്കു തോന്നി. ഒന്നുമാത്രം: ഈ ത്യാഗങ്ങൾക്കെല്ലാം തക്ക തായ ഫലം സിദ്ധിക്കുമെന്നു് ഉറപ്പുണ്ടാകണം.

ഇതുതന്നെയായിരുന്നു 1917-ൽ യൂറോപ്പിൻെറയും മനസ്ഥിതി. രക്തപ്രളയത്തിൻെറയും സമരംകൊണ്ടുണ്ടായ ക്ഷീണത്തിൻെറയും ഫലമായുണ്ടായതാണ് ഈ വികാരം. 1917-ൽ ലെനിൻ ലോകത്തിന്ന് ഒരു മാർഗ്ഗം നിർദ്ദേശിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം വിൽസൺ മറെറാരു പരിപാടി നിർദ്ദേശിച്ചു. പക്ഷേ ഇവ രണ്ടും പിന്നീടുണ്ടായ ഉടമ്പടികൾക്ക് ഒരാവരണം നല്കാൻമാത്രമാണ് ഉപകരിക്കപ്പെട്ടത്; ഇവയ്ക്കു യുദ്ധത്തിൻെറ ആത്മാവിൽ ലയിച്ചുചേരാൻ കഴിഞ്ഞില്ല. ഈ രണ്ടു പരിപാടികൾക്കും യുദ്ധത്തെ കേവലം അധികാരത്തിന്നുവേണ്ടിയുള്ള ഒരു ബലപരീക്ഷയെന്ന നിലയിൽനിന്നുയത്തി ശുദ്ധീകരിക്കാൻ സാധിച്ചില്ല. അതിനാൽ അന്നുണ്ടാക്കിയതു ശാശ്വതമായ സമാധാനമല്ല, താൽക്കാലികമായ ഒരുടമ്പടിമാത്രമാണ്.

ഈ യുദ്ധവും അതുപോലെതന്നെ കലാശിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ബ്രിട്ടനിലേയും അമേരിക്കയിലേയും റഷ്യയിലേയും ചൈനയിലേയും ജനങ്ങളുടെ മനസ്സിലുള്ള ആശയങ്ങൾക്കു സാദൃശ്യമുണ്ട്. എന്നാൽ അവയ്ക്കു വ്യക്തവും യഥാർത്ഥവുമായ രൂപം കൊടുക്കേണ്ടിയിരിക്കുന്നുവെന്നുമാത്രം.

ഇന്നുതന്നെ ജനങ്ങൾ യുദ്ധലക്ഷ്യത്തെ വ്യക്തമാക്കണം. ലോകത്തിലെ വിവിധരാഷ്ട്രങ്ങളിൽ യുദ്ധലക്ഷ്യത്തെക്കുറിച്ചുള്ള സംവാദത്തെ ഞാൻ കരുതിക്കൂട്ടി ഇളക്കിവിടാൻ ശ്രമിച്ചിട്ടുണ്ട്. നാം എന്തിന്നുവേണ്ടി സമരം ചെയ്യുന്നു, യുദ്ധാനന്തരം നേടാനാഗ്രഹിക്കുന്നത് എന്താ

ണു് എന്നിവയെപ്പററി ജനവിഭാഗങ്ങൾ തമ്മിൽ യോജിപ്പുണ്ടാകുന്നതിന്നു മുമ്പു യുദ്ധം അവസാനിച്ചേയ്ക്കുമോ എന്ന ഭീതി എന്നെ നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. കഴിഞ്ഞ യുദ്ധത്തിൽ ഞാൻ ഒരു പട്ടാളക്കാരനായിരുന്നു. യുദ്ധത്തിന്നുശേഷം നമ്മുടെ മധുരസ്വപ്നങ്ങൾ മാഞ്ഞുപോകുന്നതും ആവേശജനകമായിരുന്ന നമ്മുടെ മുദ്രാവാക്യങ്ങൾ പരിഹാസത്തിന്നു പാത്രീഭവിക്കുന്നതും എനിക്കു കാണാനിടയായി. ഇതെല്ലാം സംഭവിച്ചതു യുദ്ധാനന്തരവ്യവസ്ഥയെക്കുറിച്ചു വ്യക്തമായ യാതൊരാശയങ്ങളും ജനങ്ങൾ അന്നുതന്നെ രൂപീകരിക്കാതിരുന്നതിനാൽ മാത്രമാണു്. ഇതു് ഇനിയും ആവർത്തിക്കാൻ നമുക്കനുവദിച്ചുകൂടാ.

ലക്ഷോപലക്ഷം മനുഷ്യർ മരിച്ചുകഴിഞ്ഞു; യുദ്ധം കഴിയുന്നതിന്നു മുമ്പു് ആയിരക്കണക്കിൽ ഇനിയും മരിക്കയും ചെയ്യും. ഇംഗ്ലീഷുകാരും അമേരിക്കക്കാരും റഷ്യക്കാരും ചൈനക്കാരും തമ്മിലുള്ള സഹകരണം യുദ്ധാനന്തരവും നിലനിർത്തുന്നതിന്നുള്ള മാർഗ്ഗത്തെ കണ്ടുപിടിക്കുകയെന്നതാണു് ഈ തലമുറയിലെ മാനവസമുദായത്തോടു നമുക്കു ചെയ്തുതീർക്കാനുള്ള കടമ.

ഒററയ്ക്കും ഒരുമിച്ചും നമ്മുടെ നേതാക്കന്മാർ പൊതുലക്ഷ്യങ്ങളിൽ ചിലതെല്ലാം വ്യക്തമാക്കിയിട്ടുണ്ടു്. കഴിഞ്ഞ നവമ്പർമാസത്തിലെ 'ന്യൂയോക്ക് ഹിറാൾഡ് ട്രിബ്യൂണി'ലൂടെ പാശ്ചാത്യലോകത്തിന്നു ചിയാങ്ങ് കൈഷേക്ക് അയച്ച ഒരു സന്ദേശം ഇതുവരെയുണ്ടായിട്ടുള്ള

പ്രഖ്യാപനങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതാണ്. അദ്ദേഹം പറഞ്ഞു:

“ഏഷ്യയിൽ നിലവിലുള്ള പാശ്ചാത്യമേധാവിത്വത്തിന്നു പകരം ഒരു കിഴക്കൻസാമ്രാജ്യം വളരുന്നതു കാണാൻ ചൈനക്ക് ആഗ്രഹമില്ല. മത്സരങ്ങൾക്കും ഏററുമുട്ടലുകൾക്കും ഇടം കൊടുക്കുന്ന പ്രത്യേകരാഷ്ട്രങ്ങളുടേയോ ഭൂവിഭാഗങ്ങളുടേയോ സങ്കുചിതമായ കൂട്ടുകെട്ടിൽനിന്നു ലോകത്തെ ഫലപ്രദമായി ഏകീകരിക്കുന്ന മാർഗ്ഗത്തിലൂടെ നാം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. രാഷ്ട്രങ്ങൾ പരസ്പരം ആശ്രയിച്ചു കഴിയേണ്ട സ്വതന്ത്രമായ ഒരു പുതിയ ലോകത്തിൽ സാമ്രാജ്യസമ്പ്രദായത്തെയും മററു ജനവിഭാഗങ്ങളിൽനിന്നു ഒഴിഞ്ഞു നില്ക്കാനുള്ള വാസനയെയും നശിപ്പിച്ചു സർവ്വരാജ്യസഹകരണം വളർത്തിയില്ലെങ്കിൽ നിങ്ങൾക്കോ ഞങ്ങൾക്കോ ശാശ്വതമായ സ്വൈരമുണ്ടാവില്ല.”

ഒക്ടോബർവിപ്ലവത്തിന്റെ ഇരുപത്തിയഞ്ചാമത്തെ വാർഷികാഘോഷം സംബന്ധിച്ച് 1942 നവമ്പർ 6-ാംനു- സ്റ്റാലിൻ ചെയ്ത പ്രസ്താവന ലളിതവും കാര്യസമ്പൂർണ്ണവുമാണ്.

“വംശവ്യത്യാസങ്ങൾ ഇല്ലാതാക്കുക, എല്ലാ രാഷ്ട്രങ്ങൾക്കും സമത്വവും രക്ഷയും നല്കുക, അടിമരാജ്യങ്ങളെ മോചിപ്പിച്ചു സ്വതന്ത്രമാക്കുക, ഓരോ രാഷ്ട്രങ്ങൾക്കും സ്വയം നിർണ്ണയാവകാശം അനുവദിക്കുക, കഷ്ടപ്പെട്ട രാഷ്ട്രങ്ങൾക്കു സാമ്പത്തികസഹായമെത്തിക്കുക, പ്രജാ

ധിപത്യാവകാശങ്ങൾ പുനസ്ഥാപിക്കുക, ഹിററ്ലറിസ-
ത്തെ ഉന്മൂലനാശം ചെയ്യുക.”

ഫ്രാൻക്ലിൻ റൂസ്‌വെൽട്ട് നാലു സ്വാതന്ത്ര്യങ്ങ-
ളെ പ്രഖ്യാപിച്ചിട്ടുണ്ട്. വിൻസ്റ്റൻ ചർച്ചിൽ റൂസ-
വെൽട്ടൊന്നിച്ച് അത്‌ലാന്തിക്ക്‌രേഖയിൽ ഒപ്പിട്ടി-
ട്ടുണ്ട്.

അത്‌ലാന്തിക്ക്‌രേഖയ്ക്കും മിസ്റ്റർ സ്റ്റാലിൻെറ പ്ര-
സംഗത്തിന്നും ഒരു തകരാറുള്ളതായി എനിക്കു തോന്നു-
ന്നു. പശ്ചിമയൂറോപ്പിലെ ചെറുരാഷ്ട്രങ്ങൾക്ക് ഓരോ-
ന്നിന്നും പ്രത്യേകമായി രാഷ്ട്രീയവും സാമ്പത്തികവും
സൈനികവുമായ അധികാരം നല്കി പഴയ വിഭജന-
ങ്ങൾ നിലനിർത്തുകയെന്ന നയമാണ് അവയിൽ ഞാൻ
കാണുന്ന ന്യൂനത. ഈ ഭിന്നിപ്പുമൂലമാണല്ലോ ഹിററ്-
ലർക്ക് അവയെ എളുപ്പത്തിൽ കീഴടക്കാൻ കഴിഞ്ഞതു.
ആധുനികസമ്പൽഘടനക്ക് അനുരൂപമാംവണ്ണം പ്ര-
വർത്തിക്കുന്നതിന്നു ഹിററ്ലരുടെ മേധാവിത്വത്തിൻകീ-
ഴിലെങ്കിലും ഒരു വിപുലമായ രാഷ്ട്രം സൃഷ്ടിക്കാമെന്ന്
അവർ ആശിച്ചതു ശരിയാണ്. അനവധി ചെറിയ രാ-
ഷ്ട്രങ്ങൾ ഓരോന്നും തങ്ങൾക്കു ചുററും ഉയർത്തിയ കോട്ട-
കൾക്കകത്തു കിടന്നു ഞെരുങ്ങുന്ന വാണിജ്യത്തിൻെറ
സന്താനമായ മത്സരത്തിൽനിന്നാണ് ദാരിദ്ര്യവും യുദ്ധ-
വും ഉണ്ടാകുന്നതെന്ന് അവർക്കു ബോധപ്പെട്ടു.

യൂറോപ്പിലെ ചെറുരാജ്യങ്ങളെ രാഷ്ട്രീയഘടകങ്ങ-
ളായി നിലനിർത്തുക; അതാവാം. നേരെമറിച്ചു അവയെ
സാമ്പത്തികമായും സൈനികമായും പ്രത്യേകഘടകങ്ങ-

ളായി നില്ക്കുക; അതു് ആപൽക്കരമാണു്. ലോകത്തിന്നു രാഷ്ട്രീയവും സാമ്പത്തികവുമായ ശാന്തി കൈവരുത്തുവാൻവേണ്ടി പശ്ചിമയൂറോപ്പിൽ സഹകരണം പുലരുന്നതിന്നു നാം ആശിക്കുന്നുണ്ടെങ്കിൽ ഈ കാര്യം ശ്രദ്ധിക്കണം.

ജനറാലിസിമോവിന്റേയും സ്റ്റാലിന്റേയും റൂസ്‌വെൽട്ടിന്റേയും പ്രഖ്യാപനങ്ങളും അത്‌ലാന്തിക്ക് രേഖയും പുരോഗതിയുടെ ലക്ഷണങ്ങളാണു്, അവ ലോകത്തിന്നു് ആശ നല്കിയിട്ടുണ്ടു്.

പക്ഷേ അവ പ്രവൃത്തിയിൽ കാണാതിരിക്കയാണെങ്കിൽ, സ്വാർത്ഥതാൽപര്യങ്ങൾ അവയുടെ മുമ്പിൽ വിലങ്ങടിച്ചു നില്ക്കുകയാണെങ്കിൽ, ജനങ്ങൾ നിരാശതയിലാണ്ടുപോകയും ലോകത്തെ പുനസ്സംഘടിപ്പിക്കുന്നതിന്നുള്ള എല്ലാ കഴിവുകളും നശിക്കയും ചെയ്യും.

നേതാക്കന്മാരുടെ ഈ പ്രവചനങ്ങളിൽ എത്രത്തോളം ആത്മാർത്ഥതയുണ്ടെന്നു മനുഷ്യസമുദായം മുഴുവൻ ഉററുനോക്കിക്കൊണ്ടിരിക്കയാണു്.

ഞാൻ ലോകസഞ്ചാരത്തിന്നു പുറപ്പെടുന്നതിന്നു മുമ്പു മി. വിൻസ്റ്റൺ ചർച്ചിൽ അത്‌ലാന്തിക്ക് രേഖയെക്കുറിച്ചു രണ്ടു പ്രസ്താവനകൾ ചെയ്കയുണ്ടായി. (1) "അതിൽ യൂറോപ്യൻരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യവും സ്വയംനിർണ്ണയാവകാശവുമാണു് പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു്." (2) "ഇന്ത്യയുടേയും ബർമ്മയുടേയും ബ്രിട്ടീഷ് സാമ്രാജ്യത്തിലെ മററു ഘടകങ്ങളുടേയും വളർച്ചയെക്കുറിച്ചു് അപ്പപ്പോൾ ചെയ്തിട്ടുള്ള പ്രസ്താവനകളെ അതു്

ഫന്ന

ലാന്തിക്ക് രേഖ യാതൊരു തരത്തിലും ബാധിക്കുന്നില്ല.” അത്‌ലാന്തിക്ക് രേഖ പശ്ചിമയൂറോപ്പിനെമാത്രമേ ബാധിക്കുന്നുള്ളു എന്നു ഞാൻ സന്ദർശിച്ച എല്ലാ രാജ്യങ്ങളിലും പ്രധാനമന്ത്രിമാരും വിദേശമന്ത്രിമാരും എന്നോടു ചോദിക്കയുണ്ടായി. ചർച്ചിൽ എന്താണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് എനിക്കറിയില്ലെന്നു ഞാൻ പറഞ്ഞു. യൂറോപ്യൻരാഷ്ട്രങ്ങളെയാണ് പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതെന്നു പറയുന്നതുകൊണ്ടു മററുരാഷ്ട്രങ്ങളെ മാററി നിത്തിയിട്ടുണ്ടെന്ന് അർത്ഥമില്ല എന്നു ഞാൻ ചൂണ്ടിക്കാണിച്ചു. എൻെറ ഉത്തരം ബാലിശമായ വെറും നിയമവാദമായി അവർ തള്ളിക്കളഞ്ഞു. ഇക്കാരണംകൊണ്ടാണ് ചർച്ചിൽ പിന്നീടൊരിക്കൽ ചെയ്ത ആ വേദനാജനകമായ പ്രസ്താവന എന്നെ അസ്വസ്ഥനാക്കിയതു്: “ഞങ്ങൾക്കു സ്വന്തമായിട്ടുള്ളതു നിലനിത്താൻ ഞങ്ങളുദ്ദേശിക്കുന്നു. ഞാൻ ചക്രവത്തിതിരുമനസ്സിൻെറ കീഴിൽ പ്രധാനമന്ത്രിയായതു ബ്രിട്ടീഷുസാമ്രാജ്യം പിരിച്ചുവിടാനല്ല.” ഇക്കാര്യത്തിൽ ബ്രിട്ടനിലെ പൊതുജനാഭിപ്രായം അമേരിക്കയിലേതിനെക്കാൾ മുന്നോട്ടു പോയിട്ടുണ്ടെന്ന് അമേരിക്കയിൽ താമസിക്കുന്ന ഇംഗ്ലീഷുകാരിൽനിന്നും ബ്രിട്ടീഷുപത്രപംക്തികളിൽനിന്നും നാനാഭാഗത്തുനിന്നു വന്നുകൊണ്ടിരുന്ന കത്തുകളിൽനിന്നും എനിക്കു മനസ്സിലായപ്പോൾ കുറച്ചൊരാശ്വാസമുണ്ടായി. പഴയ സാമ്രാജ്യം നശിക്കുമെന്നുള്ളതിൽ ബ്രിട്ടീഷുകാക്ക് കട്ടുംതന്നെ സംശയമോ സങ്കടമോ ഇല്ല.

ആദർശപ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ നേതാക്കന്മാരുടെ പെരുമാററം പരിശോധനയിലി

രിക്കുന്ന ഈ ഘട്ടത്തിൽ ഉത്തരാഫ്രിക്കയിൽ നാം കൈക്കൊണ്ട നയം പരിതാപകരമാണു് എന്നെനിക്കു തോന്നുന്നു. അമേരിക്കൻപട്ടാളം വിജയഭേരി മുഴക്കിക്കൊണ്ടു് ആഫ്രിക്കയിൽ പ്രവേശിച്ചപ്പോൾ ആ പ്രവൃത്തിയുടെ വ്യക്തമായ ഉദ്ദേശങ്ങളെ വെളിവാക്കുന്നതിന്നു പകരം ആ പഴഞ്ചൻനയതന്ത്രതത്വങ്ങളെ പ്രദശിപ്പിക്കയാണു ണ്ടായതു്. "ഇററലിയും ജമ്മനിയും ആഫ്രിക്ക കൈവശപ്പെടുത്തുകയാണെങ്കിൽ വീതി കുറഞ്ഞ കടലിലൂടെ പശ്ചിമാഫ്രിക്കൻകരയിൽനിന്നു് അമേരിക്കയെ ആക്രമിക്കാൻ എളുപ്പമായതിനാൽ ഒരു പ്രബലമായ അമേരിക്കൻപട്ടാളം......ഇന്നു് ആഫ്രിക്കയിലെ ഫ്രഞ്ചുകോളനികളിൽ മദ്ധ്യധരണ്യാഴിത്തീരത്തും അത്ലാന്തിക്ക്തീരത്തും പ്രവേശിച്ചിരിക്കുന്നു." ഈ പ്രസ്താവനകൊണ്ടു് ഒരാളും തൃപ്തിപ്പെടുകയുണ്ടായിട്ടില്ല. ഹിററ്ലർ തങ്ങളുടെ അതിത്തിയിൽ പ്രവേശിച്ചപ്പോൾ ഉൽഘോഷിച്ച ഇതേ ഉദ്ദേശം ബെൽജിയത്തിനേയും ഹോളണ്ടിനേയും തൃപ്തിപ്പെടുത്തിയിട്ടില്ല, തീച്ച.

സ്വാതന്ത്ര്യപ്രേമികളായ എല്ലാ ജനങ്ങളും വെറുക്കുന്ന ഡാർലനെന്ന ആ സത്വവുമായി പിന്നീടുണ്ടായ സഖ്യം. 'തൽക്കാലത്തെ സൈനികാവശ്യ'ത്തിൻെറ പേരിലാണിതു ചെയ്തതു്. ഇതിൻെറ കത്താക്കൾക്കു നിരൂപണത്തിൽനിന്നു രക്ഷപ്പെടാൻ ഈ മുദ്രാവാക്യം സഹായിച്ചു. ഇതിനെ നിരൂപണംചെയ്യുന്നതു്, ഉത്തരാഫ്രിക്കയിലെ ആ വിജയത്തിന്നു കാരണക്കാരനായ ആ സമത്ഥനായ സൈനികനേതാവിനെ ദ്രോഹിക്കുന്നതിന്നു സ

മമായിരിക്കുമല്ലോ. പക്ഷേ സൈനികാവശ്യത്തിന്നുവേണ്ടിയല്ല ഈ കൂട്ടുകെട്ടുണ്ടായിട്ടുള്ളതെന്നു വിശ്വസിക്കുന്ന പലരും ഈ വ്യാഖ്യാനംകൊണ്ടു തൃപ്തിപ്പെട്ടില്ല. ഈ പ്രവൃത്തിയിൽ പഴയ കുതന്ത്രങ്ങൾ വീണ്ടും തല പൊക്കുന്നതും ആദർശപ്രഖ്യാപനങ്ങൾ ബലികഴിക്കപ്പെടുന്നതും അവർ കണ്ടു.

പിന്നീടുണ്ടായ പെയ്റൂട്ടൻെറ നിയമനം ഈ സംശയങ്ങളെ പൂർവ്വാധികം ബലപ്പെടുത്തി. ഈ തകരാറുകൾ ചെയ്തിട്ടുകൂടി അമേരിക്കയുടെ സ്നേഹഭണ്ഡാരത്തിലെ സമൃദ്ധി ഒന്നു മാത്രമാണു് അതിനെ നിലനിത്തിയതു്. ബ്രിട്ടനിലേയും റഷ്യയിലേയും യൂറോപ്പിലേയും ജനങ്ങൾ വഞ്ചിതരായ ഭാവത്തിൽ പകച്ചുനോക്കി. ഇൻഡോചൈന ഫ്രഞ്ചുസാമ്രാജ്യത്തിന്നുതന്നെ തിരിച്ചുകൊടുക്കപ്പെടുമെന്ന നമ്മുടെ മദ്ധ്യസ്ഥത്തീരുമാനംകൊണ്ടു് ഉടവുതട്ടിക്കഴിഞ്ഞ ചൈനയുടെ മൈത്രിക്കു കൊണ്ട മറ്റൊരടിയായിരുന്നു ഇതു്. നമ്മുടെ സ്വന്തം നാട്ടിൽ തന്നെ നാം ആത്മരക്ഷയ്ക്കുവേണ്ടിമാത്രം സമരംചെയ്യുകയാണെന്നു വിശ്വസിച്ചിരുന്നവരിൽ ഇതുമൂലം ആശങ്കകൾ വളൎന്നിരിക്കുന്നു.

ഉദ്ദേശപ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ ചച്ചിലിൻേറയും റൂസ്‌വെൽട്ടിൻേറയും പ്രവൃത്തികൾ മാത്രമല്ല ജനങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നുള്ളു. കിഴക്കൻയൂറോപ്പിനെസ്സംബന്ധിച്ചിടത്തോളം റഷ്യയുടെ നയത്തെപ്പററി സ്റ്റാലിൻ വ്യക്തമാക്കാഞ്ഞതു നേതാക്കന്മാരുടെ ഉദ്ദേശശുദ്ധിയെ മലിനപ്പെടുത്തുന്ന ഒന്നാണു്. നേതാക്കന്മാരു

ടെ പ്രവചനങ്ങൾകൊണ്ടോ പൊതുജനാഭിപ്രായംകൊണ്ടോമാത്രം യാതൊരു കാൎയ്യസിദ്ധിയും ഉണ്ടാകുമെന്നു തോന്നുന്നില്ല. സമരം നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ അവ ഫലപ്രദമാകുന്നതിന്നുവേണ്ടി പ്ലാൻ ചെയ്യേണ്ടിയിരിക്കുന്നു.

ഐക്യരാഷ്ട്രങ്ങൾ തമ്മിലുള്ള ഉടമ്പടിയിൽ ഒപ്പുവെച്ചപ്പോൾ തെക്കെഅമേരിക്കയിലും ആഫ്രിക്കയിലും റഷ്യയിലും ചൈനയിലും ബ്രിട്ടീഷ്സാമ്രാജ്യത്തിലും മാത്രമല്ല ജൎമ്മനിയിലും ഇററലിയിലുമുള്ള ജനങ്ങൾപോലും ഒരു സ്വതന്ത്രലോകത്തിന്നുവേണ്ടിയുള്ള സമരത്തിൽ ഇവർ കൈകോൎത്തുപിടിക്കുന്ന ആ കാഴ്ച കണ്ടു് ആവേശഭരിതരായി. സൈനികമായും സാമ്പത്തികമായുമുള്ള കാൎയ്യങ്ങളും യുദ്ധാനന്തരവ്യവസ്ഥയും നിൎണ്ണയിക്കുന്നതിന്നു് ഈ രാജ്യങ്ങൾ ഇന്നുതന്നെ കൂടിയാലോചിക്കുമെന്നു ജനങ്ങൾ വിചാരിച്ചു. ഇങ്ങിനെ യുദ്ധം വേഗത്തിൽ അവസാനിപ്പിക്കുമെന്നു് അവൎക്കറിയാം. ഇന്നത്തെ പ്രവൎത്തനത്തിന്നുവേണ്ടി പരസ്പരം സഹകരിക്കയാണെങ്കിൽ ആ പാഠം യുദ്ധാനന്തരം ഒരുമിച്ചു ജീവിതം നയിക്കുന്നതിന്നു് ഉപകരിക്കുമെന്നു് അവൎക്കു ബോധമുണ്ടു്.

സന്ധിയിൽ ഒപ്പുവെച്ചിട്ടു് ഒരു വൎഷം കഴിഞ്ഞിരിക്കുന്നു. ഐക്യരാഷ്ട്രങ്ങൾ ഇന്നു പ്രബലമായ ഒരു കൂട്ടുകെട്ടാണു്. പക്ഷേ മനുഷ്യസമുദായത്തിന്റെ ആശ നശിക്കാതിരിക്കണമെങ്കിൽ, നാം സ്വപ്നംകാണുന്ന സുന്ദരലോകത്തിലൊരു ഭാഗമെങ്കിലും കെട്ടിയുയൎത്താൻ കഴിയണമെങ്കിൽ, നാളെക്കു നീട്ടാതെ ഇന്നുതന്നെ, യുദ്ധംനടത്തു

ന്നതിന്നു മാത്രമല്ല ലോകത്തിൻെറ ഭാവിശ്രേയസ്സു നില നിത്തുന്നതിന്നുകൂടി ഐക്യരാഷ്ട്രങ്ങളുടെ നേതൃത്വം ഒരൊററ പ്രവത്തകസമിതിയിൽ അപ്പിക്കപ്പെടണം.

സഹകരണത്തിന്നുള്ള ശാശ്വതമായ ഒരു സംഘടനയെ യുദ്ധത്തിലൂടെ നാം വളത്തണം. ദേശീയമോ സാവ്വദേശീയമോ ആയ ഏതൊരു ഭരണകൂടത്തെയും പെട്ടെന്നൊരു ദിവസം സൃഷ്ടിക്കാനാവില്ല, സാവധാനത്തിൽ വളൎന്നുതന്നെ ഉണ്ടാവേണ്ടിയിരിക്കുന്നു. യുദ്ധാനന്തരം സ്വാഭാവികമായുണ്ടാകുന്ന ദേശീയവികാരങ്ങളുടേയും സ്വാത്ഥമോഹങ്ങളുടേയും സാമുദായികവും സാമ്പത്തികവുമായ കുഴപ്പങ്ങളുടേയും നടുവിൽ ഇതു് ഒരിക്കലും നിമ്മിക്കാനാവില്ല. ഇന്നുള്ള പൊതുവിപത്തിൻെറ തീച്ചൂളയിൽ അതിനെ ഉരുക്കി പണിയേണ്ടിയിരിക്കുന്നു. പൊതുപ്രശ്നങ്ങളുടെ പരിഹാരത്തിന്നുവേണ്ടി ഒത്തൊരുമിച്ചുള്ള പരിശ്രമങ്ങളിൽ അതിനെ പൂത്തീകരിക്കയും ചെയ്യാം.

യുദ്ധാനന്തരം സമാധാനത്തിന്നും സഹകരണത്തിന്നുമുള്ള ഒരു യന്ത്രം പണിചെയ്യാമെന്നു വിചാരിക്കുന്നതു വ്യാമോഹമാണു്. ആ യന്ത്രത്തിൻെറ ഭാഗങ്ങൾ ശത്രുവിന്നെതിരായ സമരത്തിൽ ഇന്നുതന്നെ കൂട്ടിയിണക്കേണ്ടിയിരിക്കുന്നു. ഇന്നുതന്നെ പരസ്പരം വിശ്വാസത്തോടുകൂടി പ്രവത്തിക്കാൻ സാദ്ധ്യമല്ലെങ്കിൽ ഭാവിയിൽ സാവ്വദേശീയമായ വാണിജ്യവും അഭിവൃദ്ധിയും എങ്ങിനെയുണ്ടാവും? ഇന്നത്തെ സമരത്തിൽ നമുക്കു ചൈനയുമായി സഹകരിക്കാൻ കഴിവില്ലെങ്കിൽ നാളെ പൂവ്വപ്രദേശങ്ങ

ളുമായി എങ്ങിനെ കച്ചവടബന്ധത്തിൽ ഏപ്പെടും? റ ഷ്യയിലെ നേതാക്കന്മാരോടൊപ്പം ഈയവസരത്തിൽ സഹകരിക്കാൻ പ്രയാസമാണെങ്കിൽ വമ്പിച്ച കഴിവു കൾ ഉൾക്കൊള്ളുന്ന ആ രാഷ്ട്രത്തെ എങ്ങിനെ ഏകീകൃ തമായ ഒരു ലോകസാമ്പത്തികഘടനയിൽ ഉൾപ്പെ ടുത്തും?

ഐക്യരാഷ്ട്രങ്ങളുടെ ഒരു പ്രവത്തകസമിതിയാണി ന്ന് ആവശ്യമുള്ളത്. പരസ്പരം ഉപദേശിക്കാൻ മാത്രമ ല്ല, ഒരുമിച്ചിരുന്നു പരിപാടി നിർണ്ണയിക്കുവാനും പ്രധാ നപ്പെട്ട എല്ലാ രാഷ്ട്രങ്ങൾക്കും ഈ സമിതിയിൽ പ്രാതി നിധ്യം വേണം. ചുരുക്കം സാമഗ്രികൾകൊണ്ട് ഇത്രകാ ലം നിന്നു പൊരുതിയ ചൈനക്കാരിൽനിന്നു നമുക്കു പ ലതും പഠിക്കാനുണ്ടാവും. സമരതന്ത്രത്തെക്കുറിച്ച് ഈയി ടെ ധാരാളം വിജ്ഞാനം സമ്പാദിച്ചിട്ടുള്ള റഷ്യയിൽനി ന്നും നമുക്കു പലതും ഗ്രഹിക്കാനുണ്ട്.

യുദ്ധോൽപാദനത്തിന്നുവേണ്ടി മുഴുവൻ സമ്പത്തും ഉപയോഗപ്പെടുത്തുന്നതിന്നും ഭാവിയിൽ സാമ്പത്തിക സഹകരണത്തിന്നും ഈ സമിതി ആവശ്യമാണ്. കീഴട ക്കപ്പെട്ട രാജ്യങ്ങളെ മോചിപ്പിക്കുന്ന അവസരത്തിൽ നാം കൈക്കൊള്ളുന്ന നയത്തെ നിർണ്ണയിക്കുന്നതിന്നുള്ള അടിസ്ഥാനതത്വങ്ങൾ ഇന്നുതന്നെ രൂപീകരിക്കണം. ഓരോ അവസരത്തിലും പൊങ്ങിവരാവുന്ന വിവിധപ്ര ശ്നങ്ങളെ നേരിടുന്നതിന്ന് ഒരു സംഘടനയുണ്ടാക്കേണ്ടി യിരിക്കുന്നു. അല്ലാത്തപക്ഷം നമുക്കു താൽക്കാലികകാര്യ സിദ്ധിക്കുവേണ്ടി ഓരോ തെററായ നടപടികൾ എടു

ക്കേണ്ടിവരികയും തൽഫലമായി ഐക്യരാഷ്ട്രങ്ങൾക്കിടയിൽ അസ്വാസ്ഥ്യത്തിൻെറ വിത്തു വിതയ്ക്കുകയും ചെയ്യും. ലോകചരിത്രത്തിൽ ഇതുവരെ ഇത്തരത്തിലുള്ള അസ്വാസ്ഥ്യങ്ങളാണ് മനുഷ്യരുടെ ആശകളെ നശിപ്പിച്ചിട്ടുള്ളതു്.

## ൧൨. ഇതൊരു സ്വാതന്ത്ര്യസമരമാണ്

മി. സ്റ്റാലിൻെറ ഭാഷയിൽ പറയുകയാണെങ്കിൽ ഇതൊരു സ്വാതന്ത്ര്യസമരമാണ്. നാസികളിൽനിന്നും ജാപ്പുപട്ടാളത്തിൽനിന്നും ചില രാഷ്ട്രങ്ങളെ മോചിപ്പിക്കുന്നതിനുവേണ്ടിയാണിതു നടത്തുന്നതു്. ഇത്രത്തോളം എല്ലാവരും സമ്മതിക്കും. എന്നാൽ മോചനമെന്നതിന് ഇതിലധികം അർത്ഥമുണ്ടെന്നു നാമെല്ലാം സമ്മതിക്കുമോ? ലോകത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും സ്വയംഭരണത്തിനു ശേഷിയുണ്ടാകുന്നതോടുകൂടി അതിന് അവസരം നല്കുകയും സ്വയംഭരണത്തിൻെറ നിലനില്പിന്നാവശ്യമായ സാമ്പത്തികസ്വാതന്ത്ര്യം കൊടുക്കുകയും ചെയ്കയാണ് മോചനത്തിനുള്ള മാർഗ്ഗമെന്ന് ഐക്യരാഷ്ട്രങ്ങളെല്ലാം സമ്മതിക്കുമോ?

സ്വാതന്ത്ര്യത്തിൻെറ ഈ രണ്ടു വശങ്ങളായിരിക്കണം നമ്മുടെ യുദ്ധലക്ഷ്യത്തിൻെറ അടിക്കല്ലു്. ഇവ രണ്ടും നമ്മുടെ മോചനപരിപാടിയിൽ ഉൾപ്പെടുത്തണം. അല്ലെങ്കിൽ സമാധാനം നിലനിത്താൻ സാധിക്ക

യില്ലെന്നു് എനിക്കുറപ്പുണ്ടു്. മാത്രമല്ല, യുദ്ധത്തിൽ ജയിക്കാൻ കഴിയുമോ എന്നുതന്നെ ഞാൻ സംശയിക്കുന്നു.

1942 ഒക്ടോബർ 7-ാംനു- ചുങ്കിങ്ങിൽവെച്ചു ചൈനക്കാരും വിദേശീയരുമായ പത്രപ്രതിനിധികൾക്കു ഞാൻ നല്കിയ ഒരു പ്രസ്താവനയിൽ ലോകസഞ്ചാരത്തിനിടയിൽ എനിക്കു രൂപീകരിക്കാൻ കഴിഞ്ഞ അഭിപ്രായങ്ങളെ വ്യക്തമാക്കിയിട്ടുണ്ടു്. ഇതാണു് ഞാൻ പറഞ്ഞതു്:

“പതിമൂന്നു രാജ്യങ്ങളിൽ ഞാൻ സഞ്ചരിക്കയുണ്ടായി: സോവിയററുകൾ, റിപ്പബ്ളിക്കുകൾ, കോളനികൾ, രാജവാഴ്ച, രക്ഷാകത്തൃത്വം, വിവിധരീതിയിലുള്ള ഭരണവ്യവസ്ഥകൾ, ജീവിതസമ്പ്രദായം, ഭരിക്കപ്പെടുന്ന ജനങ്ങൾ. പക്ഷെ എല്ലാരാജ്യത്തും സാമാന്യജനങ്ങൾക്കു ചില കാര്യങ്ങളിൽ ഐകരൂപ്യമുണ്ടു്.

ഐക്യരാഷ്ട്രങ്ങളുടെ വിജയസിദ്ധിക്കു അവരെല്ലാം ആഗ്രഹിക്കുന്നു. യുദ്ധം കഴിഞ്ഞാൽ സ്വാതന്ത്ര്യത്തോടുകൂടി ജീവിതം നയിക്കാൻ അവരെല്ലാം ഇഷ്ടപ്പെടുന്നു.

യുദ്ധാനന്തരം പ്രധാനപ്പെട്ട പ്രജാധിപത്യശക്തികൾ മററുള്ളവരുടെ സ്വാതന്ത്ര്യം എത്രമാത്രം വകവെച്ചുകൊടുക്കാൻ തയ്യാറാകുമെന്നു് അവക്കെല്ലാം ഒരുപോലെ ആശങ്കയുണ്ടു്. ഈ ആശങ്ക നമ്മുടെ ചേരിയിൽച്ചേർന്നു പടവെട്ടുവാനുള്ള അവരുടെ ആവേശത്തെ ഹനിക്കുന്നു.

ബഹുജനങ്ങളുടെ സഹായംകൂടാതെ യുദ്ധം ജയിക്കുവാൻ പ്രയാസമാണു്; സമാധാനം നിലനിത്തുകയെ

ന്നതു് അസാദ്ധ്യമാണ്. സൈനികബലംകൊണ്ടുമാത്രം നടത്താവുന്ന ഒന്നല്ല ഈ സമരം; സാമാന്യജനങ്ങളുടെ മനോവികാരങ്ങളെ ഇതിൻെറ പിന്നിൽ അണിനിരത്തേണ്ടിയിരിക്കുന്നു. തെക്കേ അമേരിക്ക, ആഫ്രിക്ക, കിഴക്കൻയൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിൽ താമസിക്കുന്ന ലോകത്തിലെ മുക്കാൽഭാഗം ജനങ്ങളുടെ വെറും അനുഭാവത്തെ മാത്രമല്ല കായികവും മാനസികവുമായ ചൈതന്യത്തെക്കൂടി നാം സംഘടിപ്പിക്കണം. ഇതു നാം ചെയ്തിട്ടില്ല, ഇന്നും ചെയ്യുന്നുമില്ല. നാം ഇതു ചെയ്തേ കഴിയൂ.......

ആയുധം മാത്രം പോരാ, മനുഷ്യർക്ക് ഇത്തരത്തിലൊരു സമരം നടത്തുവാൻ. ഭാവിയെക്കുറിച്ച് ആശയും, തങ്ങൾ ഏതൊരു പതാകയുടെ കീഴിൽ പടവെട്ടുന്നുവോ അതു പരിശുദ്ധവും നിർമ്മലവുമാണെന്ന ബോധവും വേണം. യുദ്ധാനന്തരവ്യവസ്ഥയെപ്പററി നാം ഒരു രാഷ്ട്രമെന്ന നിലയ്ക്കു് ഇതുവരെ യാതൊരഭിപ്രായവും രൂപീകരിച്ചിട്ടില്ല.

ഏഷ്യക്കാർ യുദ്ധത്തിൽ പങ്കെടുക്കണമെന്നുള്ളതിന്, ബ്രിട്ടീഷുമേധാവിത്വത്തെക്കാൾ മൃഗീയമാണ് ജാപ്പാനീസ് ഭരണമെന്നതിൽക്കവിഞ്ഞു മറെറാരു കാരണവും നമുക്കു പറയാനുണ്ടായിട്ടില്ലെന്ന് അവർ വിചാരിക്കുന്നു. ഈ ഭൂഖണ്ഡത്തിൽ പാശ്ചാത്യശക്തികളുടെ പ്രവർത്തനത്തിൻെറ ചരിത്രം ആക്ഷേപാർഹമായ ഒന്നാണ്. ഇവിടെ അധിവസിക്കുന്ന കോടാനകോടി ജനങ്ങൾ വിദേശാധിപത്യത്തിനു കീഴടങ്ങി മേലിൽ ജീവിതം തുടരു

വാൻ തീരുമാനിച്ചിട്ടില്ല. സ്വാതന്ത്ര്യമെന്ന പദം ഏഷ്യയിലെ ജനങ്ങളെ ആവേശംകൊള്ളിക്കുന്നു. ലോകത്തിൽ ഏററവും പൈശാചികമായ ജാപ്പാനീസ് സാമ്രാജ്യത്വം ഈ പദത്തെ നമ്മുടെ കയ്യിൽനിന്ന് അപഹരിച്ച് സ്വാത്ഥത്തിന്നുവേണ്ടി ഉപയോഗിക്കയാണ്.

ഏഷ്യയിലെ മിക്കജനങ്ങളും പ്രജാധിപത്യത്തിൻെറ സ്വാദറിഞ്ഞിട്ടില്ല. പ്രജാധിപത്യത്തിന്നു നാം കൊടുത്തിട്ടുള്ള രൂപം അവർ സ്വീകരിച്ചുവെന്നും ഇല്ലെന്നും വരാം. അടുത്ത ചൊവ്വാഴ്ചതന്നെ പ്രജാധിപത്യത്തെ ഒരു വെള്ളിപ്പാത്രത്തിൽ നിറച്ച് സമ്മാനദാനമായി വാങ്ങുന്നതിന്ന് അവർ തയ്യാറായിട്ടില്ല. പക്ഷേ അവർ സ്വതന്ത്രമായി തിരഞ്ഞെടുത്ത ഒരു ഭരണക്കൂടത്തിന്നു കീഴിൽ തങ്ങളുടെ ഭാവി നിർണ്ണയിക്കുവാൻ അവർ തീരുമാനിച്ചു കഴിഞ്ഞു.

അത്ലാന്തിക്കരേഖയുടെ പേരു കേൾക്കുമ്പോൾ തന്നെ ചിന്താശീലരായ പല സ്ത്രീപുരുഷന്മാരും അസ്വസ്ഥരായിത്തീരുന്നതു ഞാൻ കണ്ടിട്ടുണ്ട്. ശാന്തസമുദ്രപ്രദേശത്തിലേയ്ക്ക് ഈ രേഖ ബാധകമാക്കുവാൻ അതിൽ ഒപ്പുവെച്ചവർ ഉദ്ദേശിച്ചിട്ടുണ്ടോ? ഈ ചോദ്യത്തിന്നു നാം വ്യക്തമായ ഉത്തരം നല്കണം. നമ്മുടെ ബന്ധുക്കളായ ഈ ജനസമൂഹത്തിൻെറ ജീവിതത്തിൽ ഈ പ്രഖ്യാപനത്തെ നടപ്പിൽവരുത്തുവാൻ നാം തയ്യാറാവണം.

പ്രായോഗികമായ ഈ പരിപാടികൾ എന്തെല്ലാമായിരിക്കുമെന്നു മിക്ക അമേരിക്കക്കാരും അറിയുമെന്നു ഞാൻ കരുതുന്നു.

ഒരു രാഷ്ട്രം മറെറാന്നിനെ ഭരിക്കുകയെന്ന സമ്പ്രദായം അവസാനിപ്പിക്കുക. ഇന്നുമുതൽ ചൈനയിലെ മണ്ണിൽ ഒരടിപോലും അവിടത്തെ ജനങ്ങൾക്കല്ലാതെ തൊടുന്നതിന്നധികാരമില്ല. ഇതിനെപ്പററി നാം ഇപ്പോൾത്തന്നെ ഉറപ്പു പറയണം; ഭാവിയിലേയ്ക്കു നീട്ടി വെയ്ക്കരുതു്.

ഐക്യരാഷ്ട്രങ്ങളുടെ ചേരിയിൽ നിന്നു പടവെട്ടുന്ന കോളനികളിലെ ജനങ്ങളെ സ്വതന്ത്രമായി വളരുന്നതിന്നു സഹായിക്കുവാൻ ഒരു സംഘടന നാം ഇന്നുണ്ടാക്കേണ്ടിയിരിക്കുന്നു. അവർ തിരഞ്ഞെടുക്കുന്ന ഭരണകൂടത്തിന്നു പ്രവൎത്തിച്ചു പരിചയം സിദ്ധിക്കുവാൻ വേണ്ട കാലം കൢപ്തപ്പെടുത്തുകയും അവ പഴയ കൊളോണിയൽസമ്പ്രദായത്തിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടാതിരിപ്പാൻ വേണ്ട സംരക്ഷണം ഐക്യരാഷ്ട്രങ്ങൾ ഒന്നായി ചെയ്യുകയും വേണം.

വിജയം കൈവരുന്നതുവരെ ഇതിനെക്കുറിച്ചൊന്നും ശബ്ദിക്കാൻ പാടില്ലെന്നു ചിലർ വിലക്കാറുണ്ടു്. വാസ്തവം നേരേ മറിച്ചാണു്. പുരോഗമനപരമായ പോംവഴികൾ കണ്ടുപിടിക്കുന്നതിന്നുള്ള പരിശ്രമങ്ങൾ നമ്മുടെ കൈകൾക്കു ശക്തി കൂട്ടുകയേയുള്ളൂ. സാമുദായികപരിഷ്കരണത്തിൻെറ ശത്രുക്കൾ എന്തെങ്കിലും കുഴപ്പത്തിൻെറ കാരണം പറഞ്ഞു കാൎയ്യങ്ങൾ നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുമെന്നു് ഓൎമ്മവേണം. യുദ്ധം കഴിഞ്ഞാൽ വരാവുന്ന മാററങ്ങൾ നിസ്സാരങ്ങളാണു്. സമാധാനം നിലനിൎത്തുന്നതിൽ അമേരിക്കയെപ്പോലെ എല്ലാവൎക്കും

താൽപൎയ്യമുണ്ടാകത്തക്കവണ്ണം വാണിജ്യബന്ധം സ്ഥാപിക്കണം. അച്ചുതണ്ടുശക്തികളെ അമൎത്താനുള്ള സംരംഭങ്ങൾക്കുവേണ്ടി അമേരിക്കയിൽ വ്യക്തിസ്വാതന്ത്ര്യത്തെയും സാമ്പത്തികസ്വാതന്ത്ര്യത്തെയും താൽക്കാലികമായി ഉപേക്ഷിക്കാൻ നമ്മോടാവശ്യപ്പെടുന്നു. യുദ്ധാനന്തരം ഈ സ്വാതന്ത്ര്യത്തെ വീണ്ടെടുക്കണം. അമേരിക്കയിൽ നമ്മുടെ പാരമ്പൎയ്യങ്ങളെയും ഉയൎന്ന ജീവിതത്തോതിനെയും പുനസ്ഥാപിക്കണമെങ്കിൽ സ്വതന്ത്രമായ ഒരു ലോകത്തെ സൃഷ്ടിക്കുക.”

ഈ പ്രസ്താവന ധാരാളം അഭിപ്രായപ്രകടനങ്ങൾക്കു പാത്രമായിട്ടുണ്ടു്. ചുരുക്കം പേർമാത്രമേ ഇതിനെ ആക്ഷേപിച്ചിട്ടുള്ളു. ഭൂരിപക്ഷവും ഇതിന്നു സ്വാഗതമരുളുകയാണു് ചെയ്തതു്. അധികം താമസിയാതെ ഈ വിഷയങ്ങളെക്കുറിച്ചു നമുക്കുള്ള അഭിപ്രായങ്ങൾ തുറന്നു പറയേണ്ടിവരും. പൊതുജനാഭിപ്രായം അത്രമാത്രം നമ്മുടെ നേതാക്കന്മാരെ അതിക്രമിച്ചു മുന്നോട്ടു പോയിട്ടുണ്ടു്.

യുദ്ധലക്ഷ്യങ്ങളെ പരിമിതമാക്കുവാൻ നമുക്കെല്ലാം അതിയായ വാസനയുണ്ടു്. ഇന്നത്തെ മികച്ച പ്രഖ്യാപനങ്ങൾ സന്ധിസംഭാഷണസമയത്തു ചുരുങ്ങുമെന്നും, എല്ലാജനവിഭാഗങ്ങൾക്കും സ്വാതന്ത്ര്യം പ്രദാനംചെയ്തു സംരക്ഷിക്കുന്നതിന്നാവശ്യമായ ബുദ്ധിമുട്ടും പരിവൎത്തനങ്ങളും കൂടാതെ കഴിക്കാമെന്നും വിചാരമുണ്ടു്.

ആഫ്രിക്കമുതൽ അലാസ്കവരെ സൎവ്വരും എന്നോടു് ഒരു ചോദ്യം ചോദിച്ചിട്ടുണ്ടു്: അപ്പോൾ ഇന്ത്യയോ? ഇ

ത്ത് ഏഷ്യയിലൊട്ടാകെ ഒരു ദിവ്യമന്ത്രമായിത്തീൎന്നിരിക്കു ന്നു. ഞാൻ ഇന്ത്യ സന്ദൎശിക്കയുണ്ടായില്ല. കുഴപ്പംപിടിച്ച ആ പ്രശ്നത്തെപ്പററി ഇവിടെ വിശകലനംചെയ്യാൻ ഞാൻ വിചാരിക്കുന്നില്ല. എങ്കിലും അതിന്നു പൂൎവ്വപ്രദേശങ്ങളിലുള്ള പ്രാധാന്യത്തെ ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. കെയറോമുതല്ക്കു് ഓരോ തിരിവിലും ഞാൻ അതുമായി കൂട്ടിമുട്ടിയിട്ടുണ്ടു്. ചൈനയിലെ ഒരു ചിന്തകൻ എന്നോടു പറയുകയുണ്ടായി: "ഇന്ത്യയുടെ ആവശ്യത്തെ ഇന്നുതന്നെ വകവെച്ചുകൊടുക്കാതെ നീട്ടിക്കൊണ്ടുപോകുന്നതുമൂലം പൂൎവ്വപ്രദേശങ്ങളിൽ ബ്രിട്ടൻെറ അഭിമാനത്തിന്നല്ല കോട്ടം സംഭവിക്കുന്നതു്, നേരെമറിച്ചു് അമേരിക്കയുടെ സൽകീൎത്തിയാണു് നഷ്ടപ്പെടുന്നതു്."

ഈ ചിന്തകനു് ഇന്ത്യയിലെ ബ്രിട്ടീഷുസാമ്രാജ്യഭരണത്തോടു യാതൊരു ശത്രുതയുമില്ല. പ്രജാവാത്സല്യമോലുന്ന ഒരു ഭരണസമ്പ്രദായമാണു് അതെന്നു നിങ്ങൾ വാദിക്കയാണെങ്കിൽ, അതും സമ്മതിക്കാൻ തയ്യാറാണു്. ഇന്ത്യയെപ്പററി നാം മൌനംദീക്ഷിക്കുന്നതിൻെറ ഫലമായി പൌരസ്ത്യജനതയുടെ സൌഹാൎദ്ദം നമുക്കു നഷ്ടമായിപ്പോകുന്നുണ്ടെന്നു് അദ്ദേഹം പറയുകയുണ്ടായി. അവൎക്കു നമ്മളിലുള്ള വിശ്വാസം കുറഞ്ഞുവരുന്നു. ഇന്ത്യയുടെ കാൎയ്യത്തിൽ ഇന്നു നാം കൈക്കൊണ്ടിട്ടുള്ള നയത്തിൻെറ ഫലമായി യുദ്ധാനന്തരം പൂൎവ്വപ്രദേശങ്ങളിലെ കോടാനുകോടി ജനങ്ങളോടു നാം എന്തൊരു മനോഭാവമാണു് സ്വീകരിക്കാൻ പോകുന്നതെന്നു് അവൎക്കു തീർച്ചയില്ലാതായിരിക്കുന്നു. നമ്മുടെ അവ്യക്തമായ പെ

ങ്ങളോറാംകാരണം നാം യഥാൎത്ഥത്തിൽ സ്വാതന്ത്ര്യത്തി ന്നുവേണ്ടി നിലക്കൊള്ളുന്നുണ്ടോ എന്നും സ്വാതന്ത്ര്യമെന്ന പദത്തിന്നു നാം എന്തൊരൎത്ഥമാണു് കല്പിക്കുന്നതെന്നും അവൎക്കു സംശയം തുടങ്ങിയിരിക്കുന്നു.

ചൈനയിൽ, തങ്ങളുടെ വീടുവിട്ടു വിദൂരസ്ഥലങ്ങളിൽ അഭയാൎത്ഥികളായി താമസിക്കുന്ന വിദ്യാൎത്ഥികൾ യുദ്ധാനന്തരം നാം ഷാങ്ഹായ് തിരികെയെടുക്കാൻ പോകുന്നുണ്ടോ എന്നു ചോദിക്കയുണ്ടായി. അമേരിക്കയിൽ താമസിക്കുന്ന ലെബണീസുകാർ (ലോകത്തിലെ മൂന്നിലൊരു ഭാഗം ലെബണീസുകാർ അമേരിക്കയിലാണു് പാൎക്കുന്നതു്.) യുദ്ധത്തിന്നുശേഷം ലെബനോണിൽനിന്നും സിറിയയിൽനിന്നും പിൻവാങ്ങി അധികാരം ജനങ്ങൾക്കു വിട്ടുകൊടുക്കുന്നതിന്നു ബ്രിട്ടീഷു-ഫ്രഞ്ചുസേനയെ പ്രേരിപ്പിക്കുമോ എന്നു ബെയ്‌രൂത്തിൽവെച്ചു് എന്നോടു ചോദിക്കയുണ്ടായി.

ആഫ്രിക്കയിലും മദ്ധ്യപൂൎവ്വപ്രദേശത്തിലും അറബിരാജ്യത്തിലും ചൈനയിലും പൂൎവ്വപ്രദേശങ്ങളിലും സ്വാതന്ത്ര്യമെന്ന പദത്തിന്റെ അൎത്ഥം,സാമ്രാജ്യമേധാവിത്വത്തെ ക്രമേണ നശിപ്പിക്കുക എന്നതാണു്. നമുക്കു രസിച്ചാലും ഇല്ലെങ്കിലും യാഥാൎത്ഥ്യം ഇതാണു്.

ഈ ഉദ്ദേശത്തോടുകൂടി പ്രവൎത്തിക്കുന്ന ക്രമീകൃതമായ ഒരു പദ്ധതിയുടെ ഉത്തമോദാഹരണമാണു് ബ്രിട്ടീഷുകോമൺവെൽത്തു്. അതിന്റെ വിജയം അമേരിക്കയ്ക്കു സ്വയംഭരണത്തെസ്സംബന്ധിച്ച പ്രശ്നങ്ങളെ നേരിടുന്നതിന്നു സഹായമായേയ്ക്കും. ലോകത്തിലെ ഭൂരിഭാഗവും

കൊളോണിയൽസമ്പ്രദായത്തിൻെറ കീഴിലാണ് ജീവിക്കുന്നത്. കോമൺവെൽത്തുണ്ടെങ്കിൽക്കൂടി ബ്രിട്ടൻെറ കീഴിൽ ഇന്നും സ്വയംഭരണം സിദ്ധിക്കാത്ത അനവധി കോളനികളും സാമ്രാജ്യാവശിഷ്ടങ്ങളും നിലനില്ക്കുന്നു. ബ്രിട്ടനിലും കോമൺവെൽത്തിലുമുള്ള ലക്ഷോപലക്ഷം ഇംഗ്ലീഷുജനത ഈ അവശിഷ്ടങ്ങളെ തുടച്ചുനീക്കുവാൻ ശ്രമിക്കുന്നുണ്ട്. ബ്രിട്ടീഷുകാർ മാത്രമല്ല കോളനികൾ വെച്ചുകൊണ്ടിരിക്കുന്നത്; ആഫ്രിക്കയിലും ഇൻഡൊചൈനയിലും തെക്കേ അമേരിക്കയിലും ലോകത്തിലെ പല ദ്വീപുകളിലും ഫ്രഞ്ചുകാർ അധികാരം അവകാശപ്പെടുന്നുണ്ട്. തങ്ങളാണ് ഈസ്റ്റ്ഇൻഡീസിൻെറ ഭരണാധികാരികൾ എന്നു ഡച്ചുകാർ പറയുന്നു. പോർച്ചുഗീസുകാർക്കും ബൽജിയക്കാർക്കും കോളനികളുണ്ട്. വെസ്റ്റ ഇൻഡീസിൻെറ ഉത്തരവാദിത്വം ഇന്നു കയ്യേററിട്ടുള്ള നാംതന്നെ അവർക്ക് ഇതുവരെ സ്വാതന്ത്ര്യം നല്കാമെന്നു പ്രതിജ്ഞചെയ്തിട്ടില്ല. ഇതിന്നെല്ലാംപുറമേ അമേരിക്കയ്ക്കു സ്വന്തം സാമ്രാജ്യത്വമുണ്ട്.

ഒരു ജനസമുദായം മറെറാന്നിനെ ഭരിക്കുന്നതല്ല സ്വാതന്ത്ര്യമെന്നു പറയുന്നത്; ആ സമ്പ്രദായത്തെ പുലർത്താനല്ല സമരം ചെയ്യേണ്ടതെന്നു ലോകത്തിന്ന് ഇന്നു നന്നായറിയാം.

ധാരാളം പ്രശ്നങ്ങൾ ഇനിയും നമുക്കു നേരിടേണ്ടതുണ്ട്. അവ ഓരോ കോളനികളിലും വ്യത്യസ്തങ്ങളായിരിക്കും. ലോകത്തിൽ എല്ലാ ജനങ്ങളും സ്വാതന്ത്ര്യം നേടുന്നതിന്നോ അതിനെ സംരക്ഷിക്കുന്നതിന്നോ രണ്ടു ദി

വസത്തെ സമയംകൊണ്ടു പ്രാപ്തരാവില്ല. പക്ഷേ അതു സിദ്ധിക്കുന്നതിന്നു് ഒരു കാലനിർണ്ണയം ചെയ്യണമെന്നേ അവർ ആവശ്യപ്പെടുന്നുള്ളു. ഭാവിയിൽ നാം അവരുടെ പ്രശ്നങ്ങളെല്ലാം തീർത്തുകൊടുക്കണമെന്നു് അവർ ആവശ്യപ്പെടുന്നില്ല. അവർ അത്ര വിഡ്ഢികളോ ബലഹീനരോ അല്ല. നമ്മുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സഹകരണത്തോടുകൂടി സ്വന്തം കാര്യങ്ങൾ നടത്താനുള്ള അവസരം മാത്രമാണു് അവർ ചോദിക്കുന്നതു്. രാഷ്ട്രീയമായ സംതൃപ്തിക്കുമാത്രമല്ല സാമ്പത്തികമായ പുരോഗതിക്കുകൂടിയാണു് അവർ ലോകജനതാസ്വാതന്ത്ര്യത്തെ ആവശ്യപ്പെടുന്നതു്.

## ൧൯. അമേരിക്കയിലെ സാമ്രാജ്യത്വം

അമേരിക്കയുടെ സാമ്രാജ്യത്വത്തെക്കുറിച്ചു ഞാൻ മുമ്പു പറയുകയുണ്ടായി. ഈ യുദ്ധം പുതിയ ആശയങ്ങളെയും പുതിയ സ്ഥലങ്ങളെയും നമുക്കു തുറന്നു കാണിച്ചുതന്നിരിക്കുന്നു. പണ്ടു നാം സ്വദേശത്തിൽമാത്രം പ്രയത്നംചെയ്യുന്ന ആളുകളായിരുന്നു. എന്നാൽ ഇന്നു നമ്മുടെ താൽപര്യങ്ങൾ സമുദ്രത്തിന്നപ്പുറത്തു സ്ഥിതിചെയ്യുന്നു. നമ്മുടെ പത്രങ്ങളിൽ റഷ്യയിലേയും ബർമ്മയിലേയും ടുണീഷ്യയിലേയും ചൈനയിലേയും നഗരങ്ങൾക്കാണു് പ്രാധാന്യം നല്കുന്നതു്. നമ്മുടെ വീടുകളിലെത്തുന്ന കത്തുകളിൽ ഏററവും ശ്രദ്ധയെ ആകർഷിക്കുന്നതു് ആ

സ്ട്രേലിയയിലും ന്യൂഗിനിയയിലും ഗ്വാഡൽകനാലി
ലും അയർലണ്ടിലും ഉത്തരാഫ്രിക്കയിലും താമസിക്കുന്ന
നമ്മുടെ യുവാക്കന്മാരിൽനിന്നു വരുന്നവയാണു്. അവരു
ടെ താൽപര്യമാണു് നമ്മുടെ താൽപര്യം. വിശാലമായ
ലോകത്തിൽ ഇത്രയും പ്രയത്നം ചെയ്തശേഷം അവർ
പ്രാദേശികമനസ്ഥിതിയോടുകൂടി അമേരിക്കയിലേയ്ക്കു മ
ടങ്ങുകയില്ലല്ലോ. നമുക്കും ഒരിക്കലും ആ മനോഭാവമുണ്ടാ
കയില്ല. ഇതിന്റെയെല്ലാം അർത്ഥമെന്താണു്? ഒന്നാം
ലോകമഹായുദ്ധത്തോടുകൂടി നാം വളരാൻ തുടങ്ങിയെ
ങ്കിലും ഇപ്പോൾമാത്രമേ നാം ശൈശവത്തിൽനിന്നു
യർന്നു സാർവ്വദേശീയമായ താൽപര്യത്തോടും വീക്ഷണഗ
തിയോടുംകൂടിയ പ്രായപൂർത്തി തികഞ്ഞ ഒരു രാഷ്ട്രമാ
യിത്തീരാൻ തുടങ്ങിയിട്ടുള്ളൂ.

ഭരിക്കുന്നവർ എത്രതന്നെ വിശാലഹൃദയന്മാരായാ
ലും ശരി, സാമ്രാജ്യമേധാവിത്വത്തിന്നു് ഒരു സാർവ്വദേ
ശീയവീക്ഷണഗതിയിൽ സ്ഥാനമില്ല. ഒരു രാഷ്ട്രത്തിന്ന
കത്തു് ഒരു ജനവിഭാഗം മറ്റൊന്നിനോടു കാണിക്കുന്ന
സാമ്രാജ്യമനോഭാവവും അതുപോലെതന്നെയാണു്. എ
ല്ലാവരുടേയും ജന്മാവകാശമാണു് സ്വാതന്ത്ര്യം. അതി
ന്റെ ഗുണം അനുഭവിക്കുവാനും അതിനുവേണ്ടി സമരം
ചെയ്യാനും ആഗ്രഹിക്കുന്നുവെങ്കിൽ വർഗ്ഗഭേദമോ നിറ
ഭേദമോ കൂടാതെ എല്ലാവർക്കും അതു വകവെച്ചുകൊടുക്കു
വാൻ നാം തയ്യാറാവണം. അമേരിക്കയിൽ എല്ലാവർക്കും
സ്വതന്ത്രമായി ജീവിക്കാനുള്ള സൌകര്യം നാം നിഷേ
ധിക്കയാണെങ്കിൽ ഇന്ത്യയെ, സ്വതന്ത്രമാക്കുന്നതിന്നു

നാം ബ്രിട്ടനോടാവശ്യപ്പെടുന്നതിൽ യാതൊരു ന്യായവുമില്ല. ചൈനയിലെ നാല്പതുകോടി ജനങ്ങളും ഇന്ത്യയിലെ മുപ്പതുകോടി ജനങ്ങളും ഈ യുദ്ധത്തിൽ നമ്മുടെ ബന്ധുക്കളാണ്. ഫിലിപ്പൈൻസിലേയും ജാവയിലേയും തെക്കേ ആഫ്രിക്കയിലേയും ജനങ്ങൾ നമ്മോടൊപ്പം സമരംചെയ്യുന്നുണ്ട്—അതായത് എല്ലാംകൂടി, ലോകത്തിലെ ജനസംഖ്യയത്തിൽ പകുതി. ഇവരിൽ ആരോടും മിക്ക അമേരിക്കക്കാർക്കും യാതൊരു ജാതിബന്ധവുമില്ല. ജാതിബന്ധമല്ലാ, പൊതുലക്ഷ്യമാണ് മനുഷ്യരെ കൂട്ടിയിണക്കുന്നതെന്ന് ഈ യുദ്ധത്തിൽനിന്നു നാം പഠിക്കുന്നു.

ഒരു ജനവിഭാഗത്തിന്റെ നിറമല്ല ലക്ഷ്യമാണ് എല്ലാററിനും ആധാരമായി നില്ക്കുന്നത്. ഹിററ്ലറുടെ ജാതിമേധാവിത്വമെന്ന മതിൽക്കെട്ടുപോലും പൊളിച്ചു നീക്കി പേരിന്നുമാത്രം ആര്യന്മാരായ ജപ്പാൻകാരോടുകൂടി ഒരു സാമാന്യോദ്ദേശത്തെ സാധിക്കാൻ കൈ കോർത്തുപിടിക്കേണ്ടതായി വന്നു. നമുക്കും നമ്മുടെ ബന്ധുക്കളുണ്ട്. സ്വാതന്ത്ര്യം സർവ്വരുടേയും ജന്മാവകാശമായിക്കരുതുന്ന ജനവിഭാഗങ്ങളോടു ജാതിയോ നിറമോ ഗണിക്കാതെ നാം ഒത്തൊരുമിച്ചു നില്ക്കണം. അവരൊന്നിച്ചു നാം ലോകത്തെ അവസാനമില്ലാത്ത യുദ്ധത്തിലേയ്ക്കു വലിച്ചിഴയ്ക്കുന്ന സാമ്രാജ്യസമ്പ്രദായത്തെ തുടച്ചുനീക്കാൻ പ്രയത്നിക്കണം.

ഇന്നത്തെ യുദ്ധത്തിൽ ബന്ധുക്കളെയും ശത്രുക്കളെയും നിർണ്ണയിക്കുന്നതു ജാതിയും നിറവും നോക്കിയല്ല. കിഴക്കോട്ടു നോക്കുക. ലോകത്തിൽ സാമ്രാജ്യാധികാരം

സ്ഥാപിക്കാൻ പ്രവൎത്തിക്കുന്ന ജപ്പാൻ നമ്മുടെ ശത്രുവാ ണ്. കാരോ ഘട്ടത്തിലും നടത്തിയിട്ടുള്ള പൈശാചിക മായ ആക്രമണംമൂലം ജപ്പാൻ നമ്മുടെ വൈരിയായി ത്തീൎന്നിരിക്കുന്നു.

ചൈന നമ്മുടെ സുഹൃത്താണ്. കാരണം, നമ്മെ പ്പോലെതന്നെ അതിന്നും സാമ്രാജ്യദുൎമ്മോഹമില്ല, സ്വാ തന്ത്ര്യത്തെ അതു വിലവെയ്ക്കുകയും ചെയ്യുന്നു. ലോക ത്തിൽ ആദ്യമായി അക്രമത്തെയും അടിമത്തത്തെയും ചെറുത്തുനിന്ന ചൈനയാണ് നമ്മുടെ ബന്ധു.

അങ്ങിനെ, ഏഷ്യയിലെ രണ്ടു ജനവിഭാഗങ്ങളിൽ ഒന്നു നമ്മുടെ വൈരിയും മററതു മിത്രവുമാണ്. ജാതി ക്കും നിറത്തിന്നും ഈ യുദ്ധവുമായി യാതൊരു ബന്ധവു മില്ല. ജാതിയോ നിറമോ നോക്കിയല്ല നാം ചേരി നി ൎണ്ണയിക്കാൻപോകുന്നതു്. ഈ യുദ്ധത്തിൽനിന്നു വെള്ള ക്കാർ പഠിക്കുന്ന സംഗതികൾ ഇതാണ്. അവ നാം ഹൃ ദിസ്ഥമാക്കേണ്ടതു് അത്യാവശ്യവുമാണ്.

നമ്മുടെ ശത്രുവായ ജപ്പാൻ നമ്മുടെ ജാതിഭ്രമത്തെ അടിച്ചുടച്ചിരിക്കുന്നു. വെള്ളക്കാർ ഉയൎന്ന ഒരു ജാതിയ ല്ലെന്നും, പഴയ ആഭിജാത്യംകൊണ്ടുമാത്രം ഇന്നു മററു ള്ളവരെക്കാൾ കൂടുതൽ അവകാശങ്ങൾ നമുക്കു ലഭിക്ക യില്ലെന്നും അതു പ്രാകൃതരീതിയിൽ നമ്മെ പഠിപ്പിച്ചി രിക്കുന്നു. ഒന്നര വൎഷം മുമ്പ് ഒരു എതിരാളിയെന്നനില യ്ക്കു ജപ്പാനെ നാം പുച്ഛരസത്തോടെയാണ് നോക്കിയി രുന്നതു്. എന്നാൽ ഇന്നു നമ്മുടെ മുഴുവൻ കഴിവും ഉപ

യോഗിച്ചു ചെറുക്കേണ്ട പ്രബലനായ ഒരു ശത്രുവാണ് ജപ്പാൻ എന്നു നമുക്കു ബോധപ്പെട്ടിരിക്കുന്നു.

ഇത്തരത്തിൽ വിലപിടിച്ച ഒരു പാഠം ചൈനയും നമ്മെ പഠിപ്പിച്ചു. ആധുനികസാമഗ്രികളൊന്നും കൂടാതെ വമ്പിച്ച ഒരു ശത്രുവോട് അഞ്ചുകൊല്ലമായി അതു മല്ലടിച്ചു നില്ക്കുന്നതു നാം കണ്ടു. ഇന്നും അതു സമരം തുടർന്നുപോകുമ്പോൾ, നമ്മൾ യുദ്ധത്തിൽ മുഴുവൻ പങ്കും വഹിക്കുന്നതിന്നു തയ്യാറാവുന്നേയുള്ളു. വെള്ളക്കാരൻെറ ചുററുമുള്ള അന്തരിക്ഷം മാറിവരികയാണ്. പൂവ്വപ്രദേശത്തിലെ ജനങ്ങളോടും അമേരിക്കയിലുള്ള ഇതരജാതിയോടും നമ്മുടെ മനോഭാവത്തിന്നു മാററം സംഭവിക്കുന്നുണ്ട്.

ലോകത്തെസ്സംബന്ധിച്ചേടത്തോളം അമേരിക്കയുടെ സാമ്രാജ്യദുർമ്മോഹം നശിച്ചിട്ടു വളരെക്കാലമായിരിക്കുന്നു. പക്ഷേ നമ്മുടെ സ്വദേശത്തിൻെറ അതിത്തിക്കകത്ത് ഇന്നു നാം ജാതിമേധാവിത്വം നിലനിത്തുന്നുണ്ട്. നീഗ്രോജാതിക്കാരോടുള്ള വെള്ളക്കാരുടെ പെരുമാററത്തിന്ന് ഒരു സാമ്രാജ്യമേധാവിത്വത്തിൻെറ എല്ലാ ദുല്ലക്ഷണങ്ങളുമുണ്ട്—നിസ്സഹായമായ ഒരു ജനസമുദായത്തെ ചൂഷണംചെയ്യാനുള്ള വാസന. അവസാനം ഇതുകൊണ്ടു നന്മയുണ്ടാകുമെന്നു നാം സ്വയം ന്യായീകരിക്കാറുണ്ട്. അങ്ങിനെ സംഭവിച്ചേയ്ക്കാം. പക്ഷേ 'വെള്ളക്കാരൻെറ ചുമട്' എന്ന മൊഴിയുടെ എല്ലാ ലക്ഷണങ്ങളും ഈ സമ്പ്രദായത്തിന്നുമുണ്ട്.

എങ്കിലും ഈ അന്തരിക്ഷം മാറിവരുന്നുണ്ട്. തന്റെ നാട്ടിൽ സാമ്രാജ്യമനോഭാവം പുലത്തുക, അതേ സമയത്തുതന്നെ പുറത്തു സാമ്രാജ്യശക്തിയെ നശിപ്പിക്കാൻവേണ്ടി സമരം ചെയ്യുക—രണ്ടുംകൂടി അസാദ്ധ്യമാണെന്ന് അമേരിക്കക്കാക്ക് ബോധപ്പെട്ടാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ ചിന്താഗതിയിൽ യുദ്ധം വരുത്തിത്തീൎത്ത പരിവത്തനമാണിതു്.

ഒരു യുദ്ധസംരംഭമെന്ന നിലയ്ക്കു് അമേരിക്കയിൽ കറുത്ത ജാതിക്കു മോചനം ലഭിച്ചു. അതു സൈനികമായ ഒരാവശ്യമായിവന്നു. യുദ്ധം കൂടാതെതന്നെ സമുദായപരിഷ്കരണംമൂലം ക്രമേണ ഇതു നടക്കുമായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ മനുഷ്യസ്വാതന്ത്ര്യമെന്ന പ്രശ്നത്തെ മുന്നോട്ടു കൊണ്ടുവന്നു് ഒരൊററ മണിക്കൂറിനുള്ളിൽ അടിമയുടെ കാലിലിട്ടിരുന്ന ചങ്ങല പൊട്ടിക്കാൻ ഒരു മൃഗീയമായ യുദ്ധം നടക്കേണ്ടിവന്നു. പരമ്പരയായി നിലനിന്നിരുന്ന തടസ്ഥങ്ങളും ദുർവ്വാസനകളും യുദ്ധത്തിന്റെ ഭാരംകൊണ്ടു പൊളിഞ്ഞുവീഴുന്നതായി നാം കാണുന്നു; പുറത്തുനിന്നു് ഒരാക്രമണഭീഷണിയുണ്ടായപ്പോൾ പ്രജാധിപത്യത്തിന്നകത്തുള്ള പല ന്യൂനതകളെയും തുറന്നുകാണാൻ തുടങ്ങി.

നാം ചെയ്തിട്ടുള്ള ആദൎശപ്രഖ്യാപനങ്ങൾതന്നെ നമ്മുടെ കുറവുകളെ പുറത്തു കൊണ്ടുവരാൻ പൎയ്യാപ്തമായിട്ടുണ്ടു്. എല്ലാരാഷ്ട്രങ്ങൾക്കും നാം സ്വാതന്ത്ര്യം വാഗ്ദാനംചെയ്യുമ്പോൾ സ്വന്തം സമുദായത്തിന്നകത്തുള്ള ദൌഷ്ട്യങ്ങൾ തെളിഞ്ഞു കാണുകയും അവയെ വകവെയ്ക്കാതി

രിക്കാൻ നിവൃത്തിയില്ലാതെ വരികയും ചെയ്യുന്നു. നാം സ്വാതന്ത്ര്യത്തെപ്പററി ഉൽഘോഷിക്കുന്നതു് അകത്തും പുറത്തുമുള്ള എല്ലാവക്കും ബാധകമാകണം. ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുന്ന സമയത്തു് ഇതു വിശേഷിച്ചും ശ്രദ്ധേയമാണു്.

ജാതിയെ ആശ്രയിച്ചുള്ളതോ, മതപരമോ രാഷ്ട്രീയമോ ആയ ന്യൂനപക്ഷങ്ങൾക്കു യുദ്ധകാലത്തു് ആപത്തു വരുന്നതു രണ്ടുതരത്തിലാണു്: ഭൂരിപക്ഷത്തോടു സമനിലയിൽ ജീവിക്കാനുള്ള നിർബ്ബന്ധം; പരമ്പരയായി വളന്നിട്ടുള്ള മതപരമായ അവിശ്വാസം. യുദ്ധവും അതിൽനിന്നുത്ഭവിച്ച എല്ലാ കുഴപ്പങ്ങളും അസൌകയ്യങ്ങളും ഉണ്ടായതിൻെറ ഉത്തരവാദിത്വം സാധാരണ ന്യൂനപക്ഷത്തിൻെറ തലയിൽ കെട്ടിവെയ്ക്കുക പതിവുണ്ടു്. അവക്കു പ്രത്യേകസൌജന്യങ്ങൾ അനുവദിച്ചുകൊടുക്കാതിരിക്കാൻ ശ്രദ്ധവെയ്ക്കുകയും ചെയ്യുന്നു.

അസാധാരണമായിക്കാണുന്ന ഏതിനെയും സംശയിക്കയും ശത്രുക്കളുടെ ഗൂഢപ്രവൃത്തികളുമായി ബന്ധിക്കുകയും ചെയ്കയെന്നതു യുദ്ധകാലത്തു ജനങ്ങൾക്കുള്ള ഒരു പ്രത്യേകസ്വഭാവമാണു്. ഏതൊരു സമുദായത്തിലും ജാതിഭ്രാന്തന്മാരുണ്ടാകുമല്ലോ. കയ്യിൽ ഒരു ചാട്ടവാറും കുപ്പായത്തിന്മേൽ വേണ്ടതിലധികം കുടുക്കുകളും ധരിച്ചിരുന്ന ഒരു യുവാവിനെ 1812-ലെ യുദ്ധം നടക്കുമ്പോൾ ചാരവൃത്തി ചെയ്യുമെന്ന കുററത്തിന്നു് അറസ്ററുചെയ്കയുണ്ടായത്രേ. ഏതെങ്കിലുംതരത്തിൽ ഒരു തകരാറു സംഭവിക്കുമ്പോൾ പ്രാചീനാചാരമനുസരിച്ചു ജനങ്ങൾ അ

തിന്നു് ഒരു കുററവാളിയെ കണ്ടുപിടിക്കാന്‍ ശ്രമിക്കുന്നു. സ്വാഭാവികമായി അതിന്നു് ഒന്നാംസ്ഥാനം അര്‍ഹിക്കുക ന്യൂനപക്ഷത്തിലെ ഒരു പൌരനാണല്ലോ.

ആധുനികകാലത്തു് ഇതെല്ലാം അസംഭാവ്യമായി ത്തോന്നിയേക്കാം. പക്ഷേ പരിഷ്കൃതമെന്നു് ഒരുകാലത്തു സങ്കല്പിക്കപ്പെട്ടിരുന്ന രാജ്യങ്ങളില്‍ ഇത്തരത്തിലുള്ള ശിക്ഷകളും അന്യായങ്ങളും നടന്നുവരുന്നു. നമ്മുടെ മാതൃഭൂമിയില്‍ത്തന്നെ നീചമായ ഒരു ജൂതവിരോധപ്രസ്ഥാനം പ്രചരിക്കുന്നുണ്ടു്. മര്‍ദ്ദനത്തിന്നെതിരായി നടത്തുന്ന ഈ യുദ്ധത്തില്‍ തോല്ക്കുകയാണെങ്കില്‍ ഇതു സമൃദ്ധമായി ലോകത്തില്‍ നിലനില്ക്കുമെന്നു് ഓര്‍മ്മവേണം. പുറത്തു് ഒരു ശത്രുവുമായി സമരംചെയ്യുന്ന അവസരത്തില്‍ രാജ്യത്തിന്നകത്തു മര്‍ദ്ദനസമ്പ്രദായം തുടരുവാന്‍ അനുവദിക്കുകയെന്നതിന്റെ ഫലം നമ്മുടെ കൈകളെ ദുര്‍ബ്ബലപ്പെടുത്തലായിരിക്കും.

വിവിധങ്ങളായ ആശയങ്ങളും വേദാന്തവും പാരമ്പര്യവും ഉള്‍ക്കൊള്ളുന്ന മുപ്പതോളം ജനവിഭാഗങ്ങള്‍ കൂടിച്ചേര്‍ന്നതാണു നമ്മുടെ രാഷ്ട്രം. 'സ്വാതന്ത്ര്യപ്രഖ്യാപന'ത്തില്‍ അടങ്ങിയിട്ടുള്ള ജനകീയഭരണകൂടം അവരുടേയും അവരുടെ സന്താനങ്ങളുടേയും ജീവിതത്തെ സുരക്ഷിതമാക്കിയിട്ടുണ്ടെന്നുള്ള വിശ്വാസംമാത്രമാണു് അവരെയെല്ലാം കൂട്ടിയിണക്കി നിര്‍ത്തുന്നതു്.

ഓരോ വ്യക്തിക്കും ഇഷ്ടാനുസരണം തൊഴില്‍ സ്വീകരിക്കുന്നതിന്നും പ്രാര്‍ത്ഥനനടത്തുന്നതിന്നും ജീവിതം നയിക്കുന്നതിന്നും സന്തതികളെ വളര്‍ത്തുന്നതിന്നുമുള്ള സ്വാ

തന്ത്ര്യത്തിന്മേലാണ് നമ്മുടെ രാഷ്ട്രീയഘടന കെട്ടിപ്പടുത്തിട്ടുള്ളതു്. അന്യരുടെ അവകാശങ്ങളിന്മേൽ കുതിരകയറുവാൻ പര്യാപ്തമായ പ്രത്യേകസൌജന്യങ്ങൾ യാതൊരാൾക്കും സിദ്ധിക്കാത്തതരത്തിൽ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം. ഉദ്യോഗസ്ഥന്മാരുടേയും നിയമസഭാസാമാജികന്മാരുടേയും വികൃതികളും അപൂർവ്വം ചില അവസരങ്ങളിൽ ഉണ്ടായിട്ടുള്ള ജനക്കൂട്ടത്തിൻെറ ക്ഷോഭവുമൊഴിച്ചാൽ, കഴിഞ്ഞ ഒന്നര നൂററാണ്ടത്തെ പരിശ്രമഫലമായി അമേരിക്കയിൽ സ്വാതന്ത്ര്യത്തിന്നു ചരിത്രത്തിലിതുവരെ കണ്ടിട്ടുള്ളതിൽവെച്ചു് ഏററവും വിശാലമായ ഒരു രൂപം നാം കൊടുത്തിട്ടുണ്ടെന്നു പറയാം.

ഒരു രാഷ്ട്രമെന്നനിലയിൽ നമ്മുടെ ഔന്നത്യത്തിന്നു കാരണം നാം കൂററൻ നഗരങ്ങളെയും യന്ത്രശാലകളെയും വിസ്തീർണ്ണമായ കൃഷിസ്ഥലങ്ങളെയും ഉണ്ടാക്കിയതുകൊണ്ടല്ല, ഈ സമ്പൽസമൃദ്ധിക്കുതന്നെ ആധാരമായ വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുകയും പരസ്പരം സഹകരിച്ചു ജീവിതം നയിക്കുകയും ചെയ്തതുകൊണ്ടാണു്.

നാം ഒരു പുതിയ രാഷ്ട്രമാണു്. അമ്പതുവർഷം മുമ്പുവരെ നമ്മുടെ ഖനിവ്യവസായത്തിൻെറ പകുതിയിലധികവും ആകെ വ്യവസായത്തിൻെറ മൂന്നിലൊരംശവും പുറത്തുനിന്നു വന്നവരാണ് നടത്തിയിരുന്നതു്. നമ്മുടെ കൃഷിസ്ഥലങ്ങളിൽ പാർക്കുന്ന ജനസംഖ്യയിൽ പകുതിയിലധികം വിദേശികളാണു്. 1820നും 1890നും മദ്ധ്യേ 15,000000 ആളുകൾ ഈ രാജ്യത്തിൽ പുത്തനായി കുടിയേറിപ്പാർത്തിട്ടുണ്ടു്. കഴിഞ്ഞ യുദ്ധത്തിന്നു

മുമ്പുള്ള ഇരുപത്തിനാലു കൊല്ലങ്ങളിൽ ഇതിലധികം വിദേശീയർ ഇവിടെ താമസം തുടങ്ങിയിട്ടുണ്ട്. ഈ നഗരത്തിൽ ഇരുപതുകൊല്ലക്കാലത്തോളം പുതിയ പുതിയ ജനങ്ങൾ കുടിയേറിപ്പാർത്തതിൻെറ ഫലമായി നമുക്കു പുതിയ ആശയങ്ങളും അനുഭവങ്ങളും രക്തവും സിദ്ധിച്ചിട്ടുണ്ട്. അങ്ങിനെ ന്യൂനപക്ഷങ്ങളുടെ ഒരു സമ്മേളനത്തിൽനിന്നും ഈ രാഷ്ട്രം ജനിച്ചു. നമ്മുടെ ഭരണസമ്പ്രദായത്തിനു കീഴിൽ ജീവിക്കുവാൻ പുത്തനായി വന്നുചേൎന്നവർ പരസ്പരം കലഹിക്കേണ്ട കാൎയ്യമുണ്ടായിരുന്നില്ല. അവർ രാജ്യത്തെ കെട്ടിപ്പൊക്കുന്നതിനുവേണ്ടി സഹകരിച്ചു പ്രവൎത്തിച്ചു. അതുകൊണ്ടാണ് നമുക്ക് ഇന്ന് ഒരു പ്രബലമായ രാഷ്ട്രമായിത്തീരാൻ കഴിഞ്ഞതു്. അമേരിക്കൻസംസ്കാരം ഔന്നത്യം പ്രാപിച്ചതു നമ്മുടെ ഫാക്ടറികൾകൊണ്ടോ പുതിയ കണ്ടുപിടുത്തങ്ങൾകൊണ്ടോ അല്ല, വിഭിന്നാശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ ജാതിക്കാർ പരസ്പരം വിശ്വസിച്ചും ആദരിച്ചും സഹായിച്ചും ജീവിക്കുവാൻ കഴിഞ്ഞതുകൊണ്ടാണ്.

ഈ സമ്പ്രദായത്തിൻെറ എതിർവശം കാണണമെങ്കിൽ ഹിററ്ലരുടെ ഏകാധിപത്യവും ജപ്പാൻെറ സ്വേച്ഛാപ്രഭുത്വവും ഫാസിസ്റ്റിററലിയിലെ നശിച്ചുകൊണ്ടിരിക്കുന്ന ഏകാധിപത്യവും നോക്കിയാൽ മതി. ജൎമ്മനിയുടെ കഴിഞ്ഞ പത്തുവൎഷത്തെ ചരിത്രം ജാതിപ്രമത്തതയുടെ ഒരു നീണ്ട കഥയാണ്. സമാധാനപ്രിയനെന്നു നടിച്ചുകൊണ്ടു ജനങ്ങളെ ന്യൂനപക്ഷമൎദ്ദനത്തിനും പിന്നീടു യുദ്ധത്തിനും ഇളക്കിവിടുന്നതിന് ഒരു

ഏകാധിപതി ധരിക്കുന്ന മുഖമൂടിയാണിതു്. ഈ ജാതിഭ്രാന്തു ജമ്മൻരാഷ്ട്രത്തെ തൽക്കാലത്തെയ്ക്കു മാത്രം സംഘടിതമാക്കാനും ശക്തിപ്പെടുത്താനും സഹായിച്ചിട്ടുണ്ടു്. പക്ഷേ യഥാൎത്ഥത്തിൽ അതു സമുദായഘടനയെ ക്ഷീണിപ്പിക്കയാണു് ചെയ്തിട്ടുള്ളതു്. യുദ്ധത്തിൽ ജമ്മനി പിന്നോട്ടടിക്കുമ്പോൾ അതു പെട്ടെന്നു പൊളിഞ്ഞു വീഴുകയും ചെയ്യും.

ന്യൂനപക്ഷങ്ങൾക്കു രക്ഷ നല്കണമെന്നു പറയുന്നതിന്നു ന്യായബോധമോ അനുകമ്പയോ ഉണ്ടാവണമെന്നില്ല, ബുദ്ധിയുപയോഗിച്ചു ചിന്തിച്ചാൽമാത്രം മതി. പ്രജാധിപത്യത്തിൻെറ ഏററവും വലിയ സമ്പത്താണു് ന്യൂനപക്ഷങ്ങൾ. ഏകാധിപത്യത്തിന്നു് അവയെ വെച്ചു പൊറുപ്പിക്കാൻ പ്രയാസമാണു്. ഏകാധിപത്യം സ്വാഭാവികമായി അവയെ ഭയപ്പെടുകയും മൎദ്ദിക്കുകയും ചെയ്യുന്നു. എന്നാൽ പ്രജാധിപത്യത്തിൻെറ തണലിൽ ന്യൂനപക്ഷങ്ങൾ പുതിയ ആശയങ്ങളുടേയും പ്രവൎത്തനത്തിൻേറയും ചൈതന്യത്തിൻേറയും വിളനിലമാണു്.

ന്യൂനപക്ഷങ്ങളുടെ ചിന്തകളെയും അഭിപ്രായങ്ങളെയും അമൎത്തിയാൽ സമുദായം മരവിക്കുകയും പുരോഗമിക്കാതാവുകയും ചെയ്യുന്നു. ന്യൂനപക്ഷത്തിൻെറ നിലനില്പു ഭൂരിപക്ഷത്തിന്നു് ആവേശം നല്കുന്നു. എതിരഭിപ്രായങ്ങളുടെ സംഘട്ടനത്തിൽനിന്നു മാത്രമേ വാസ്തവം വെളിപ്പെടുകയുള്ളു.

നാം വെറുക്കുന്നവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാൻ ഒരുമ്പെടുകയാണെങ്കിൽ, അതു നാം സ്നേഹിക്കു

ന്നവരുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതിന്നുള്ള വഴി തുറക്കും.

അമേരിക്കയിലെ സമുദായഘടന ശക്തിയേറിയതെങ്കിലും മൃദുലമായ ഒരു തുണിക്കു സമമാണ്. അതു് അനവധി നൂലിഴകൾകൊണ്ടു നെയ്തുണ്ടാക്കപ്പെട്ടതാണു്. സ്വാതന്ത്ര്യപ്രേമികളായ അനവധി സ്ത്രീപുരുഷന്മാർ വളരെ നൂററാണ്ടുകളായി ചെയ്ത ത്യാഗത്തിൽനിന്നാണു് അതുണ്ടായതു്. ദരിദ്രന്റേയും ധനികന്റേയും കറുത്ത മനുഷ്യന്റേയും വെള്ളക്കാരന്റേയും ജൂതന്റേയും വിദേശിയുടേയും സ്വദേശിയുടേയും ശരീരത്തിൽ ഒരുപോലെ പുതയ്ക്കുവാൻ അതുപകരിക്കും.

നാം അതിനെ കീറിക്കളയരുതു്. അതു നശിക്കയാണെങ്കിൽ, ഇനിയൊരിക്കൽ അതിന്റെ ചൂടേല്ക്കുവാൻ കഴിയുന്നതു് എവിടെയാണെന്നും എങ്ങിനെയാണെന്നും ആൎക്കും അറിയില്ല.

## ൫൪. ഏകലോകം

ജൎമ്മനിയുടെ സാമ്രാജ്യദുൎമ്മോഹത്തിന്നും ആക്രമണത്തിന്നുമെതിരായി സഖ്യശക്തികൾ ഒരിക്കൽ വിജയം നേടിയിട്ടു് ഇരുപത്തഞ്ചുവൎഷം കഴിഞ്ഞിട്ടേയുള്ളൂ.

യുദ്ധാനന്തരം സമാധാനം നിലനിൎത്താൻ കഴിയാഞ്ഞതു ജനങ്ങൾക്കു യാതൊരു പൊതുലക്ഷ്യവും ഇല്ലാത്തതിന്റെ പരിണാമമാണു്. സൎവ്വരാജ്യസമിതി സൃഷ്ടി

ക്കപ്പെട്ടു. ശത്രുവിനെ പരാജയപ്പെടുത്തുകയെന്ന സാമാന്യോദ്ദേശത്തോടുകൂടിമാത്രം പ്രവൎത്തിച്ച ജനവിഭാഗങ്ങൾ അതിൻെറ സംഘടനയെപ്പററി ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. സൎവ്വരാജ്യസമിതി വെറുമൊരു ആംഗ്ലോ-ഫ്രഞ്ച്-അമേരിക്കൻസ്ഥാപനമായി അധഃപതിച്ചതിനാലും പഴയ സാമ്രാജ്യതാൽപൎയ്യങ്ങൾ പല നൂതനരൂപത്തിലും തുടൎന്നുകൊണ്ടുപോയതിനാലും സമിതി പരാജയപ്പെട്ടു. പൂൎവ്വപ്രദേശങ്ങളുടെ ആവശ്യങ്ങളെയോ സാമ്പത്തികപ്രശ്നങ്ങളെയോ അതു പരിഗണിക്കയുണ്ടായില്ല. അതു രാഷ്ട്രീയമായിമാത്രം ലോകപ്രശ്നങ്ങളെ നേരിടുകയാണുണ്ടായതു്. സാമ്പത്തികമായ സാൎവ്വദേശീയസഹകരണം കൂടാതെ രാഷ്ട്രീയമായ സാൎവ്വദേശീയത്വം മണലിൽ കെട്ടിപ്പൊക്കിയ ഒരു കെട്ടിടംപോലെയാണു്. ഒററക്കു് ഒരു രാഷ്ട്രത്തിന്നും പരിപൂൎണ്ണമായി അഭിവൃദ്ധി പ്രാപിക്കാൻ സാദ്ധ്യമല്ല.

അമേരിക്കയുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ നമ്മുടെ പരാജയത്തിന്നു മറെറാരു കാരണം കണ്ടുപിടിക്കാൻ കഴിയും. തുടൎച്ചയായി ഒരു ഉറച്ച വിദേശനയം കൈക്കൊള്ളാതിരുന്നതാണു് ഒരു പ്രധാന ന്യൂനത. കഴിഞ്ഞ നാല്പത്തഞ്ചു കൊല്ലക്കാലത്തിന്നിടയിൽ ഇവിടത്തെ രണ്ടു രാഷ്ട്രീയപ്പാൎട്ടികളും സൎവ്വരാജ്യസഹകരണത്തെ അടിസ്ഥാനപ്പെടുത്തിയ ഒരു പരിപാടിക്കുവേണ്ടി തുടൎച്ചയായി പ്രവൎത്തിക്കയുണ്ടായിട്ടില്ല. രണ്ടു പാൎട്ടികളും ഓരോ കാലത്തും സാമ്രാജ്യമനോഭാവം പ്രദശിപ്പിക്കയും നാടിനെ ലോകത്തിൽനിന്നൊഴിച്ചുനിൎത്താൻ ശ്ര

മിക്കയും ചെയ്തിട്ടുണ്ട്. അധികാരത്തിലിരിക്കുന്ന പാൎട്ടിയുടെ നയത്തെ—അതെന്തുതന്നെയായാലും—എതിൎക്കുകയാണു് മറേറ പാൎട്ടി ചെയ്തുവന്നിട്ടുള്ളതു്.

സമ്പത്സമൃദ്ധിയും സമാധാനവും സ്വാതന്ത്ര്യവും ലോകത്തിൽ നിലനില്ക്കണമെങ്കിൽ വിവിധരാഷ്ട്രങ്ങൾ പരസ്പരം സാമ്പത്തികമായി സഹകരിച്ചു പ്രവൎത്തിക്കണമെന്നു് ഇരുകക്ഷിയിലുംപെട്ട പലരും വളരെക്കാലമായി അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ടു്.

കഴിഞ്ഞ യുദ്ധത്തിന്റെ അവസാനത്തിൽ, എല്ലാ രാഷ്ട്രങ്ങൾക്കും ആക്രമണത്തിൽനിന്നു രക്ഷ നല്കുവാനും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കു് ഉറപ്പുകൊടുക്കുവാനും ഭിന്നിപ്പും നാശവുമുണ്ടാക്കുന്ന മറെറാരു യുദ്ധത്തിലേയ്ക്കു മനുഷ്യർ വലിച്ചിഴയ്ക്കപ്പെടാതിരിക്കാനുംവേണ്ടി സാൎവ്വദേശീയമായ സഹകരണത്തിനുള്ള ഒരു പരിപാടി വുഡ്റോവ് വിൽസന്റെ അദ്ധ്യക്ഷതയിൽ തയ്യാറാക്കുകയുണ്ടായല്ലോ. അതിന്റെ വിവിധവശങ്ങളെക്കുറിച്ചു നമ്മുടെ അഭിപ്രായം എന്തുതന്നെയായാലും ലോകസമാധാനത്തിനുള്ള ഒരുറച്ച വ്യവസ്ഥയായിരുന്നു അതു്. അമേരിക്കയുടെ സ്വാധീനശക്തിയും സഹായവും കൊടുത്തിരുന്നെങ്കിൽ അതു് എത്രമാത്രം ഫലപ്രദമാകുമായിരുന്നുവെന്നു് ഇന്നു പറയാൻ നിവൃത്തിയില്ല.

പക്ഷേ അതിന്നു വിപരീതമായി നാം കൈക്കൊണ്ട നയം പരാജയപ്പെടുകയാണു് ചെയ്തതെന്നു നമുക്കു തീൎത്തുപറയാൻ കഴിയും. കുറേക്കാലം നാം ലോകകാൎയ്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി നില്ക്കുകയുണ്ടായി. കഴിഞ്ഞ

യുദ്ധത്തിലേയ്ക്കു നാം വലിച്ചിഴയ്ക്കപ്പെട്ടതാണെന്നും, നമ്മുടെ ആദർശങ്ങൾ ബലികഴിക്കപ്പെട്ടുവെന്നും ലോകകാര്യങ്ങളിൽ ഇടപെട്ടു നാം മറെറാരു യുദ്ധത്തിൽ അകപ്പെടരുതെന്നും മററും നമ്മുടെ റിപ്പബ്ളിക്കൻപാർട്ടിയിലേയും ഡെമോക്രാററിക്ക്പാർട്ടിയിലേയും പല നേതാക്കന്മാരും നാട്ടിലെല്ലാം നടന്നു പ്രസംഗിക്കയുണ്ടായി. പ്രകൃതിസിദ്ധമായ കോട്ടകളാൽ സുരക്ഷിതമാണു് നമ്മുടെ നാടെന്നു് അവർ അഭിമാനിച്ചു. നമ്മുടെ അതിർത്തിക്കപ്പുറത്തുള്ള പഴയ ലോകത്തിലെ കാര്യങ്ങളിൽ നാം ശ്രദ്ധ പതിപ്പിക്കേണ്ടതില്ലെന്നു് അവർ ഉൽഘോഷിച്ചു.

അമിതമായ ചുങ്കംമൂലം ലോകത്തിലെ വാണിജ്യത്തിന്റെ മുഖത്തു നാം വാതിലടച്ചു. യൂറോപ്യൻഭൂഖണ്ഡത്തിൽ നടന്നിരുന്ന സംഭവങ്ങളിൽ നാം യാതൊരു താൽപര്യവും കാണിച്ചില്ല. ആ സമയത്താണു് ജർമ്മനി വീണ്ടും ആയുധം ധരിച്ചതു്. യൂറോപ്പിലെ പ്രജാധിപത്യശക്തികൾ അവയുടെ ചൈതന്യത്തെ നശിപ്പിച്ച സാമ്പത്തികാധഃപതനത്തിൽനിന്നു് എഴുന്നേല്ക്കാൻ തുടങ്ങിയിരുന്ന ഘട്ടത്തിൽ നാം ലണ്ടനിലെ ധനകാര്യസമ്മേളനത്തെ പൊളിച്ചുകളഞ്ഞു. പ്രജാധിപത്യരാഷ്ട്രങ്ങൾക്കു ജീവൻകൊടുത്തു് അവയെ ശക്തിപ്പെടുത്തി, അന്നു രൂപമെടുക്കുവാനാരംഭിച്ചിരുന്ന ആക്രമണശക്തികളിൽനിന്നു രക്ഷിച്ചു് അവയ്ക്കു നേതൃത്വം നല്കാമായിരുന്ന ഒരവസരത്തെ നാം പാഴാക്കിക്കളഞ്ഞു.

ഈ തെററു് ഏതെങ്കിലും ഒരു പാർട്ടിയുടെ തലയിൽ സമർപ്പിച്ചാൽപ്പോരാ. രണ്ടു പാർട്ടികളും യാതൊരു

വ്യക്തമായ നയവും നാട്ടുകാരുടെ മുമ്പിൽ വെച്ചിട്ടില്ല. 1920-ൽ സർവ്വരാജ്യസമിതിയെ നശിപ്പിച്ചതു റിപ്പബ്ളിക്കൻപാർട്ടിയാണെങ്കിൽ 1933-ലെ ലണ്ടൻ ധനകാര്യസമ്മേളനത്തെ പൊളിച്ചതു ഡെമോക്രാററിക്കപാർട്ടിയുടെ നേതൃത്വമാണു്.

ഞാൻ സർവ്വരാജ്യസമിതിയിൽ വിശ്വസിച്ചിരുന്ന ഒരാളാണു്. സമിതിയുടെ വ്യവസ്ഥകൾക്കു് എതിരായോ അനുകൂലമായോ ഈ സന്ദർഭത്തിൽ ഒരു വാദം നടത്താൻ തുനിയാതെ, അമേരിക്കയിൽ അതിൻെറ പരാജയത്തിന്നു കാരണമാക്കിയ സംഭവങ്ങളെ ഞാൻ വിവരിക്കാം. സമാധാനവും സ്വാതന്ത്ര്യവും ന്യായവും നിലനില്ക്കുന്ന ഒരു ലോകത്തിൽ വിശ്വസിക്കുന്ന ഒരു രാഷ്ട്രമെന്ന നിലയ്ക്കു നമ്മുടെ ചുമതലകൾ നിറവേററാൻ കഴിയണമെങ്കിൽ ഇത്തരത്തിലൊരു നേതൃത്വത്തിന്നു നമ്മുടെ നാട്ടിൽ മേലിൽ പ്രവർത്തിക്കാൻ അവസരം കൊടുത്തുകൂടാ.

സെനററിലെ റിപ്പബ്ളിക്കൻപാർട്ടിയോടു് ആലോചിക്കാതെ വിൽസൺ വേർസേയ്സിൽവെച്ച സന്ധിയിൽ ഒപ്പുവെയ്ക്കുയും സർവ്വരാജ്യസമിതിയുടെ വ്യവസ്ഥകൾ തീരുമാനിക്കയും ചെയ്തു. അദ്ദേഹം ഇക്കാര്യങ്ങളെ ഡെമോക്രാററിക്കപാർട്ടിയുടെമാത്രം കുത്തകയാക്കി. അങ്ങിനെ സാർവ്വദേശീയമായ വീക്ഷണഗതിയുള്ള റിപ്പബ്ളിക്കൻപാർട്ടിക്കാരെ എതിരാക്കിത്തീർത്തു. അദ്ദേഹം അമേരിക്കയിലേയ്ക്കു മടങ്ങിയശേഷം ഈ തീരുമാനങ്ങളെ സെനററിൻെറ ആലോചനയ്ക്കു വെച്ചു. അതിനെത്തുടന്നാണു് അമേരിക്കൻചരിത്രത്തിലെ ഏററവും പ്രധാന

മായ ഒരു സംഭവമുണ്ടായതു്. അമേരിക്ക ലോകത്തിന്റെ നേതൃത്വം ഏറെറടുക്കുന്നതിനെ തടയാൻവേണ്ടി നടത്തിയ ആ കക്ഷിവഴക്കിന്റെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താൻ സാദ്ധ്യമല്ല; എന്നാൽ അതിന്റെ ഒരു സാമാന്യചിത്രം നാം ഇന്നത്തെ ഘട്ടത്തിൽ അറിഞ്ഞിരിക്കേണ്ടതാണു്.

സെനററിന്നു യാതൊരു കക്ഷിനിറവുമുണ്ടായിരുന്നില്ല. അതിൽ റിപ്പബ്ളിക്കൻപാർട്ടിയിൽപ്പെട്ട ബോറായോളംതന്നെ സ്ഥാനം ഡെമോക്രാററിക്കു പാർട്ടിയിലെ പ്രാസംഗികനായ ജോസ് എ. റീഡിന്നുമുണ്ടായിരുന്നു. എന്നാൽ പ്രസിഡണ്ടു വിൽസൺ സന്ധിത്തീരുമാനത്തിലെ ഒരക്ഷരംപോലും മാററാൻ സമ്മതിക്കാതെ മക്കടമുഷ്ടി പിടിച്ചു. ഇരുകക്ഷിയിലുംപെട്ട സെനററിലെ മററംഗങ്ങളും അതിൽ പലതരത്തിലുള്ള ഭേദഗതികളെയും നിർദ്ദേശിച്ചു.

സർവ്വരാജ്യസമിതിയുടെ പരാജയത്തിന്നു കാരണക്കാരായി ഗണിക്കപ്പെടുന്ന അന്നത്തെ സെനററിലെ റിപ്പബ്ളിക്കൻപാർട്ടിയുടെ നേതാവായ ഹെൻറി കാബോട്ടു് ലോഡ്ജ് വാസ്തവത്തിൽ ചില സംവരണവ്യവസ്ഥകളോടുകൂടി സമിതിയെ സ്വീകരിക്കാൻ തയ്യാറായിരുന്നുവോ, അതോ അദ്ദേഹം ഈ വ്യവസ്ഥകളെ പൊക്കിപ്പിടിച്ചതു് അതിനെ കൊല്ലുന്നതിന്നുവേണ്ടിയായിരുന്നുവോ എന്നു നമുക്കു നിശ്ചയമില്ല. അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളും മിത്രങ്ങളും കൂടി ഇതിനെപ്പററി അവ്യക്തവും വിഭിന്നവുമായ റിപ്പോർട്ടുകളാണു് നമുക്കു തരുന്നതു്.

പക്ഷേ 1920-ൽ കൂടിയ ഇരുകക്ഷികളുടേയും രാഷ്ട്രീയസമ്മേളനങ്ങൾ പ്രസിഡണ്ടിന്റെ സന്ധിനിർദ്ദേശങ്ങളെ മുഴുവൻ സ്വീകരിക്കയോ തള്ളുകയോ ചെയ്തിട്ടില്ലെന്ന സംഗതി നമുക്കറിയാം. ഡെമോക്രാററിക്കപാർട്ടിയുടെ സമ്മേളനം സംവരണവ്യവസ്ഥകളെ എതിർത്തില്ല. സർവ്വരാജ്യസമിതിയെ എതിർക്കുന്നവരെയും അനുകൂലിക്കുന്നവരെയും ഉൾക്കൊള്ളത്തക്കവണ്ണം ഐക്യമുന്നണിയുടെ പരിപാടി സ്വീകരിക്കയാണു് റിപ്പബ്ളിക്കൻ പാർട്ടിയുടെ കൺവെൻഷൻ ചെയ്തതു്.

അമേരിക്ക സർവ്വരാജ്യസംഘടനത്തിൽ ഏർപ്പെടണമോ എന്നതിനെപ്പററി രണ്ടു സമ്മേളനങ്ങളും വ്യക്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചില്ല. യാതൊരുറച്ച അഭിപ്രായങ്ങളുമില്ലാത്ത റിപ്പബ്ളിക്കൻസ്ഥാനാർത്ഥിയായിരുന്ന വാറൻ ഹാർഡിഞ്ചിന്റെ നില കൂടുതൽ കുഴപ്പത്തെ സൃഷ്ടിച്ചു. ഡെമോക്രാററിക്കസ്ഥാനാർത്ഥിയായിരുന്ന കോക്സ്, വിൽസന്റെ സന്ധിനിർദ്ദേശങ്ങളെ പിൻതാങ്ങി. പല ഡെമോക്രാററിക്കനേതാക്കന്മാരും ഇതിന്നെതിരായിരുന്നു. ഡെമോക്രാററിക്കപാർട്ടി സംവരണവ്യവസ്ഥകളെ കൊണ്ടുവരുന്നതിന്നു തടസ്ഥമാവാത്ത ഒരു നിലയാണു് എടുത്തതു്. പക്ഷേ ഹാർഡിഞ്ചു സമിതിക്കെതിരായിരുന്നുവോ, അതോ ചില ഭേദഗതികളോടുകൂടി അതിനെ സ്വീകരിക്കാൻ തയ്യാറായിരുന്നുവോ എന്നു് ആക്കും തീർച്ചയുണ്ടായിരുന്നില്ല. ഡെമോക്രാററിക്കപാർട്ടി സർവ്വരാജ്യസമിതിയെ ഒരു രാഷ്ട്രീയനയമായി സ്വീകരിച്ചിരുന്നതിനാൽ അതിന്നു അദ്ദേഹത്തിന്നു് എതെങ്കിലും

തരത്തിൽ എതിർക്കേണ്ടിവരുമെന്നുമാത്രം സ്പഷ്ടമായിരുന്നു. സ്വകാൎയ്യസംഭാഷണങ്ങളിൽ ഓരോരുത്തൎക്കും വ്യത്യസ്തമായ മറുപടിയാണ് അദ്ദേഹം കൊടുത്തത്. തിരഞ്ഞെടുപ്പു കഴിഞ്ഞശേഷംമാത്രമാണ് അദ്ദേഹം സമിതി മരണമടഞ്ഞിരിക്കുന്നുവെന്നു തുറന്നുപറഞ്ഞത്.

വിവിധങ്ങളായ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് തിരഞ്ഞെടുപ്പു നടന്നത്. അമേരിക്ക ബാഹ്യലോകത്തോടു സഹകരിക്കണമോ എന്നു തീരുമാനിക്കേണ്ട ഒരു തിരഞ്ഞെടുപ്പവസരത്തിൽ പ്രഥമസ്ഥാനം കയ്യേറിയതു ചില്ലറ പ്രാദേശികകാൎയ്യങ്ങളാണ്. രണ്ടു പാൎട്ടിയും ഇതിന്നുത്തരവാദിത്വം വഹിക്കേണ്ടിയിരിക്കുന്നു. സാൎവ്വദേശീയമായ നേതൃത്വം ഡെമോക്രാററിക്കുപാൎട്ടിയുടെ കുത്തകയാക്കാൻ അതിന്റെ നേതാക്കന്മാർ ശ്രമിച്ചു. എതിർപാൎട്ടി സ്വന്തം നില നോക്കുന്നതിനുവേണ്ടി ഇതിന്നു വിപരീതമായ ഒരു നില കൈക്കൊണ്ടു. ലോകകാൎയ്യങ്ങളിൽ അമേരിക്ക അൎഹിക്കുന്ന സ്ഥാനത്തിലേക്കുയരുന്നതിന്നുള്ള അവസരം ഇന്ന് എത്തിക്കഴിഞ്ഞു. കക്ഷിവഴക്കുകൾ ഇനി അതിന്നു വിഘാതമായി നില്ക്കരുത്.

സാൎവ്വദേശീയസഹകരണത്തിന്നുള്ള ഒരു പരിപാടിയെ അമേരിക്കൻ ജനത മനഃപൂൎവ്വം എതിൎക്കുകയില്ലെന്ന് എനിക്കുറപ്പുണ്ട്. വെഴ്സേയിത്സ് സന്ധിയിൽ പല ഭേദഗതികളും വേണമെന്ന് അവൎക്ക് അഭിപ്രായമുണ്ടായിരുന്നിരിക്കാം. പക്ഷേ മററു രാജ്യങ്ങളുമായുള്ള ബന്ധം മുറിച്ചുകളയണമെന്ന് അവർ ഒരിക്കലും ചിന്തിച്ചിട്ടില്ല. കക്ഷിവഴക്കുകളെയും സ്ഥാപിതതാല്പൎയ്യങ്ങ

ളെയും ആധാരമാക്കി പ്രവൎത്തിച്ച നേതാക്കന്മാർ നാട്ടുകാരെ വഞ്ചിക്കയാണുണ്ടായതു്.

ലോകകാൎയ്യങ്ങളിൽനിന്നു നാം ഒഴിഞ്ഞുനിന്നതിൻെറ ഫലമായി ഇരുപത്തു കൊല്ലത്തെ സാമ്പത്തികാധഃപതനവും രണ്ടാമത്തൊരു യുദ്ധവും ഉണ്ടായിരിക്കുന്നു. ഈ യുദ്ധത്തിന്നുശേഷം ലോകത്തോടുള്ള ഉത്തരവാദിത്വത്തിൽനിന്നു നാം ഒഴിഞ്ഞുമാറുകയാണെങ്കിൽ അതു വമ്പിച്ച ഒരാപത്തായിത്തീരുമെന്നതിന്നു സംശയമില്ല. ഭൂമിശാസ്ത്രപരമായി നോക്കുകയാണെങ്കിൽക്കൂടി നമ്മുടെ നില സുരക്ഷിതമല്ലാതായിത്തീൎന്നിരിക്കുന്നു.

കഴിഞ്ഞ യുദ്ധത്തിൽ അത്‌ലാന്തിക്ക് സമുദ്രത്തിൻെറ മീതെ ഒരൊററ വിമാനംപോലും പറന്നിട്ടില്ല. ഇന്നു് അത്‌ലാന്തിക്ക് സമുദ്രത്തിൻേറയും ശാന്തസമുദ്രത്തിൻേറയും മീതേ തുടൎച്ചയായി വിമാനങ്ങൾ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. യൂറോപ്പും ഏഷ്യയും നമ്മുടെ അയൽവാസികളായിരിക്കയാണു്.

ഈ യുദ്ധത്തിന്നുശേഷം മൂന്നു മാൎഗ്ഗങ്ങളേ അമേരിക്കയുടെ മുൻപിലുള്ളൂ. സങ്കുചിതമായ ദേശീയത്വം— അതു് കാലക്രമേണ നമ്മുടെ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തും. സാൎവ്വദേശീയമായ സാമ്രാജ്യത്വം—അതു് മറേറതെങ്കിലും ഒരു രാഷ്ട്രത്തിൻെറ സ്വാതന്ത്ര്യത്തെ ഹനിക്കും. ഓരോ രാഷ്ട്രത്തിന്നും ജാതിക്കും സമാവകാശം നല്കുന്ന ഒരു സ്വതന്ത്രലോകം—ബഹുഭൂരിപക്ഷത്തോടുകൂടി അമേരിക്കൻജനത മൂന്നാമത്തെ മാൎഗ്ഗം തിരഞ്ഞെടുക്കുമെന്നു് എനിക്കു തീൎച്ചയുണ്ടു്. ഈ മാൎഗ്ഗം ഫലപ്രദമാ

കണമെങ്കിൽ യുദ്ധം ജയിച്ചാൽ മാത്രം പോരാ, സമാധാനം നിലനിൎത്തുന്നതിന്നു നാം ഇന്നുതന്നെ പ്രയത്നിച്ചുതുടങ്ങുകകൂടി വേണ്ടിയിരിക്കുന്നു.

മൂന്നു കാൎയ്യങ്ങൾ ഇതിന്നു് അത്യാവശ്യമാണു്: സാൎവ്വദേശീയമായ ഒരടിസ്ഥാനത്തിൽ സമാധാനത്തിന്നുള്ള ഒരു പരിപാടി ഇന്നുതന്നെ തയ്യാറാക്കണം. ഒരോ രാഷ്ട്രവും ഓരോ വ്യക്തിയും രാഷ്ട്രീയമായും സാമ്പത്തികമായും വിമുക്തി നേടണം. ലോകത്തെ സ്വതന്ത്രമാക്കുന്നതിന്നും സമാധാനം നിലനിൎത്തുന്നതിന്നും അമേരിക്ക സ്വന്തം ഉത്തരവാദിത്വം ചെയ്തുതീൎക്കണം.

ഭൂഖണ്ഡങ്ങളും സമുദ്രങ്ങളും ഇംഗ്ലണ്ടും അമേരിക്കയും റഷ്യയും ചൈനയും ഈജിപ്തും സിറിയയും തുൎക്കിയും ഇറാക്കും ഇറാനും എനിക്കു് ആകാശത്തിൽനിന്നു കാണാൻ സാധിച്ച ഭൂഗോളത്തിന്റെ വിവിധഭാഗങ്ങൾ മാത്രമാണല്ലോ. അതിനാൽ ലോകമൊട്ടുക്കും ശാന്തി നിലനിൎത്താൻ കഴിഞ്ഞില്ലെങ്കിൽ ഒരു രാജ്യത്തിന്നു മാത്രമായി അതിന്റെ മാധുൎയ്യം അനുഭവിക്കാൻ കഴിയില്ല.

അത്‌ലാന്തിക്‌രേഖയെപ്പോലെയുള്ള നേതാക്കന്മാരുടെ വെറും പ്രഖ്യാപനങ്ങൾകൊണ്ടു് ഇതു സാദ്ധ്യമല്ല. ലോകത്തിലെ ജനസഞ്ചയം ഈ പരിപാടി സ്വീകരിക്കുന്നതിനെ ആശ്രയിച്ചുമാത്രമാണു് സമാധാനം പരിപാലിക്കപ്പെടാൻ പോകുന്നതു്.

കഴിഞ്ഞ യുദ്ധത്തിന്നുശേഷം നടന്ന സാൎവ്വദേശീയ സഹകരണത്തിന്നുള്ള പരിശ്രമങ്ങൾ നമ്മെ പഠിപ്പിക്കുന്നതിതാണു്: യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ പൊ

ത്തുതത്വങ്ങളെക്കുറിച്ചു നേതാക്കന്മാൎക്കിടയിൽ അഭി
പ്രായൈക്യമുണ്ടെങ്കിൽത്തന്നെ സന്ധിസംഭാഷണാവസ
രത്തിൽ അവരോരോരുത്തരും തങ്ങളുടെ പ്രഖ്യാപനങ്ങ
ളെ ഓരോ തരത്തിൽ വ്യാഖ്യാനിക്കാനിടയുണ്ടു്. അതി
നാൽ ഐക്യരാഷ്ട്രങ്ങളിലെ ജനങ്ങൾ ഇന്നുതന്നെ ഒരു
പൊതുപരിപാടി സ്വീകരിക്കാതിരിക്കയാണെങ്കിൽ യു
ദ്ധാനന്തരം അത്ലാന്തിക്ക് രേഖയെപ്പോലുള്ള ആദൎശ
പ്രവചനങ്ങൾ വിൽസന്റെ 'പതിനാലു സിദ്ധാന്ത
ങ്ങൾ' പോലെതന്നെ വെറും പരിഹാസചിത്രമായിപ്പ
രിണമിച്ചേക്കും. ഇന്നു തൽക്കാലത്തേക്കുമാത്രം അധികാ
രത്തിലിരിക്കുന്നവരുടെ പ്രസ്താവനകൾകൊണ്ടു മാത്രം
'നാലു സ്വാതന്ത്ര്യങ്ങൾ' കൈവരുവാൻ പോകുന്നില്ല;
ലോകജനത ഏകീകൃതമായി അതിനെ നടപ്പിൽ വരു
ത്തുകതന്നെ വേണം.

ഹിററ്ലൎക്കുപോലും തടയാൻ പ്രയാസമായ ഒരു
വമ്പിച്ച പരിവൎത്തനം ഇന്നു നടന്നുകൊണ്ടിരിക്കുന്നുവെ
ന്നതിനാലാണ് സമാധാനം നിലനിൎത്തുന്നതിന്നു ലോകം
സ്വതന്ത്രമാവണമെന്നു ഞാൻ പറയുന്നതു്. കായിക
മായും ബുദ്ധിപരമായും ആത്മീയമായും ലോകത്തിലെ
സ്ത്രീപുരുഷന്മാർ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കയാണ്.
വളരെ നൂററാണ്ടുകളായി അന്ധവിശ്വാസങ്ങളിൽ മുങ്ങി
ജീവിച്ചിരുന്ന കിഴക്കൻയൂറോപ്പിലേയും ഏഷ്യയിലേയും
ജനങ്ങൾ ഇന്നു പുസ്തകങ്ങൾ തുറക്കുവാൻ ആരംഭിച്ചിട്ടു
ണ്ടു്. പഴയ ഭൂതങ്ങൾ അവരെ ഭയപ്പെടുത്തുന്നില്ല. പ
ശ്ചാത്യർക്കു കൊള്ളയടിക്കാൻവേണ്ടി അടിമകളായി ജീ

വിതം തുടരുവാൻ അവർ തയ്യാറില്ല. ലോകത്തിന്റെ നന്മ സർവ്വരാജ്യസഹകരണത്തെ ആശ്രയിച്ചാണ് നില്ക്കുന്നതെന്ന് അവർ പഠിച്ചിരിക്കുന്നു. അവരുടെ സമുദായത്തിന്നകത്തും ലോകത്തിൽ മററവിടേയും സാമ്രാജ്യമേധാവിത്വത്തിന്നു സ്ഥാനംകൊടുക്കാൻ പാടില്ലെന്ന് അവർ തീരുമാനിച്ചുകഴിഞ്ഞു. കുന്നിന്റെ മുകളിൽ മൺകുടിലുകളാൽ ചുററപ്പെട്ടു നില്ക്കുന്ന വലിയൊരു ബങ്കളാവിന്നു യാതൊരു സൌന്ദര്യവും ഇല്ലാതായിത്തീർന്നിരിക്കുന്നു.

പാശ്ചാത്ത്യലോകത്തിന്നുണ്ടെന്ന് അഭിമാനിച്ചിരുന്ന മേധാവിത്വം ഇന്ന് മരണപരീക്ഷയിലാണിരിക്കുന്നത്. നമ്മുടെ പ്രൌഢമായ പ്രസ്താവനകൾകൊണ്ട് ഏഷ്യക്കാർക്ക് യാതൊരിളക്കവുമുണ്ടാവുന്നില്ല. റഷ്യയിലും ചൈനയിലും മദ്ധ്യപൂർവ്വപ്രദേശത്തിലുമുള്ള ജനങ്ങൾ തങ്ങളിൽ അന്തർല്ലീനമായിക്കിടക്കുന്ന ശക്തിയെ വീണ്ടെടുക്കാൻ തുടങ്ങിയിരിക്കുന്നു. ലോകത്തിന്റെ ഭാവി തങ്ങളുടെ കയ്യിലാണ് സ്ഥിതിചെയ്യുന്നതെന്ന് അവർക്കറിയാം. ഓരോ രാഷ്ട്രത്തിന്നും സാമ്പത്തികവും സാമുദായികവും ആത്മീയവുമായ സ്വാതന്ത്ര്യം നല്കുവാൻ അവർ തീരുമാനിച്ചിരിക്കുന്നു.

MUL
118208

രാഷ്ട്രീയസ്വാതന്ത്ര്യ [illegible] തന്നെ പ്രാധാന്യം സാമ്പത്തികസ [illegible]. രാജ്യങ്ങൾ തമ്മിൽ ഉൽപന്ന [illegible] ചെയ്യാനുള്ള അവകാശം ജനങ്ങൾക്കുണ്ടാവണം. സാർവ്വദേശീയമായ വാണിജ്യത്തിന്നുള്ള അനാവശ്യമായ തടസ്ഥങ്ങൾ തട്ടിനീ

ക്കിയില്ലെങ്കിൽ സമാധാനവും സമ്പൽസമൃദ്ധിയും ഉ
ണ്ടാവില്ല. നിലവിലുള്ള ചുങ്കംമുഴുവൻ പെട്ടെന്നു യുദ്ധാ
നന്തരം എടുത്തുകളയുന്നതു് കുഴപ്പമുണ്ടാക്കുമെന്നു വ്യ
ക്തമാണു്. പക്ഷേ വാണിജ്യത്തിനുള്ള സ്വാതന്ത്ര്യത്തി
ന്നുകൂടിയാണു് നാം പടവെട്ടുന്നതു്. ലോകത്തിൽ മററു
സ്ഥലങ്ങളിലേക്കാൾ ഉയൎന്ന അമേരിക്കയിലെ ജീവിത
ത്തോതു് സ്വതന്ത്രമായ വാണിജ്യംമൂലം താഴ്ന്നുപോയേ
ക്കുമോ എന്നു പലരും ഭയപ്പെടുന്നു. നേരേ മറിച്ചാണു്
വാസ്തവം.

അമേരിക്കയുടെ സാമ്പത്തികപുരോഗതിക്കു പല
കാരണങ്ങളുമുണ്ടു്: വിഭവസമൃദ്ധി, വ്യക്തിസ്വാതന്ത്ര്യം,
ജനവിഭാഗത്തിന്റെ സ്വഭാവം—ഇവയെല്ലാം അഭിവൃ
ദ്ധിയെ സഹായിച്ചിട്ടുണ്ടു്. പക്ഷേ എല്ലാററിലുമുപരിയാ
യി ഉൽപന്നങ്ങളും ആശയങ്ങളും കൈമാററം ചെയ്യാൻ
അമേരിക്കയിലുള്ള സ്വാതന്ത്ര്യമാണു് നമ്മുടെ ഔന്ന
ത്യത്തിന്റെ നട്ടെല്ലു്.

ഇതിനെപ്പററി ഭയപ്പെടുന്നവരോടു ഞാൻ ഒരു
സംഗതി പറയാം: യുദ്ധം കഴിയുമ്പോഴേയ്ക്കും അമേരിക്ക
യുടെ കടം ഒരു വമ്പിച്ച തുകയായിത്തീരും. വ്യവസായ
വും ഗതാഗതവും വളൎന്നതിന്റെ ഫലമായി ചുരുങ്ങിയ
ഈ ഭൂഗോളത്തിൽ സ്വതന്ത്രമായി വാണിജ്യം നടക്കാ
തെ നമ്മുടെ ജീവിതത്തോതു് നിലനിത്താൻതന്നെ പ്ര
യാസമായിരിക്കും. ലോകത്തിൽ ഏതെങ്കിലും ഒരു ദി
ക്കിൽ ജീവിതത്തോതുയരുകയാണെങ്കിൽ അതിന്റെ
പ്രതിഫലനം പരിമിതമായിട്ടെങ്കിലും മററു സ്ഥലങ്ങളി
ലും കാണാതിരിക്കയില്ല.

പൂർവ്വപ്രദേശങ്ങളിലെ ജനങ്ങൾ അമേരിക്കയെ ലോകകാര്യങ്ങളിൽ പങ്കെടുക്കുവാൻ ക്ഷണിക്കുന്നു. ഐക്യരാഷ്ട്രങ്ങളോടും അമേരിക്കയോടുമൊപ്പം കൈകോർത്തുപിടിച്ചു പ്രവർത്തിക്കാൻ അവരാഗ്രഹിക്കുന്നു. പാശ്ചാത്യലോകത്തിലെ സാമ്പത്തികമായ അന്യായങ്ങളെയും പൂർവ്വപ്രദേശങ്ങളിലെ രാഷ്ട്രീയമായ മർദ്ദനങ്ങളെയും തുടച്ചുനീക്കി സ്വതന്ത്രമായ ഒരു ലോകത്തെ സൃഷ്ടിക്കാൻ അവർ നമ്മുടെ സഹായം അഭ്യർത്ഥിക്കുന്നു. ആശങ്കയും ഭയവുമുള്ള കൂട്ടുകാരെ അവർക്കാവശ്യമില്ല; ലോകത്തിൽ നടക്കുന്ന എല്ലാ അന്യായങ്ങളെയും നേരിടുന്നതിന്നു ഉറച്ചു നില്ക്കാൻ കഴിയുന്ന മിത്രങ്ങളെയാണു് അവരാവശ്യപ്പെടുന്നതു്.

നമ്മുടെ വിഭവങ്ങൾ യുദ്ധനടത്തിപ്പിനുവേണ്ടി നാം ചെലവഴിക്കുമെന്നു പൂർവ്വപ്രദേശങ്ങളിലെ ബന്ധുക്കൾക്കറിയാം. മറ്റൊരവസരത്തിലേയ്ക്കു നീട്ടിക്കൊണ്ടുപോകാതെ ഇന്നുതന്നെ നീതിയും സ്വാതന്ത്ര്യവും സ്ഥാപിക്കാൻവേണ്ടി നമ്മുടെ വമ്പിച്ച ശക്തിയെ ഉപയോഗപ്പെടുത്തുമെന്നു് അവർ ആശിക്കുന്നു. ഇനിയും യുദ്ധത്തിൽ പങ്കെടുക്കാൻ തുടങ്ങിയിട്ടില്ലാത്ത മററു ജനവിഭാഗങ്ങൾ, ലോകത്തിലെ എല്ലാ സ്ത്രീപുരുഷന്മാർക്കും സ്വാതന്ത്ര്യത്തിന്റെ മധു ആസ്വദിച്ചു വളരാൻ കഴിയുന്ന ഒരു നൂതനസമുദായത്തെ സൃഷ്ടിക്കാനുള്ള ചരിത്രത്തിലെ ഈ സുവർണ്ണാവസരത്തെ നാം സ്വീകരിക്കുമോ എന്നു് ഉററു നോക്കിക്കൊണ്ടിരിക്കയാണു്.

---

ഫൻ 118208 W:91 32H4
UNIVERSITY LIBRARY 1-FEB 1946

2.90 PK

4 - MAR 19